ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി



കണ്ണാടി
ഗ്രാമ പഞ്ചായത്ത്

വികസനരേഖ

കണ്ണാടി
ഗ്രാമ പഞ്ചായത്ത്

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

8 - 12 - 1996

സമഗ്ര വികസന രേഖ

1997 - 2002

എല്ലാവരുടെയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്.
എന്നാൽ
ആരുടെയും ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും

-മഹാത്മ ഗാന്ധി

എഡിറ്റോറിയൽ ബോർഡ്

K. പരമേശ്വരൻ മാസ്റ്റർ
S. രാധാകൃഷ്ണൻ
K. C. അശോകൻ മാസ്റ്റർ
V. കുഞ്ഞപ്പൻ
K. V. ശങ്കരനാരായണൻ
P. മണിയൻ

ഡി. ടി. പി
മൈക്രോ പ്രിന്റ്സ്, പാലക്കാട്

ലേഔട്ട് & കവർ ഡിസൈനിങ്ങ്
മനോജ് & നൗഷാദ്

കവർ ഫോട്ടോഗ്രാഫ്
ആറുമുഖൻ, കാഴ്ചപരമ്പ്

പ്രിന്റിങ്ങ്
അംബാൾ ഓഫ്സെറ്റ്, പാലക്കാട്

കണ്ണാടി ഗ്രാമപഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	കണ്ണാടി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	കണ്ണാടി I, കണ്ണാടി II
ബ്ലോക്ക് പഞ്ചായത്ത്	കുഴൽമന്ദം
താലൂക്ക്	പാലക്കാട്
അസംബ്ലി മണ്ഡലം	കുഴൽമന്ദം
ലോകസഭാ മണ്ഡലം	ഒറ്റപ്പാലം
വിസ്തീർണ്ണം	19.05 ച. കി. മി.
അതിരുകൾ	വടക്ക് കണ്ണാടി പുഴ
	കിഴക്ക് കൊടുമ്പ് പഞ്ചായത്ത്
	തെക്ക് തേൻകുറുശ്ശി, പെരുവെമ്പ് പഞ്ചായത്തുകൾ
	പടിഞ്ഞാറ് മാത്തൂർ, കുഴൽമന്ദം പഞ്ചായത്തുകൾ
ജനസംഖ്യ	21183 (1991 Census)
പുരുഷൻമാർ	10531
സ്ത്രീകൾ	10652
ജനസാന്ദ്രത	1111
വാർഡുകൾ	10

ഉള്ളടക്കം

ആമുഖം	11
സാമൂഹ്യ സാംസ്കാരിക പശ്ചാത്തലം	15
ഭൂപ്രകൃതി ജനത ജലവിഭാഗം	23
കൃഷി ജലസേചനം	27
മൃഗസംരക്ഷണം മത്സ്യബന്ധനം	45
വിദ്യാഭ്യാസം	59
ആരോഗ്യം കുടിവെള്ളം പരിസരശുചിത്വം	68
വ്യവസായം	84
ഗതാഗതം ഊർജ്ജം	92
പാർപ്പിടം സാമൂഹ്യക്ഷേമം	106
സംസ്ക്കാരം	128
വനിതാക്ഷേമം	138
സഹകരണമേഖല	144
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം	153
വിഭവസമാഹരണം	162
ഉപസംഹാരം	173



കെ. പരമേശ്വരൻ മാസ്റ്റർ
പ്രസിഡണ്ട്

വി. കുഞ്ഞപ്പൻ
വൈസ് പ്രസിഡണ്ട്



ടി. എൻ. രമ
മെമ്പർ

കെ. എ. വേണുഗോപാൽ
ചെയർമാൻ, സ്റ്റാന്റിങ്ങ് കമ്മറ്റി



ടി. സി. ജഗദീഷ്
മെമ്പർ

എൻ. ശിവശങ്കരൻ
മെമ്പർ

സി. വേലായുധൻ
മെമ്പർ

ചന്ദ്രവല്ലി രവീന്ദ്രൻ
മെമ്പർ

കെ. സതീദേവി
മെമ്പർ

കെ. ശാന്തകുമാരി
മെമ്പർ

കണ്ണാടി ഗ്രാമപഞ്ചായത്ത്



1 ആമുഖം

ആസൂത്രണ ചരിത്രത്തിൽ പുതിയൊരു അദ്ധ്യായം എഴുതി ചേർത്തു കൊണ്ട് വമ്പിച്ച സാമൂഹിക മുന്നേറ്റത്തിന് കളമൊരുക്കുകയാണ് നമ്മുടെ സംസ്ഥാനം. വികസനം എന്നാൽ മുകൾതട്ടിൽ നിന്നും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട പ്രക്രിയയാണെന്ന മാമൂൽ ധാരണ തിരുത്തിക്കുറിക്കപ്പെടുന്നു. അതിൽ നിന്നും തികച്ചും വ്യത്യസ്തമായി ഗ്രാമ തലങ്ങളിലെ ജനങ്ങളുടെ ആവശ്യങ്ങൾ ഗ്രാമ തലത്തിലെ ജനങ്ങൾ ഒത്തു ചേർന്ന് ചർച്ച ചെയ്ത് തീരുമാനിക്കുന്ന, ഒരു പുത്തൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് ചിങ്ങം ഒന്നിന് നമ്മുടെ പഞ്ചായത്തിലും തുടക്കം കുറിച്ചു. കേന്ദ്രത്തിലും സംസ്ഥാനതലത്തിലും തീരുമാനമെടുത്ത് നടപ്പിലാക്കുന്ന പതിവിൽ നിന്നും വ്യത്യസ്തമായി 9ാം പദ്ധതിയുടെ 30-40 ശതമാനത്തിന്റെ ആസൂത്രണവും നടത്തിപ്പും പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ കഴിയുമെന്ന സ്ഥിതി വിശേഷം വളർന്നു വരുന്നുണ്ട്. കേരളവും ഗ്രാമ പഞ്ചായത്തുകളും ഇന്ന് അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് ഒരു പരിധി വരെ തൃപ്തികരമായ പരിഹാരം കണ്ടുവാൻ കഴിയും.എന്നു മാത്രമല്ല അഴിമതിയുടെ എല്ലാ കൈവഴികളെയും ഒരു പരിധി വരെ നിയന്ത്രിക്കുവാനും സാധിക്കും.

ആശയ പരവും രാഷ്ട്രിയവുമായ അഭിപ്രായവ്യത്യാസങ്ങൾ നിലനിർത്തികൊണ്ടു തന്നെ നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചക്കായി ഒത്തൊരുമിയ്ക്കേണ്ടതിന്റെ ആവശ്യകത നാം ഓരോരുത്തരും ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ഇത് വികസന ചരിത്രത്തിലെ ഒരു നാഴിക കല്ലാണ്

കണ്ണാടിഗ്രാമ പഞ്ചായത്തിൽ ജനകീയ ആസൂത്രണ പ്രവർത്തനം ആരംഭിച്ചത് ചിങ്ങം ഒന്നിനാണ് (17.8.96). 19.9.96 ന് കണ്ണാടി സർവ്വീസ് സഹകരണ

ബാങ്ക്ഹാളിൽ വെച്ച് നടന്ന ഒന്നാം ഘട്ട ശില്പശാലയിൽ 128 പേർ പങ്കെടുത്തു. തുടർന്ന് 21.9.96 മുതൽ 30.9.96 വരെ 10 ഗ്രാമ സഭകളും ചേരുകയുണ്ടായി. ഗ്രാമ സഭകൾക്ക് മുന്നോടിയായി വിപുലമായ കുടുംബയോഗങ്ങളും പഞ്ചായത്തിലുടനീളം നടന്നു.

1 - 10 - 96 മുതൽ ഒരാഴ്ച കാലം സ്ഥിതി വിവര കണക്ക് സർവ്വേ നടത്തുകയുണ്ടായി. 13 ഗ്രൂപ്പുകളായി തിരിച്ച് 70 പേർ ആണ് ഇതിൽ പങ്കാളികളായത്. കേരള പിറവി ദിനമായ നവംബർ ഒന്നിന് പഞ്ചായത്തിലെ 8 വാർഡുകളിൽ 4 പുതിയ റോഡുകളുടെ നിർമ്മാണപ്രവർത്തനവും 4 പഴയ റോഡുകളുടെ അറ്റകുറ്റപണികളും സന്നദ്ധ സേവനത്തിലൂടെ വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞു. 400 ഓളം പേർ പങ്കെടുത്തു എന്നതുതന്നെ വികസനപ്രവർത്തനം ജനകീയപങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്ന ആശയത്തിന് ശക്തി പകരുന്നതാണ്.

നവംബർ 2 ന് കണ്ണാടി A.B.U.P. സ്കൂളിൽ വെച്ച് നടന്ന 2 ാം ഘട്ട ഏകദിന ശില്പശാലയിൽ 107 പേരാണ് പങ്കെടുത്തത്. ശില്പശാലയിൽ വെച്ച് വികസന സെമിനാറിനുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിന് 14 കോർ ഗ്രൂപ്പുകളെ തിരഞ്ഞെടുത്തു. അന്നുതന്നെവികസന സെമിനാർ വിജയിപ്പിക്കുന്നതിന് പഞ്ചായത്തിലെ വിവിധ രാഷ്ട്രിയ സാമൂഹിക സാംസ്കാരിക സംഘടനകളുടെ പ്രതിനിധികൾ ഉൾപ്പെട്ട 101 അംഗ സ്വാഗതസംഘവും രൂപീകരിക്കുകയുണ്ടായി.

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിക്കുവാൻ പഞ്ചായത്തുതലത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ യോഗവും വിളിച്ചു ചേർത്തു. തിരഞ്ഞെടുത്ത കോർ ഗ്രൂപ്പാണ് വികസന റിപ്പോർട്ട് ഒരാഴ്ചയുടെ ശ്രമഫലമായി തയ്യാറാക്കിയത്.

ഏത് പ്രവർത്തനവും ഏറ്റെടുക്കുവാൻ കഴിവുള്ള ഒരു നല്ല വികസന സേന രാപ്പകലില്ലാതെ പ്രയത്നിക്കുവാൻ സദാസന്നദ്ധരായി നമ്മുടെ പഞ്ചായത്തിലുണ്ട് എന്നത് ആവേശജനകമാണ്. ജനകീയ ആസൂത്രണ പ്രസ്ഥാനം വിജയകരമായി പൂർത്തീകരിക്കുവാൻ കഴിയും എന്ന പ്രത്യാശ നമ്മൾക്കുണ്ട്.

കണ്ണാടി ഗ്രാമ പഞ്ചായത്തിലെ രാഷ്ട്രീയ സാംസ്കാരിക ബോധത്തിന്റെയും, സന്നദ്ധ സേവന തൃഷ്ണയുടെയും അടിത്തറയിൽ നിന്നുകൊണ്ട്, മുൻകാലസേവകരുടെ ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ടുകൊണ്ട് 9ാം പഞ്ചവത്സര പദ്ധതിക്കുവേണ്ടിയുള്ള നമ്മുടെ പഞ്ചായത്തിന്റെ, ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ പ്രവർത്തനം ജനപങ്കാളിത്തത്തോടെ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന ഉത്തമ വിശ്വാസത്തോടെ, കണ്ണാടിഗ്രാമ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് സാമ്പത്തിക സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ നാളെയുടെ ഉണർവുകളുടെയും ഉയർച്ചകളുടെയും ദീപനാളമാവട്ടെ.

• ഭാരതത്തിന്റെ വികസനം സാധ്യമാവുക
ഗ്രാമങ്ങളുടെ വികസനത്തിലൂടെയാണ്
ഗ്രാമസ്വരാജാണ് എന്റെ ലക്ഷ്യം •

- മഹാത്മാഗാന്ധി

2 സാമൂഹ്യ ചരിത്ര പശ്ചാത്തലം

ആനമലയിൽ നിന്നും ഉത്ഭവിച്ച് അമരാവതി നദിയായും ശോകനാശിനിപ്പുഴ (ചിറ്റൂർപ്പുഴ) യായും കണ്ണാടിപ്പുഴയായും ഒഴുകി പറളിയിൽ വെച്ച് കൽപ്പാത്തിപുഴയുമായി ചേർന്ന് അവിടെനിന്നങ്ങോട്ട് ഭാരതപുഴ അറബിക്കടലിൽ ചെന്ന് ചേരുന്നു. മലയാളികളുടെ പുണ്യ നദിയായ ഭാരതപുഴ, അതിന്റെ ഒരു പ്രധാന പോഷകനദിയായ കണ്ണാടിപുഴ നമ്മുടെ പഞ്ചായത്തിനെയും പാലക്കാട് നഗരത്തെയും വേർതിരിച്ചു കൊണ്ട് പഞ്ചായത്തിന്റെ വടക്കുവശത്തുകൂടി ഒഴുകുന്നു. പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയായ കൊടുമ്പു മുതൽ പറളി വരെയുള്ള ഭാഗം ആദ്യ കാലം മുതൽ തന്നെ കണ്ണാടിപുഴ എന്ന പേരിലാണ് അറിയപ്പെടുന്നത്.

ഈ പേര് വരുവാനുള്ള കാരണം പുഴയുടെ പളുങ്ക പോലെയുള്ള ജലത്തിന്റെ തെളിമയായിരിക്കണം എന്നാണ് പഴമക്കാർ പറയുന്നത്. നമുക്ക് സുപരിചിതമായ "കണ്ണാടിപുഴയുടെ കടവത്ത് നിൽക്കണ കണിക്കൊന്ന മലരണിഞ്ഞു ആദ്യമായ്"... എന്ന ഗാനശകലത്തിലൂടെ നമ്മുടെ കണ്ണാടിപുഴയെ കവികൾ വർണ്ണിച്ചിട്ടുണ്ട്.

സാമൂഹ്യ മാറ്റത്തിനായുള്ള പോരാട്ടനിരയിൽ ചിലരെയെങ്കിലും സംഭാവനചെയ്യാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ദേശീയ പ്രസ്ഥാനത്തിന്റെ കാലഘട്ടത്തിൽ ബ്രിട്ടീഷുകാർക്കെതിരായ പോരാട്ടത്തിലുപരി അനാചാരങ്ങൾക്ക് എതിരായ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തിനാണ് പഞ്ചായത്തിൽ അന്നത്തെ നേതാക്കൾ ഊന്നൽ നൽകിയത്. ശ്രീനാരായണഗുരുവിന്റെ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളും ഗാന്ധിജിയുടെ ഹരിജനോദ്ധാരണ പ്രവർത്തനങ്ങളും, കെ. കേളപ്പൻ, എ.കെ.ജി, പി. കൃഷ്ണപ്പിള്ള എന്നിവരുടെ നേതൃത്വത്തിൽ നടന്ന ക്ഷേത്രപ്രവേശന സമരവും അന്നത്തെ ചെറുപ്പക്കാരെ ആവേശം കൊള്ളിച്ചു.

ഈ ആവേശം ഉൾക്കൊണ്ടുകൊണ്ട് ജാതിവ്യവസ്ഥക്കും അനാചാരങ്ങൾക്കും എതിരായി മുന്നിൽ നിന്ന് പ്രവർത്തിച്ചവരിൽ പ്രധാനി കുടുവക്കോട് കിട്ട എന്ന ജോൺ കിട്ടയായിരുന്നു.

1930 കളിൽ പാലക്കാട്ടെ കൽപ്പാത്തിഗ്രാമത്തിൽ പ്രവേശിക്കുന്നതിനും വഴിനടക്കുന്നതിനും വേണ്ടി അദ്ദേഹം നടത്തിയ പോരാട്ടം നമ്മുടെ സാമൂഹ്യ രാഷ്ട്രീയ ചരിത്രത്തിലെ നിറക്കൂട്ടുള്ള അദ്ധ്യായമാണ്. കൽപ്പാത്തി ഗ്രാമത്തിൽ രഥോത്സവം നടക്കുമ്പോൾ ഈഴവയുവാക്കളെ സംഘടിപ്പിച്ച് കെ.പി.സി.സി. മെമ്പർ കൂടിയായ കിട്ടയുടെ നേതൃത്വത്തിൽ ഗ്രാമത്തിലേക്ക് കടക്കുവാൻ ശ്രമിച്ചു. ബ്രാഹ്മണർ ഇവരെ കല്ലെറിഞ്ഞും മർദ്ദിച്ചും ഓടിച്ചു. പ്രശസ്ത നോവലിസ്റ്റ് ശ്രീ. ഒ.വി. വിജയന്റെ മുത്തശ്ശൻ ശ്രീ. ചാമിക്കും, ശ്രീ കിട്ടയോടൊപ്പം ക്രൂരമായ മർദ്ദനമേൽക്കേണ്ടിവന്നു. അടുത്ത രഥോത്സവത്തിൽ കൽപ്പാത്തി ഗ്രാമത്തിലൂടെ നടക്കുമെന്ന് പ്രതിജ്ഞയെടുത്ത ശ്രീ. കിട്ട അതിനു സ്വീകരിച്ചമാർഗ്ഗം മതപരിവർത്തനമായിരുന്നു. കാരണം അന്ന് ക്രിസ്തു മതക്കാർക്കും ഇസ്ലാം മതക്കാർക്കും ഗ്രാമത്തിലൂടെ നടക്കുവാനുള്ള സ്വതന്ത്ര്യം ഉണ്ടായിരുന്നു.

ശ്രീ. കിട്ടയും അനുയായികളും ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം നടത്തി. ഈ സംഭവം കേരളത്തിലെ പത്രങ്ങൾ മാത്രമല്ല ഉത്തരേന്ത്യൻ പത്രങ്ങൾ വരെ വളരെ പ്രധാന്യത്തോടെ വാർത്ത പ്രസിദ്ധീകരിച്ചു. ഉത്തരേന്ത്യയിൽ നിന്നും ആര്യ സമാജക്കാർ ഉൾപ്പെടെ മുക്കാൽഡസനോളം ഹിന്ദു മിഷനറി സംഘങ്ങൾ ഇവിടെ ക്യാമ്പ് ചെയ്തു മതപരിവർത്തന സംരംഭങ്ങൾക്കെതിരെ വീടു വീടാന്തരം കയറി പ്രചാരണം നടത്തുകയും പൊതുയോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ശ്രീ. കിട്ട ജോണായും ശ്രീ ചാമി തോമസായും കുട്ടുകാർ 20 ലധികം പേർ ഇക്കുട്ടത്തിൽ മതപരിവർത്തനം നടത്തി. തൊട്ടടുത്ത വർഷം തന്നെ അദേഹവും കൂട്ടുകാരും കൽപ്പാത്തി ഗ്രാമത്തിലൂടെ നാലുതവണ അങ്ങോട്ടുമിങ്ങോട്ടും നടന്നു. ബ്രാഹ്മണൻമാർക്ക് നോക്കിനിൽക്കാനെ കഴിഞ്ഞുള്ളു. അതോടുകൂടിയണ് കൽപ്പാത്തി ഗ്രാമത്തിൽ എല്ലാ ജാതിക്കാർക്കും വഴിനടക്കുവാനുള്ള സ്വാതന്ത്ര്യം ലഭിച്ചത്. മിശ്രവിവാഹം മിശ്രഭോജനം എന്നിവയെ പ്രേത്സാഹിപ്പിക്കുന്നതിൽ മുന്നിൽ നിന്നു പ്രവർത്തിച്ച ജില്ലയിലെ പ്രമുഖവ്യക്തികളിൽ പ്രധാനിയിയിരുന്നു ശ്രീ ജോൺ കിട്ട.

ഈ കാലഘട്ടത്തിൽ തന്നെ പറവൂർ ടി. കെ. മാധവൻ പഞ്ചായത്തിൽ വരുകയും പൊതു യോഗങ്ങളിൽ പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. നവകേരളം പത്രാധിപരായിരുന്ന വി. എസ്. കേരളിയൻ, മിതവാദിപത്രാധിപരായിരുന്നു എ. വി. കൃഷ്ണൻ എന്നിവരും ആകാലഘട്ടത്തിൽ കണ്ണാടിയിൽ വരുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. കെ. കേളപ്പന്റെ നേതൃത്വത്തിൽ കോൺഗ്രസ്സിലെ ഒരു വിഭാഗം കിസാൻ മസ്ദൂർ പാർട്ടിയിൽ ചേർന്നപ്പോൾ ഭൂപരിഷ്കരണം നടപ്പിലാക്കുന്നതിൽ വിമുഖത കാണിച്ച കോൺഗ്രസ്സിന്റെ നയത്തിൽ പ്രതിഷേധിച്ച് ശ്രീ ജോൺ കിട്ടയും വലിയൊരു വിഭാഗം കോൺഗ്രസ്സുകാരും കേളപ്പനോടൊപ്പം ചേർന്നു. 1957 ലെ ആദ്യ നിയമസഭ തെരഞ്ഞെടുപ്പിൽ കുഴൽമന്ദം അസംബ്ലി മണ്ഡലത്തിൽ നിന്നും കമ്മ്യൂണിസ്റ്റു പാർട്ടി പിന്തുണയുള്ള സ്വതന്ത്രനായി മത്സരിച്ചു വിജയിച്ചു. 1960 ൽ കമ്മ്യൂണിസ്റ്റു പാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ച് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

പഞ്ചായത്തിലെ ആദ്യകാല കോൺഗ്രസ്സ് നേതാക്കളിൽ പ്രമുഖർ വൈദ്യനാഥയ്യർ, ടി. സി. വേലപ്പൻ, ആർ.കെ. നായർ, സി.വി. രാമചന്ദ്രൻ എന്നിവരാണ്. 1937 ൽ കോൺഗ്രസ്സിലെ ഇടതുപക്ഷക്കാർ. പാലക്കാട് സംഘടിപ്പിച്ച ഒരു മാസം നീണ്ടുനിന്ന വളന്റിയർ ക്യാമ്പിൽ വേലപ്പൻ പങ്കെടുത്തു. രണ്ടാം ലോകമഹായുദ്ധത്തിൽ ഇന്ത്യക്കാരെ പങ്കാളികളാക്കുന്നതിനെതിരായി പ്രവർത്തിച്ചതിന് ശ്രീ. ടി. സി. വേലപ്പനെ അറസ്റ്റു ചെയ്തു 18 മാസം ആലിപ്പുർ സെൻട്രൽ ജയിലിലേയ്ക്കയച്ചു. കെ. കേളപ്പൻ, ആർ. ശങ്കർ, രാഘവമേനോൻ, വാസുമേനോൻ, എന്നിവരായിരുന്നു. കണ്ണാടി സന്ദർശിക്കുകയും കോൺഗ്രസ്സിന് നേതൃത്വം കൊടുക്കുകയും ചെയ്ത നേതാക്കൾ.

1940 കളിൽത്തന്നെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രവർത്തനവും പഞ്ചായത്തിൽ തുടങ്ങിയിരുന്നു. ആർ. പൊന്നൻ, കെ. എൻ. കുഞ്ചു, എ. എം. എ. റസാഖ്, എന്നിവരായിരുന്നു പഞ്ചായത്തിലെ പ്രവർത്തനത്തിന് നേതൃത്വം കൊടുത്തവർ. മലബാർ ഡിസ്ട്രിക്ട് ബോർഡ് തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായിരുന്ന ആർ. പൊന്നൻ വോട്ടെണ്ണൽ കേന്ദ്രത്തിൽ നിന്നും വോട്ടെണ്ണുന്നതിന് മുൻപു തന്നെ പാർട്ടിനിരോധിച്ചതറിഞ്ഞ് ഒളിവിൽ

പോവുകയുണ്ടായി. ഈഴവ സമുദായത്തിൽപ്പെട്ടവർ ആ കാലഘട്ടത്തിൽ വരൻ പോകാതെ വരന്റെ സഹോദരി വധുവിന്റെ കഴുത്തിൽ താലികെട്ടി കൊണ്ടുവരുന്ന സമ്പ്രദായമാണ് നിലനിന്നിരുന്നത്, അതിൽ നിന്നും വ്യത്യസ്തമായി ശ്രീ. ആർ. പൊന്നനും സഹോദരനുമാണ് വധുവിനെ നേരിട്ട് താലി കെട്ടി കൊണ്ടുവരുന്ന സമ്പ്രദായത്തിന് പഞ്ചായത്തിൽ തുടക്കം കുറിച്ചത്.

പാർട്ടി നിരോധനം നിലനിൽക്കെ പാർട്ടിയുടെ സന്ദേശ വാഹകനായിരുന്ന കെ. എൻ. കുഞ്ഞുവിനെ ഷൊർണൂരിൽ വെച്ച് അറസ്റ്റ് ചെയ്യുകയും തുടർച്ചയായി 4 ദിവസം പോലീസ് മർദനത്തിന് വിധേയനായി 6 മാസം ജയിൽ വാസം അനുഭവിക്കുകയും ചെയ്തു.

ഇ. കെ ഇമ്പിച്ചിബാവ, ആർ. കൃഷ്ണൻ , (ആലത്തൂർ) കുഞ്ഞിരാമൻ മാസ്റ്റർ, എ. കെ. രാമൻകുട്ടി, കെ. സി. ഗോപാലനുണ്ണി പി. വി. കുഞ്ഞിക്കണ്ണൻ, എം. വി. ദേവൻ പൂന്നപ്രവയലാർ സമരത്തിൽ പങ്കെടുത്ത ഒരാൾ തുടങ്ങിയ കമ്യൂണിസ്റ്റ് നേതാക്കൾ നമ്മുടെ പഞ്ചായത്തിൽ ഒളിവു ജീവിതം നയിച്ചിട്ടുണ്ട്. പോർച്ചുഗീസുകാർക്കെതിരായി നടന്ന ഗോവാ വിമോചന സമരത്തിൽ പരപ്പനയിലെ പി. പി. കുട്ടികൃഷ്ണൻ, വിശ്വനാഥൻ എന്നിവർ പങ്കെടുത്തിരുന്നു.

ഉയർന്ന ജാതിയിൽപ്പെട്ട ഭൂപ്രഭുക്കളോ ജന്മിമാരോ നമ്മുടെ പഞ്ചായത്തിൽ താമസമില്ലാതിരുന്നിട്ടും പിന്നോക്കസമുദായത്തിലെ ജാതിക്കാർക്കിടയിൽത്തന്നെ തങ്ങൾക്ക് കീഴിലുള്ള ജാതിക്കാരോട് അയിത്തവും ജാതിപരമായ വേർതിരിവും ശക്തമായി നിലനിന്നിരുന്നു. ഇതിനെതിരായി കോൺഗ്രസ്സുകാരും കമ്യൂണിസ്റ്റുകാരും പഞ്ചായത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തിനു ശേഷവും ഈ അനാചാരങ്ങൾ നിലനിന്നിരുന്നു. ക്ഷേത്രങ്ങളിൽ തൊഴാനോ, ക്ഷേത്രകുളങ്ങളിൽ കുളിക്കുവാനോ അനുവാദമുണ്ടായിരുന്നില്ല. ഇതിനെതിരായി ക്ഷേത്രങ്ങളിൽ കുളിക്കുന്നതിനും പ്രവേശിക്കുന്നതിനും ജനകീയ മുന്നേറ്റം ഉണ്ടായിട്ടുണ്ട് എല്ലാ കുളങ്ങളിലും സംഘടിതമായി കുളിക്കുകയും ക്ഷേത്രത്തിനു മുമ്പിൽ സമരംചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ അനാചാരങ്ങൾ പൂർണമായും ഇല്ലാതായത് 57 ൽ കേരളത്തിൽ കമ്യൂണിസ്റ്റ് മന്ത്രി സഭ അധികാരത്തിൽ വന്നതിനു ശേഷമാണ്.

നമ്മുടെ പഞ്ചായത്തിലെ ഭൂസ്വത്തുക്കൾ മുഴുവൻ പ്രധാനമായി കൂടല്ലൂർമന, തിരുനെല്ലായ് ദേവസ്വം, ഒളപ്പമണ്ണമന, ഏമൂർദേവസ്വം, വടകരസ്വരൂപംവല്ലഭരാമരാജാവ്വക,നയ്യൂർമന, വള്ളുവനാട് ആത്രീശ്ശീരി മന, കാഞ്ഞിയൂർ മന, ചേർമ്പറ്റ മന, ചക്കണ്ണത്ത് ഗോപാലനുണ്ണി വലിയ കൈമൾ വക, പുളിയക്കളം മന, പൂവ്വക്കോട് ദേവസ്വം, കുറ്റൂർ മന, അഞ്ചാറ് പൂറം ഇല്ലത്ത് വക, തിരുവാലത്തൂർ ദേവസ്വം, പാലിയത്തച്ചൻ രാജകുടുംബം വക എന്നിവരുടെതായിരുന്നു.

കണ്ണാടിയിൽ ഭൂമിക്ക്വേണ്ടിയും ഒഴിപ്പിക്കലിനും, എതിരായി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും കർഷകസംഘത്തിന്റെയും ചെറുത്തുനിൽപ്പുകൾ നടന്നിട്ടുണ്ട്. പാണ്ടിയോട്, കിണാശ്ശേരി, എന്നിവിടങ്ങളിൽ കർഷക സംഘത്തിന്റെ വിപുലമായ സമ്മേളനങ്ങൾ ഇതിന്റെ ഭാഗമായി നടന്നിട്ടുണ്ട്.

1940 കളിൽ കിണാശ്ശേരിയിൽ വെച്ച് നടന്ന കർഷക സംഘം താലൂക്ക് സമ്മേളനം ഇ. എം. എസ്. ആണ് ഉദ്ഘാടനം ചെയ്തത്. കടുംന്തിരുത്തി കെ. സി. സഹദേവനായിരുന്നു സ്വാഗതസംഘം പ്രസിഡണ്ട് സെക്രട്ടറി ആർ. കൃഷ്ണനായിരുന്നു (ആലത്തൂർ). സമ്മേളനം പഞ്ചായത്തിൽ കൃഷിക്കാരുടെയിടയിലും തൊഴിലാളികളുടെയിടയിലും വലിയ ആവേശം ഉയർത്തി. AKG നയിച്ച പട്ടിണി ജാഥയുടെ ഉപജാഥകൾ നടത്തുന്നതിന് തീരുമാനിച്ച കർഷക കൺവെൻഷൻ പാണ്ടിയോട് വെച്ചാണ് നടന്നത്, പട്ടിണി ജാഥ കഴിഞ്ഞ് AKG ക്ക് പാണ്ടിയോട് സ്വീകരണം നല്കി. ഭൂപരിഷ്കരണ നിയമം ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനവിഭാഗത്തെ ഭൂസ്വത്തുക്കളുടെ ഉടമകളാക്കി. ഭൂബന്ധങ്ങളിൽ വന്ന മാറ്റം സാമൂഹ്യജീവിതത്തിൽ അഭൂതപൂർവ്വമായ മാറ്റമാണ് വരുത്തിയത്.

മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലായിരുന്നു കണ്ണാടി. കണ്ണാടി വില്ലേജ്, പാലക്കാട് നിയോജക മണ്ഡലത്തിലും, കിണാശ്ശേരി വില്ലേജ് എലപ്പുള്ളി നിയോജകമണ്ഡലത്തിലും ആയിരുന്നു. ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നത് 1963 ലാണ്. Dr. കെ. ആർ. സേതുമാധവനാണ് ആദ്യത്തെ പ്രസിഡന്റ, വി. രാഘവൻ വൈസ് പ്രസിഡണ്ട്, വി. കുപ്പൻ, ടി. വി.

ഗോപാലൻ, കൃഷ്ണൻ കുട്ടിഎഴുത്തച്ചൻ, എ. എം. എ. റസാക്ക്, പി. ആർ. ശിവരാമൻ, തങ്കമ്മ എന്നിവരായിരുന്നു അംഗങ്ങൾ. പി. ആർ. ശിവരാമൻ ആദ്യത്തെ ബോർഡിൽ പോലും പങ്കെടുക്കാതെ രാജി വെച്ചു പകരം കേലുകുട്ടി പഞ്ചായത്ത് മെമ്പറായി. 30.9.1979 വരെ ആയിരുന്നു ഈ പഞ്ചായത്ത് ഭരണ സമിതിയുടെ കാലാവധി.

79 മുതൽ 84 വരെയുള്ള രണ്ടാമത്തെ ഭരണ സമിതിയിൽ Dr. കെ. ആർ. സേതുമാധവൻ പ്രസിഡണ്ട്, എൻ. മോഹൻദാസ് വൈസ് പ്രസിഡണ്ട്, കെ. മാണി, പി രവീന്ദ്രനാഥ്, വി. രാജൻ, കെ. വി. ഭാസ്കരൻ, എ. കുഞ്ഞുമായണ്ടി, ബേബി സുഭദ്ര എന്നിവരായിരുന്നു അംഗങ്ങൾ.

1988 മുതൽ 95 വരെയുണ്ടായിരുന്ന ഭരണസമിതിയിൽ എ. കുഞ്ഞുമായാണ്ടി പ്രസിഡണ്ടും കെ. കെ. സോമസുന്ദരൻ വൈസ്പ്രസിഡണ്ടും, കെ. പരമേശ്വരൻ മാസ്റ്റർ, കെ. മാണി, കെ. വി. ശിവദാസ്, എം. സുലൈമാൻ, കെ. വി. ഭാസ്ക്കരൻ, അന്നമ്മ പണിക്കർ എം ജാനകി എന്നിവരാണ് ഉണ്ടായിരുന്നത്.

ഇപ്പോൾ നിലവിലുള്ള ഭരണ സമിതി 1995 സെപ്റ്റബർ 30ന് കെ. പരമേശ്വരൻ മാസ്റ്ററുടെ നേതൃത്വത്തിൽ അധികാരമേറ്റു. വി. കുഞ്ഞപ്പൻ (വൈ:പ്രസി), കെ. എ. വേണുഗോപാൽ (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ), ടി. സി. ജഗദീഷ്, സി. വേലായുധൻ , എൻ. ശിവശങ്കരൻ, ടി. എൻ രമ. കെ. ശാന്തകുമാരി, കെ. സത്യഭാമ. ചന്ദ്രവല്ലി രവീന്ദ്രൻ എന്നിവരാണ് അംഗങ്ങൾ.

ആദ്യത്തെ പഞ്ചായത്ത് ആപ്പീസ് പ്രവർത്തിച്ചിരുന്നത് ഇപ്പോഴുള്ള പോസ്റ്റാപ്പീസ് കെട്ടിടത്തിലും തുടർന്ന് താണിയങ്കാവിലെ ഒരു സഹകാര്യ കെട്ടിടത്തിലുമാണ് പ്രവർത്തിച്ചിരുന്നത്. നിലവിലുള്ള പഞ്ചായത്ത് ആപ്പീസ് 20.9.1969 ൽ ലോകസഭയിലെ പ്രതിപക്ഷനേതാവായിരുന്ന A.K.G. യാണ് ഉദ്ഘാടനം ചെയ്തത്.

പാത്തിക്കൽ

ആധുനിക വാഹനമില്ലാത്ത കാലത്ത് കാളവണ്ടിയായിരുന്നു പ്രധാന,

വാഹനം. ഇന്നത്തെ പഞ്ചായത്ത് ആഫീസ്സ് നില്ക്കുന്ന സ്ഥലത്തിനടുത്തുള്ള കുളത്തിനടുത്ത് ഉണ്ടായിരുന്ന പാത്തി കല്ലിലാണ് കാളവണ്ടിക്കാർ കാളകൾക്ക് വെള്ളം കൊടുത്തിരുന്നത് അങ്ങനെ പാത്തിക്കൽ എന്നപേരുണ്ടായി.

പുതുഗ്രാമം

പഞ്ചായത്തിൽ ആദ്യകാലത്തുണ്ടായിരുന്ന ഏക അഗ്രഹാരം പുതുഗ്രാമത്തിലേതായിരുന്നു. 30 വർഷങ്ങൾക്ക് മുമ്പ് ഗ്രാമം നാമാവശേഷമായി

വാഴക്കടവ്:

1783 ൽ ടിപ്പുവിന്റെ പാലക്കാട് കോട്ട പിടിച്ചെടുക്കാൻ കേണൽ ഫുള്ളർട്ടിന്റെ നേതൃത്വത്തിൽ 1700 ഇംഗ്ലീഷ് പട്ടാളക്കാരും, 17 ബറ്റാലിയൻ ശിപായികളും വരുന്ന ഒരു വൻസൈനികവ്യൂഹമാണ് ദിണ്ടിക്കൽ, ധാരാപുരം, കൊല്ലങ്കോട് വഴി വാഴക്കടവിലൂടെ കണ്ണാടി പുഴ കടന്ന് പാലക്കാട്ടേയ്ക്ക് മാർച്ച് ചെയ്തത്.

1757 ന് മുൻപ് പാലക്കാട് രാജാവിന്റെ അധീനതയിലും അതിനുശേഷം കുറച്ചുകാലം സാമൂതിരി രാജാവിന്റെ അധീനതയിലും ആയിരുന്നു നമ്മുടെ പഞ്ചായത്ത്. തുടർന്ന് ഹൈദരാലിയുടെ മൈസൂർ രാജാധിപത്യത്തിൻ കീഴിലും, പിന്നീട് ഹൈദരാലിയുടെ ഏജന്റ് എന്ന നിലയിൽ വടമലപ്പുറം ദേശത്തിന്റെ ഭാഗമായിരുന്ന, കണ്ണാടി കിണാശ്ശേരി അംശങ്ങൾ പാലക്കാട് രാജാവിന്റെ ഒരു അനന്തിരവനായ കോമ്പിയച്ചനാണ് ഭരണം നടത്തിവന്നത്.

"ചരിത്രം സ്വയമേവ ഉണ്ടാകുന്നതല്ല, ഉണ്ടാക്കപ്പെടുന്നതാണ്."

- കാറൽ മാർക്സ്

3 ഭൂപ്രകൃതി ജനത - ജലവിഭവം

" ഒരോരുത്തർക്കും പ്രത്യേകം വിഭവങ്ങളില്ല, പ്രകൃതിയിലെ എല്ലാ വിഭവങ്ങളും എല്ലാവർക്കും വേണ്ടിയാണ് "

യജുർവേദം

ചരിത്ര പ്രസിദ്ധമായ പാലക്കാട് ചുരത്തിൽ നിന്നും സുമാർ 15 കിലോമീറ്റർ തെക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന കണ്ണാടി ഗ്രാമം കണ്ണാടിപുഴയുടെ സാമീപ്യം കൊണ്ടു തന്നെ അനുഗ്രഹീതമാണ് അംശം ദേശം എന്നിങ്ങനെ ഭരണപരമായ സൗകര്യത്തിന് വേണ്ടി വിഭജിക്കപ്പെട്ടിരുന്ന ഗ്രാമങ്ങളിൽ കണ്ണാടി കിണാശ്ശേരി എന്നീ ഗ്രാമങ്ങൾ ചേർന്നതാണ് ഇന്നത്തെ കണ്ണാടി പഞ്ചായത്ത്.

ഭൂപ്രകൃതി

പഞ്ചായത്തിന്റെ വടക്കു കിഴക്കുഭാഗത്തു നിന്നും മദ്ധ്യ ഭാഗത്തുകൂടി തെക്കു പടിഞ്ഞാറായി കടന്നു പോകുന്ന 47 ാം നമ്പ്ർ ദേശീയ പാതയുടെ ഇരു വശങ്ങളിലുമായി ഈ ഗ്രാമം സ്ഥിതി ച്ചെയ്യുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറ് കുഴൽമന്ദം മാത്തൂർ എന്നി പഞ്ചായത്തുകളിൽപ്പെട്ട ഭൂവിഭാഗവും വടക്കു കണ്ണാടി പുഴയും കിഴക്ക് പെരുവെമ്പ, കൊടുമ്പ് എന്നീ പഞ്ചായത്തുകളിൽപ്പെട്ട ഭൂവിഭാഗവും, തെക്കുവശം കുഴൽമന്ദം തേങ്കുറിശ്ശി എന്നീ പഞ്ചായത്തുകളിൽപ്പെട്ട ഭൂവിഭാഗവും സ്ഥിതിചെയ്യുന്നു.

ഭൂപ്രകൃതി അനുസരിച്ച് 95% സമതലപ്രദേശവും ബാക്കി ചെറുചരുവുകളും ഉൾപ്പെടുന്ന കണ്ണാടി പഞ്ചായത്തിന് 19.05 ചതുരശ്ര കി.മീ വിസ്തീർണ്ണമുണ്ട് മണൽ കലർന്ന പശിമയുള്ള മണ്ണും പുഴയോര പ്രദേശങ്ങളിൽ കുറെ ഭാഗം കളിമണ്ണും ഉൾപ്പെടുന്നതാണ് പഞ്ചായത്തിന്റെ ആകെയുള്ള മണ്ണിന്റെ

പ്രകൃതി എന്ന് ചുരുക്കത്തിൽ പറയാം.

ജനപ്രകൃതി

1991ലെ കാനേഷുമാരി കണക്കുപ്രകാരം 10531 പുരുഷന്മാരും 10652 സ്ത്രീകളും ഉൾപ്പെടുന്ന ഈ പഞ്ചായത്തിന്റെ ജനസംഖ്യ 21,183 ആണ് പുരുഷന്മാരെ അപേഷിച്ച് 121 സ്ത്രീകൾ കൂടുതൽ ആകെ വീടുകൾ 4979 ആണ്. അതായത് ശരാശരി വീട് ഒന്നിന് 5.19 ആളുകൾ വീതമുണ്ട് ജന സാന്ദ്രത ച:കി.മീറ്ററിന് 1111.9 ആണ്. 6 വയസ്സിനു താഴെയുള്ള എണ്ണം 2768 ആണ്. ഇതിൽ ആൺകുട്ടികൾ 1423ഉം പെൺകുട്ടികൾ 1345ഉം ആകുന്നു. 4072 പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പ്പെട്ടവരിൽ 2484പർ പുരുന്മാരും 1588 പേർ സ്ത്രീകളുമാകുന്നു. ജനസാന്ദ്രത പാലക്കാട് ജില്ലയുടെ കാര്യത്തിൽ ച.കി. ഒന്നിന് 532 ഉം സംസ്ഥാനത്ത് 749 ഉം ആണ് ആകെ ജനങ്ങളിൽ 10197 പേർ സാക്ഷരരാണ് ഇതിൽ 7854 പേർ പുരുഷന്മാരും 2343 പേർ സ്ത്രീകളുംആണ്എന്നാൽ സാക്ഷരത പ്രവർത്തനങ്ങളിൽ കൂടി ഏതാണ്ട് 87% നിരക്ഷരർ ഇപ്പോൾ സാക്ഷരരാണ്.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ് കാർഷിക രംഗം ആദായകരമല്ലാതായിതീർന്നതോടെ ഇതിന്റെ രൂക്ഷത വർദ്ധിച്ചിരിക്കുന്നു പരമ്പരാഗതമായ മത്സ്യബന്ധനം, കയർ തുടങ്ങിയ മേഖലകളിലെ തൊഴിൽ സാദ്ധ്യത ഈ പഞ്ചായത്തിൽ ഇല്ലന്നതാണ് സത്യം. ചെങ്കൽ നിർമാണം കോഴിവളർത്തൽ തുടങ്ങിയമേഖലകളിൽ ചെറു ചലനം സൃഷ്ടിക്കാനെ നമുക്ക് കഴിഞ്ഞിട്ടുള്ളു. പാലക്കാട മുനിസിപ്പാലിറ്റിയോട് ചേർന്ന് കിടക്കുന്ന പഞ്ചായത്ത് എന്നത് കൊണ്ടാവാം റസിഡൻഷ്യൻ കോളനികൾ അങ്ങിങ്ങായി

വാർഡ്തല ജനസംഖ്യാ വിവരം

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പട്ടികജാതി കുടുംബങ്ങൾ	ഹിന്ദു കുടുംബങ്ങൾ	മുസ്ലീം കുടുംബങ്ങൾ	ക്രൈസ്തവ കുടുംബങ്ങൾ
1	1012	1117	2129	56	292	25	15
2	1009	1109	2118	97	290	13	3

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പട്ടികജാതി കുടുംബങ്ങൾ	ഹിന്ദു കുടുംബങ്ങൾ	മുസ്ലീം കുടുംബങ്ങൾ	ക്രൈസ്തവ കുടുംബങ്ങൾ
3	1087	968	2055	131	254	14	3
4	1041	1319	2360	81	310	19	Nil
5	1081	1035	2116	56	342	23	Nil
6	1092	1120	2212	76	340	16	18
7	1074	981	2055	109	261	10	2
8	1013	1101	2114	50	250	66	Nil
9	1088	920	2008	118	180	62	Nil
10	1034	982	2016	17	434	46	Nil

ഉയർന്നവരുന്നതായി കണാം.

മേൽ കാണിച്ച കണക്ക് 1991ലെ ജനസംഖ്യ കണകെടുപ്പിനെ ആശ്രയിച്ചിട്ടുള്ളതാണ്. നിലവിൽ ഇതിന്റെ വർദ്ധനവ് കുറവാണെങ്കിലും വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ട്

ജലപ്രകൃതി

വർഷത്തിൽ ശരാശരി 2329 മില്ലീമീറ്റർ മഴ ലഭിക്കുന്ന പ്രദേശമാണ് കണ്ണാടി. ഏറ്റവും കൂടുതൽ മഴലഭിക്കുന്നത് ജൂൺ ജൂലൈ മാസങ്ങളിലും ഏറ്റവും കുറവ് ഫെബ്രുവരി മാർച്ച് മാസങ്ങളിലും ആണ്. പഞ്ചായത്തിന്റെ വടക്കഭാഗം കണ്ണാടി പുഴയാണ്. 19.05 ച.കി.മീറ്റർ വരുന്ന കണ്ണാടി പഞ്ചായത്തിന്റെ 80% ഭൂപ്രദേശം മലമ്പുഴ ഇറിഗേഷൻ സ്കീമിൽ പ്പെട്ടതും സുലഭമായി ജലം

ലഭിക്കുന്നതുമാണ്. പഞ്ചായത്തിൽ വേനക്കാലത്തുപോലും വറ്റാതെ വരൾച്ചയെ അതിജീവിക്കുന്ന 20 കുളങ്ങളും വേനൽക്കാലത്ത് വറ്റി പോകുന്ന 70 കുളങ്ങളും ഉണ്ട്.

പ്രധാന കുളങ്ങളുടെ വിവരം.

	കുളത്തിന്റെ പേര്	വാർഡ്
1.	രാമഞ്ചേന്നത്തുകുളം	1
2.	മണലൂർ അമ്പലകുളം	2
3.	ചെറുവത്തു കുളം	3
4.	ചാത്തൻ കുളം	,
5.	പൊന്നൻ .കുളം	,
6.	അരയാർ കുളം	4
7.	പന്നിയങ്കര കുളം	,
8.	മന്ദത്തുകുളം	,
9.	കുതിരകുളം	5
10.	വാക്കുളം	6
11.	കുന്ദംകുളം	6
12.	ചാത്തനാട്ടുകുളം	8
13.	ആന്തൂർകാവ് കുളം	,
14.	കൽകുളം	9
15.	പൊട്ടകുളം	,
16	എരികുളം	,
17.	പെരിങ്കുളം	10
18.	അമ്പലകുളം	,
19.	കണ്ണൻ കുളം	,
20	പാണ്ടരാണികുളം	,

ഏകദേശം 15 ച. കി. മീറ്റർ സ്ഥലം ശുദ്ധ ജലം ലഭിക്കുന്ന പ്രദേശങ്ങളാണ് ബാക്കി 4.05 ച. കി. മീറ്റർ സ്ഥലത്ത് ജലദൗർലഭ്യമുണ്ട്. ശുദ്ധജലം ലഭിക്കുന്ന സ്ഥലങ്ങളിൽ തന്നെ 50% വാട്ടർ സപ്ലൈ സ്കീമിൽപ്പെട്ടതും ബാക്കി പ്രകൃതിദത്തമായി ജലം ലഭിക്കുന്ന സ്ഥലവുമാണ്.

4 കൃഷിയും ജലസേചനവും

കണ്ണാടി പഞ്ചായത്ത് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. പാലക്കാട് നഗരത്തിന്റെ തൊട്ട് തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു. നഗരത്തെയും പഞ്ചായത്തിനെയും വേർതിരിക്കുന്നത് കണ്ണാടിപ്പുഴയാണ്, മുഖ്യകൃഷി നെല്ലുതന്നെയാണ് അത്യാവശ്യം തെങ്ങും കൃഷി ചെയ്തു വരുന്നു, തോട്ടങ്ങൾ എന്ന രീതിയിൽ തെങ്ങു കൃഷിയില്ല. ഇവിടുത്തെ ജനങ്ങളുടെ മുഖ്യ ജീവിതം നെൽകൃഷിയും അതുമായി ബന്ധപ്പെട്ട തൊഴിലുകളുമാണ്.

സമുദ്ര നിരപ്പിൽ നിന്നും 150 മീറ്റർ പൊക്കത്തിൽസ്ഥിതിചെയ്യുന്നഈ പഞ്ചായത്ത് ഒരു സമതലപ്രദേശവുംകൂടിയാണ്. വടക്കേ അതിർത്തി കണ്ണാടിപുഴയാണ്. കണ്ണാടിപ്പുഴക്ക് സമാന്തരമായി ഏകദേശം ആറു കിലോമീറ്റർ നീളത്തിൽ പടിഞ്ഞാറോട്ട് ഒഴുകുന്ന കണ്ണാടിതോടും, തെക്കുഭാഗത്ത് രണ്ടു കിലോമിറ്റർ നീളത്തിൽ തരുവക്കുറുശ്ശിതോടും ഒഴുകുന്നുണ്ട്,

കന്യാകുമാരിയിൽ നിന്നും തുടങ്ങുന്ന N-H 47 പഞ്ചായത്തിലൂടെ കടന്നുപോകുന്നു. കണ്ണാടി 1 വില്ലേജും, കിണാശ്ശേരി ഉൾപ്പെടുന്ന കണ്ണാടി 2 വില്ലേജും ഉൾപ്പെടുന്നതാണ് കണ്ണാടി പഞ്ചായത്ത്. ആകെ വിസ്തീർണ്ണം 19.05 ചതുരശ്രകിലോമീറ്ററാണ്, 1465 ഹെക്ടർ ഭൂമിയിൽ നെൽകൃഷി ചെയ്തുവരുന്നു. വലുതും ചെറുതുമായ 90 ഓളം കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. മലമ്പുഴ, പെരുങ്ങോട്ടുകുറുശ്ശി ഇടതുകനാൽ പഞ്ചായത്തിന്റെ മദ്ധ്യത്തിലൂടെയാണ് കടന്ന് പോകുന്നത്.

ഐക്യ കേരളം രൂപീകരണത്തിനെ മുമ്പിവിടെ ജൻമി, കാണാക്കൂടിയാൻ, വെറുംപാട്ടക്കുടിയാൻ എന്നീ ഭൂബന്ധങ്ങളാണ് ഉണ്ടായിരുന്നത്.

ജൻമികളിൽ ഭൂരിഭാഗവും നമ്പൂതിരിമാരും, കുറച്ച് തമിഴ് ബ്രാഹ്മണരും ആയിരുന്നു. കാണാക്കുടിയാൻമാരിൽ കൂടുതൽ നായൻമാരും, കുറച്ച് ഈഴവ സമുദായക്കാരും അപൂർവ്വം മറ്റുള്ളവരുമായിരുന്നു. വെറുപാട്ടക്കാർ ഏകദേശം ഈഴുവരും എഴുത്തശ്ശൻമാരുമായിരുന്നു.

കാണാക്കുടിയാൻമാരുടെ പാട്ട വ്യവസ്ഥ വെറുപാട്ടക്കാരിൽ നിന്നും ഈടാക്കുന്ന പാട്ടത്തിന്റെ 5% ശതമാനം മുതൽ 7% ശതമാനം വരെ ജൻമിക്ക് കൊടുത്താൽ മതിയായിരുന്നു. കാണാക്കുടിയാൻമാർക്ക് പന്ത്രണ്ടുകൊല്ലത്തിലെരിക്കൽ "പൊളിച്ചെഴുത്ത്" എന്നൊരു വ്യവസ്ഥ കൂടിയുണ്ട്. ഇനി പൊളിച്ചെഴുതിയില്ല എങ്കിൽ കണാവകാശം നഷ്ടപ്പെട്ട് ഭൂമി ജൻമിയുടെ അധികാരത്തിലായിതീരും. ഈ പെളിച്ചെഴുത്ത് അവസാനിപ്പിച്ചത് മലബാർ കുടിയായ്മ നിയമം പ്രബല്യത്തിൽ വരുകയും, അതിന് ചുവടുപിടിച്ചുകൊണ്ട് ആലത്തൂർ സ്വാമിഅയ്യർ കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും, കാണകുടിയാൻമാർക്കനുകൂലമായ വിധിവരുകയും ചെയ്തപ്പോൾ മാത്രമാണ്.

ജൻമിമാരുടെ പക്കൽ നിന്നും, കാണാക്കുടിയാൻമാരുടെ പക്കൽ നിന്നും കരാർ പാട്ടത്തിന് ഒരു വർഷത്തിലേക്ക് ഏറ്റുവാങ്ങി കൃഷി ചെയ്തു വരുന്നവരെ വെറുമ്പാട്ടക്കുടിയാൻമാർ അഥവ കരി കൃഷിക്കാർ എന്നു പറയുന്നു. കന്നിമാസത്തിൽ 10 ന് 6 എന്ന തോതിലും മകരത്തിൽ 4 എന്ന തോതിലും പാട്ടം ജൻമിമാരുടെ വീട്ടിൽ കൊണ്ടു പോയി വൃത്തിയാക്കി, ഉണക്കി കാറ്റത്തിട്ട് പതിരുകളഞ്ഞ്, ജൻമിയുടെ പാട്ടപ്പുറയ്ക്ക് അളന്ന് പത്തായത്തിൽ നിറച്ച് കൊടുത്ത് തൃപ്തിപ്പെടുത്തി വരണം. ഇതിന് വീഴ്ച വരുത്തിയാൽ ഭൂമി ഒഴിപ്പിക്കുന്നതിനും കാരണമാകുന്നു.

പഴയ കൃഷി രീതി

മഴയെ ആശ്രയിച്ചും, കുളങ്ങളിൽനിന്നും, തോടുകളിൽനിന്നും വെള്ളം തേവിയും മറ്റുമാണ് കൃഷി ചെയ്തിരുന്നത്. കാലികളെ പൂട്ടിയും കിളച്ചും മണ്ണ് പാകപ്പെടുത്തുന്നു, ഇതിനൊടൊപ്പം കാലിവളവും ചേർത്തിരുന്നു.

തൊഴിലാളികൾ

പുലർച്ചെ 3 മണിക്ക് പുരുഷൻമാർ കന്നുപൂട്ടുവാനും, കിളക്കുവാനും നിർബന്ധമായും വന്നിരിക്കണം. സ്ത്രീകൾ കാലത്ത് ഏഴുമണിക്കും വരണം. വിളയിറക്കുന്നകാലത്തും വിളവെടുപ്പുകാലത്തും ഇരുട്ടിയിട്ടാണ് വീടുകളിലേക്ക് മടങ്ങുന്നത്. മഴയെ ആശ്രയിച്ച് മാത്രം കൃഷി നടത്തേണ്ടതുകൊണ്ട് കൊയ്ത്തും നടീലും ഒരുമിച്ച് കൊണ്ടു പോകണം, അതുകൊണ്ട് ജോലി ഭാരം വളരെ കൂടുതലായിരുന്നു. കന്നി കൊയ്ത്തു കഴിഞ്ഞ് രണ്ടാം വിള നടീൽ കഴിഞ്ഞാൽ കർഷകരും, കർഷകതൊഴിലാളികളും സംയുക്തമായി ആഘോഷിക്കുന്ന "ചേറ്റു ഒടുക്കം" എന്ന സമ്പ്രദായം ആചരിച്ചിരുന്നു. അന്നേ ദിവസം കർഷകർ തങ്ങളുടെ കർഷകതോഴിലാളികൾക്ക് സദ്യയും പുതുവസ്ത്രങ്ങളും നൽകിയിരുന്നു. ഇത് അവർ പരസ്പരമുള്ള ഐക്യത്തെ സൂചിപ്പിക്കുന്നു. യന്ത്രവൽക്കരണത്തോടുകൂടി ഈ സമ്പ്രദായം അന്യം നിന്നു വരുകയാണ്.

വിത്തിനങ്ങൾ

തവളക്കണ്ണൻ, കഴമ, കരിപ്പാലി, ചമ്പാൻ, മോഡെൺ, ചീര എന്നിവ ഒന്നാം വിളയായും ചിറ്റേനി, വൃശ്ചികപാണ്ടി, ആനകൊമ്പൻ എന്നിവ രണ്ടാം വിളക്കും ഉപയോഗിച്ചിരുന്നു. ഈ വിത്തിനങ്ങൾ ഏഴും എട്ടും മേനി വിളവു മാത്രമെ നൽക്കുകയുള്ളു; അനുകൂല കാലാവസ്ഥയയാൽ ഏകദേശം 10 മേനി വരെ കിട്ടും, ഒരു പവൻ സ്വർണ്ണത്തിന് 13 രൂപ വിലയുള്ളപ്പോൾ ഒരുവണ്ടി നെല്ലിന് 25 രൂപ മുതൽ 30 രൂപ വരെ കിട്ടുമായിരുന്നു. രണ്ടാം വിള മിക്കവാറും ഉണങ്ങിപ്പോകുമായിരുന്നു, ഈ കാലയളവിൽ ലാഭവും പൊലിയും കഴിഞ്ഞ് പത്ത് പറ നെല്ല് അളന്നാൽ ഒരുപറ നെല്ല് പതമ്പായി തൊഴിലാളികൾക്ക് നൽകും മറ്റുപണികൾക്ക് രണ്ടര മുതൽ മൂന്ന് ഇടങ്ങഴി നെല്ലു വരെ കൂലിനൽകും, കൊയ്ത്ത് പണി സമയത്ത് കൂലിക്കുപുറമെ രണ്ടു കുത്ത് മൂന്ന് കുത്ത് നെല്ല് കള്ളുകൂടിയെന്ന പേരിലും കൊടുത്തു വന്നിരുന്നു. കർഷക, കർഷക തൊഴിലാളിബന്ധം വളരെ നല്ല രീതിയിലായിരുന്നു.

മാറ്റങ്ങൾ

1954 - 55 കാലഘട്ടങ്ങളിൽ മലമ്പുഴ ജലസേചന പദ്ധതി നടപ്പിലാക്കിയതോടു കൂടി നെൽകൃഷിയുടെ ഉല്പാദനരംഗത്ത് ത്വരിതഗതിയിലുള്ള മാറ്റങ്ങൾ വന്നു. മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്തിരുന്ന അവസ്ഥമാറി വരൾച്ചയിൽ നിന്നും, ഉണക്കത്തിൽ നിന്നും രക്ഷപ്പെട്ടു. ഈ കാലഘട്ടത്തിലാണ് രാസവളങ്ങൾ ഉപയോഗിച്ച് അത്യുല്പാദനശേഷിയുള്ള C.O.19, മസൂരി, PTB12, എന്നി വിത്തിനങ്ങൾ കൃഷി ചെയ്യാൻ തുടങ്ങിയത്. ശരാശരി 15 മേനി വിളവ് ഈ വിത്തുകളിൽ നിന്നും ലഭിച്ചിരുന്നു. സർക്കാർ കടലപ്പിണ്ണാക്കും അമോണിയം സൾഫെയിറ്റും സൗജന്യമായി നൽകുകയും കർഷകരെ രാസവള പ്രയോഗത്തിന് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കൂടാതെ ഗ്രാമ സേവകരിലൂടെ പുതിയ കൃഷി രീതി കർഷകരെ പഠിപ്പിച്ചു. അങ്ങനെയാണ് ജപ്പാൻ നടീൽ നടപ്പാക്കിയത്, 1956 ൽ ഐക്യ കേരളം നിലവിൽ വന്നു തടർന്ന് 1957 ൽ നടന്ന തിരഞ്ഞെടുപ്പിൽ കേരളത്തിൽ E.M.S ന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ മന്ത്രിസഭ അധികാരത്തിൽ വരുകയും. ചെയ്തു. ആ മന്ത്രിസഭ അധികാരം ഏറ്റെടുത്ത ഉടൻ തന്നെ എല്ലാതരം ഒഴിപ്പിക്കൽ ന്ടപടികളും നിർത്തിവെച്ചു. കൂടാതെ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള എല്ലാ പാട്ട ബാക്കി കേസുകളും ഒരു ഓർഡിനൻസുമൂലം നിർത്തലാക്കുകയും ചെയ്തു. അന്നു മുതൽ കർഷകർ ആത്മവിശ്വാസത്തോടെ ഭൂമിയിൽ പണിയെടുക്കാൻ തുടങ്ങി. 1959 ൽ ഭൂപരിക്ഷകരണ നിയമവും പാസ്സായി.

1956 ഓടുകൂടി യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ട്രാക്റ്റർ നിലവിൽവന്നു. ആരംഭഘട്ടത്തിൽ യന്ത്രവൽക്കരണത്തെ തൊഴിലാളികൾ പരക്കെ എതിർത്തിരുന്നതിന്റെ ഫലമായി കർഷക, കർഷകതൊഴിലാളി ബന്ധത്തിന് നേരിയ ഉലച്ചിൽ സംഭവിച്ചു.

1967 ൽ EMS ന്റെ നേതൃത്വത്തിൽ വീണ്ടും മന്ത്രിസഭ അധികാരത്തിൽ വരുകയും 1969 ൽ ഭൂപരിഷ്കരണ നിയമം പാസ്സാക്കുകയും 1.1.70 ന് അത് നടപ്പിലാക്കുകയും ചെയ്തു. അന്നുമുതൽ കൃഷിഭൂമി കൃഷിക്കാരന്റേറയും കൂടിയിരിപ്പു കൂടികിടപ്പുകാരന്റെറയും എന്ന തത്വം നിലവിൽ വന്നു. ലാൻറ് ട്രൈബ്യൂണലുകൾ മുഖാന്തിരം കർഷകർക്ക് ജൻമാവകാശം പതിച്ചു കൊടുക്കാൻ തുടങ്ങി. 1970മുതൽ ഏകദേശം 79 വരെ കർഷകരെ സംബന്ധിച്ചിടത്തോളം നല്ല കാലമായിരുന്നു.

കണ്ണാടി ഗ്രാമപഞ്ചായത്തിലെ ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം (ഹെക്ടർ)
നിലം കൃഷിസ്ഥലം	1465.27
പുരയിടം	74.64
പുറം പോക്ക്	Nil
കൃഷിയോഗ്യ തരിശ്	69.17
കൃഷിയോഗ്യമല്ലാത്ത തരിശ്	371.08
ആകെ	1980.14

അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യതകുറവ്, തുടർച്ചയായ പ്രകൃതി ക്ഷോഭവും, ക്രമംതെറ്റിയ ജലസേചന സമ്പ്രദായം, രാസവളങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം തുടങ്ങിയവ ഈ മേഖലയിൽ പ്രതിസന്ധി ഉണ്ടാക്കി. വിദ്യാഭ്യാസം സാർവ്വത്രികമായതും, നെല്ലിന് ന്യായമായ വിലയില്ലാത്തതിനാൽ കർഷകതൊഴിലാളികൾ മറ്റുമേഖലകളിലേയ്ക്ക് തിരിയാൻ തുടങ്ങിയതും, അവരുടെ പിൻമുറക്കാർ ഇന്ന് മറ്റു മേഖലകളിൽ ജോലിതേടിപ്പോയും കർഷകരംഗത്തെ പ്രതിസന്ധി കൂടുതൽ മൂർച്ഛിച്ചു. അതോടുകൂടി കർഷകർക്ക് കൃഷിയോടുള്ള അഭിരുചി കുറയാനും തുടങ്ങി. വയലുകൾ നികത്തി വീടുകൾ വരുന്നത് കാരണം നെൽകൃഷിയുടെ തോത് അനുദിനം കുറഞ്ഞുവരികയാണ്.

മുൻപ് കർഷകരുടെ മുഖ്യ വിനോദം കന്നുപൂട്ടു മത്സരങ്ങളും, കാളവണ്ടിയോട്ട മത്സരങ്ങളും ആയിരുന്നു, കിണാശ്ശേരിയിലെ പ്രമുഖ കർഷകനായ ശ്രീ. കുട്ടികൃഷ്ണനധികാരിയുടെ നേതൃത്വത്തിൽ കടുംന്തിരുത്തിയിലും, കണ്ണാടി സെൻട്രലിൽ ശ്രീ. T. R. വേലായുധന്റെ നേതൃത്വത്തിലുമാണ് ഈ പരിപാടി

നടന്നു വന്നിരുന്നത്. അതിനുശേഷം ഈ പരിപാടികൾ മുൻ പ്രസിഡണ്ട് Dr. K.R. സേതുമാധവന്റെ നേതൃത്വത്തിൽ നടന്നു വന്നിരുന്നു. ക്യാറ്റിൽ റേസ് ക്ലബ് ഓഫ് ഇൻഡ്യ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഇന്നും വിപുലമായ രീതിയിൽ ഈ മത്സരങ്ങൾ നടത്തിവരുന്നുണ്ട്. എന്നാൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ യന്ത്രവൽക്കരണത്തിന്റെയും ആധുനികവൽകരണത്തിന്റെയും ഭാഗമായി ഈ രംഗത്ത് കാര്യമായ മുന്നേറ്റമുണ്ടാകുന്നില്ല.

ഭൂവിനിയോഗം

ആകെ വിസ്തീർണ്ണത്തിന്റെ 90% വും സമതലപ്രദേശമാണ് ഇതിൽ മണ്ണും മണലും കലർന്ന പശിമ മണ്ണാണ് ഭൂരിഭാഗവും. കുറച്ചു പുഴയോര പ്രദേശം കളിമണ്ണും മണലും ചേർന്നതാണ്.

വിള വിസ്തീർണ്ണവും ഉല്പാദനവും.

വിള	വിസ്തീർണ്ണം (ഹെക്ടറിൽ)	മൊത്തം ഉത്പാദനം	ഉത്പാദന ക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	1205	3615 ടൺ	3 ടൺ
നെല്ല് (രണ്ടാം വിള)	1190.382	3570 ടൺ	3 ടൺ
പയർ	15	6000കിലോ	185കിലോ
പച്ചക്കറികൾ	2	5000 കിലോ	1000കിലോ
തെങ്ങ്	70	180	6000
വാഴ	25	75000കിലോ	5000കിലോ
മരച്ചീനി	10	70 ടൺ	7 ടൺ
കുരുമുളക്	1	200കിലോ	200

പ്ലാവ്	1500 എണ്ണം	15500	7 ഒരു മരത്തിൽ
കശുമാവ്	250എണ്ണം	750 കിലോ	3കിലോ "
മാവ്	4000 "	25000 കിലോ	100കിലോ "
കവുങ്ങ്	2 ഹെ	30000എണ്ണം	50 എണ്ണം "
കരിമ്പ്	3 "	24 ടൺ	8 ടൺ
ഇഞ്ചി	2 "	12 "	6 "

നെൽകൃഷി

അത്യുല്പാദനശേഷിയുള്ള സങ്കരയിനം വിത്തുകളായ പവിഴം, , കുഞ്ഞു കുഞ്ഞ്, ചുവന്ന ത്രിവേണി, ആതിര, ഐശ്വര്യ, കാഞ്ചന, കൈരളി, AST എന്നിവയാണ് കൃഷിചെയ്യുന്നത്. ഉൽപാദനശേഷി ഹെക്ടറിൽ രണ്ടര മുതൽ മൂന്ന് ടൺ വരെ ലഭിക്കും. ഏപ്രിൽ മെയ് മാസങ്ങളിൽ ഭൂമി തരിശിടുന്നു, അത്യുഷ്ണ കാലമായതിനാൽ ഈ സമയത്ത് ജലാശയങ്ങൾ വറ്റിവരണ്ട് കൃഷി ഭൂമി വിണ്ടുകീറി കിടക്കുകയും ചെയ്യും.

തെങ്ങുകൃഷി

പുരയിടിങ്ങളിലും അത്യാവശ്യം വയൽ വരമ്പുകളിലും, പുഴയോരപ്രദേശങ്ങളിലും തെങ്ങു കൃഷി ചെയ്യുന്നു. പറയത്തക്ക തെങ്ങിൻ തോപ്പുകൾ ഈ പഞ്ചായത്തിലില്ല. നാളികേരം ഉൽപാദിപ്പിക്കുന്നുവെങ്കിലും ആവശ്യത്തിന് മതിയാവുന്നില്ല.

ജലസേചനം

ഒന്നാം വിള മഴയെയും രണ്ടാം വിള മലമ്പുഴ ജല സംഭരണിയെയും ആശ്രയിച്ചാണ്. നീരൊഴുക്ക് പടിഞ്ഞാറോട്ടാണ്. പഞ്ചായത്തിൽ ആകെ ചെറുതും

വലുതുമായ 90 ഓളം കുളങ്ങളുണ്ട്, വേനലിൽ വറ്റാത്ത 20 കുളങ്ങൾ മാത്രമെയുള്ളു ഇവയിൽ മത്സ്യകൃഷിയും ചെയ്യുന്നുണ്ട്, കണ്ണാടി രണ്ടാം വില്ലേജിലെ പെരുംകുളം മാത്രമാണ് പഞ്ചായത്തിന്റെ അധീനതയിലുള്ളത്. കണ്ണാടി തോട്ടിൽ 8 ചെക്കുഡാമുകളും 2 സ്വകാര്യ ചെക്കുഡാമുകളുമുണ്ട്. ഇവയെല്ലാം തന്നെ വേണ്ടത്ര അറ്റകുറ്റ പണികൾ ചെയ്യാത്തതു കൊണ്ട് ഉപയോഗപ്രദമല്ല.

വളം,കീടനാശിനി

ഇവിടെ സഹകരണ മേഖലയിൽ 5ഉം സ്വകാര്യ മേഖലയിൽ 4 ഉം ഡിപ്പോകളാണ് വിതരണം നടത്തുന്നത് സഹകരണഡിപ്പോകളാണ് മുൻപന്തിയിൽ നിൽക്കുന്നത്. കർഷകർ ശാസ്ത്രിയമായ രീതിയിലല്ല രാസവള പ്രയോഗം നടത്തുന്നത്, അതുകൊണ്ട് അധികചെലവ് ഉണ്ടാകുന്നു. മാത്രമല്ല കൂടുതൽ നൈട്രജൻ ഉപയോഗിക്കുന്നതുകൊണ്ട് മണ്ണിന്റെ അമ്ലീകരത കൂടിവരുന്നു. ജൈവവളം കിട്ടാത്തതു കാരണം കൂടുതൽ ഉപായോഗിക്കുന്നില്ല. നെല്ലിനു മാത്രമാണ് പ്രധാനമായും കീടനാശിനി ഉപയോഗിക്കുന്നത് യാതൊരു മുൻകരുതലുകളുമില്ലാതെ അശാസ്ത്രീയമായ രീതിയിലാണ് മരുന്നു തളി നടത്തുന്നത്. കൃഷി ഉദ്യോഗസ്ഥൻമാരുടെ സഹകരണം വേണ്ടത്ര ലഭിക്കാറില്ല.

"വളത്തിന്റെ കീടനാശിനിയുടെവിപണനം"

ഇനം	1993-94	1994-95	1995-96
യൂറിയ	170.5 ടൺ	209.5 ടൺ	220.5 ടൺ
പൊട്ടാഷ്	73.5 "	57 "	54 "
17:17:17	45 "	17 "	10 "
20:20:0:15	205 "	230 "	255 "
അമോണിയം സൾഫേറ്റ്	2 "	-	-
മസൂരി ഫോസ്ഫേറ്റ്	9 "	-	-
കീടനാശിനി	125 ലി	50ലി	142ലി

കാർഷികഉപകരണങ്ങൾ

പാടശേഖര കമ്മിറ്റികൾക്കായി 2 ട്രാക്ടറുകളും, 2പവർട്രില്ലർ, 1 റോക്കുസ്പ്രെയർ, 36 നാപ്സറ്റാക്ക്സ്പ്രെയർ, 2 തെങ്ങുകയറ്റയന്ത്രം 42പോർട്ടബിൾപമ്പുസെറ്റ്, 5പവർസ്പ്രെയർ എന്നിവ കൃഷിഭവൻ മുഖേന വിതരണം ചെയ്തിട്ടുണ്ട് 2ട്രാക്ടറും 2 പവർ ട്രില്ലറും സമതികൾക്ക് കൊടുത്തിട്ടുണ്ടെങ്കിലും കർഷകർക്ക് അതിന്റെറ പ്രയോജനം പൂർണ്ണമായും ലഭിക്കുന്നില്ല. ഇവ സ്വകാര്യ വ്യക്തികൾ കൈവശം വെച്ചു വരുന്നു

കാർഷിക വായ്പ

കണ്ണാടി സഹകരണബാങ്ക്, പെരുവെമ്പ് സഹകരണബാങ്ക്, എസ്.ബി.ടി.ശാഖ, നെടുങ്ങാടി ശാഖ, A.D.B. എന്നിവയാണ് ഈ മേഖലയിൽ കാർഷികവായ്പ നൽകുന്നത്. 1996 - 97 കാലയളവിൽ കണ്ണാടി സഹകരണ ബാങ്കിൽ നിന്നും 281 പേർക്കായി 16,22,330 കയും പെരുവെമ്പ് സഹകരണ ബാങ്കിൽ നിന്നും 126 പേർക്ക് 8,62,570 കയുമായി മൊത്തം 24,84,900 രൂപ കാർഷിക വായ്പയായി നൽകിയിട്ടുണ്ട്.

കൂലിനിരക്ക്

4000 ത്തോളം കർഷക തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട് എന്നാൽ സീസൺ സമയത്ത് അന്യ പ്രദേശങ്ങളിലെ തൊഴിലാളികളെ ആശ്രയിച്ചാണ് പണി നടത്തിവരുന്നത്. സർക്കാർ മിനിമം കൂലിയുടെ തീരുമാനപ്രകാരമാണ് കൂലി നിരക്കെങ്കിലും അതിൽക്കൂടുതൽ കൊടുക്കുന്നുണ്ട്. പുരുഷ തൊഴിലാളികൾ കാർഷികവൃത്തിയിൽ കുറഞ്ഞുവരികയാണ്.

മണ്ണ് ജലസംരക്ഷണം

മണ്ണൊലിപ്പ് തടയുന്നതിന് ഒരു നടപടിയും എടുക്കാറില്ല. അതിവൃഷ്ടിക്കാലത്ത് രണ്ടു തോടുകളും കരകവിഞ്ഞൊഴുകുന്നതുകാരണം തോട്ടുവരമ്പുകൾ പൊട്ടി മണൽ മൂടി കൃഷി നാശം സംഭവിക്കാറുണ്ട്.

സംസ്കരണം

കർഷകർ ഉദ്പാദിപ്പിക്കുന്ന നെല്ല് സംസ്കരിക്കുന്നതിന് ഇപ്പോൾ സംവിധാനങ്ങളൊന്നുമില്ല. സ്വകാര്യ മില്ലുകളും വ്യക്തികളും ഈ രംഗത്ത് കർഷകരെ ചൂഷണം ചെയ്യുകയാണ്. സാമ്പത്തിക ഞെരുക്കത്തിൽപ്പെടുന്ന കൃഷിക്കാരൻ സ്വകാര്യമില്ലുകളെ അന്വേഷിച്ചു ചെല്ലേണ്ടിവരുന്ന ഈ അവസ്ഥയ്ക്ക് ഒരു മാറ്റം ഉണ്ടായേമതിയാവു. 96 - 97 ൽ ഈ രംഗത്തിൽ കണ്ണാടി സഹകരണ ബാങ്ക് വിളവെടുപ്പു സമയത്തും ഇപ്പോഴും നെല്ല് സംഭരിക്കുന്നതിന് മുന്നോട്ട് വന്നിരിക്കുന്നത് ഒരു വിധത്തിൽ പറഞ്ഞാൽ വിജയകരവും കർഷകർക്ക് ആശ്വാസവും ഒരു പരിധിവരെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനു സഹായകരമായി തീർന്നു.

കൃഷിഭവൻ

കൃഷിഭവൻ വരുന്നതിന് മുമ്പ് ഏലാ പദ്ധതികളായിരുന്നു നിലവിലുണ്ടായിരുന്നത്. ഏറെക്കുറെ കർഷകർക്ക് പ്രയോജനകരമായിരുന്നു. ശേഷം നിലവിൽ വന്ന കൃഷിഭവൻ ഏറെ പ്രതീക്ഷ ഉണർത്തിയെങ്കിലും, പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ല യഥാസമയത്ത് നിർദേശങ്ങളോ ബോധവൽക്കരണമോ കിട്ടാറില്ല. 24 പാടശേഖര സമിതികൾ ഈ കൃഷിഭവന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു.

സമിതികളുടെ പേരു വിവരങ്ങൾ

1. കടകുറുശ്ശി പാടശേഖരം
2. മണലൂർ പാടശേഖരം
3. ചെറുവത്തൂർ
4. പറക്കുളം
5. തരുവക്കുറുശ്ശി
6. വടക്കും പുറം
7. പന്നിക്കോട്
8. കടലാക്കുറുശ്ശി
9. മന്ദാട്ട്
10. കടുംതിരുത്തി വെസ്റ്റ്
11. മുനീശ്വര സഹായം
12. " " ഈസ്റ്റ്
13. പുഴയ്ക്കൽ
14. വാരിയത്ത്
15. നെടുവപ്പാടം
16. കാഴ്ചപറമ്പ്

17. മലയഞ്ചിറ മുഞ്ഞക്കോട്
18. ചെമ്മൻകാട്
19. പാതയ്ക്കൽ
20. പരപ്പന
21. വാപ്പാടം
22. ഉപ്പുംപാടം
23. കിണാശ്ശേരി
24. മുതുകാട്

പ്രശ്നങ്ങൾ

മലമ്പുഴ ജലസംഭരണിയിൽ നിന്നും കർഷകർക്ക് ആവശ്യമായ വെള്ളം വേണ്ടസമയത്ത് തുറന്നുവിടാറില്ല. കനാലുകളുകളും, ബ്രാഞ്ചുകനാലുകളും ചീർപ്പുകളും യഥാസമയം റിപ്പയർ ചെയ്യാറില്ല. പലതും പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നതിനാൽ കൂടുതൽ വെള്ളം പാഴായി പോകുന്നു, ലാസ്ക്കർമാരുടെ പ്രവർത്തനം തൃപ്തികരമല്ല, ഉല്പാദനച്ചെലവിൽ വരുന്ന വർദ്ധനവ്, തൊഴിലാളികളുടെ ലഭ്യത കുറവ്, ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത്, കാലവർഷക്കെടുതി എന്നിവ കൃഷിയെ സംബന്ധിച്ചിടത്തോളം പ്രധാന പ്രശ്നങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. കർഷകനാവശ്യമായ വട്ടി, കുട്ട, പരമ്പ്, മുറങ്ങൾ എന്നിവ കിട്ടാനില്ല. പരമ്പരാഗത തൊഴിലാളികൾക്ക് അവരുടെ അസംസ്കൃത സാധനങ്ങൾ കിട്ടാത്തതും തൊഴിൽ ലാഭകരമല്ലാത്തതും ഇതിനൊരു കാരണമാകുന്നു. ചാഴി, മുഞ്ഞ, തണ്ടുതുരപ്പൻ, ഓലചുരുട്ടിപ്പുഴു, എലിവെട്ട്, ചീയൽ, കൂലത്തുമ്പ് എന്നീ രോഗങ്ങൾ നെൽകൃഷിയെ സാരമായി ബാധിക്കുന്നു. തൻമൂലം വിളവ് കുറയുന്നു. പെട്രോൾ ഉല്പന്നങ്ങളുടെ വില വർദ്ധനവ് ഈ രംഗത്ത് ട്രാക്ടർ ഉഴുതുന്നതിനും പമ്പുസെറ്റ് ഉപയോഗിക്കുന്നതിനും പ്രതികൂലമായി ബാധിച്ചു. വിദ്യുച്ഛക്തിയുടെ അഭാവം ഈ രംഗത്ത് പ്രതിഫലിച്ചു കാണുന്നു.

നിർദേശങ്ങൾ

1. കണ്ണാടിപ്പുഴയിൽ മലമ്പുഴ അക്വഡെറ്റിന് സമീപം കാക്കത്തറയിൽ ഒരു തടയണ നിർമ്മിച്ച് മലമ്പുഴ മെയിൻ കനാലിലേക്ക് ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക.

2. തിരുനെല്ലായിപ്പാലത്തിനു മുകളിലായി ഒരു തടയണ നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിച്ചാൽ കണ്ണാടിക്കുപുറമെ സമീപ പഞ്ചായത്തുകളായ കുഴൽമന്ദവും, മാത്തൂരും, പാലക്കാടു മുനിസിപ്പാലിറ്റിയുടെ ചില സ്ഥലങ്ങളിൽ പോലും കൂടി വെള്ള പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയും.

3. കണ്ണാടി 2 വില്ലേജിൽ ആനപ്പുറം ഭാഗത്ത് ചിറ്റൂർ പുഴയുടെ ബ്രാഞ്ചു കനാലിലൂടെ വെള്ളം എത്തിക്കാൻ കഴിഞ്ഞാൽ ഈ പഞ്ചായത്തിലെ 6, 9, 10 എന്നീ വാർഡുകളിലായി 80 ഹെക്ടർ ഭൂമിയിൽ രണ്ടാം വിളയെടുക്കാൻ കഴിയും. ചിറ്റൂർപ്പുഴയുടെ ഈ ബ്രാഞ്ചു കനാൽ പണി കഴിഞ്ഞിട്ട് 10 കൊല്ലക്കാലം പൂർത്തിയായി എങ്കിലും നാളിതുവരെ ഒരു തുള്ളി വെള്ളം പോലും കർഷകർക്ക് ലഭിച്ചിട്ടില്ല.

4. മലമ്പുഴ ജലസംഭരണിയിൽ നിന്നും രണ്ടാം വിളക്ക് വെള്ളം തുറക്കുന്ന വിവരം ഒരു മാസം മുൻപ് എങ്കിലും പത്ര പരസ്യത്തിലൂടെ കർഷകരെ മുൻകൂട്ടി അറിയിക്കുവാൻ അധികൃതർ മുൻകൈയെടുക്കണം.

5. കടലാകുറുശ്ശി, ഉപ്പുംപാടം കനാലിലെ ഷിഫ്റ്റ് സമ്പ്രദായം നിറുത്തലാക്കി. തുടർച്ചയായി വെള്ളം തുറന്നുവിടണം.

6. ആയക്കെട്ടു പ്രദേശത്തെ ബ്രാഞ്ചുകനാലുകളുടെ ഇരുവശങ്ങളും അളന്നു തിട്ടപ്പെടുത്തി ഫാം റോഡുകൾ നിർമ്മിക്കുക.

7. ഉടമസ്ഥാവകാശം നഷ്ടപ്പെടുത്താതെ കുളങ്ങളും കിണറുകളും വൃത്തിയാക്കി ജലംസംഭരിക്കുന്നതിന് പദ്ധതി നടപ്പിലാക്കുക.

8. ബോർവെല്ലുകൾ വാർഡുകൾ തോറും കർഷകർക്ക് കൃഷിക്കായി ആവശ്യാനുസരണം നൽകുക.

9. കണ്ണാടി തോട്ടിലെ പത്തു ചെക്കുഡാമുകളും ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്ത് ഉപയോഗയോഗ്യമാക്കുക. കൂടാതെ കല്ലുകെട്ടിയ കുളം, പതിയൽപാടം, തരുവക്കുറിശ്ശി തോട്ടിന്റെ കിഴക്കേയറ്റത്തും ചെക്കു ഡാമുകൾ നിർമ്മിക്കുക.

10. ചേമ്പറ്റക്കാവിനു സമീപം കൃഷിക്കായി ഒരു ബോർവെൽ കുഴിച്ച് കൃഷിക്കനുയോജ്യയോഗ്യമാക്കുക.

11. തോട്ടുവരമ്പുകളുടെ ഭിത്തികൾ മുഴുവൻ കെട്ടി സംരക്ഷിക്കുക.

12. വടക്കുമുറിയിൽ ചെമ്മൻകാട് ചെക്കുഡാമിന് മുകൾഭാഗത്തായി തോട്ടിൽ ഒരു നടപ്പാലവും മുതുകാട്ടിൽ കനാലിനു കുറുകെ ഒരു നടപ്പാലവും നിർമ്മിക്കുക.

13. മലമ്പുഴ ജല സംഭരണിയുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുകയും ഡാമിൽ നിന്നും ഫാക്ടറിയാവശ്യങ്ങൾക്ക് വെള്ളം കൊടുക്കുന്നത് നിർത്തലാക്കുകയും ചെയ്യുക.

14. രണ്ടു സെന്റിൽ കൂടുതൽ സ്ഥലമുള്ള എല്ലാ കുടുംബങ്ങൾക്കും പഞ്ചായത്ത് മുഖാന്തിരം പച്ചക്കറിവിത്തും വളവും സൗജന്യമായി നൽകുക.

15. മലമ്പുഴ ഉപദേശക സമിതിയിൽ ആയക്കെട്ടുപ്രദേശത്തെ പഞ്ചായത്തുകളിൽ നിന്നും ഓരോ കർഷക പ്രതിനിധികളെ ഉൾപ്പെടുത്തുക.

16. കണ്ണാടിപ്പുഴയിൽ മണലെടുക്കുന്നത് കർശ്ശനമായി നിരോധിക്കണം. പാലങ്ങൾക്കും പമ്പിങ്ങ് സ്റ്റേഷനും ഇത് ഭീഷണിയാണ്.

17. കുത്തനൂർ കനാലിൽ നിന്നും തരുവക്കുറിശ്ശി കനാലിലേക്കുള്ള ഷിഫ്റ്റ് സമ്പ്രദായം നിർത്തി തുടർച്ചയായി വെള്ളം തുറന്നുവിടുക.

18. പച്ചക്കറി കൃഷിക്ക് വെള്ളസൗകര്യത്തിനായി കിണർ, ബോർവെൽ എന്നിവയ്ക്ക് ധനസഹായം നൽകുക.

വിത്തിനങ്ങൾ

1. അത്യുദ്പാദന ശേഷിയുള്ള പുതിയതരം വിത്തുകൾ ശേഖരിച്ച് സമിതിയിലുള്ള കർഷകർക്ക് വിതരണം ചെയ്യുക

2. പാലക്കാടിന്റെ കിഴക്കൻമേഖലയിലെ പാടശേഖരങ്ങൾക്ക്

അനുയോജ്യമായ തമിഴ്നാട് യൂണിവേഴ്സിറ്റിയിൽ ഉല്പാദിപ്പിക്കുന്ന വിത്തിനങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക

3. സംഘകൃഷി നടപ്പിലാക്കാൻ വേണ്ട ബോധവൽക്കരണം കർഷകർക്ക് നൽകുക.

4. പച്ചക്കറി വിത്തുകൾ വീട്ടമ്മമാർക്ക് വിതരണം ചെയ്ത് അടുക്കള കൃഷി പ്രോത്സാഹിപ്പിക്കുക.

5. ഔഷധ സസ്യങ്ങളുടെ കൃഷി, കൂൺ കൃഷി തുടങ്ങിയവ ആരംഭിക്കുക.

വളങ്ങൾ

1. ജൈവവളങ്ങൾക്കായി പച്ചില വളങ്ങളും മറ്റും ഉണ്ടാക്കാൻ വേണ്ട സൗകര്യം ചെയ്തുകൊടുക്കുക.

2. പശുക്കളെ വളർത്താൻ ധനസഹായവും പ്രോത്സാഹനവും നൽകുക.

3. രാസവളത്തിന്റെ വിലകുറച്ച് വേണ്ട സമയത്ത് കൃഷിക്ക് ലഭ്യമാക്കുക.

4. രാസവളപ്രയോഗം ശാസ്ത്രീയമായി ചെയ്യുന്നതിന് വേണ്ട നിർദ്ദേശങ്ങൾ കൃഷിഭവൻ മുഖേന നൽകുക.

5. സർക്കാർ അധീനതയിലുള്ള സ്ഥലങ്ങളിൽ കർഷകർക്ക് പച്ചില വളം കിട്ടത്തക്ക വിധത്തിൽ പച്ചില വളച്ചെടികൾ നട്ടുപിടിപ്പിക്കാൻ വേണ്ട സംവിധാനം ചെയ്യുക. (കനാൽ വരമ്പുകൾ, N.H. ന്റെ പാർശ്വഭാഗങ്ങൾ, പുറമ്പോക്ക്).

6 .ശാസ്ത്രീയമായി മണ്ണ് പരിശോധിച്ച് മണ്ണിന്റെ ഘടനയെ ക്കുറിച്ചുള്ള അറിവ് നൽകി അതിനനുസ്തൃതമായ വളപ്രയോഗം നടത്തേണ്ടതിന്റെ ആവശ്യകത കർഷകനെ ബോദ്ധ്യപ്പെടുത്തുക.

കീടനാശിനി

1. ജൈവ കീടനാശിനി വ്യാപകമായി പ്രോത്സാഹിപ്പിക്കണം, ആയതിന്റെ ഗുണങ്ങൾ കർഷകരെ പറഞ്ഞു ബോധ്യപ്പെടുത്തണം.

2. രാസ കീടനാശിനിയുടെ ദോഷവശങ്ങൾ ബോധ്യപ്പെടുത്തുക വീര്യം കുറഞ്ഞ കീടനാശിനികൾ ലഭ്യമാക്കുക.

യന്ത്രവൽക്കരണം

1. ഈ മേഖലയെ പൂർണ്ണമായും യന്ത്രവൽക്കരിക്കുക.

2. ചെറുകിട കർഷകർക്ക് അനുയോജ്യമായ തരത്തിൽ യന്ത്രവൽക്കരണ സംവിധാനം നടപ്പിലാക്കണം

3. പരമാവധി സബ്സിഡി നിരക്കിൽ യന്ത്രങ്ങൾ വിതരണം നടത്തുക

4. കറ്റക്കളങ്ങൾ കോൺക്രീറ്റ് ചെയ്യുന്നതിന് ധനസഹായം നൽകുക.

5. പൊതു സംഭരണ കേന്ദ്രങ്ങൾ തുറക്കുക.

വിപണനം

1. നെല്ലിനും, നാളികേരത്തിനും മതിയായ വിലനിശ്ചയിച്ച് സർക്കാർ തലത്തിൽ ഏറ്റെടുക്കുക.

2. വയ്ക്കോൽ അസംസ്കൃത വസ്തുവായി ഉപയോഗിക്കാവുന്ന ഒരു വ്യവസായശാല ഇവിടെ നിർമ്മിക്കുക.

കർഷകതൊഴിലാളികളുടെ ലഭ്യത

1. വിളയിറക്കുന്ന സമയത്തും വിളവെടുപ്പു കാലത്തും വേണ്ടത്ര തൊഴിലാളികളെ കിട്ടാത്തതുകൊണ്ട് കഷ്ട നഷ്ടം സംഭവിക്കുന്നു. ഇത്

പരിഹരിക്കേണ്ടിയിരിക്കുന്നു.

ഇൻഷൂറൻസ്

1. വ്യക്തിഗത. ഇൻഷുറൻസ് വിളകൾക്ക് ഏർപ്പെടുത്തുക.

വായ്പ

1. കുറഞ്ഞ പലിശ നിരക്കിൽ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ ലഭ്യമാക്കണം

2. വായ്പയുടെ പരിധി ഉയർത്തുക.

നിർദേശങ്ങൾ

1. കർഷകരെ ഉന്നത ബഹുമതികൾ കൊടുത്തു ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം, അതുപോലെ തെങ്ങുകൃഷിക്ക് സ്പ്രീംഗ്ളർ, ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി സൗകര്യവും ആവശ്യത്തിന് ലോണും സബ്സിഡിയും നൽകുക.

2. പുഷ്പ കൃഷിയെ പ്രേത്സാഹിപ്പിക്കുന്നതിനായി കുറ്റിമുല്ല കൃഷി ചെയ്യുവാൻ വീട്ടമ്മമാർക്ക് ധനസഹായം നൽകുക.

3. കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക കാർഷിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

5. കർഷകർക്ക് കറ്റക്കളങ്ങളിലേക്ക് കറ്റകൊണ്ടുപോകുന്നതിനും, ട്രാക്ടർ മുതലായവ പോകുന്നതിനും വേണ്ട സൗകര്യങ്ങൾക്കായി ആവശ്യമുള്ള സ്ഥലങ്ങളിൽ ഫാം റോഡുകൾ നിർമ്മിക്കുക

6. സ്ക്കൂൾ ലാബുകളിൽ മണ്ണുപരിശോധന സൗകര്യം ചെയ്തുക്കൊടുക്കുക.

ഭൂമി സംബന്ധിച്ച വിവരങ്ങൾ

1.	10 സെന്റിൽ	താഴെയുള്ളവർ	2389 പേർ
2.	25 "	"	1900 "
3.	50 "	"	1050 "
4.	1 ഏക്രയ്ക്ക്	"	1080 "
5.	2 "	"	1040 "
6.	5 "	"	384 "
7.	5 "	മുകളിലുള്ളവർ	70 "
8.	പുരയിടം		947.85 ഏക്ര
9.	നിലം		2632.36 "
10.	പുറംമ്പോക്ക്		973.79 "
11.	തരിശ്		145 "

" സമൃദ്ധിയുടെയും സംസ്ക്കാരത്തിന്റെയും
സൃഷ്ടാക്കളാണ് കർഷകർ "

ഡാനിയേൽ മെമ്പ്സ്റ്റർ

5 മൃഗസംരക്ഷണം മത്സ്യബന്ധനം

മത്സ്യകൃഷി

പഞ്ചായത്തിൽ മൊത്തം 90 കുളങ്ങളുണ്ട്. ഇതിൽ 20 എണ്ണം വേനൽക്കാലത്തും വറ്റാത്തതാണ്. മേൽപ്പറഞ്ഞ കുളങ്ങളെല്ലാം സ്വകാര്യ വ്യക്തികളുടെ കൈവശത്തിലാണ്. പഞ്ചായത്തിൽ കിണാശ്ശേരി അമ്പലക്കുളം, ചാത്തൻകുളങ്ങരപ്പറമ്പ്, കുടുവക്കോട്, തരുവക്കുറിശ്ശി, ചെന്തിരക്കാട്കളം, കിണാശ്ശേരി പാണ്ടരാണിക്കുളം എന്നിവിടങ്ങളിൽ സ്വകാര്യ വ്യക്തികൾ മത്സ്യകൃഷി നടത്തി വരുന്നുണ്ട്. ഇത് കുറച്ചുകൂടി വിപുലമാക്കുകയും, ഇപ്പോൾ ഈ കൃഷി ചെയ്യുന്നവർക്ക് പ്രോത്സാഹനം നൽകേണ്ടതും അത്യാവശ്യമാണ്. വറ്റാത്ത കുളങ്ങൾ തെരഞ്ഞെടുത്ത് സമീപത്തുള്ള തൊഴിലില്ലാത്തതും, താൽപര്യമുള്ളവരുമായ 5 മുതൽ 10 വരെ യുവാക്കളുടെ നേതൃത്വത്തിൽ ഒരു സഹകരണ സംഘമുണ്ടാക്കി മത്സ്യകൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇത് നമ്മുടെ പഞ്ചായത്തിലെ മത്സ്യ ഉപഭോഗത്തിന് ഒരു പരിധിവരെയെങ്കിലും ആശ്വാസകരമാവുകയും, യുവാക്കൾക്ക് സാമ്പത്തിക വരുമാനലഭ്യമാക്കുന്നതിന് സഹായകരമാവുകയും ചെയ്യും.

പ്രശ്നങ്ങൾ

1. പൊതു കുളങ്ങൾ ഇല്ല
2. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങൾ ലഭ്യമല്ല.
3. ഈ രംഗത്തെകുറിച്ചുള്ള പരിജ്ഞാനമില്ലായ്മ.

4, മത്സ്യങ്ങൾക്ക് രോഗം വന്നാൽ യഥാസമയം ചികിത്സ ലഭ്യമാക്കാനുള്ള വിഷമം .

5, സാമ്പത്തിക സഹായക്കുറവ്.

പരിഹാരങ്ങൾ

1, സ്വകാര്യ കുളങ്ങൾ ഉടമസ്ഥാവകാശം നഷ്ടപ്പെടാതെ വാടകയ്ക്ക് ലഭ്യമാക്കുക.

2, സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്നുംനല്ലയിനം മത്സ്യകുഞ്ഞുങ്ങളും, തീറ്റയും സബ്സിഡിയിനത്തിൽ ലഭ്യമാക്കണം.

3, രോഗ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് ഈ രംഗത്ത് നിൽക്കുന്നവർക്ക് അറിവ് ലഭ്യമാക്കണം.

4, സഹകരണ സ്ഥാപനങ്ങളും/ ദേശസാൽകൃത ബാങ്കുകളും ധനസഹായം ലഭ്യമാക്കണം.

5. മത്സ്യകൃഷിയുടെ സാദ്ധ്യതകളെ കുറിച്ച് വ്യാപകമായി ബോധവൽക്കരണം നടത്തണം

6. തടയണകളിൽ മത്സ്യം വളർത്താനുള്ള സൗകര്യം ചെയ്തുകൊടുക്കുക.

മൃഗസംരക്ഷണ മേഖലയുടെ വികസന റിപ്പോർട്ട്

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. ഇവയെ അപേക്ഷിച്ച് എണ്ണത്തിൽകുറവെങ്കിലും കാള, എരുമ, പോത്ത് തുടങ്ങിയ മൃഗങ്ങളും പഞ്ചായത്തിൽ പരക്കെ വളർത്തപ്പെടുന്നുണ്ട്. വളർത്തുപ്പഷി എന്ന നിലയിൽ കോഴി മാത്രമാണ് പ്രധാന്യം അർഹിക്കുന്നത്. 1996 ലെ കന്നുകാലി കണക്കെടുപ്പ് പ്രകാരം വളർത്തു മൃഗങ്ങളുടെയും പക്ഷികളുടെയും എണ്ണത്തിന്റെ പട്ടിക ചുവടെചേർക്കുന്നു.

വളർത്തുമൃഗങ്ങളും പക്ഷികളും
വർഷം 1996

മൃഗങ്ങളുടെ ഇനം

പശു	1779
കന്നുകുട്ടികൾ	1473
എരുമ	58
കാള (ഉഴവ്/വണ്ടിക്കാള)	110
കിടാരികൾ	115
പോത്ത്	86
ആടുകൾ	624
കോഴികൾ	10549
കാള (വംശ വർദ്ധനത്തിന് ഉപകരിക്കുന്നവ)	6

കാർഷിക രംഗത്ത് യന്ത്രവൽക്കരണം വ്യാപകമായതോടുകൂടി ഉഴവു കാളകളുടെയും, പോത്തുകളുടെയും എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. എന്നിരിക്കിലും ഏകദേശം പൂർണ്ണതോതിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഒരു സമ്പദ്വ്യവസ്ഥയാണ് കണ്ണാടി പഞ്ചായത്തിന്റെത്.

1996 ലെ സാമൂഹിക സാമ്പത്തിക സർവ്വേപ്രകാരം പഞ്ചായത്തിൽ പ്രതിദിനം 5000 ലിറ്ററിലേറെ പാൽ ഉദ്പാദിപ്പിക്കപെടുന്നു. എന്നാൽ ഇത്രയും പാൽ വിറ്റഴിക്കുന്നതിന് കാര്യക്ഷമമായ ഒരു സംവിധാനം നിലവിലില്ലാത്തതിനാൽ ക്ഷീര കർഷകർക്ക് ഉൽപന്നത്തിന് വിപണി കണ്ടെത്താൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. മാത്രമല്ല ന്യായമായ വില ലഭിക്കുന്നില്ല. ഇതു കൂടാതെ കാലിത്തീറ്റയുടെ വിലയിൽ ഇടക്കാലത്ത് ഗണ്യമായ വർദ്ധനവ് ഉണ്ടാവുകയും ചെയ്തു.

പഞ്ചായത്തിലെ ഏക മൃഗാശുപത്രി നിർമ്മിച്ചുകൊണ്ടിരിക്കുന്നത് വടക്കുമുറിയിലാണ്. ഇവിടെ നിന്നും വളരെ അകലെയുള്ള വാർഡുകളിൽപ്പെടുന്നവർ (7,8,9,10 മുതലായ വാർഡുകൾ) മൃഗ ചികിൽസക്കായി ഉപ്പുംപാടത്ത് സ്ഥിതിചെയ്യുന്ന സബ്സെന്ററിനെയാണ് ആശ്രയിക്കുന്നത്. സാങ്കേതിക പരിജ്ഞാനം ലഭിച്ച ഒരു

വെറ്ററിനറി സർജ്ജൻ ആ·സ്ഥാപനത്തിൽ ഇല്ലാത്തതിനാൽ പ്രസ്തുത കേന്ദ്രത്തിൽ അവലംബിക്കപ്പെടുന്ന അശാസ്ത്രീയവും അപരിഷ്കൃതവുമായ ചികിൽസാ രീതികൾ പലപ്പോഴും കന്നുകാലികൾ ചത്തൊടുങ്ങുന്നതിന് കാരണമായി തീരുന്നു.

പഞ്ചായത്തിൽ മൂന്ന് ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയുടെപ്രവർത്തനം പ്രോത്സാഹനജനകമല്ല.

കാലികളുടെ ഇടയിൽ പൊതുവെ കണ്ടു വരുന്ന രോഗങ്ങൾ അകിടു വീക്കം, പരാദ രോഗങ്ങൾ, ഉദരരോഗം, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, മുടന്തൻ പനി എന്നിവയണ്. രോഗങ്ങൾ വരാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികളെ കുറിച്ചുള്ള അജ്ഞത. തക്കസമയത്ത് ആധുനിക ചികിത്സാ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാതിരിക്കുക, ശുചിത്വ കുറവ് എന്നിവ ഈ മേഖല നേരിടുന്ന മറ്റ് ചില പ്രധാന പ്രശ്നങ്ങളാണ്.

ജൈവവളത്തിന്റെ ഉല്പാദനം വളരെയേറെ ഉണ്ടെങ്കിലും അപൂർവ്വം ചില വീടുകളിൽ മാത്രമേ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളു.

സാമാന്യം നല്ല രീതിയിൽ തന്നെ ഇറച്ചി കോഴിവളർത്തൽ പഞ്ചായത്തിൽ നടക്കുന്നുണ്ട്. ഓരോ ആഴ്ചയിലും ശരാശരി 1500 ഓളം കോഴികളെ ഇറച്ചിയാക്കി ഇവിടെ നിന്നും വിറ്റ്വരുന്നു. കേരളത്തിലെ ഉയർന്ന നികുതി നിരക്കുകൾ കാരണം അയൽസംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടെ കോഴിതീറ്റയ്ക്ക് വില വളരെ കൂടുതലാണ് കൂടാതെ. I. B. D, കോക് ബിഡിയോസിസ് രോഗം തുടങ്ങിയ രോഗങ്ങളുടെ ഭീഷണിയും നിലനിൽക്കുന്നു.

പ്രതിവർക്ഷം അഞ്ച് ലക്ഷത്തോളം മുട്ടകൾ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നു. ഇവിടെ വിറ്റഴിക്കപ്പെടുന്ന/ഉപയോഗിക്കപ്പെടുന്ന മുട്ടയുടെ എണ്ണത്തിന്റെ ഒരംശം മാത്രമേ വരുന്നുള്ളു ഇന്നുള്ള ആഭ്യന്തര ഉല്പാദനം.

കണ്ണാടി പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല.

പഞ്ചായത്തിലെ 8 ാം വാർഡിൽ 1958 ൽ ആണ് ഒരു മൃഗസംരക്ഷണ

സ്ഥാപനം എന്ന നിലയിൽ ഒരു സബ് സെന്ററർ പ്രവർത്തനം ആരംഭിച്ചത്. 1996 ൽ കണ്ണാടിയിൽ ഒരു സബ്സെന്ററർ കൂടി പ്രവർത്തനം ആരംഭിക്കുകയും ഇതേ വർഷം തന്നെ പഞ്ചായത്തിൽ ഒരു മൃഗാശുപത്രികൂടി നിലവിൽ വരുകയും ചെയ്തു. ഇതുകൂടാതെ പഞ്ചായത്തിൽ പുതിയതായി മൃഗസംരക്ഷണ സ്ഥാപനങ്ങൾ തുടങ്ങേണ്ട ആവശ്യകത ഇല്ലെങ്കിൽ കൂടി, ഇപ്പോൾ ഉള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ, അടിസ്ഥാനസൗകര്യങ്ങളുടെയും മറ്റും ഗണ്യമായ വർദ്ധനവ വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. പുതിയതായി പഞ്ചായത്തിൽ ആരംഭിച്ച മൃഗാശുപത്രി എല്ലാവിധ സൗകര്യങ്ങളോടും കൂടി വികസിപ്പിക്കേണ്ടത് പ്രധാനമാണ്. ഇന്നത്തെ നിലയിൽ ആശുപത്രിയിൽ ലഭ്യമാകുന്ന സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഈ സ്ഥിതിക്ക് മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ് ഇതിനായി മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങൾ.

1. ഓരോ മൃഗാശുപത്രിയോടും അനുബന്ധിച്ച് ഒരി ചെറിയ പരീക്ഷണശാല തുടങ്ങുക. ഇതിലേക്കാവശ്യമായ മൈക്രോസ്കോപ്പ് പോലുള്ള സാധന സാമഗ്രികളും രാസവസ്തുക്കളും ലഭ്യമാക്കുക.

2. മൃഗാശുപത്രികളിൽ ഫോൺ സൗകര്യം ഏർപ്പെടുത്തുക.

3. മൃഗാശുപത്രികളിൽ വാഹന സൗകര്യം ഏർപ്പടുത്തുക.

4. രോഗം ബാധിച്ച മൃഗങ്ങളെ പരിശോധിക്കുന്നതിനായി പലപ്പോഴും വെറ്ററിനറി സർജൻ കർഷകന്റെ വീട്ടുമുറ്റത്തേയ്ക്ക് പോകേണ്ട ആവശ്യം ഉയർന്നുവരാറുണ്ട്. തുച്ഛമായ വാടക ഈടാക്കി വാഹനം പ്രവർത്തിപ്പിക്കുവാൻ സൗകര്യം ലഭിക്കുകയാണെങ്കിൽ സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്ന ക്ഷീരകർഷകന് ഇത് വലിയൊരു അനുഗ്രഹംതന്നെയായിരിക്കും. ഇതു കൂടാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളി2ൽ ക്യാമ്പ്ഡിസ്പെൻസറികൾ, വാക്സിനേഷൻ ക്യാമ്പുകൾ, വന്ധ്യതാ നിവാരണ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുവാനും വാഹനത്തിന്റെ ലഭ്യത കൊണ്ട് സാധിക്കുന്നു.

5. രാത്രി കാലങ്ങളിൽ വിദഗ്ധ ചികിത്സ ലഭ്യമാക്കാത്തതുകാരണം കന്നുകാലികൾ ചത്തൊടുങ്ങുന്നത് സർവ്വസാധാരണമാണ്. ഈ നിലയ്ക്ക് മാറ്റം

വരുത്തണമെങ്കിൽ മൃഗാശുപത്രിയോടനുബന്ധിച്ച് കാർട്ടേഴ്സുകൾ നിർമ്മിക്കേണ്ടതാണ്. (വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച പല മൃഗാശുപത്രികളിലും ഇത്തരം സൗകര്യം നിലവിലുണ്ട്.)

5. മൃഗാശുപത്രികളിൽ വേണ്ടത്ര സ്റ്റാഫ് സൗകര്യം ഏർപ്പെടുത്തുകയും നിലവിലുള്ള ഒഴിവുകൾ എത്രയും വേഗം നികത്തുകയും, വെറ്റിനറി ഡിസ്പെൻസറികളിലെ അറ്റന്റർമാരുടെഎണ്ണം രണ്ടാക്കി വർദ്ധിക്കുകയും ലാബ് ടെക്നിഷന്മാരെ നിയമിക്കുകയും വേണം.

പാലുൽപാദന രംഗം

പഞ്ചായത്തിൽ ദിനംപ്രതി 5500 ലി പാൽ ഉദ്പാദിപ്പിക്കുന്നുണ്ട്. ഈ മേഖലയിൽ മാത്രം ഉദ്പാദനത്തിന്റെ മൂല്യം ആണ്ടിൽ 221 ലക്ഷം രൂപയോളം വരുന്നു. മിക്കവാറും വാർഡുകളിൽ സങ്കരയിനത്തിൽ പെട്ട അത്യുദ്പാദന ശേഷിയുള്ള കറവമാടുകളുടെ എണ്ണം 50% ത്തിൽ താഴെയാണ്. മികച്ചയിനത്തിൽപ്പെട്ട കറവപശുക്കളുടെ ലഭ്യതക്കുറവ് ഈ മേഖലയുടെ ഒരു പ്രധാന പ്രശ്നമായി മിക്കവാറും വാർഡുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളിലും ചൂണ്ടികാണിക്കപ്പെട്ടിരുന്നു. ഇതിൽ നിന്നുതന്നെ നല്ലയിനം കറവപശുക്കളെ ലഭ്യമാക്കിയാൽ ഉദ്പാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കാൻ സാധിക്കും.

പഞ്ചായാത്തിലെ നാടൻപശുക്കളുടെ ഗ്രേഡിങ്ങ്അപ്പ് (Grading Up) പരിപാടിയിലൂടെ ഒരു പരിധിവരെ ഇതു സാധിക്കാവുന്നതാണ്. മികച്ചയിനം വിത്തുകാളകളുടെ ബീജം (Premium bull Semen) എല്ലാ വെറ്ററിനറി ഡിസ്പെൻസറികളിലും ലഭ്യമാക്കാൻ വേണ്ട ഒരു പരിപാടി ഇതോടെപ്പം ആവിഷ്ക്കരിക്കേണ്ടതാണ്. കൂടാതെ ഇപ്പോൾ ഇത്തരത്തിലുള്ള ബീജത്തിന്റെ വിലയായി സർക്കാർ കർഷകരിൽ നിന്നും ഈടാക്കുന്ന തുകയിൽ ഗണ്യമായ കുറവ് വരുത്തേണ്ടതും ആവശ്യമാണെന്ന് പരക്കെ അഭിപ്രായമുണ്ട്. ഇത്തരത്തിലുള്ള ബീജത്തിന്റെ ലഭ്യത ഉറപ്പവരുത്താൻ സർക്കാർ തലത്തിൽ പ്രോജനി ടെസ്റ്റിങ്ങ് പ്രോഗ്രാം (Progeny Testing Programme) വ്യാപിപ്പിയ്ക്കേണ്ടതും അത്യാവശ്യമാണ്. നിലവിൽ ഈ പരിപാടി ഒരു പൊതുമേഖലാ സ്ഥാപനമായ K.L.D Board മാത്രമാണ് നിർവഹിക്കുന്നത്. ഫീൽഡ് എംബ്രിയോ ട്രാൻസ്ഫർ പ്രോഗ്രാം (ഭ്രൂണ മാറ്റം)

നടപ്പിൽ വരുത്തുക എന്നതാണ് മറ്റൊരു ഫലപ്രദമായ മാർഗ്ഗംചിലവ് അല്പം കൂടുതലാണെങ്കിൽ പോലും ഇത്തരത്തിലുള്ള ഒരു പരിപാടിയുമായി സഹകരിയ്ക്കാൻ സന്നദ്ധമായ ധാരാളം കർഷകർ ഈ പഞ്ചായത്തിലുണ്ട്. ആയതിനാൽ ജില്ലാതലത്തിലെങ്കിലും ശ്രൂണമാറ്റ പ്രക്രിയയിൽ വിദഗ്ധ പരിശീലനം നേടിയവരെ നിയമിക്കുകയും അവർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി കൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യാൻ സർക്കാർ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിലെ 5ാം വാർഡിൽ 1992-93 കാലയളവിൽ DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ ഭാഗമായി ആരംഭിച പശു വളർത്തൽ യൂണിറ്റ് 8 അംഗങ്ങളോടെ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ കാലയളവിൽ 8-ാം വാർഡിൽ 13 അംഗങ്ങളുമായി ഈ പദ്ധതി പ്രകാരം ആരംഭിച്ച പശുവളർത്തൽ സംരംഭവും വളരെ നല്ലരീതിയിൽ നടക്കുന്നുണ്ട്. (ഈ ഗുണഭോക്താക്കൾക്ക് രണ്ട് പശുക്കൾ വീതമാണ് നൽകിയിരിക്കുന്നത്. എല്ലാവർക്കും തന്നെ പശുക്കൾ കൈവശമുണ്ട്, വായ്പതിരിച്ചടച്ചുകഴിഞ്ഞു. മാത്രമല്ല യൂണിറ്റുകൾ വളരെ ലാഭവുമാണx) ഇത്തരത്തിലുള്ള സംരംഭങ്ങളുടെ വിജയ സാദ്ധ്യതയെ അടിവരയിട്ട് കാണിക്കുന്നതാണ് മേൽപറഞ്ഞ ഉദാഹരണങ്ങൾ. അതുകൊണ്ട് തന്നെ പശു വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടത് വളരെയധികം പ്രാധാന്യമർഹിക്കുന്നു. കന്നുകാലി സമ്പത്തിന്റെ ഭൂരിഭാഗവും ഏകദേശം 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണ്. ചെറുകിട നാമമാത്ര കർഷകരുടെ കൈകളിൽ ആയതു കൊണ്ട് ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പത്ത് വ്യവസ്ഥയെ ശക്തിപ്പെടുത്തുക നിസ്സംശയം പറയാവുന്നതാണ് ഇതിലേയ്ക്കായി ഒരോ ഗുണഭോക്താവിനും നാല് പശുക്കൾ വീതം. ലഭിയ്ക്കുന്ന പത്ത് യൂണിറ്റുകൾ ഓരോ വാർഡിനും അനുവദിക്കേണ്ടതാണ്. മാത്രമല്ല യൂണിറ്റുകൾ അനുവദിക്കുന്ന കാര്യത്തിൽ സ്ത്രീകൾക്ക് മുൻഗണന നൽകുന്നത് നന്നായിരിക്കും. (മൃഗ സംരക്ഷണ മേഖലയിൽ അദ്ധ്വാനത്തിന്റെ ഏറിയപങ്കും 60 ശതമാനത്തിലധികം സ്ത്രീകളാണ് നിർവഹിക്കുന്നത്).

പാലിന്റെ വിപണനമാണ് പഞ്ചായത്തിലെ ക്ഷീരകർഷകർ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം. ഓരോ വാർഡിലും ദിനം പ്രതി ശരാശരി 500 ലിറ്ററിലേറെ പാൽ ഉത്പാദിക്കപ്പെടുന്നുണ്ട്. ഇത് സംഭരിക്കുവാനോ, വിപണനം നടത്തുവാനോ ഇന്ന് നിലവിലുള്ള സംവിധാനങ്ങൾ തികച്ചും അപര്യാപ്തമാണ്. പഞ്ചായത്തിൽ

മൂന്ന് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് ഇതിൽ രണ്ടെണ്ണം APCOS മാതൃകയിലും ഒരെണ്ണം പരമ്പരാഗത രീതിയിലുമാണ്. ഇതിൽ പരമ്പരാഗത ക്ഷീര സംഘത്തിന്റെ പ്രവർത്തനം തികച്ചും തൃപ്തികരമല്ല.

വാർഡുകൾതോറും പാൽ സംഭരണത്തിനുള്ള ഏർപ്പാട് ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് മേൽപറഞ്ഞ വസ്തുതകൾ വിരൽ ചൂണ്ടുന്നത്. സാദ്ധ്യമെങ്കിൽ വാർഡുകൾ തോറുംതന്നെ ക്ഷീരസഹകരണ സംഘങ്ങൾ ആരംഭിക്കേണ്ടതാണ്. ഇത്തരത്തിൽ സംഭരിക്കുന്ന പാൽ ശീതികരിച്ച് പായ്ക്കറ്റുകളിലാക്കി വിതരണം ചെയ്യാൻ ഏർപ്പാട് ഉണ്ടാക്കേണ്ടതുമാണ് ഇത് കൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഇടനിലക്കാരെ ഒഴിവാക്കികൊണ്ടുള്ള പ്രവർത്തനമാകയാൽ ക്ഷീരകർഷകർക്ക് പരമാവധിലാഭം കിട്ടുന്നു.

2. പാലക്കാട് പട്ടണത്തോട് വളരെയടുത്ത് കിടക്കുന്ന പഞ്ചായത്ത് ആകയൽ പാൽ വിറ്റഴിക്കുന്നതിന് യാതൊരു പ്രായോഗികബുദ്ധിമുട്ടുകളും ഉണ്ടാകുവാൻ സാദ്ധ്യതയില്ല.

പാൽ ശിതീകരണ യൂണിറ്റ് സഹകരണ അടിസ്ഥാനത്തിലോ സ്വകാര്യ വ്യക്തികളുടെ കൂട്ടായ്മ കൊണ്ടോ ആരംഭിക്കാവുന്നതാണ്. അത്തരത്തിലുള്ള ഒരു യൂണിറ്റ് ആരംഭിക്കുന്നതിന് വായ്പയും മറ്റ് സഹായങ്ങളും ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. പാൽശീതികരണയന്ത്രം സ്ഥാപിക്കുന്നതിോടെപ്പം തന്നെ പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുവാനുള്ള ഒരു യൂണിറ്റും സ്ഥാപിയേക്കണ്ടതാണ് വെണ്ണ, നെയ്യ്, തൈര് ഐസ്ക്രീം തുടങ്ങിയ ഉല്പന്നങ്ങൾ ഇവിടെ നിർമ്മിക്കാവുന്നതാണ് ഇത് കൊണ്ട് ഉണ്ടാകാവുന്ന നേട്ടങ്ങൾ

1. പാൽ ഉല്പാദനത്തിൽ വർദ്ധനവ് അനുവപ്പെടുന്ന മാസങ്ങളിലും ഉല്പാദിപ്പിക്കപ്പെടുന്ന പാൽ മുഴുവൻ സംഭരിക്കുവാനും അതുവഴി ക്ഷീര കർഷകരെ സഹായിക്കുവാനും സാധിക്കുന്നു.

2. വിറ്റഴിയുവാൻ കൂടുതൽ സാദ്ധ്യതയുള്ള ഉല്പന്നങ്ങളാണ് ഇവിടെ നിർമ്മിക്കപ്പെടുന്നത് (ഉദാഹരണത്തിന് ചോക്ലേറ്റ് പോലുള്ള ഉല്പന്നങ്ങൾ)

കാലികളുടെവിലവർദ്ധനയും ഗുണ നിലവാരമുള്ള കാലിത്തീറ്റയുടെ ലഭ്യതക്കുറവുമാണ് ക്ഷീരകർഷകർ ഇന്ന് നേരിടുന്ന പ്രശ്നം. പഞ്ചായത്ത് തലത്തിൽതന്നെ കാലിത്തീറ്റ മിശ്രണയുണിറ്റ് സ്ഥാപിക്കുന്നത് ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കുമെന്നുള്ള ശക്തമായ അഭിപ്രായം പഞ്ചായായിൽ നിലനിൽക്കുന്നുണ്ട്. ഇതു കൂടാതെ കാലത്തീറ്റ മിശ്രണത്തിനായി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ മിശ്രണം ചെയ്ത കാലിത്തീറ്റയുടെയും ഗുണ നിലവാര പരിശോധന നടത്തുന്നതിലേക്കായി എല്ലാ സജ്ജീകരണങ്ങളുമുള്ള പരീക്ഷണ ശാലകൾ ജില്ലാതലത്തിൽ സ്ഥാപിക്കേണ്ടതാണ്. ഇത്തരത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാലിത്തീറ്റ പുതുതായി രൂപം കൊള്ളുന്ന സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യാവുന്നതാണ്.

കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനരീതികളെ കുറിച്ചുള്ള അജ്ഞത ഈ പഞ്ചായത്തിലെ ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന ഒരു മുഖ്യ പ്രശ്ന മാണ്. ഈ സ്ഥിതിക്ക് ഒരു മാറ്റം വരുത്തണമെങ്കിൽ തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് എങ്കിലും പരിശീലനം നൽകുവാനായി ജില്ലാതലത്തിൽ ഒരു പരിശീലന കേന്ദ്രം സ്ഥാപിയ്ക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതു കൂടാതെ മൃഗാശുപത്രിയോട് അനുബന്ധമായി ഒരു കർഷക പരിശീലന ഹാൾ സ്ഥാപിക്കുകയും നിശ്ചിത കാലയളവിൽ കർഷകരുടെ യോഗങ്ങൾ വിളിച്ചുകൂട്ടി അവർക്ക് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുകയും സംശയദൂരീകരണം നടത്തുന്നതിന് അവസരം ഉണ്ടാക്കി കൊടുക്കുകയും ചെയ്യേണ്ടതാണ്.

കന്നുകാലികളുടെ പരിപാലനത്തിന് കണ്ണാടി പഞ്ചായത്ത് ഏറെ പിന്നോക്കം നില്ക്കുന്നു. ഇവിടെ ഉണ്ടാകുന്ന കാള/പോത്തിൻകുട്ടികൾ എഴുപ്തുമുതൽ എൺപതു ശതമാനംവരെ ചത്തൊടുങ്ങുന്നു എന്നത് ഒരു ഖേദകരമായ വസ്തുതയാണ്. പശുക്കട്ടികളുടെ അവസ്ഥയും ഇതിൽ നിന്നും ഏറെ വ്യത്യസ്തമല്ല. സർക്കാരിന്റെ കന്നുകുട്ടി പരിപാലന പദ്ധതി പഞ്ചായത്തിൽ ഭാഗികമായി നടപ്പാക്കിയിട്ടുണ്ടെങ്കിലും (ഉപ്പുംപാടം സബ്സെന്ററിന്റെ ലൈവ്സ്റ്റോക്ക് ഇംപ്രൂവ്മെൻറ് അസോസിയേഷന്റെയും സഹകരണത്തോടു കൂടി) അതിന്റെ ഗുണഭോക്താക്കളുടെ എണ്ണം വളരെ പരിമിതമാണ്. മാത്രമല്ല ഈ പദ്ധതിയുടെ ആനുകൂല്യം രണ്ട് മൂന്ന് വാർഡുകളിൽ പെടുന്നവർക്ക് മാത്രമേ ലഭിക്കുന്നുള്ളൂ

(നിലവിൽ കണ്ണാടി പഞ്ചായത്തിലെ 15 ഓളം കുടുംബങ്ങൾക്ക് മാത്രമേ ഇതു കൊണ്ട് പ്രയോജനം ലഭിക്കുന്നുള്ളു.) കന്നുകുട്ടി പരിപാലന പദ്ധതി പഞ്ചായത്തിൽ ആകമാനം വ്യാപിപ്പിക്കുന്നത് പരമപ്രധാനമാണ്. കന്നുകുട്ടികളുടെ പരിപാലന രീതിയിൽ ഒരു വലിയ മാറ്റം ഉണ്ടാക്കുന്നതിനായി ഈ പദ്ധതിയുടെ വ്യാപിപ്പിക്കൽ സഹായകരമാകുന്നതാണ്. മാത്രമല്ല ഇപ്പോഴത്തെ പദ്ധതിയുടെ പ്രവർത്തന രീതി കൂറച്ച് കാര്യക്ഷമ മാക്കുന്നതിന് സർക്കാർ ശ്രദ്ധ ചെലുത്തണമെന്ന് അഭിപ്രായം ഉയർന്ന് വരികയുണ്ടായി. വർഷത്തിൽ ഒരു തവണ കന്നുകുട്ടി പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും അർഹമായതിന് സമ്മാനങ്ങൾ നൽക്കുകയും ചെയ്യുന്നത് കന്നുകുട്ടികളെ നല്ലരീതിയിൽ പരിപാലിക്കുന്നതിന് പ്രോത്സാഹജനകമായിരിക്കുമെന്ന് അഭിപ്രായമുണ്ട്.

മാംസ ഉത്പാദന രംഗം

1. ആട് വളർത്തൽ:

ആട് വളർത്തലിന് വളരെയെറെ സാദ്ധ്യതകളുള്ള പഞ്ചായത്താണ് കണ്ണാടി. നിലവിൽ ഇരുപതോളം ചെറുകിട യൂണിറ്റുകൾ (20 മുതൽ 40 ആടുകൾ വീതമാണ്) ഈ പഞ്ചായത്തിൽ ഉണ്ട്. ആടുകളെ വൻതോതിൽ വളർത്തുവാനായി വളരെ പേർ താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തു. മേല്പറഞ്ഞ യൂണിറ്റുകൾ നടത്തുന്നവരുടെ അഭിപ്രായത്തിൽ ആടുകളെ മാംസത്തിനായി വില്പന നടത്തുവാൻ ബുദ്ധിമുട്ട് ഉണ്ടാകാറില്ലെങ്കിലും നല്ലയിനം ആട്ടിൻകുഞ്ഞുങ്ങളെ ലഭിക്കാത്തത് ഒരു പ്രധാന പ്രശ്നമായി തന്നെ നിലനിൽക്കുന്നു. നല്ലയിനം ആട്ടിൻ കുഞ്ഞുങ്ങളെ ലഭ്യമാക്കാൻ സർക്കാർ മുൻകൈയ്യ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. വാർഡുകൾ തോറും 5 മുതൽ 10 ആട് വളർത്തൽ യൂണിറ്റുകൾ (ഓരോ യൂണിറ്റിലും 30 മുതൽ 50 ആടുകളെ ഉൾകൊള്ളിച്ചുകൊണ്ടുള്ളത്) ആരംഭിക്കേണ്ടതാണ്.

ഇതിന് സന്നദ്ധരാകുന്നവർക്ക് ലളിതമായ വ്യവസ്ഥയിൽ സാമ്പത്തിക സഹായം നൽകുവാനും വേണ്ട പരിശീലനം നൽകുവാനും ഏർപ്പാട് ഉണ്ടാക്കേണ്ടതുമാണ്. ലളിതമായ തവണ വ്യവസ്ഥകളിലും പലിശ നിരക്കിലും വായ്പകൾ അനുവദിച്ചെങ്കിൽ മാത്രമെ ഇത്തരത്തിലുള്ള യൂണിറ്റുകൾ സാക്ഷാത്കരിക്കപ്പെടുകയുള്ളൂ.

ഇറച്ചി കോഴി വളർത്തൽ

1996 ലെ കണക്ക് പ്രകാരം 9000 ത്തോളം കോഴികളെ ഇറച്ചിക്കായി കണ്ണാടി പഞ്ചായത്തിൽ വളർത്തുന്നുണ്ട്. നാല് ചെറുകിട ഫാമുകളിലും ഒരു വലിയ ഫാമിലായുമാണ് കോഴികളെ വളർത്തുന്നത്. ഒരാഴ്ചയിൽ ശരാശരി 1500 കോഴികൾ പ്രസ്തുത ഫാമുകളിൽ നിന്നും വിൽക്കപ്പെടുന്നു. എല്ലാ വാർഡിലുമുള്ളവർ ഐക്യകണ്ഠേന വളരെയധികം ലാഭസാധ്യതയുള്ളതൊഴിലാണെന്ന് അംഗീകരിച്ച ഒരു പദ്ധതിയാണ് ഇറച്ചി കോഴി വളർത്തൽ.ചെറുകിട ഇറച്ചിക്കോഴി വളർത്തൽ ആരംഭിക്കുന്നതിന് മുന്നോട്ടിറങ്ങാൻ തയ്യാറുള്ളവരും ധാരാളം വീടുകളോടനുബന്ധിച്ച് ലഭ്യമായ സ്ഥലത്ത് ആരംഭിക്കാവുന്ന (ഉദ്ദേശം ആഴ്ചയിൽ 100 കോഴികൾ എന്നതോതിലുള്ള) ചെറുകിട യൂണിറ്റുകൾക്കാണ് കൂടുതൽ സാദ്ധ്യത കാണുന്നത്. ഇത്തരത്തിലുള്ള ധാരാളം യൂണിറ്റുകൾ ആരംഭിയ്ക്കുവാനുള്ള ഉദാരമായ സാമ്പത്തിക സഹായം നൽകുന്നതിനോടൊപ്പം ഇറച്ചി കോഴികളെ വിറ്റഴിക്കുവാനുള്ള ഒരു സഹകരണസംഘം രൂപീകരിക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

കോഴി തീറ്റയ്ക്ക് അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വില വളരെ കൂടുതലാണ്. (നികുതി നിരക്ക് കൂടുതലായതിനാൽ) അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും കുറഞ്ഞനിരക്കിൽ ധാരാളം ഇറച്ചിക്കോഴികളെ ഇറക്കുമതി ചെയ്യുന്ന പ്രവണതയും ഇന്ന് നിലവിലുണ്ട്. കോഴിത്തീറ്റയുടെ വില ഗണ്യമായി കുറച്ചാൽ മാത്രമെ ഇറച്ചിക്കോഴി വളർത്തൽ ലാഭകരമായി പ്രവർത്തിക്കാനാവൂഎന്നൊരു സ്ഥിതിവിശേഷം ഇന്ന് സംജാതമായിട്ടുണ്ട്. ഈ റിപ്പോർട്ടിൽ മുമ്പ് പരാമർശിച്ചിരുന്നതുപോലെ കോഴിത്തീറ്റയുടെ ഉദ്പാദനം പഞ്ചായത്ത് തലത്തിൽ സാദ്ധ്യമായാൽ ഇതിന്റെ വില ഗണ്യമായി കുറച്ചുകൊണ്ടുവരാൻ സാധിക്കുന്നതാണ്. കൂടാതെ ഇറച്ചിക്കോഴി വളർത്തലിൽ താൽപര്യമുള്ള വ്യക്തികൾക്ക് പരിശീലനം നൽകേണ്ടതും അത്യന്താപേക്ഷിതമാണ്.

മുട്ട ഉദ്പാദന രംഗം

1996- ലെ കന്നുകാലികളുടെ കണക്കെടുപ്പ് പ്രകാരം കണ്ണാടി പഞ്ചായത്തിലെ

പിടക്കോഴികളുടെ എണ്ണം 6604 ആണ്, ഇതിൽ 1488 എണ്ണം ഉയർന്ന ഉദ്പാദന ശേഷിയിളളവയാകുന്നു. പ്ഞ്ചായത്തിലെ ഒരു വർഷത്തെ ശരാശരി മുട്ടയുദ്പാദനം 5 ലക്ഷത്തോളമാണ്. ഉപയോഗത്തെ അപേക്ഷിച്ച് ഉദ്പാദനം വളരെ കുറവാണ്. ഉപയോഗിക്കപ്പെടുന്ന മുട്ടയുടെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്നവയാണ്. ഈ സ്ഥിതിവിശേഷത്തിന് ഒരു മാറ്റം വരുത്തണമെങ്കിൽ ആഭ്യന്തര മുട്ട ഉദ്പാദനം വർദ്ധിപ്പിച്ചേ മതിയാകൂ. ഈ മേഖലയുടെ പ്രധാന ദൗർബല്യങ്ങൾ

1. നല്ലയിനം കോഴികുഞ്ഞുങ്ങൾ ലഭ്യമല്ല.

2. കോഴി വസന്ത പോലുള്ള രോഗങ്ങൾ ഫലപ്രദമായി തടയാൻ സാധിച്ചിട്ടില്ല. ഈ പ്രശ്നങ്ങൾക്ക് പരിഹാരം താഴെപറയുന്ന രീതിയിൽ സാദ്ധ്യമാക്കാവുന്നതാണ്.

a, നല്ല കോഴികുഞ്ഞുങ്ങളെ സർക്കാർ/സ്വകാര്യ ഹാച്ചറികളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

b, 3, 4 വാർഡുകൾക്ക് ഒന്ന് എന്ന തോതിൽ എഗ്ഗർ നഴ്സറികൾ ആരംഭിക്കണം. ഇവയിൽ 250 കോഴി കുഞ്ഞുങ്ങൾ വീതം 6 മുതൽ 8 ആഴ്ച പ്രായം എത്തുന്നതുവരെ വളർത്തേണ്ടതാണ്. പ്രധിരോധ കുത്തിവെയ്പ്പുകളും മറ്റും ഇവിടെ വെച്ച് നൽകേണ്ടതാണ്. 6 മുതൽ 8 ആഴ്ചയ്ക്ക് ശേഷം കോഴി കുഞ്ഞുങ്ങൾ ആവശ്യക്കാർക്ക് ന്യായമായ വിലയിൽ വിതരണം നടത്തേണ്ടതാണ്.

3. തിരാഞ്ഞടുക്കപ്പെടുന്ന 2000 കിടുംബങ്ങൾക്ക് 20 കോഴി കുഞ്ഞുങ്ങളെ വീതം സൗജന്യ നിരക്കിൽ വിതരണം ചെയ്യുക. ഇവയുടെ കൂട് നിർമ്മിക്കുന്നതിന് ചെറിയ തോതിലെങ്കിലും ധനസഹായം നൽകേണ്ടതാണ്.

4. നിശ്ചിത കാലയളവുകളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പ് ക്യമ്പുകൾ സംഘടിപ്പിക്കുകയും, ഈ ക്യാമ്പുകളിൽ വെച്ചുതന്നെ കോഴിക്കൾക്ക് സൗജന്യമായി വിര മരുന്ന് വിതരണംചെയ്യുക.

5. കോഴികളുടെ ശാസ്ത്രീയ പരിപാലന രീതികളെക്കുറിച്ചുള്ള ഒരവബോധം കർഷകരുടെ ഇടയിൽ ഉണ്ടാക്കിയെടുക്കേണ്ടതാണ്.

6. വീട്ടാവശ്യത്തിൽ കവിഞ്ഞ് ഉദ്പാദിപ്പിക്കുന്ന മുട്ടകൾ ഇറച്ചിക്കോഴി വിപണനം ചെയ്യാനായി തുടങ്ങുന്ന സഹകരണ സംഘങ്ങൾ വഴി സംഭരിക്കുകയും

വിറ്റഴിക്കുകയും ചെയ്യുക.

ജൈവ വളം.

പഞ്ചായത്തിൽ ദിനം പ്രതി ശരാശരി 43.5 ടൺ ജൈവവളം ഉദ്പാദിപ്പിക്കപ്പെടുന്നു. ഇതിന്റെ മൂല്യം വർഷത്തിൽ 119 ലക്ഷം രൂപയോളം വരും. നമ്മുടെ കാർഷിക സമ്പദ്വ്യവസ്ഥയിലേക്ക് മൃഗങ്ങളുടെ ഈ സംഭാവന നാം പലപ്പോഴും വിസ്മരിക്കാറാണ് പതിവ്.

മേൽ പറഞ്ഞതോതിൽ ജൈവവള ഉദ്പാദനം നടക്കുന്നുണ്ടെങ്കിലും ഇവിടെ ഇതിൽനിന്നും ബയോഗ്യാസ് ഉദ്പാദിപ്പിക്കാനുള്ള സൗകര്യം ചുരുക്കം ചില വീടുകളിൽ മാത്രമെയുള്ളൂ. ഇത്തരത്തിലുള്ള ഒരു സംവിധാനത്തിനെ കുറിച്ചുള്ള അജ്ഞതയാണ്. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിൽ നിന്നും കർഷകർ ഒഴിഞ്ഞ് നിൽക്കുന്നതിനുള്ള കാരണം. ഇപ്പോൾ കൃഷിഭവനിലൂടെ ബയോഗ്യാസ്പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നുണ്ടെങ്കിലും ഈ പദ്ധതി വേണ്ടത്ര പ്രയോജനം ചെയ്യുന്നില്ല. ബയോഗ്യാസ് പ്ലാന്റുകളെ കുറിച്ച് കർഷകരുടെ ഇടയിൽവേണ്ടത്ര പ്രചാരം നടത്തുകയും ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും നിലവിലുള്ള സബ്സിഡി നിരക്ക് കുറച്ചുകൂടി ആകർഷമാക്കുകയും ചെയ്താൽ കൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾ പഞ്ചായത്തിൽ നിലവിൽ വരും എന്നത് തീർച്ചയാണ്.

പേവിഷ നിർമ്മാജനം

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്ഥിരമായി പേപ്പട്ടി ശല്യം ഉണ്ടാകാറുണ്ടെന്ന്റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. എല്ലാ വളർത്തുനായ്ക്കളെയും പേ വിഷ ബാധയ്ക്ക് എതിരെ കുത്തിവെയ്ക്കുകയും, അവയ്ക്ക് ലൈസൻസ് നൽകുകയും, അലഞ്ഞ് നടക്കുന്നതെരുവ് നായ്ക്കളെ നശിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്താൽഒരു ചെറിയ കാലയളവിൽ തന്നെ പേ വിഷബാധമൂലമുണ്ടാകുന്നഭീഷണി കുറയ്ക്കാൻ സാധിക്കുന്നതാണ്.

സമഗ്ര ഇൻഷുറൻസ് പദ്ധതി

കന്നുകാലികളുടെ ആകസ്മിക മരണം മൂലം കർഷകൻ അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങൾ ഏറെയാണ്.വന്ധ്യത അകിടുവീക്കം തുടങ്ങിയ രോഗങ്ങൾ നിമിത്തം ഉണ്ടാകുന്ന നഷ്ടം വേറെയും.

1. കന്നുകാലികളെ ഇൻഷൂർ ചെയ്യണ്ടതിന്റെ ആവശ്യകതയെകുറിച്ചുള്ള അറിവില്ലായ്മ.

2. ഉയർന്ന പ്രീമിയം നിരക്ക്.

കന്നുകാലികളുടെ ഇൻഷുറൻസ് സംരക്ഷണം കൊണ്ടുണ്ടാവുന്ന നേട്ടങ്ങളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കേണ്ടതാണ്. ഉയർന്ന ഉൽപാദന ക്ഷമതയുള്ള പശുക്കളെ കണ്ടെത്തി അവയുടെ ഇൻഷുറൻസ് പ്രീമിയം അടക്കേണ്ട തുകയുടെ ഒരു നിശ്ചിത ശതമാനം വഹിക്കുവാൻ പഞ്ചായത്ത് തയ്യാറാവുകയും ചെയ്യണം. ഇത്തരം ഒരു സംവിധാനത്തിലൂടെ വളരെ പേർ ഈ പദ്ധതിയിലേക്ക് ആകൃഷ്ടരാകുമെന്ന് പ്രതീക്ഷിക്കാം.

* *

• ആരോഗ്യമുള്ള ആയിരം പശുക്കളുടെയും, ആയിരം കുതിരകളുടെയും, മറ്റനേകം മൃഗങ്ങളുടെയും, ഉടമസ്ഥൻ ഒരു നഗരാധിപതിയേക്കാൾ സമ്പന്നനാണ് •

- മഹാഭാരതം

6 വിദ്യാഭ്യാസം

വാലക്കാട് പട്ടണത്തിന്റെ സമീപ പഞ്ചായത്തും വടക്ക് കണ്ണാടിപ്പുഴ അതിർത്തിയായി വരുന്നതുമായ കണ്ണാടി ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസപരമായി ഇനിയും മുന്നേറേണ്ടിയിരിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നജനങ്ങളാണ് ഭൂരിപക്ഷവും. ഈ പ്രദേശത്തിലെ ഭൂരിഭാഗത്തിനും ഔപചാരിക വിദ്യാഭ്യാസം നേടുവാൻ സാധിച്ചിട്ടില്ല. 1920 മുതൽ ഈ പ്രദേശത്തെ വിവിധ ഭാഗങ്ങളിലാരംഭിച്ച എലിമെന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങൾപോലും വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കാതെ വന്നത് ജനങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. 1957 ൽ ഭൂപരിക്ഷ്കരണബില്ലും വിദ്യാഭ്യാസബില്ലും നിയമമായതോടെയാണ് വിദ്യാഭ്യാസരംഗത്ത് സാധാരണക്കാർക്കിടയിൽ ഈ പഞ്ചായത്തിലും കാര്യമായമാറ്റം ഉണ്ടായത്.

പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചയോടൊപ്പമാണ് നമ്മുടെ പഞ്ചായത്തിലും അനൗപചാരിക വിദ്യാഭ്യാസത്തിന് ആരംഭം ഉണ്ടായത്. പുരോഗമന പ്രസ്ഥാനത്തോടൊപ്പം വിവിധ പ്രദേശങ്ങളിലാരംഭിച്ച വായനശാലകളാണ് അനൗപചാരിക വിദ്യാഭ്യാസത്തിന്റെ കേന്ദ്രങ്ങളായി പ്രവർത്തിച്ചിരുന്നത്. ഇവയിൽ പ്രധാനപ്പെട്ടവയാണ് PPF കിണാശ്ശേരി, പുലരി കിണാശ്ശേരി, ഉപാസന ചെമ്മൻകാട്, മുതലായ വായനശാലകളും Local Library Authority യും. 1986 മുതൽ 1991 വരെ പഞ്ചായത്തിൽ നടന്നസമ്പൂർണ്ണ സാക്ഷരതയജ്ഞം ഒരു ചരിത്രസംഭവം തന്നെയാണ്. പഞ്ചായത്തിലെ ഓരോ മുക്കിലും മൂലയിലും സംഘടിപ്പിച്ചിരുന്ന സാക്ഷരത ക്ലാസ്സുകൾ വളരെയേറെ ജനങ്ങളെ ആകർഷിച്ചിരുന്നു

ഒന്നാം ഘട്ട സാക്ഷരതാ പ്രവർത്തനം വളരെ നല്ല നിലയിൽ

നടത്തുവാൻ കഴിഞ്ഞു. പഞ്ചായത്തിലെ മൊത്തം 267 ക്ലാസ്സുകളിലൂടെ 87% നിരക്ഷരരെ സാക്ഷരരാക്കുവാൻ സാധിച്ചു. 11.4.1991 ൽ സാക്ഷരതാപ്രഖ്യാപനം അന്നത്തെ ജില്ലാകലക്ടർ നിർവ്വഹിക്കുകയുണ്ടായി. വളരെ അടുക്കും ചിട്ടയോടു കൂടിയുമുള്ള നമ്മുടെ പഞ്ചായത്തിലെ പ്രവർത്തനം കണ്ടു പഠിക്കുന്നതിന് ക്യൂബ, സോമാലിയ, എത്യോപിയ, നൈജീരിയ, ഘാന, ഈജിപ്ത്, ബംഗ്ലാദേശ്, നേപ്പാൾ, ബർമ്മ, വിയറ്റ്നാം, തുടങ്ങിയ രാജ്യങ്ങളിലെ 22 പ്രതിനിധികൾ ഇവിടം സന്ദർശിക്കുകയുണ്ടായി. ഇത് സാക്ഷരതാ പ്രവർത്തനത്തിന് നമ്മുടെ പഞ്ചായത്തിന് കിട്ടിയ അംഗീകാരമാണ്.

കണ്ണാടി ഗ്രാമപഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കുന്നത് എഴുത്തുപള്ളിക്കൂടങ്ങൾ മുതലാണ്. ഈ പ്രദേശത്ത് ആദ്യമായി സ്ഥാപിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനം മാധവൻ മാസ്റ്ററുടെ ലോവർ എലിമെന്ററിസ്ക്കൂളാണ്. 20ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പറക്കുളത്ത് ആരംഭിച്ച ഈ സ്ഥാപനം പിന്നീട് B-E M മാനേജ്മെന്റിന് കൈമാറി. ഇത് ഹയർ എലിമെന്ററി സ്ക്കൂളായി ഉയർത്തപ്പെട്ടു. ആ കാലഘട്ടത്തിൽ തന്നെ പെൺകുട്ടികൾക്കു വേണ്ടി മലബാർ ഡിസ്ട്രിക് ബോർഡ് സ്കൂൾ ആരംഭിച്ചു. ഇത് ഇന്നുള്ള N S S കരയോഗം കെട്ടിടത്തിലായിരുന്നു.

1929 ൽ വട്ടേക്കാട്ട് രാമൻകുട്ടിനായർ ഹിന്ദു എലിമെന്ററി സ്കൂൾ സ്ഥാപിച്ചു. B E M ഹയർഎലിമെന്ററി സ്കൂളും തമ്മിൽ പിന്നീട് തർക്കം ഉണ്ടായി. ഒരേതരം ക്ലാസ്സുകൾ രണ്ടുസ്ഥാപനങ്ങളിലും ഉണ്ടായിരുന്നതാണ് ഇതിന് കാരണം. ലോവർപ്രൈമറി ക്ലാസ്സുകൾ ഹിന്ദു എലിമെന്ററി സ്കൂളിലും ഹയർ എലിമെന്ററി ക്ലാസ്സുകൾ B E M സ്കൂളിനും അനുവദിച്ചുകൊണ്ട് തർക്കം അവസാനിപ്പിച്ചു. പിന്നിട് B E M മാനേജമെൻറ് സ്കൂൾ നിർത്തലാക്കി. ഈ പ്രദേശം വിട്ടു. ഹിന്ദു ലോവർ എലിമെന്ററി സ്കൂൾ ഹയർ എലിമെന്ററി സ്കൂളായി ഉയർത്തി ഇതാണ് ഇന്നുള്ള കണ്ണാടി A.B.U.P സ്ക്കൂൾ. ഇതേ കാലഘട്ടത്തിൽ തന്നെയാണ് കിണാശ്ശേരി, പരപ്പന, കടുംന്തിരുത്തി, തണ്ണീർപന്തൽ, കടകുറിശ്ശി എന്നീ പ്രദേശങ്ങളിൽ എലിമെന്ററി സ്കൂളുകൾ ആരംഭിച്ചത്. 1957ൽ ഇവയെല്ലാം പ്രൈമറി വിദ്യാലയങ്ങളായി ഉയർത്തപ്പെട്ടു. അവ താഴെ പറയുന്നവയാണ്.

1. G.L.P. സ്ക്കൂൾ കടകുറുശ്ശി.

2. A.L.P സ്ക്കൂൾ പരപ്പന.
3. M.S.L.P. സ്ക്കൂൾ കടുംന്തിരുത്തി.
4. C.J.B. സ്ക്കൂൾ കിണാശ്ശേരി.
5. A.M.S.B. സ്ക്കൂൾ കിണാശ്ശേരി.
6. A.B.U.P. സ്ക്കൂൾ കണ്ണാടി.

1982 വരെ ഈ പ്രദേശത്തുള്ളവർ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി മറ്റുപഞ്ചായത്തുകളെയും പാലക്കാട് പട്ടണത്തെയുമാണ് ആശ്രയിച്ചിരുന്നത്. 1982 ൽപൊതുജനപങ്കാളിത്തത്തോടെയുള്ള ഷെയർ ഉടമകളുടെ ചാരിറ്റബിൾ സൊസൈറ്റി ദീർഘനാൾ പരിശ്രമിച്ചതിന്റെ ഫലമായി കണ്ണാടി ഹൈസ്ക്കൂൾ സ്ഥാപിതമായി. ഇന്ന് കണ്ണാടി ഗ്രാമപഞ്ചായത്തിൽ ഒരു സർക്കാർ സ്കൂളും, ബാക്കി 6 എണ്ണം എയിഡഡ് സ്ക്കൂളുമാണ് കൂടാതെ അഞ്ച് അങ്കണവാടികളും സർക്കാർ അംഗീകാരമില്ലാത്ത മൂന്ന് നേഴ്സറി സ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്. 2 ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങയിവ ഒന്നുംതന്നെ പഞ്ചായത്തിൽ ഇന്നില്ല.

ഈ വർഷത്തെകണക്കനുസരിച്ച് പഞ്ചായത്തിലെ L. P, U. P, H. S വിഭാഗങ്ങളിലായി ആകെ 3115 വിദ്യാർത്ഥികളും 105 അദ്ധ്യാപകരും ഉണ്ട്. ആകെ വിദ്യാർത്ഥികളിൽ 1645 ആൺകുട്ടികളും 1470 പെൺകൂട്ടികളുമാണുള്ളത്. പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ട 1085 വിദ്യാർത്ഥികളിൽ 542 ആൺകുട്ടികളും 513 പെൺകുട്ടികളുമാണുള്ളത്. ഓരോ ക്ലാസ്സിലും തോറ്റുപഠിക്കുന്ന കേട്ടികളിൽ 188 ആൺകുട്ടികളും 91 പെൺകുട്ടികളുമാണുള്ളത്. ഇവരിൽ പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട 113 കുട്ടികളിൽ 77 ആൺകുട്ടികളും 36 പെൺകുട്ടികളുമാണുള്ളത്. ഈ വർഷം പഠനം നിർത്തിയ 145 കൂട്ടികളിൽ 93 ആൺകുട്ടികളും പെൺകുട്ടികളുമാണുള്ളത്. ഇതിൽ പട്ടികജാതിയിൽപ്പെട്ട 44 കുട്ടികളിൽ 28 ആൺകുട്ടികളും 16 പെൺകുട്ടികളുമുണ്ട്. ഓരോ വർഷവും പഠനം നിർത്തുന്ന കട്ടികളുടെ എണ്ണം കാര്യമായി കുറഞ്ഞുവരുന്നുണ്ട്.

പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലും അടിസ്ഥാനഭൗതിക

സാഹചര്യങ്ങളില്ല. കുടിവെള്ളം, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം, സ്റ്റാഫ്റൂം, വേണ്ടത്ര കെട്ടിടം, ഫർണീച്ചർ എന്നിവ ഇല്ലാത്ത 4 L.P സ്ക്കൂളും ഒരു U.P സ്ക്കൂളും പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ L.P സ്കൂളുകളിൽ പഠനോപകരണങ്ങൾ വേണ്ടത്ര ഇല്ല. ഒരു സ്കൂളിനും ചുറ്റുമതിലില്ല. A.B.U.P. സ്ക്കൂളിനും ഹൈസ്ക്കൂളിനും ഒഴികെ ഒന്നിലും ലബോറട്ടറി ഇല്ല. എല്ലാവിദ്യാലയങ്ങളിലും ലൈബ്രറി ഉണ്ട്. എല്ലാ വിദ്യാലയങ്ങളിലും മാതൃസംഗമം സജീവമാണ്. ഒരു L.P സ്ക്കൂളിലൊഴികെ മറ്റെല്ലാ വിദ്യാലയങ്ങളിലും PTA പ്രവർത്തിക്കുന്നുണ്ട്.

ദേശീയ, സംസ്ഥാന അദ്ധ്യാപക അവാർഡുകൾ നേടിയ മൂന്ന് അദ്ധ്യാപകർ നമ്മുടെ പഞ്ചായത്തിലുണ്ട്.

(1) **ശ്രീ. എം.എസ്. മോഹൻ**
കണ്ണാടി H.S. പ്രധാനദ്ധ്യാപകൻ
(ദേശീയ അവാർഡ് 1992)

(2) ശ്രീ പരമേശ്വരൻ മാസ്റ്റർ, P.E.T.
കണ്ണാടി A.B.U.P SCHOOL
(സംസ്ഥാന അവാർഡ് 1985)

(3) ശ്രീ. എം.ജെ. വർക്കി
കണ്ണനൂർ J.B SCHOOL പ്രധാനദ്ധ്യാപകൻ
(സംസ്ഥാന അവാർഡ് 1996)

സാമ്പത്തികമായി വളരെ പിന്നോക്കം നില്ക്കുന്ന രക്ഷിതാക്കളുടെ മക്കളാണ് ഭൂരിപക്ഷവും പഠിക്കുന്നത്. വിദ്യാർത്ഥികളുടെ പഠന നിലവാരം ആശാവഹമല്ല. ഈ വർഷത്തെ ഒന്നാം ടേമിലെ പരീക്ഷയിൽ പഞ്ചായത്തിലെ 3 ാം ക്ലാസ്സുമുതൽ 10ാം ക്ലാസ്സുവരെയുള്ള 2407 വിദ്യാർത്ഥികളിൽ 1160 വിദ്യാർത്ഥികൾ 30% മാർക്കിന് താഴെ നേടിയവരാണ്. ഹൈസ്കൂളിലെ S.S.L.C. വിജയശതമാനം പരിശോധിക്കുമ്പോൾ സ്ഥിരമായ റിസൽട്ട് ഉണ്ടാകുന്നില്ല എന്ന് വ്യക്തമാകുന്നു.

പൊതു വിദ്യാഭ്യാസം സംരക്ഷിക്കുന്നതിനും, തങ്ങളുടെ അവകാശങ്ങൾ

നേടിയെടുക്കുന്നതിനും ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ സംഘടനാപ്രവർത്തനത്തിൽ സജീവമാണ്.

നിരവധി വസ്തുതകൾ വിദ്യാദ്യാസനിലവാരം താഴുന്നതിനു കാരണമായി ചൂണ്ടികാണിക്കാം.

1. രക്ഷിതാക്കളുടെ സാമ്പത്തികമായ പിന്നോക്കാവസ്ഥയും ഉത്തരവാദിത്വമില്ലായ്മയും.
2. അദ്ധ്യാപകരുടെ അർപ്പണബോധമില്ലായ്മ.
3. മേലധികാരികളുടെ കാര്യക്ഷമമായ സുപ്പർവിഷന്റെ അഭാവം.
4. വിദ്യാലയങ്ങളിലെ ശോചനീയമായ ഭൗതികസാഹചര്യങ്ങൾ.
5. സിനിമ, ടിവി പോലുള്ള ദൃശ്യ മാധ്യമങ്ങളുടെ വ്യാപനം.
6. വിദ്യാലയങ്ങളിൽ പ്രീപ്രൈമറിയുടെ അഭാവം.
7. വിദ്യാലയങ്ങളിൽ അദ്ധ്യാപകനിയമനത്തിനും പാഠപുസ്തക വിതരണത്തിനും ഉള്ളകാലതാമസം.
8. പ്രവൃത്തിദിവസങ്ങളിലെ നഷ്ടം.
9. അദ്ധ്യാപകരെ മറ്റ് ജോലിക്ക് നിയോഗിക്കുന്നത്
10. ഒന്നാം ക്ലാസ്സിൽ 100 ശതമാനവും, 2 ാംക്ലാസ്സുമുതൽ 6ാം ക്ലാസുവരെ 90 ശതമാനവും, 7ാം ക്ലാസ്സുമുതൽ 9ാം ക്ലാസ്സുവരെ 80 ശതമാനവും നിർബന്ധമായും ജയിപ്പിക്കണമെന്ന പ്രമോഷൻ സമ്പ്രദായം.
11. സമൂഹത്തിൽ വിദ്യാഭ്യാസപരമായും, സാമ്പത്തികപരമായും, മുൻപന്തിയിൽ നിൽക്കുന്ന "ക്രീമുകൾ" പ്രാദേശിക വിദ്യാലയം ഉപേക്ഷിച്ചു പോകുന്നത്.

പരിഹാരങ്ങൾ

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം, ഭക്ഷണം എന്നിവ സൗജന്യമായി നൽകുക.
2. അദ്ധ്യാപകർ ആത്മാർത്ഥതയോടെ ജോലി നിർവ്വഹിക്കുക.

പഞ്ചായത്തിലെമുഴുവൻ അദ്ധ്യാപകരേയും പങ്കാളികളാക്കിക്കൊണ്ട് സ്കൂൾ കോംപ്ലക്സ് സംഘടിപ്പിക്കുകയും, ഓരോ വിദ്യാലയത്തിലെയും പാഠ്യപാഠ്യാനുബന്ധ പ്രവർത്തനങ്ങൾ, പ്രശ്നങ്ങൾ വിലയിരുത്തുകയും ചെയ്യുക. പഞ്ചായത്ത്

വിദ്യാഭ്യാസ വികസന സമിതി ഇതിന്റെ മേൽനോട്ടം വഹിക്കണം.

3, മേലധികാരികൾ യഥാസമയം വിദ്യാലയങ്ങൾ പരിശോധിക്കുകയും പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുക.

4, ബോധനരീതിയും മൂല്യനിർണ്ണയസമ്പ്രദായവും ശാസ്ത്രീയമായി പരിഷ്ക്കരിക്കുക.

5, വിദ്യാലയങ്ങളിൽ ഉണ്ടായിരിക്കേണ്ട അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ ഉറപ്പു വരുത്തുക.

6, വിദ്യാർത്ഥികളെ സ്വാധീനിക്കുന്ന ദൃശ്യമാധ്യമങ്ങളുടെ വ്യാപനത്തെപ്പറ്റി വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ബോധവാൻമാരാക്കുക.

7. അധ്യായനവർഷം ആരംഭിക്കുമ്പോൾ തന്നെ അദ്ധ്യാപകരെ നിയമിക്കുകയും പാഠപുസ്തക ലഭ്യത ഉറപ്പു വരുത്തുകയും ചെയ്യുക. മറ്റ് ജോലികളിൽ നിന്ന് അധ്യാപകരെ പൂർണ്ണമായി ഒഴിവാക്കുക.

8. പ്രവൃർത്തിദിനങ്ങൾ നഷ്ടപ്പെടുന്നത് തടയുക.

9. ഇന്നത്തെ പ്രമോഷൻ സമ്പ്രദായവും അധ്യാപക വിദ്യാർത്ഥി അനുപാതവും ശാസ്ത്രീയമായി പരിഷ്കരിക്കുക.

10 P.T.A., മാതൃസംഗമം, ക്ലാസ്സ്റൂം P.T.A. എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

11. സമൂഹത്തിലെ ക്രീമുകളെ പ്രാദേശിക വിദ്യാലയത്തിലേക്ക് ആകർഷിച്ച് അവരെക്കൂടി വിദ്യാലയത്തിന്റെ വികസനത്തിന് ഭാഗമാക്കുക.

12. അയൽപക്ക വിദ്യാലയ സമ്പ്രദായത്തിനുവേണ്ടിയുള്ള ബോധവൽക്കരണ പദ്ധതി ആരംഭിക്കുക.

ഹൈസ്ക്കൂൾ തലംവരെയുള്ള വിദ്യാഭ്യാസം മാത്രമേ ഇന്ന് നമ്മുടെ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ളു. ഉന്നത വിദ്യാഭ്യാസത്തിന് പഞ്ചായത്തിന് പുറത്തുള്ള സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. കണ്ണാടിഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ വികസനത്തിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് സമർപ്പിക്കുന്നു.

1. വാർഡു തലത്തിൽ അങ്കണവാടികൾ സ്ഥാപിക്കുക. ഇപ്പോൾ നിലവിലുള്ള അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളും

ഒരുക്കി കൊടുക്കുക.

2. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളോടും അനുബന്ധിച്ച് പ്രീ പ്രൈമറി ക്ലാസുകൾ ആരംഭിക്കുക.

3. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന കടകുറിശ്ശി LP. സ്കൂളിന് സ്വന്തമായി കെട്ടിടവും കളിസ്ഥലവും ഉണ്ടാക്കുക.

4. തരുവകുറിശ്ശിയിലും ചെമ്മൻക്കാട്ടും ഓരോ L.P സ്കൂൾ സ്ഥാപിക്കുക.

5. കണ്ണാടി ഹൈസ്ക്കൂളിൽ വൊക്കേഷണൽ ഹയർസെക്കന്ററിയും പ്ലസ്ടുവും ആരംഭിക്കുക.

6. പഞ്ചായത്തിൽ I.T.I പോലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.

7. ലെയ്ത്ത്, പ്ലംബിങ്ങ്, കാർപെന്ററി, ഇലക്ട്രീഷൻ, ഇലക്ട്രോണിക്സ്, ഓട്ടോമോബൈൽ തുടങ്ങിയ തൊഴിലുകൾ പഠിക്കുന്നതിന് ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് സൗകര്യം ചെയ്തു കൊടുക്കുക.

8. കണ്ണാടി ഹൈസ്ക്കൂളിലും യു.പി. സ്കൂളുകളിലും കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുക.

നമ്മുടെ പഞ്ചായത്തിലെ പല വിദ്യാലയങ്ങളിലും പാഠ്യാനുബന്ധപ്രവർത്തനങ്ങൾ വേണ്ടവിധത്തിൽ നടക്കുന്നില്ല. പഠന നിലവാരത്തോടൊപ്പം പാഠ്യാനുബന്ധപ്രവർത്തനങ്ങളിലും ഉയർച്ച ഉണ്ടാകേണ്ടതാണ്. ഇതിന് ശാസ്ത്ര, ഗണിതശാസ്ത്ര, സോഷ്യൽസയൻസ് ക്ലബുകൾ പ്രവർത്തി പരിചയ ക്ലാസ്സുകൾ, സാഹിത്യ സമാജങ്ങൾ, കലാവേദികൾ എന്നിവ സ്ക്കൂളുകളിൽ സജീവമാക്കണം. സ്ക്കൂളുകളിലെ കളിസ്ഥലങ്ങൾ സജീവമാക്കണം. സ്ക്കൂൾതല യുവജനോത്സവം, സ്പോട്സ്, ശാസ്ത്രമേള എന്നിവ രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടപ്പാക്കണം. സബ്ജില്ല, ജില്ലാ, സംസ്ഥാനതലപരിപാടികളിൽ വിദ്യാർത്ഥികളെ എത്തിക്കുന്നതിന് അധ്യാപകരുടെയും രക്ഷിതാക്കളുടെയും ആത്മാർത്ഥമായ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ ഉണ്ടാക്കണം. നമ്മുടെ പ്രദേശത്തെ പ്രധാനപ്പെട്ട കൃഷികളുമായി വിദ്യാർത്ഥികൾക്ക് ബന്ധമുണ്ടാകുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ സ്ക്കൂളുകളിൽ ഉണ്ടാക്കണം. ഇതിന് കൃഷി ഒരു വിഷയമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. വിദ്യാലയങ്ങൾ ലളിതമായ രീതിയിലെങ്കിലും വാർഷികാഘോഷം സംഘടിപ്പിക്കണം.

പഠനനിലവാരം ഉയരുകയും പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്താൽ വിദ്യാലയങ്ങൾ ഈ പ്രദേശത്തെ പ്രധാന ശ്രദ്ധാകേന്ദ്രങ്ങളായി മാറും. അതിന് വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ അർപ്പണബോധത്തോടെയുള്ള പ്രവർത്തനവും രക്ഷിതാക്കളുടെ പങ്കാളിത്തവും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

" വിദ്യാഭ്യാസം ഒരു നാണയമാണ്
അതിന്റെ ഒരു വശം പ്രയ്യർത്തിയേയും
മറുവശം ജ്ഞാനത്തേയും കാണിക്കുന്നു "

- ടാഗോർ

അക്കാദമിക് നിലവാരം

ക്ലാസ്	ആകെ വിദ്യാർത്ഥികൾ	കുട്ടികളുടെ പൊതുനിലവാരം (1-ാം ടേമിലെ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ)				
		30% മാർക്കിനു താഴെ ലഭിച്ചവർ	30-40% മാർക്ക് നേടിയവർ	40-50% മാർക്ക് നേടിയവർ	50-60% മാർക്ക് നേടിയവർ	60% മുകളിൽ മാർക്ക് നേടിയവർ
3	361	131	68	49	48	65
4	362	120	70	57	41	74
5	301	156	57	33	25	30
6	300	189	45	16	17	33
7	295	204	48	23	6	14
8	300	120	90	45	30	15
9	268	108	80	40	26	14
10	220	132	33	33	11	11

1984 - 65 മുതൽ 1995 - 96 വരെയുള്ള S. S. L. C വിജയശതമാനം

വർഷം	S. S. L. C പരീക്ഷ എഴുതിയവർ			S. S. L. C പരീക്ഷ പാസ്സായവർ			S. S. L. C വിജയ ശതമാനം
	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ	ആൺകുട്ടികൾ	പെൺ കുട്ടികൾ	ആകെ	
1984-85	34	24	58	11	7	18	31
1985-86	49	54	103	8	19	27	26
1986-87	44	56	100	13	18	31	31
1987-88	44	34	78	16	15	31	40
1988-89	85	90	175	15	29	44	25
1989-90	117	69	186	28	20	48	26
1990-91	82	67	149	32	32	64	43
1991-92	106	91	197	26	20	46	23
1992-93	190	99	190	21	23	44	23
1993-94	90	99	189	43	39	82	43
1994-95	87	100	187	18	34	52	28
1995-96	93	109	202	15	28	43	21

7 ആരോഗ്യം കുടിവെള്ളം പരിസരശുചിത്വം.

" നികുതി ചുമത്തപ്പെടാത്ത സമ്പത്താണ് ആരോഗ്യം "

ഏതൊരു രാഷ്ട്രത്തിന്റെയും ഏറ്റവും വലിയ സമ്പത്ത് ആരോഗ്യമുള്ള ജനതയാണ്. ആരോഗ്യമില്ലാത്ത ജനത ഏതു രാജ്യത്തെ സംബന്ധിച്ചും വലിയ ഒരു ബാദ്ധ്യതയാണ്. ആ നിലക്ക് ആരോഗ്യ സംരക്ഷണം പ്രഥമവും പ്രധാനവുമായ ഒന്നാണ്.

ആരോഗ്യ സംരക്ഷണത്തെക്കുറിച്ചു പറയുമ്പോൾ ശുദ്ധജലവും വ്യക്തിയായ പാർപ്പിടവും പരിസരശുചിത്വവും പരമപ്രധാനമായ ഘടകങ്ങളാണ്. ഇവയോരോന്നും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. തികച്ചും ഗാമപ്രദേശമായ ഈ പഞ്ചായത്തിൽ ആരോഗ്യ സംരക്ഷണത്തെ സംബന്ധിച്ച് ശാശ്വതമായ പരിഹാരം കണ്ടെത്താൻ കഴിയണമെങ്കിൽ സുദീർഘമായ പഠനവും ശാസ്ത്രീയമായ വിലയിരുത്തലും ആവശ്യമാണ് എന്നിരുന്നാലും നിലവിലുള്ള സംവിധാനങ്ങളും സാഹചര്യങ്ങളും ഉപയോഗപ്പെടുത്തി ഒരു ഐശ്വര്യപൂർണ്ണമായ പഞ്ചായത്തിനു രൂപം നൽകുക എന്നതാണ് നമ്മുടെ മുമ്പിലുള്ള ഇന്നത്തെ കടമ.

കണ്ണാടി ഗ്രാമ പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും 4 സബ്സെന്ററുകളും ഒരു ആയുർവ്വേദ ഡിസ്പെൻസറിയും പ്രവർത്തിർച്ചു വരുന്നു. സ്പെഷൽ കോംപോണന്റ് പ്ലാനിൽ ഉൾപ്പെടുത്തി 1990 ൽ ആരംഭിച്ച പ്രാഥമിക ആരോഗ്യകേന്ദ്രം ആദ്യം വാടക കെട്ടിടത്തിലും ഇപ്പോൾ പഞ്ചായത്തിന്റെ സാംസ്കാരിക നിലയത്തിലുമാണ് (അനക്സ്) പ്രവർത്തിച്ചു വരുന്നത്.

സാംസാകരിക നിലയത്തിലെ സ്ഥലപരിമിതി രോഗികൾക്ക് പ്രത്യേകിച്ച് മഴക്കാലത്ത് പലവിധ ബുദ്ധിമുട്ടുകൾക്കും കാരണമാകുന്നു.

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനും പുഴക്കൽ സബ്സെന്ററിനും സ്വന്തമായി കെട്ടിടങ്ങൾ അത്യാവശ്യമാണ്. സ്ഥിതി വിവരകണക്കുകൾ പരിശോധിക്കുകയണെങ്കിൽ കണ്ണാടി പഞ്ചായത്തിലെ ജനന നിരക്ക് 12.72ഉം മരണ നിരക്ക് 5.36ഉം ആണ്. ഒരു വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 288 ആണ്. ശരാശരി കുടുബത്തിലെ അംഗസംഖ്യ 5.17 ആണ്. ഇത് കേരളത്തിലെ മൊത്തം ജനനമരണ നിരക്കിനെ അപേക്ഷിച്ച് കൂറവാണ്. എങ്കിലും 1995-96ൽ 3773 ജലജന്യ രോഗങ്ങളും, 9144 മറ്റു രോഗങ്ങളും 568 വായു ജന്യരോഗങ്ങളും ജനങ്ങളെ ബാധിച്ചതായി കാണുന്നു. ഇതിൽ നിന്ന് ആരോഗ്യ രംഗത്തെ ഇന്നത്തെ പോരായ്മകളും പരിസര ശുചിത്വത്തിന്റെ പ്രാധാന്യവും മനസ്സിലാക്കാൻ നമുക്കു കഴിയും. പഞ്ചായത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെയുള്ള ജനങ്ങൾക്ക് ഇന്ന് നിലവിലുള്ള PHC യിൽ നിന്ന് സേവനം കിട്ടണമെങ്കിൽ അഞ്ചാറു കിലോമീറ്റർ വരെ യാത്ര ചെയ്യേണ്ട സ്ഥിതിയാണ്. രോഗ പ്രതിരോധപ്രവർത്തനം മെച്ചപ്പെടുത്താൻ ഇന്നുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇത് ജനസംഖ്യയുടെ ആനുപാതിക അടിസ്ഥാനത്തിലായിരിക്കണം. ഇന്ന് നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ ആവശ്യത്തിനു കിടക്കകളോടുകൂടിയ ആശുപത്രിയാക്കി ഉയർത്തുകയും 7,8,9,10 എന്നീ വാർഡുകളിലെ ജനങ്ങൾക്ക് ചികിത്സാ സൗകര്യം ലഭിക്കുന്നതിനായി 10 ാം വാർഡിൽ സൗകര്യ പ്രദമായ സ്ഥലത്ത് ഒരു PHC കൂടി ആരംഭിക്കുകയും ചെയ്താൽ വളരെ നന്നായിരിക്കും.

അടിയന്തിരമായും ഒരു ഹോമിയോ ചികിത്സ കേന്ദ്രം ആരംഭിക്കേണ്ടതാണ് കൂടാതെ ഇന്ന് നിലവിലുള്ള ആയർവ്വേദ ആശുപത്രി കുറച്ചുകൂടി ഫലപ്രദമായി പ്രവർത്തിപ്പിക്കേണ്ടതാണ്. ഓരോ വാർഡിലും ശിശുക്ഷേമ കേന്ദ്രവും രണ്ടു വീതം അംഗനവാടികളും സ്ഥാപിച്ച്, ഈ രംഗം മെച്ചപ്പെടുത്തുകയും വേണം. ജനകീയ പങ്കാളിത്തത്തോടെ ഔഷധ സസ്യം വെച്ചു പിടിപ്പിക്കുക വഴി ആയുർവേദ രംഗം പരിപോഷിപ്പിക്കാൻ കഴിയും ആയുർവേദ രംഗത്തെ പ്രാധാന്യവും ആവശ്യകതയും സംബന്ധിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്ന ചർച്ചകളും

സെമിനാറുകളും സംഘടിപ്പിക്കണം. ബാലരോഗം, പഞ്ചകർമ്മം, മർമ്മം, നേത്രം, വിഷം, സിദ്ധം തുടങ്ങിയവക്കുള്ള പ്രകൃതി ചികിത്സയും, യുനാനി എന്ന പ്രത്യേക ചികിത്സാരീതിയും പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും വിദഗ്ദ ചികിത്സ ലഭ്യമാകുന്നതരത്തിൽ ആധുനിക രോഗ പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തി കിടത്തി ചികിത്സിപ്പിക്കുന്ന ഒരു ആശുപത്രി ഈ പഞ്ചായത്തിൽ തുടങ്ങേണ്ടതാണ്. കണ്ണാടി പഞ്ചായത്തിൽ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാക്കുകയും വേണം. സന്നദ്ധ സംഘടനകളെ ആരോഗ്യ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ജനപങ്കാളിത്തം ഉറപ്പാക്കുകയും ആരോഗ്യ രംഗത്ത് നിലവിലുള്ള അവസ്ഥ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

ആരോഗ്യ രംഗം ഇന്ന് ഏറ്റവും വലിയെരു കച്ചവട മേഖലയായി തീർന്നിരിക്കുകയാണ്. ആധുനിക ശാസ്ത്രത്തെ ഉപയോഗപ്പെടുത്തി വിദേശ ഏജൻസികളുടെ സഹായത്തോടെ കുത്തകകമ്പനികൾ നടത്തുന്ന ഔഷധനിർമ്മാണശാലകൾ യാതൊരു നിയന്ത്രണവുമില്ലാതെ ഉയർന്നവന്നു കൊണ്ടിരിക്കുന്നു. ഗുണമേൻമ കുറഞ്ഞതും അപകടകാരികളുമായ മരുന്നുകളും ഇന്ന് കമ്പോളത്തിൽ സുലഭമാണ്. മാത്രമല്ല നിരോധിക്കപ്പെട്ട മരുന്നുകൾ പോലും ഇന്ന് നമ്മുടെ മെഡിക്കൾ ഷാപ്പുകളിൽ വില്പനക്ക് വരുന്നുണ്ട്. ഇത് ഉപയോഗിക്കുന്നത് മൂലം രോഗം മാറുന്നില്ല എന്നതു മാത്രമല്ല പുതിയ രോഗങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു. പാർശ്വ ഫലങ്ങൾ ഉളവാക്കുന്ന മരുന്നുകളും ഇല്ലാതില്ല. ഇത് ഫലപ്രദമായി നിയന്ത്രിക്കുകയും പരിശോധനാ വിധേയമാക്കുവാനുള്ള നടപടികൾ ശക്തമാക്കുകയും വേണം. ജീവൻ രക്ഷാമരുന്നുകളുടെ വർദ്ധിച്ച തോതിലുള്ള വില വർദ്ധനവ് ആരോഗ്യ സംരക്ഷണ രംഗത്ത് വളരെയധികം പ്രതിസന്ധി ഉളവാക്കിയിട്ടുണ്ട്.

പരിസര ശുചിത്വം

ജില്ലാ ആസ്ഥാനത്തേട് തൊട്ട് കിടക്കുന്നതുകൊണ്ടും ദേശീയപാത നമ്മുടെ പഞ്ചായത്തിലൂടെ കടന്നു പോകുന്നതുകൊണ്ടും വ്യവസായങ്ങളും, ഹൗസിങ്ങ് കോളനികളും ക്രമാതീതമായി വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്.

അശാസ്ത്രീയമായ രീതിയിൽ ഹൗസിങ്ങ് കോളനികൾ നിർമ്മിക്കുന്നതുമൂലം മലിനജലം കെട്ടി നില്ക്കുന്നതിനും, മാരകമായ രോഗങ്ങൾ ഉണ്ടാകുന്നതിനും കാരണമാകുന്നു. ഫാക്ടറികളിലെ മലിന ജലം ജലസ്രോതസ്സുകളെ മലിനമാക്കുന്നു. ആയതു നിയന്ത്രിക്കുകയും മലിന ജലം ശുദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

നമ്മുടെ പഞ്ചായത്തിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ സ്ഥിരമായി കണ്ടുവരുന്ന ഏറ്റവും അപകടകരമായ ഒരു പ്രവണതയാണ്, പരിസരപ്രദേശങ്ങളിലും തുറസ്സായ സ്ഥലത്തും മലമൂത്രവിസർജനം ചെയ്യുക എന്നത്. ഇത് പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കുന്നു. സ്വന്തമായി കക്കൂസ് ഇല്ലാത്തതാണ് ഇതിനുകാരണം. പഞ്ചായത്തിൽ കക്കൂസ് ഇല്ലാത്ത എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിച്ചു കൊടുക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തേണ്ടതാണ്. പരിസരശുചിത്വമില്ലായ്മ മൂലം നിരവധി പകർച്ച വ്യാധികൾ ഉണ്ടാവുന്നത് ഇപ്പോൾ സാധാരണയായിത്തീർന്നിരിക്കുന്നു. നമ്മുടെ സമൂഹത്തിൽ നിന്നും തുടച്ചു നീക്കി എന്ന കരുതിയിരുന്ന മലമ്പനി, മസൂരി, പ്ലേഗ്, മുതലായ രോഗങ്ങൾ അവിടവിടെ കണ്ടുതുടങ്ങിയിരിക്കുന്നു. പൂർവാധികം കരുത്തോടെ, ഇതിനെതിരെ പൊതുജന പങ്കാളിത്തത്തോടെയുള്ള ബോധവൽക്കരണം അത്യാവശ്യമാണ്. വായനശാലകളുടെയും സന്നദ്ധസംഘടനകളുടെയും പ്രവർത്തനശേഷി ഇതിന് പ്രയോജനപ്പെടുത്തണം. പഞ്ചായത്ത് തലത്തിലുള്ള ശുചീകരണ പ്രവർത്തനത്തിന് നിലവിലുള്ള ജീവനക്കാർ വളരെ അപര്യാപ്തമാണ്. ആയത് പരിഹരിക്കുവാൻ വാർഡ് അടിസ്ഥാനത്തിൽ ശുചീകരണ ജീവനക്കാരെ നിയമിക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കണം. ചപ്പ്ചവറുകളും മറ്റ് മലിന വസ്തുക്കളും ഒരു കേന്ദ്രത്തിൽ നിക്ഷേപിക്കുന്നതിനും ആഴ്ചയിൽ രണ്ട് ദിവസങ്ങളിലെങ്കിലും അവ നീക്കം ചെയ്ത് സംസ്കരിക്കുന്നതിനും സംവിധാനം ഉണ്ടായിരിക്കണം.

പഞ്ചായത്തിലുള്ള കുളങ്ങളും മറ്റു ജലാശയങ്ങളും വൃത്തിയാക്കിവെക്കുന്നില്ല. കൊതുക് വളർത്ത് കേന്ദ്രങ്ങളായി ഇവ മാറിയിരിക്കുന്നു. ഇത് പലവിധ രോഗങ്ങൾ ഉണ്ടാകാൻ കാരണമാകുന്നു. ഇത്തരം ജലാശയങ്ങൾ വൃത്തിയാക്കി Baylex പോലുള്ള കൊതുക് നിവാരണികൾ ഉപയോഗിച്ച് ശുദ്ധീകരിക്കേണ്ടതാണ്. അഴുക്കുചാലുകൾ വൃത്തിയാക്കി ഇടയ്ക്കിടെ കീടനാശിനികൾ

അടിക്കണം. കച്ചവട സ്ഥാപനങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ സംഭരിക്കുവാൻ പ്ലാസ്റ്റിക് കൊട്ടകൾ കൊടുക്കുകയും അവ നിശ്ചിത ദിവസങ്ങളിൽ സംഭരിച്ച് പ്രത്യേക കുഴികളിൽ നിക്ഷേപിക്കുകയും വേണം. ഇത് കംപോസ്റ്റ് വളമാക്കി കൃഷിക്ക് ഉപയോഗപെടുത്തുവാൻ കഴിയും. പഞ്ചായത്തിൽ സ്വന്തമായി Dumping pit ഉണ്ടാക്കണം. പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള ശ്മശാനങ്ങൾ മനുഷ്യ വിഭവശേഷി ഉപയോഗിച്ച് ചുറ്റുമതിൽ കെട്ടി വേണ്ടവിധം സംരക്ഷിക്കണം.

പൊതുജനാരോഗ്യത്തെ സംബന്ധിച്ച് പറയുമ്പോൾ ഹോട്ടലുകളുടെ പ്രവർത്തനത്തെ പരാമർശിക്കാതിരിക്കാൻ കഴിയില്ല. ഭക്ഷണ സാധനങ്ങൾ തുറന്ന് വെക്കുക, പഴകിയ ഭക്ഷണ സാധനങ്ങൾ നൽകുക തുടങ്ങിയവയാൽ ഉദര സംബന്ധമായ നിരവധി അസുഖങ്ങൾക്ക് കാരണമാകുന്നു. ആയത് പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. മാസത്തിലൊരു തവണയെങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ പരിശോധന നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിനകത്തുള്ള കടകളിലും മറ്റും വിൽപ്പനക്കായി വെച്ചിട്ടുള്ള ശീതള പാനീയങ്ങൾ, മിഠായികൾ തുടങ്ങിയ പലതും വിഷലിപ്തങ്ങളായ ചേരുവകൾ ചേർത്ത് നിർമ്മിക്കപ്പെട്ടവയാണ്. ആകർഷകങ്ങളായ നിറങ്ങൾ ചേർത്ത സ്ക്വാഷുകളും പരിശോധനാവിധേയമാക്കണം. മാരകരോഗങ്ങൾക്ക് കാരണമായേക്കാവുന്ന പദാർത്ഥങ്ങളുടെ ഉപയോഗം കുറക്കുന്നതിനു വേണ്ടിയുള്ള ബോധവൽക്കരണം നടത്തണം.

I. P. P. സെന്ററുകളിൽ ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തണം. മൂന്ന് മാസത്തിലൊരിക്കൽ എല്ലാ വാർഡുകളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും വേണം. ലഭ്യമായ സൗകര്യങ്ങളും ജനപങ്കാളിത്തത്തോടുകൂടിയതും സമയബന്ധിതവുമായ പ്രവർത്തനങ്ങളും ചിട്ടപ്പെടുത്തി ആരോഗ്യരംഗം മെച്ചപ്പെടുത്താൻ പദ്ധതികൾ തയ്യാറാക്കണം. പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളിൽ നിന്ന് ഗ്രാമ വാസികളെ പിൻതിരിപ്പിക്കാനുള്ള ക്ലാസുകളും സെമിനാറുകളും നടത്തേണ്ടിയിരിക്കുന്നു. മാത്രമല്ല, നമ്മുടെ ഗ്രാമങ്ങളിൽ നിലവിലുള്ള കള്ള് ഷാപ്പുകളിൽ ഇന്ന് വിൽക്കപ്പെടുന്ന കൃത്രിമ കള്ള് പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കുന്നുണ്ട്. ഇത് കർശനമായി

തടയുന്നതിനുള്ള നടപടികൾ ഉണ്ടാവണം.

ആരോഗ്യരംഗത്ത് ജനകീയ പ്രസ്ഥാനങ്ങളുടെ ശക്തമായ ഇടപെടലുകളിൽകൂടി മാത്രമെ ഇന്ന് നിലവിലുള്ള പോരായ്മകൾ പരിഹരിക്കുവാൻ കഴിയുകയുള്ളൂ. ഗ്രാമീണ ജനതയുടെ നിത്യ ജീവിതവുമായി ബന്ധപ്പെട്ട ഈ മേഖലയിലെ സേവനം മെച്ചപ്പെടുത്തുവാനുള്ള പ്രധാന പോംവഴിയും ഇതുതന്നെ.

കുടിവെള്ളം

മനുഷ്യ ജീവിതത്തിനു വെള്ളം, വെളിച്ചം, പാർപ്പിടം, വസ്ത്രം, ആരോഗ്യം എന്നിവ ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകങ്ങളാണല്ലൊ. ഇതിൽ പരമപ്രധാനമായിട്ടുള്ളത് ശുദ്ധജലം തന്നെ. നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനു മുഖ്യമായും ആശ്രയിക്കുന്നത് കിണറിനെയാണ്. വാട്ടർ അതോറിറ്റിയുടെ രണ്ടു ജല വിതരണപദ്ധതികളും (കണ്ണാടി പുഴക്കൽ പംമ്പിങ്ങ് സ്റ്റേഷൻ, ചാത്തൻകുളങ്ങരപറമ്പ് ബോർവെൽ) 45 പഞ്ചായത്തു കിണറുകളും, 25 കുഴൽകിണറുകളും കുടിവെള്ളത്തിനായി ഉപയോഗിച്ചു വരുന്നു. വേനൽക്കാലങ്ങളിൽ കണ്ണാടിപുഴയിലെ നീരൊഴുക്ക് കുറയുന്നതോടുകൂടി പഞ്ചായത്തിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടാൻ തുടങ്ങുകയായി. കുറെ വർഷങ്ങളായി ഈ അവസ്ഥ തുടരുകയാണ്. പുഴയിൽ സ്ഥാപിച്ചിട്ടുള്ള പംമ്പിങ്ങ് സ്റ്റേഷനു സമീപത്തു നിന്നു വ്യാപകമായ തോതിൽ മണൽ കടത്തികൊണ്ടു പോവുന്നത് ജലം ശുദ്ധീകരിക്കുന്ന പ്രക്രിയയെ ദോഷമായി ബാധിക്കുന്നുണ്ട്. പഞ്ചായത്തു കിണറുകളിൽ പലതും വേനൽക്കാലമാവുമ്പോൾ വറ്റി വരണ്ടു പോകുന്നു. പഞ്ചായത്തു കിണറുകളിൽ മിക്കതിലും പാറയുണ്ട്. ഇതു കാരണം ഈ കിണറുകളിൽപലതും ഉപയോഗശൂന്യമായി കിടക്കുകയാണ്. 200 മീറ്ററിന് ശുദ്ധജലം ലഭിക്കുന്ന ഒരു ടാപ്പ് എന്ന സങ്കല്പം സാക്ഷാൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം കൊണ്ടു കഴിയില്ല. പൈപ്പ്ലൈൻ എത്താത്ത നിരവധി സ്ഥലങ്ങൾ ഇനിയും പഞ്ചായത്തിലുണ്ട്.

പ്രശ്നങ്ങൾ

വാർഡ് :

മടപ്പള്ളം, രാമഞ്ചന്നത്ത്, ചെമ്മങ്കാട്, ചന്തിരിക്കാട്, വാടപ്പറമ്പ്, കൊടക്കാട്,

എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ എത്തിയിട്ടില്ല. ചെമ്മങ്കാട്, കൊടക്കാട് എന്നീ സ്ഥലങ്ങളിൽ രൂക്ഷമായ ശുദ്ധജലക്ഷാമമുണ്ട്.

വാർഡ് 2

വടക്കുമുറി, പൂവ്വക്കോട്, മണലൂർ, കീരിയാട്, വടക്കുമുറി തറ, തുമ്പളപറമ്പ്, പന്നിക്കോട് എന്നീസ്ഥലങ്ങളിൽ പൈപ്പ്ലൈൻ എത്തിയിട്ടില്ല. വടക്കുമുറി, പൂവ്വക്കോട്, മണലൂർ എന്നിവടങ്ങളിൽ ജലക്ഷാമം കൂടുതലാണ്.

വാർഡ് 3

അയ്യപ്പൻകാവ്, കീരിയാട്, എന്നീസ്ഥലങ്ങളിൽ ശുദ്ധജലക്ഷാമം കൂടുതലാണ്.

വാർഡ് 4

തരുവക്കുനിശ്ശി, കിഴക്കുമുറി, ഈന്തക്കാട്തറ എന്നിവിടങ്ങളിൽ പൈപ്പ്ലൈൻ എത്തിയട്ടില്ല. മൂന്ന് സ്ഥലങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 5

തരവനാട്ടുകളം, കടലാകുറുശ്ശി, കൊല്ലങ്കോട്ടുകളം എന്നീ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ എത്തിയിട്ടില്ല. വേനൽക്കാലത്ത് മിക്കവാറും കിണറുകൾ ഈ പ്രദേശത്ത് വറ്റിവരണ്ടു പോകുന്നു.

വാർഡ് 6

കടുന്തിരുത്തി MSLP സ്കൂൾ, വടക്കുമുറി, കളിമൺപാടം, മന്ദം, കുമ്പളത്തറ, കുന്നക്കാട് എന്നിവടങ്ങളിൽ പൈപ്പ്ലൈൻ എത്തിയിട്ടില്ല. കളിമൺപാടം, കടുന്തിരുത്തി എന്നിവടങ്ങളിൽ കുടിവെള്ളക്ഷാമം കൂടുതലാണ്. കുടുന്തിരുത്തിയിൽതന്നെ പല കിണറുകളിലും ഉപ്പുവെള്ളമാണുള്ളത്.

വാർഡ് 7

ഈ വാർഡിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും പൈപ്പ് ലൈൻ എത്തിയിട്ടില്ല. മമ്പറം, പുതുഗ്രാമം, കൂറുങ്ങാട്ടുപൊറ്റ, തോട്ടത്തിൽകാട്, ഉപ്പുംപാടം വേലൂർക്കളം, ആന്തൂർക്കാവ് എന്നീസ്ഥലങ്ങളിലെല്ലാം കുടിവെള്ളത്തിന്റെ രൂക്ഷമായ പ്രശ്നമുണ്ട്. ഉപ്പുംപാടം, പറമ്പക്കാട് പ്രദേശത്തെ കിണറുകളിൽ മിക്കതിലും ഒരു പ്രത്യേകതരം രാസ പദാർത്ഥം കലർന്നിട്ടുള്ളതുകൊണ്ട് ഇവിടെത്തെ ജനങ്ങൾക്ക് ആരോഗ്യപരമായ പല പ്രശ്നങ്ങളും ഇതുമായി ബന്ധപ്പെട്ട് അനുഭവപ്പെടുന്നു.

വാർഡ് 9

ഈ വാർഡിന്റെ ഒരു ഭാഗത്തും പൈപ്പ് ലൈൻ എത്തിയിട്ടില്ല. പരപ്പന, മുതുകാട്, ആനപ്പുറംകാട്, തോട്ടുപാടം, ആക്കരകുളമ്പ് തുടങ്ങിയ സ്ഥലങ്ങളിലെല്ലാം രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 10

കൊളക്കപൊടം, കാളിയംകുന്നം കിഴക്ക്ഭാഗം, വാണിയത്തറ, ആലക്കൽപറമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ എത്തിയട്ടില്ല. കാളിയംകുന്നം, PPF വായനശാല പരിസരം എന്നിവിടങ്ങളിൽ കുടിവെള്ള പ്രശ്നം രൂക്ഷമാണ്.

ആവശ്യങ്ങൾ

പൈപ്പ് ലൈൻ നീട്ടേണ്ടതായ സ്ഥലങ്ങൽ

വാർഡ് 1

പുഴക്കൽ ലൈനിൽനിന്ന് മടപ്പള്ളം രാമഞ്ചേന്നത്ത്, ചെമ്മങ്കാട്, എന്നിവടങ്ങളിൽ വെള്ളം എത്തിക്കണം. തിരുനെല്ലായ് പമ്പ് ഹൗസിൽ നിന്ന് ലൈൻ എടുത്ത് വാടപറമ്പ്, കൊടകാട് എന്നിവിടങ്ങളിൽ വെള്ളമെത്തിക്കണം.

വാർഡ് 2

ഞായറാഴ്ചകാവ് ലൈനിൽ നിന്ന് ചെല്ലിക്കാട് ഹരിജൻ കോളനി, നായൻമ്മാർ തറ, വടക്കുമുറി, പൂവ്വക്കോട് എന്നീഭാഗങ്ങളിൽ വെള്ളം എത്തിക്കണം. കീരിയാട് ലൈനിൽ നിന്ന് മണലൂർ കിണർമുക്ക് വരെ ലൈൻ നീട്ടണം. തിരുനെല്ലായ് പമ്പ്ഹൗസ് ലൈനിൽ നിന്ന് തുമ്പളംപറമ്പിലേക്കും പന്നിക്കോട്ടിലേക്കും ലൈൻ നീട്ടണം.

വാർഡ് 3

ചെങ്ങലംകാട് ജംങ്ക്ഷനിൽനിന്ന് അയ്യപ്പൻകാവ് വരെ ലൈൻ നീട്ടണം കമ്മാന്തറയിൽ നിലവിലുള്ള ലൈനിൽ രണ്ട് ടാപ്പു കൂടി അനുവദിക്കുക, മന്നാട്ടുകളത്തും ഇത് ആവശ്യമാണ്. കീരിയാട് NH വരെ ലൈൻ നീട്ടുക. കുളവരമ്പ്, IPP സെന്ററിനു മുൻവശം എന്നിവിടങ്ങളിൽ ഓരോ ടാപ്പുകൾ വീതം അനുവദിക്കുക.

വാർഡ് 4

പാത്തിക്കൽ ജംങ്ക്ഷൻ മുതൽ പാറക്കാട് വരെ ലൈൻ നീട്ടുക. കണ്ണമ്പരിയാരം

തറയിൽ 50 മീറ്റർ കൂടി നീട്ടുക. ചാളക്കൽ തറയിലേക്ക് ലൈൻ നിട്ടുക. പറക്കുളം ഈന്തകാട് തറയിലേക്കും ഭാവിയിൽ തരുവകുറിശ്ശിലേക്കും ലൈൻ നീട്ടുക. കുടുവക്കോട് വെള്ളാനിപറമ്പ്, ചാത്തൻകുളങ്ങരപറമ്പ്, വാർഡ് 4, 5, 8 കൂടിയുള്ള ചേലകാട്ടിലേക്കും ലൈൻ നീട്ടുക. കളരിക്കലിൽ ഒരു ടാപ്പ് സ്ഥാപിക്കുക.

വാർഡ് 5.

തിരുനെല്ലായ് പമ്പ്ഹൗസിൽ നിന്ന് തരവനാട്ട്കുളം കടലാകുറിശ്ശി, കൊല്ലങ്കോട്ട്പറമ്പ്, പുളിയപ്പൻതൊടി എന്നിവടങ്ങളിലേക്ക് ലൈൻ നീട്ടി വെള്ളം എത്തിക്കണം.

വാർഡ് 6

പെരണ്ടകാട് മിൽ മുൻവശം ലൈൻ നീട്ടുക. താണിയൻകാവിൽ രണ്ട് ടാപ്പുകൾകൂടി അനുവദിക്കുക.

വാർഡ് 7

കടുന്തിരുത്തി വടക്കുമുറി കനാലിൽ നിന്ന് വടക്കുമുറി തറയിലേക്ക് ലൈൻ നീട്ടുക. N.H കൾവർട്ടു മുതൽ കളിമൺ പാടം, N.H കൾവർട്ടു മുതൽ കടുംന്തിരുത്തി സ്കൂൾ, ചാത്തൻതറ റോഡ് മുതൽ മന്ദം, കിണാശ്ശേരി പാലക്കാട് മെയിൻ റോഡിൽ നിന്ന് കുന്നക്കാട്ടിലേക്കും ലൈൻ നീട്ടുക.

വാർഡ് 8

ഉപ്പുംപാടം കോവിലിൽ നിന്ന് ചാത്തനാട്ടുകളം വരെയും, മൃഗാസ്പത്രിയുടെ മുമ്പിൽ നിന്ന് ആന്തൂർ കാവ് വരെയും, ഉപ്പുംപാടത്തുനിന്ന് മമ്പറം പുതുഗ്രാമം വരെയും, തണ്ണീർപന്തലിൽ നിന്ന് കേലക്കോട്ടിലെക്കും, തണ്ണീർപന്തൽ വാഴക്കടവ് റോഡിൽ നിന്ന് മുഞ്ഞക്കോട്ടിലേക്കും ലൈൻ നീട്ടുക.

വാർഡ് 9

കിണാശ്ശേരി ജംങ്ക്ഷനിൽ നിന്ന് ആനപ്പുറംകാട്, പരപ്പന മുതുകാട് എന്നിവിടങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടണം.

വാർഡ് 10

കിണാശ്ശേരി പാലക്കാട് റോഡിൽ നെടുവക്കാട് രണ്ടാമത്തെ ഇടവഴിയിലും നെടുവക്കാട്ടിൽ നിന്ന് നെടുംപറമ്പിലേക്കും, കാളിയംകുന്നത്ത്തറയിൽ നിന്ന് കിഴക്കോട്ട് കനാൽ വരെയും, പടിഞ്ഞാറെത്തറയിൽ നിന്ന് കുളക്കപ്പാടത്തേക്കും കിണാശ്ശേരി പെരുവെമ്പ് റോഡിൽ നിന്ന് കുന്നംപറമ്പ്, ആലക്കൽപറമ്പ് ഹരിജൻ

കോളനിയലേക്കും, ചേർമ്പറ്റകാവ് റോഡിൽ നിന്ന് വാണിയാംതറയിലേക്കും ലൈൻ നീട്ടുക

	കുഴൽ കിണർ,	കിണർ വേണ്ടതായ സ്ഥലങ്ങൾ
വാർഡ് 1		
ചെമ്മങ്കാട്	1	1
കൊടക്കാട്		1
വാർഡ് 2		
വടക്കുമുറി	1	
പൂവ്വക്കാട്		1
മുത്തൻക്കാട്	1	
പന്നികോട്	1	
വാർഡ് 3		
അയ്യപ്പൻകാവ്	1	
വാർഡ് 4		
തരുവകുറിശ്ശി കിഴക്കുമുറി	2	
വാർഡ് 5		
തരുവകുറിശ്ശി പടിഞ്ഞാറെമുറി	2	
കടലാകുറിശ്ശി	1	
തരവനാട്ടുകുളം	1	
കാളിമാടപറമ്പ്	1	
വാർഡ് 7		
കളിമൺപാടം	1	
കടുന്തിരുത്തി	1	
മന്ദം കുമ്പളത്തറ	1	
വാർഡ് 8		
മമ്പറം	2	

	കുഴൽ കിണർ	കിണർ
ഉപ്പുംപാടം	1	
ആന്തൂർകാവ്	1	
കുറുങ്ങോട്ടുപൊറ്റ,തോട്ടത്തുകാട്	1	
വാർഡ് 9		
കുട്ടത്ത്	1	
തോട്ടുപാടം	1	
ആക്കരകുളമ്പ്	1	
പരപ്പന	1	
മുതുകാട്	1	
വാർഡ് 10		
കാളിയംകുന്നം	1	
ആലക്കൽ പറമ്പ് ആശാരിത്തറ	1	
ചേർമ്പറ്റകാവിനു സമീപം		1

നിലവിലുള്ള പഞ്ചായത്തു കിണർ

	ആഴം കൂട്ടേണ്ടതും	റിപ്പയർ ചെയ്യേണ്ടതും
വാർഡ് 1		
കൊടക്കാട്	1	
ചെന്തിരക്കാട്	1	
വാർഡ് 2		
പൂവ്വക്കോട്	2	
ചെല്ലിക്കാട്	1	
പന്നിക്കോട്	1	
വാർഡ് 3		
അയ്യപ്പൻ കാവ്	1	
ഞായറാഴ്ച കാവ്		1
കാവിൽ കിണർ		1

	ആഴം കൂട്ടേണ്ടത്	റിപ്പേയർ ചെയ്യേണ്ടത്
വാർഡ് 4		
പറക്കുളം		1
കളത്തിൽ വീട്		1
താഴത്തെപുര		1
വാർഡ് 6		
താണിയങ്കാവ്		1
ചെങ്ങലംകാട്		1
വാർഡ് 7		
ചാത്തൻതറ	1	
വാർഡ് 8		
ആന്തൂർക്കാവ്	1	
തോട്ടത്തുക്കാട്		1
വാർഡ് 9		
ആനപ്പുറം ഹരിജൻ കോളനി		1
ലക്ഷം വീട് കോളനി	1	
വാർഡ് 10		
തറയിൽകിണർ	1	
കുളക്കപ്പാടം	1	

നിർദ്ദേശങ്ങൾ

1. കണ്ണാടി പുഴയിൽ (പുഴയ്ക്കൽ) നിലവിലുള്ള പമ്പിങ് സ്റ്റേഷനടുത്ത് തടയണ നിർമ്മിച്ച് വെള്ളം കെട്ടി നിർത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

ഇങ്ങനെ വെള്ളം കെട്ടി നിർത്തുകയാണെങ്കിൽ ഇപ്പോഴുള്ള ജലക്ഷാമം പരിഹരിക്കുന്നതിന് കഴിയും. ഇപ്പോൾ നിലവിലുള്ള പൈപ്പ് ലൈനിനു പുറമെ ഒരു പുതിയ പൈപ്പ് ലൈൻ കൂടി പമ്പിങ് സ്റ്റേഷനിൽ നിന്ന് തുടങ്ങി പുതിയതായി ഒരു ടാങ്ക് നിർമ്മിച്ച് വെള്ളം അതിൽ എത്തിക്കണം. ഈ ടാങ്കിന് 2ലക്ഷം എങ്കിലും സംഭരണ ശേഷി ഉണ്ടായിരിക്കേണ്ടതാണ്. ഇപ്പോൾ കിണാശ്ശേരി

നെടുവക്കാടിൽ മാത്രമാണ് ഒരു ടാങ്ക് ഉള്ളത്. പുതിയതായി നിർമ്മിക്കുന്ന ടാങ്ക് പാത്തിക്കൽ പ്രദേശത്തായിരിക്കണം. അങ്ങനെ രണ്ട് ടാങ്കുകളിൽ വെള്ളം സംഭരിച്ച് നെടുവക്കാട് ടാങ്കിൽ നിന്നുള്ള വെള്ളം കണ്ണാടി II വില്ലേജിലേക്കും, പാത്തിക്കൽ പ്രദേശത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ടാങ്കിലെ വെള്ളം കണ്ണാടി I വില്ലേജിലേക്കും വിതരണം ചെയ്യേണ്ടതാണ്.

2. കുഴൽമന്ദം പഞ്ചായത്തിലെ പമ്പിങ് സ്റ്റേഷൻ ഇപ്പോൾ സ്ഥിതിചെയ്യുന്നത് കണ്ണാടി പുഴയിലെ തിരുനെല്ലായിലാണ്. ഈ സ്ഥലം കണ്ണാടി പഞ്ചായത്തിൽപെട്ടതാണ്. എന്നാൽ ഈ പമ്പിങ് സ്റ്റേഷനിൽ നിന്ന് പമ്പ് ചെയ്യപ്പെടുന്ന വെള്ളം പൂർണ്ണമായും കുഴൽമന്ദം പഞ്ചായത്തിലേക്കാണ് പോകുന്നത്. ഈ പമ്പിങ് സ്റ്റേഷൻ കണ്ണാടി പഞ്ചായത്തിനുകൂടി ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഇവിടെ നിന്ന് പമ്പ് ചെയ്യപ്പെടുന്ന വെള്ളം 1, 2, 3, 5 എന്നീ വാർഡുകളിൽ എത്തിക്കാൻ കഴിയും. അങ്ങനെ വലിയൊരളവിൽ ശുദ്ധജലക്ഷാമത്തിന് പരിഹാരം കാണാനും കഴിയും.

3. മമ്പറം, പരപ്പന, വടക്കുമുറി, തരുവക്കുറിശ്ശി തുടങ്ങിയ സ്ഥലങ്ങളിൽ മിനി ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കണം. (ചാത്തൻകുളങ്ങര പറമ്പ് ബോർവെൽ മോഡൽ)

4. ചാത്തൻകുളങ്ങരപറമ്പിലെ ബോർവെല്ലിനോടനുബന്ധിച്ച് ഒരു ടാങ്ക് നിർമ്മിച്ച് വെള്ളം സംഭരിച്ച് വിതരണം നടത്തണം.

5. പഞ്ചായത്തിലെ വറ്റാത്ത കുളങ്ങൾ കണ്ടെത്തി വലിയ കൊക്കർണികൾ (വലിയ ജലസംഭരണി) നിർമ്മിച്ച് ശുദ്ധജല പദ്ധതികൾ നടപ്പിലാക്കണം.

6. പഴയ പഞ്ചായത്ത് കിണറുകൾ (പാറയുള്ളത്) ബോർ ചെയ്ത് ആഴം കൂട്ടുകയും അറ്റകുറ്റപണികൾ നടത്തി ഉപയോഗയോഗ്യമാക്കുകയും വേണം.

7. പുതിയ കിണറുകളും, കുഴൽ കിണറുകളും ആവശ്യാനുസരണം

അനുവദിക്കണം.

8. കിണറുകളുടെയും, കുഴൽകിണറുകളുടെയും അറ്റകുറ്റപണികൾ വർഷംതോറും നടത്തണം.

9. ശുദ്ധജല വിതരണത്തിന്റെ എല്ലാ ചുമതലകളും അധികാരങ്ങളും ഗ്രാമ പഞ്ചായത്തുകൾക്ക് നൽകണം.

10. തിരുനെല്ലായിലും മമ്പറത്തും ഓരോ തടയണ കൂടി നിർമ്മിച്ചാൽ, കണ്ണാടി, കുഴൽമന്ദം പഞ്ചായത്തുകളിലുള്ള ശുദ്ധ ജല ക്ഷാമത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയും. കൂടാതെ ഈ വെള്ളം കാർഷികാവശ്യത്തിനുകൂടി ഉപയോഗപ്പെടുത്തുവാൻ സാധിക്കും.

കാലാവസ്ഥയിൽ വന്നുകൊണ്ടിരിക്കുന്ന ത്വരിതഗതിയിലുള്ള മാറ്റം കാലവർഷത്തെ ആശ്രയിച്ച് മാത്രം ജലം സംഭരിക്കുന്ന രീതിയെപറ്റി ഗൗരവമായി ചിന്തിക്കുന്നതിന് നമ്മെ നിർബന്ധിതരാക്കുന്നു. ഏതെങ്കിലും ഒരു വർഷം മഴ കുറഞ്ഞുപോയാൽ കുടിവെള്ളം കിട്ടാതെ ജനങ്ങൾ നരകിക്കുന്നൊരവസ്ഥ പഞ്ചായത്തിൽ ഉണ്ടാകാൻ പാടില്ല. ഇതിന് ദീർഘമായ വീക്ഷണവും സുസംഘടിതവും സ്ഥായിയുമായ പദ്ധതികളും ആവശ്യമാണ്. കുടിവെള്ളം ലഭ്യമാകുന്ന ജല സ്രോതസ്സുകൾ കണ്ടെത്തി പ്രശ്ന പരിഹാരത്തിനുള്ള പദ്ധതികൾ യുദ്ധകാലടിസ്ഥാനത്തിൽ പൂർത്തീകരിച്ച് നടപ്പിലാക്കേണ്ടതാണ്.

വാർഡ്	സ്ഥാപനം	ജീവനക്കാർ	വാർഡ്	സ്ഥാപനം	ജീവനക്കാർ
1	IPPസബ്സെന്റർ	1	8	IPP സബ്സെന്റർ ഉപ്പുംപാടം	1
3	പ്രാഥമികരോഗ്യ കേന്ദ്രം	16			
	കുടുംബക്ഷേമ കേന്ദ്രം	1		IPP	1
	ആയുർവേദ ഡിസ്പെൻസറി	4	10	സബ്സെന്റർ	

പഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളും

വാർഡ്	സ്ഥാപനങ്ങൾ		കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
	പൊതു സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ			
1	IPP സബ്സെന്റർ പുഴക്കൽ	ഇല്ല	വായുജന്യ രോഗങ്ങൾ, വയറിളക്കം.	ANM ന്റെ സേവനം ഉണ്ട്. കുട്ടികൾക്കുള്ള പോളിയൊ, വാക്സിൻ നടത്തുന്നു മാസത്തിലൊരിക്കൽ ഡോക്ടർ വന്ന് പരിശോധന നടത്തുന്നുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല.	സന്നദ്ധ സംഘടനകളും വായനശാലകളും ഈ പ്രവർത്തനത്തെ കാര്യക്ഷമമാക്കാൻ സഹായിക്കണം. സ്ഥിരം കെട്ടിടം ഉണ്ടാക്കണം.
2	ഇല്ല	ഇല്ല			ഒരു സബ്സെന്റർ ആരംഭിക്കുക. അംഗനവാടി നിർമ്മിക്കുക
3	ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം ഉണ്ട്	ഇല്ല	ജലത്തിൽ കൂടിയും, വായുവിൽ കൂടിയും പകരുന്ന രോഗങ്ങൾ കണ്ടുവരുന്നു.	പ്രവർത്തനം കാര്യക്ഷമമാക്കി വേണ്ട മരുന്നുകൾ ലഭ്യമാക്കുക. ആവശ്യത്തിന് മരുന്ന് കിട്ടാത്തതുമൂലം ഗ്രാമവാസികൾക്ക് വേണ്ടത്ര ചികിൽസ ലഭിക്കുന്നില്ല.	ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. വേണ്ടത്ര മരുന്നുകൾ ലക്ഷ്യമാക്കുക. ആഴ്ചയിൽ രണ്ട് ദിവസം രോഗികളെ നോക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക.
4	ഇല്ല	ഇല്ല	പനി, മഞ്ഞപിത്തം.		മരുന്നുകൾ വേണ്ടത്ര ലഭ്യമല്ലാത്തതുകാരണം PHC യിൽ ജനങ്ങൾക്ക് വേണ്ടത്ര ചികിൽസ ലഭിക്കുന്നില്ല. ഒരു സബ് സെന്റർ കൂടി അനുവദിക്കുക.
5	ഇല്ല	ഇല്ല	പനി, ജലത്തിൽ കൂടി പകരുന്നരോഗങ്ങൾ.		ഒരു സബ്സെന്റർ, അംഗനവാടി എന്നിവ തുടങ്ങുക. ഗർഭിണികൾക്കും, കുട്ടികൾക്കും വിദഗ്ദ പരിശോധന കിട്ടുന്നരു ആശുപത്രിയുടെ പ്രവർത്തനം ലഭ്യമാക്കുക.

പഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളും

വാർഡ്	സ്ഥാപനങ്ങൾ		കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
	പൊതു സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ			
6	ഇല്ല	ഇല്ല	കാലാവസ്ഥയുമായി ബന്ധപ്പെട്ട രോഗങ്ങൾ മാത്രം		കക്കൂസ് നിർമ്മിച്ച് പരിസര ശുചിത്വം ഉറപ്പുവരുത്തുക. കക്കീസുകളിൽ കൊതുക് പെരുകാതിരിക്കാൻ പുതിയതായി നിർമ്മിക്കുന്ന വീടുകളിൽ സെപ്ടിക് ടാങ്ക് നിർമ്മിക്കാൻ പ്രേരിപ്പിക്കുക.
7	ഇല്ല	ഇല്ല	സാധാരണ കാണപ്പെടുന്ന രോഗങ്ങൾ മാത്രം		ഒരു IPP സെന്റർ ആരംഭിക്കുക.
8	IPP സബ്സെന്റർ ഉപ്പുംപാടം	ഒരു ഹോമിയോ ക്ലിനിക്ക് ഉണ്ട്	വെള്ളത്തിൽ കൂടിയുള്ള രോഗ പകർച്ച	സബ്സെന്ററിന്റെ പ്രവർത്തനം തൃപ്തികരമല്ല. കൂടുതൽ മെച്ചപ്പെടുത്താൻ ജനങ്ങളെ സജ്ജരാക്കണം.	Sub centre ൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക ശുചീകരണ പ്രവർത്തനം കൃത്യമായിനടത്തുക.
9	ഇല്ല	ഇല്ല	പനി, വയറിളക്കം തുടങ്ങിയവ	പ്രവർത്തിക്കുന്നില്ല. 10 ാം വാർഡിലുള്ളസബ്സെന്ററിന്റെ സേവനമാണ് ഇവിടെ കിട്ടുന്നത്. ഇത് തീരെ അപര്യാപ്തമാണ്.	Sub centre ആയുർവേദ ഡിസ്പെൻസറി മുതലായവ തുടങ്ങുക.
10	സബ്സെന്റർ കിണാശ്ശേരി	ഇല്ല	പനി, വയറിളക്കം.	പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ല. കുത്തിവെയ്പ്, പോളിയൊ, വാക്സിൻ മുതലായവ കൃത്യസമയത്ത് നടക്കുന്നില്ല.	ആഴ്ചയിൽ ഒരിക്കലെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുക. ഇപ്പോൾ മാസത്തിലൊരിക്കലാണ് കിട്ടുന്നത്.

8 വ്യവസായം

കേരളത്തിന്റെ രണ്ടാമത്തെ വ്യാവസായിക മേഖലയായ കഞ്ചിക്കോട്ടിനു സമീപ പ്രദേശമായ കണ്ണാടി പഞ്ചായത്തിനു വ്യാവസായികമായി വികസിക്കുന്നതിന് അനുകൂലമായ ഒട്ടേറെ ഘടകങ്ങളുണ്ട്. തൃശ്ശൂരും കോയമ്പത്തൂരും തമ്മിൽ ബന്ധിപ്പിക്കുന്ന ദേശിയപാത 47ഉം രണ്ട് സംസ്ഥാന പാതകളും നിരവധി ഉപപാതകളും ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. ജില്ലയിലെ ഏറ്റവും നല്ല യാത്ര സൗകര്യമുള്ള പഞ്ചായത്താണ് ഇത്. ശുദ്ധജലം സുലഭമാണ്. ആവശ്യത്തിന് വൈദ്യുതി ലഭ്യമാണ്. വെണ്ണക്കരയിലെ 110KV സബ് സ്റ്റേഷൻ തൊട്ടടുത്ത പ്രദേശത്താണ്. ഇനിയും വൈദ്യുതി ഉപയോഗിക്കപ്പെടുത്തുവാൻ സാധ്യതകൾ ഏറെയാണ്. തൊട്ടടുത്ത് പാലക്കാട് നഗരത്തിലേക്ക് കഷ്ടിച്ച് മൂന്ന് കിലോമീറ്ററെ ദൂരമുള്ളൂ. കോയമ്പത്തൂർ വിമാനത്താവളത്തിലേക്ക് വെറും 45 കിലോമീറ്റർ മാത്രം. സാങ്കേതികവും അസാങ്കേതികവും ആയ വിദ്യാസമ്പന്നരും സമാധാന പ്രിയരുമായ കണ്ണാടിയിലെ തൊഴിൽ സേന വ്യവസായ സംരംഭകർക്ക് എന്തു കൊണ്ടും പ്രചോദനമാകേണ്ടതാണ്. അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് ഒട്ടേറെ സാഹചര്യങ്ങൾ നിലനിൽക്കുന്നു.

ഇത്രയേറെ സാധ്യതയുള്ള നമ്മുടെ പ്രദേശം നിർഭാഗ്യവശാൽ വ്യാവസായികമായി വളരെ പുറകിലാണ്. പൊതുമേഖലയിലോ സഹകാരിമേഖലയിലോ ഇവിടെ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല. ഏതാണ്ട് മുപ്പതു വർഷങ്ങൾക്ക്

മുൻപാണ് പ്രദേശങ്ങളിലെ പ്രധാന കാർഷിക ഉല്പന്നമായ നെല്ല് അരിയാക്കുന്നതിന് എറ്റവും ആധുനികമായി ഒരു വൻകിട മില്ല് സഹകരണമേഖലയിൽ സ്ഥാപിതമായത് ജില്ലയിലെതന്നെ ഇത്തരത്തിലുള്ള ഒരു വൻകിട സ്ഥാപനമായിരുന്നു ഇത്. വിപുലമായ ഗോഡൗണും മറ്റു സൗകര്യങ്ങളും ഇതോടൊപ്പംമുണ്ടായിരുന്നുവെങ്കിലും ഇന്ന് ജില്ലാ മാർക്കറ്റിംങ്ങ് സൊസൈറ്റിയുടെ ഗുരുതരമായ അനാസ്ഥകാരണം സ്വകാര്യ വ്യക്തികളാണ് ഇതു ഉപയോഗപെടുത്തിയിരുന്നത്. ഇതിനു ശേഷം 12 വർഷങ്ങൾക്കു മുൻപാണ് ശ്രദ്ധിക്കപ്പെടുന്ന വ്യവസയങ്ങൾ പഞ്ചായത്തിലേക്ക് കടന്നുവരുന്നത്. റബ്ബർ ഉല്പന്നമായ ട്രെഡ്റബ്ബർ ഉല്പാദനരംഗത്തേക്ക് ആനപ്പുറംട്രെഡ് റബ്ബറും ഇതിനെ തുടർന്ന് വലിയവ്യവസായ സ്ഥാപനങ്ങൾക്കും മോട്ടോർ വാഹനങ്ങൾക്കും ആവശ്യമായ റബ്ബർ ബെൽട്ടുകൾ നിർമ്മിക്കുന്ന ക്ലാസ്സിക് ബെൽട്ടു കമ്പിനിയും ആരംഭിച്ചു. ക്ലാസ്സിക് ബെൽട്ടുകമ്പനി ബഹുരാഷ്ട്ര കുത്തക കമ്പനികളോട് മത്സരിച്ച് കേരളത്തിൽ മാർക്കറ്റിൽ ഒന്നാം നിരയിലും കേരളത്തിനു പുറമെയും ധാരാളം വിറ്റഴിക്കുന്നു. അടുത്തകാലത്തായി കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ ജോലികൾ ചെയ്യുന്നതിനായി ചുരുക്കം ചില എൻജിനിയറിംഗ് വ്യവസായങ്ങൾ സ്വയം തൊഴിൽ മേഖലയിൽ ആരംഭിച്ചിട്ടുണ്ട്. ഗോതമ്പ് ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് പ്രീമിയർ ആഗ്രോപ്രൊഡക്ടസ്, പ്രിൻസ് റോളർമിൽ എന്നീ ആധുനിക റോളർ ഫ്ലോർ മില്ലുകൾ നല്ല രീതിയിൽ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. റോളിംഗ് ഷട്ടർ, ഗ്രീസർ, കൂളർ, പ്ലാസ്റ്റിക്, ഉല്പന്നങ്ങൾ, ഇലക്ട്രിക് ഉല്പന്നങ്ങൾ, ഇലക്ട്രാപ്ലേറ്റിംഗ്, ഐസ് പ്ലാന്റ്, ഫർണീച്ചർ, വെളിച്ചെണ്ണ, കറിപൗഡർ, അവിൽ, പാക്കിംഗ് വസ്തുക്കൾ, ഹോളോബ്രിക്സ്, വീട്ടുനിർമ്മാണസാമഗ്രികൾ, സോഡ തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുതും വലുതുമായ അറുപതോളം വ്യവസായ സ്ഥാപനങ്ങളും, നാൽപത്തൊന്നോളം റൈസ്മില്ലുകളും, വ്യവസായങ്ങളും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഒരു വർഷം സീസണിൽ അൻപതിലധികം ഇഷ്ടികചൂളകൾ പഞ്ചായത്തു പരിധിയിൽ സ്ഥാപിക്കപ്പെടുന്നു. പരമ്പരാഗത വ്യവസായമായി വളരെ കുറച്ച് പനമ്പ്, കട്ട, വട്ടി നിർമ്മാണവും പ്രദേശത്ത് നിലനിൽക്കുന്നു. DWCRA സ്കീമിൽ ഒരു ബാഗ് നിർമ്മാണയൂണിറ്റ് ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ വ്യവസായ മേഖലയിൽ അനുഭവപ്പെടുന്ന പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമ്പത്തിക സഹായങ്ങളുടെ അപര്യാപ്തതയും സമയത്തിനു ലഭിക്കുകയും

2. സർക്കാർ ഓഫീസുകളിൽ നിന്ന് വേണ്ട അനുമതികൾ യഥാസമയത്ത് ലഭിക്കുക.

3. വ്യവസായ സംരഭകർക്കു വേണ്ട ആത്മവിശ്വാസവും പ്രചോദനവും ശരിയായ നിർദ്ദേശങ്ങളും പരശീലങ്ങളും നൽകുന്നതിനുള്ള അപര്യാപ്തത.

4. വൈദ്യുതിയുടെ ദൗർലഭ്യവും സമയത്തിന് കണക്ഷൻ ലഭിക്കാതെയും

5. പരമ്പരാഗത വ്യവസായമേഖല ആധുനികവൽകരിക്കുന്നതിനും തൊഴിലാളികൾക്ക് പരിശീലനനത്തിന് സൗകര്യമില്ലായ്മയും

6. വ്യവസായ സ്ഥാപനങ്ങൾ ആരഭിക്കുന്നതിനുള്ള സ്ഥലം, വൈദ്യുതി ഗതാഗതം ഇവ ബോധപൂർവ്വം കണ്ടെത്തുന്നതിന് മെച്ചപ്പെടുത്തുന്നതിനും സാധിക്കായ്മ.

പരിഹാര നിർദ്ദേശങ്ങൾ

1. വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കുക.

2. ബാങ്കുകളുടെയും സഹകരണ ബാങ്കുകളുടെയും സാമ്പത്തിക സഹായ സംരംഭങ്ങൾ ലളിതമാക്കുക.

3. ഓഫീസുകളിൽ അപേക്ഷകൊടുത്താൽ നിശ്ചിത സമയത്തിനുള്ളിൽ മറുപടി ലഭിക്കുന്നതിനുള്ള കർശന നിലപാടുകൾ കൈകൊള്ളണം.

4. പുതുതായി വ്യവസായങ്ങൾ ആരംഭിക്കുന്നവർക്ക് അപ്രതീക്ഷിതമായി വരുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്തു സമിതിയുടെ നേതൃത്വത്തിൽ

വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും ബാങ്കുകളുടെയും പ്രതിനിധികൾ അടങ്ങുന്ന സ്ഥിരം സംവിധാനം ഉണ്ടാക്കുക.

ഉദാഹരണം 1. ലോൺ, വൈദ്യുതി, ലൈസൻസ് മുതലാ യവ സമയത്തിനു ലഭ്യമാക്കുകന്നതിന ഈ സംവിധാനം വ്യവസായങ്ങൾ ആരംഭിച്ച് ഉല്പാദനം തുടങ്ങുന്നതു വരെ നിരന്തരം ശ്രദ്ധിക്കുന്നതിന് തയ്യാറാവണം.

5. പുതുതായി വ്യവസായങ്ങൾ ആരംഭിക്കുവാൻ താല്പര്യമുള്ളവരെയും കഴിവുള്ളവരെയും കണ്ടെത്തി പരിശീലനം നൽകുവാനും സ്ഥിരം സംവിധാനം ഉണ്ടാക്കുക. വിജയകരമായി പ്രവർത്തിക്കുന്ന വ്യവസായികളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുവാനുള്ള സാഹചര്യം ഉണ്ടാക്കണം.

6. പ്രാദേശിക വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ സർക്കാരിന്റെ ലോക്കൽ പർച്ചേസ് സംവിധാനം ക്രമീകരിക്കുക.

7. സംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് സർക്കാർ ഉടമയിലോ, സഹകരണ മേഖലയിലോ, ബ്ലോക്കുതലത്തിൽ സംവിധാനം ഉണ്ടാക്കുക.

8. NRI ക്കാരെ കണ്ടെത്തുന്നതിനും വ്യവസായങ്ങളിൽ മൂതൽ മുടക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ട സംവിധാനങ്ങൾ പഞ്ചായത്തു തലത്തിൽ രൂപീകരിക്കുക.

9. നാട്ടിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റും പ്രാദേശികമായി തന്നെ അവർക്കു വേണ്ട ഉല്പന്നങ്ങളുടെ സബ്കോൺട്രാക്ട് നൽകുന്നത് നിർബ്ബന്ധമാക്കണം. സംസ്ഥാനത്തിനു പുറത്തു നിന്നും കൊണ്ടു വരുന്ന ഉല്പന്നങ്ങൾക്ക് ENTRY TAX വർദ്ധിപ്പിക്കണം.

10. KFC ൽ നിന്ന് ലോണെടുത്തവർ 3 മാസം അടവു മുടങ്ങിയാൽ സ്ഥാപനം അടച്ചു പൂട്ടുന്നതിനുള്ള അധികാരം നിലനില്ക്കുന്നു. ജില്ലാ തലത്തിലെങ്കിലും KFC യുടെയും ജനപ്രതിനിധികളുടെയും വിവിധ ഓഫീ

സുകളുടെയും പ്രതിനിധികൾ അടങ്ങുന്ന സമിതി രൂപീകരിച്ച് സംരംഭകന്റെ യഥാർത്ഥ പ്രശ്നങ്ങൾ പഠിക്കുന്നതിനും നടപടി വേണം.

11. സെയിൽടാക്സ് ഡിപ്പാർട്ടുമെന്റും വ്യവസായ വകുപ്പും തമ്മിൽ ഏകീകരിച്ച് പ്രവർത്തനം ഉണ്ടാക്കണം. ഇപ്പോൾ വ്യവസായ വകുപ്പിന്റെ ഓർഡറുകൾ സെയിൽടാക്സ് ഡിപ്പാർട്ട്മെന്റിന് ബാധകമല്ലാത്ത അവസ്ഥയുണ്ട്.

12. കേരളത്തിലെ വ്യവസായ ഭൂപടത്തിൽ ഒന്നാം നിരയിലേക്ക് വളർന്നു വരുന്ന പാലക്കാട് ISI Testing centre ആരംഭിക്കുക.

സാധ്യതകൾ, നിർദ്ദേശങ്ങൾ

1. പറക്കുളം, നെടുവക്കാട് പ്രദേശങ്ങളിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുക.

2. ഉപഭോക്തൃ വല്തുക്കൾ ഉല്പാദിപ്പിക്കുന്നതിനുള്ള കുടിൽ വ്യവസായങ്ങളുടെ കൂട്ടു സംരംഭങ്ങൾ ആരംഭിക്കുക. (ഉദാ: അച്ചാറുകൾ, പപ്പടം, കൊണ്ടാട്ടം, മുറുക്ക്, ബേക്കറി, ചിപ്സ്)

3. വസ്ത്രനിർമ്മാണം വനിതകളുടെ തൊഴിൽ പദ്ധതിയിലും സഹകരണ മേഖലയിലും ആരംഭിക്കണം.

4. ഇലക്ട്രോണിക്, ഇലക്ട്രിക് അസംബ്ലിംങ്ങ് യൂണിറ്റുകൾ വനിതകളുടെ സഹകരണ സംരംഭമായി ആരംഭിക്കണം.

5. റബ്ബർകൊണ്ടുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്ന കമ്പനികൾ ആരംഭിക്കുക.

6. അടച്ചു പൂട്ടിയ സഹകരണമേഖലയിലെ സോപ്പു കമ്പനി

പുനരാരംഭിക്കുക.

7. എൻജിനിയറിംങ്ങ് രംഗത്തെ ചെറിയ യൂണിറ്റുകളുടെ ഒരു സഹകരണ ശൃംഖല രൂപീകരിക്കാവുന്നതാണ്. വൻകിട വ്യവസായങ്ങൾക്കുവേണ്ട ജോലികൾക്കു പുറമെ പുതിയ തനത് ഉല്പന്നങ്ങളും നിർമ്മിക്കാവുന്നതാണ്.

8. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന വൈക്കോൽ, അസംസ്കൃത വസ്തുവായി വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.

9. ഉമി അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്ന വ്യവസായം ആരംഭിക്കുക.

10. തവിടിൽ നിന്നും എണ്ണ ഉല്പാദിപ്പിക്കുന്ന വ്യവസായം ആരംഭിക്കുക.

11. കളിമണ്ണുകൊണ്ടുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സഹകരണ സംരംഭങ്ങൾ തുടങ്ങാവുന്നതാണ്.

12. ഗൃഹനിർമ്മാണ വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾക്ക് നല്ല സാധ്യതയുണ്ട്.

13. കാർഷിക ഉപകരണങ്ങൾ നിർമ്മിക്കുന്ന വ്യവസായം ആരംഭിക്കുക.

14. പാൽ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന വനിതകളുടെ സഹകരണ സംരംഭങ്ങൾ ആരംഭിക്കുക.

15. പനമ്പ്, കൂട്ട തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന വ്യവസായങ്ങൾ ആധുനിക വൽകരിക്കുന്നതിനും, ഈ മേഖലയിലെ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനും ശ്രമം നടത്തണം.

16. ശാസ്ത്രീയ മുളകൃഷി ആരംഭിച്ച് ഈ മേഖലയെ

വികസിപ്പിക്കാവുന്നതാണ്.

17. വിശദമായ സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തി മനുഷ്യ. വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

18. ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിക്കണം. വിവിധ തൂറകളിലുള്ള വിദഗ്ദ തൊഴിലാളികളെ രജിസ്റ്റർ ചെയ്തുകൊണ്ട് പഞ്ചായത്തു തലത്തിൽ ഇതു ഭംഗിയായി നടത്താവുന്നതാണ്.

19. പഞ്ചായത്തു കേന്ദ്രീകരിച്ച് ടെക്നിഷ്യൻ സെന്ററുകൾ രൂപീകരിക്കണം.

20. വ്യവസായം തുടങ്ങാൻ തയ്യാറാകുന്നവർക്ക് പഞ്ചായത്തു തലത്തിൽ വ്യവസായ ഇൻഫർമേഷൻ സെന്റർ ആരംഭിക്കണം.

21. പഞ്ചായത്തിൽ ഒരു Cattle Feed ഫാക്ടറി ആരംഭിക്കാവുന്നതാണ്.

വ്യവസായങ്ങൾ	എണ്ണം	തൊഴിലാളികൾ
1. റബ്ബർ ഉല്പന്നങ്ങൾ	2	71
2. ഗോതമ്പ് ഉല്പന്നങ്ങൾ	2	80
3. റോളിംഗ് ഷട്ടർ	2	15
4. ഫ്രീസർ & കൂളർ	1	4
5. ഇലക്ട്രോപ്ലേറ്റിംഗ്	1	10
6. പ്ലാസ്റ്റിക് ഉല്പന്നങ്ങൾ	3	35
7. ധാന്യപ്പൊടി, വെളിച്ചെണ്ണ	12	16
8. പാക്കിംഗ് വസ്തുക്കൾ	1	13
9. ഫർണിച്ചർ	2	6
10. മരം അറുപ്പ്	4	18

11.	പമ്പ്സെറ്റ്, ഗ്രൈന്റർ	1	4
12.	വെൽഡിംഗ്	3	20
13.	ഐസ്	1	2
14.	ലെയ്ത്ത്	14	35
15.	ഹോളോ ബ്രിക്സ്	3	28
16.	ഗൃഹനിർമ്മാണ വസ്തുക്കൾ	1	4
17.	സോഡ	4	5
18.	ബീഡി	1	2
19.	മെക്കാനിക്കൽ,ഫ്രിഡ്ജ്വർക്ക്ഷോപ്പ്	3	10
20.	നെല്ല് കുത്ത്	41	52
21.	ചെങ്കൽ ചൂള	50	400

9 ഗതാഗതം ഊർജ്ജം

സഞ്ചരിക്കുക എന്നത് ആദിമ കാലം തൊട്ട് മാനവരാശിക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ജീവൽ പ്രക്രിയ ആണ്. ആവശ്യാനുസരണം സഞ്ചാരയോഗ്യമായ മാർഗ്ഗങ്ങൾ ഉണ്ടായിരിക്കുക എന്നത് ഓരോ പ്രദേശത്തേയും മാനവ സമൂഹത്തിന്റെ പുരോഗതിയുടെ ലക്ഷണമാണ്.

പാലക്കാട് നഗരത്തിൽ നിന്നും 4 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന കണ്ണാടി പഞ്ചായത്ത് 1963 ൽ രൂപീകൃതമായി. വടക്ക് കണ്ണാടി പുഴയും തെക്ക് തേൻകുറുശ്ശി പഞ്ചായത്തും കിഴക്ക് കൊടുമ്പ്, പെരുവെമ്പ് പഞ്ചായത്തുകളും പടിഞ്ഞാറ് കുഴൽമന്ദം, മാത്തൂർ പഞ്ചായത്തുകളും അതിരുകളായുള്ള ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 19.05 സ്കയർ കിലോമീറ്ററാണ്. നിലവിലുള്ള ജനസംഖ്യ 25000 ൽ അധികം വരുന്നു. 1918 ൽ ബ്രട്ടീഷുകാർ കണ്ണാടിപുഴയ്ക്ക് കുറുകെ പാലം നിർമ്മിച്ചതോടുകൂടി പാലക്കാട് നഗരത്തിലേയ്ക്കും അവിടെനിന്ന് ഇങ്ങോട്ടുമുള്ള യാത്ര സുഗമമായി. പിന്നീട് ഈ പഞ്ചായത്തിലൂടെ കടന്ന് പോകുന്ന ഒരു സംസ്ഥാന പാത മാത്രമാണ് 1975 വരെ ഒരു പ്രധാന സഞ്ചാരമാർഗ്ഗമായി ഉണ്ടായിരുന്നത്. എന്നാൽ 75 ൽ നിർമ്മിച്ച ദേശീയ പാത (N. H. 47) ഈ പഞ്ചായത്തിലൂടെ ഏകദേശം 5 കി. മീ ദൂരം കടന്ന് പോകുന്നതിനാൽ ഗതാഗതം അൽപ്പം സുഗമമായി. 1995 ൽ കണ്ണാടി പുഴയിൽ, തിരുനെല്ലായി ഭാഗത്ത് നിർമ്മിച്ച പാലവും അപ്രോച്ച് റോഡും പഞ്ചായത്തിലെ ആ പ്രദേശത്തെ ഗതാഗത വികസനത്തിന് ആക്കം കൂട്ടിയിട്ടുണ്ട്.

1931 ൽ നിർമ്മിച്ച പാലക്കാട് ദിണ്ടിക്കൽ ഭാഗത്തേയ്ക്കുള്ള റെയിൽ പാത ഏകദേശം 5 കി. മീ. ദൂരം ഈ പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തുകൂടി കടന്ന് പോകുന്നു.

പഞ്ചായത്തിൽ വാഹന ഗതാഗത യോഗ്യമായ ആകെ റോഡിന്റെ നീളം 61.170കി. മീ. ആണ്. ഇതിൽ 9.970 കി. മീ. ടാർ റോഡും, 17.680 കി. മീ. മെറ്റൽ റോഡും ബാക്കി 34.15 കി. മീ. മൺപാതയുമാണ്. സംസ്ഥാന ശരാശരി ടാർ റോഡ് ഒരാൾക്ക് 3.20 മീറ്റർ ആയിരിക്കെ പഞ്ചായത്തിൽ ശരാശരി 40 സെന്റീമീറ്റർ മാത്രമാണ് ഉള്ളത്. സംസ്ഥാന പാതകളും ദേശീയ പാതയും (N. H. 47) പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്ന് പോകുന്നതിനാൽ കാർഷിക വിളകളും മറ്റും പൊതു പാതയിൽ എത്തിക്കുവാൻ ജനങ്ങൾക്ക് പഞ്ചായത്ത് പാതകളെ ആശ്രയിക്കേണ്ടിവരുന്നു. ആയതിനാൽ പഞ്ചായത്ത് പാതകൾ വളരെ പ്രാധാന്യമർഹിക്കുന്നു.

നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥ പൂർണ്ണമായും പരിഹരിച്ച് പുതിയ റോഡുകൾ നിർമ്മിക്കുകയും ചെയ്താൽ മാത്രമെ ഈ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങളുടെ ഗതാഗത സൗകര്യം വിപുലപ്പെടുത്തുവാൻ സാധിക്കുകയുള്ളു. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കാർഷിക വൃത്തിയിൽ അധിഷ്ഠിതമായ ജീവിതം നയിക്കുന്നത് കൊണ്ട് ഇവരുടെ ജീവിത നിലവാരം ഉയർത്തണമെങ്കിൽ നിലവിലുള്ള മെറ്റൽ റോഡുകൾ ടാർ ചെയ്യുകയും മൺറോഡുകൾ മെറ്റൽ ചെയ്യുകയും വേണം. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ റോഡുകൾ നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്.

മിക്കവാറും എല്ലാ പഞ്ചായത്ത് റോഡുകളുടെ ഇരുവശങ്ങളും കൃഷിയിടങ്ങളും പറമ്പുകളുമാണ്. മഴക്കാലങ്ങളിൽ ഇരുഭാഗങ്ങളിൽ നിന്നും വെള്ളം ഒഴുകി മൺറോഡുകൾ ഗതാഗതയോഗ്യമല്ലാതാകുന്നു. ആവശ്യമുള്ളസ്ഥലങ്ങളിൽ ഓടകളും കലുങ്കുകളും ഇല്ലാത്തത് ഇതിനുകാരണമാകുന്നു. പഞ്ചായത്ത് ഫണ്ടിന്റെ അപര്യാപ്തത നിമിത്തം എല്ലാ റോഡുകളും യഥാസമയം അറ്റകുറ്റപണികൾ നടത്താൻ കഴിയുന്നില്ല. അഴുക്കുചാലുകൾ, കൾവർട്ടുകൾ അത്യാവശ്യമായിവരുന്ന സ്ഥലങ്ങളിൽ ഇരുവശങ്ങളിലും കരിങ്കൽ ഭിത്തി നിർമ്മിക്കുകയും വശങ്ങളിൽ

മരങ്ങൾ വെച്ചു പിടിപ്പിക്കുക യഥാകാലം അറ്റകുറ്റ പണികൾ ചെയ്യുക എന്നിവ ചെയ്താൽ ഒരളവുവരെ ഈ ശോചനീയാവസ്ഥ പരിഹരിക്കാം.

എല്ലാ വാർഡുകളിലും നടന്ന ഗ്രാമ സഭകളിലെ നിർദ്ദേശങ്ങൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പുതിയ റോഡുകൾ ആവശ്യമായിവരുന്നുവെന്നതാണ്. അതു വളരെ പ്രാധാന്യം അർഹിക്കുകയും ചെയ്യുന്നു. 1964 ൽ പഞ്ചായത്ത് രൂപീകൃതമായതെങ്കിലും കാർഷിക മേഖല അടിസ്ഥാന തൊഴിൽ ആയിട്ടുള്ള ഭൂരിഭാഗം ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി വരുമാനം ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തേണ്ടിവരുന്നതിനാൽ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ കഴിയാതെ വരുന്നു. എന്നാൽ J. R. Y., അൺ ടൈഡ് എന്നീ ഫണ്ടുകളുടെ ലഭ്യതയോടെ ചെറിയ അളവിലെങ്കിലും റോഡു വികസനം ഉണ്ടായിട്ടുണ്ട്.

പുതിയ റോഡുകളുടെ നിർമ്മാണം പ്രാവർത്തികമാകണമെങ്കിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന് സറണ്ടർ ചെയ്തു തരേണ്ടതാണ്. സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ഗ്രാന്റുകൾ സംയോജിപ്പിക്കുക. ചെലവിന്റെ 15% സന്നദ്ധ പ്രവർത്തനത്തിലൂടെ സംഘടിപ്പിക്കുക, റോഡു നിർമ്മാണം ജനകീയ കമ്മറ്റികളെക്കൊണ്ട് ചെയ്യിക്കുക. ഇത്തരത്തിലുള്ള പ്രവർത്തനത്തിലൂടെ പുതിയ റോഡുകളുടെ നിർമ്മാണം മെച്ചപ്പെട്ട നിലയിൽ നടത്താവുന്നതാണ്.

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകളും പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന P. W. D. റോഡുകളും താഴെ ചേർക്കുന്നു. പഞ്ചായത്ത് റോഡുകളിൽ തണ്ണീർ പന്തൽ മമ്പറം ബൈപാസ്സ റോഡിൽ മാത്രമെ ബസ്സ് സർവ്വീസ് നടത്തുന്നുള്ളു. പഞ്ചായത്ത് റോഡുകൾ കാർഷിക ആവശ്യത്തിനും ഉപകാരപ്രദമാണ്.

ക്രമ നമ്പർ	നിലവിലുള്ള ടാർ റോഡുകൾ	ഉടമസ്ഥത	ദൂരം കി.മീ.	വീതി മീ.
1	പുതിയ ദേശീയപാത (N. H. 47)	P. W. D	5	
2	സംസ്ഥാന പാത (യാക്കര കണ്ണനൂർ)	P. W. D	6	
3	യാക്കര കിണാശ്ശേരി	P. W. D	4	

*ശേഷം അടുത്ത പേജിൽ

- തുടർച്ച

4	കിണാശ്ശേരി - പെരുവെമ്പ്	P. W. D.	4.5	
5	പാത്തിക്കൽ - കിണാശ്ശേരി	"	2	
6	പാത്തിക്കൽ - പാറക്കാട്	"	1	
7	തിരുനെല്ലായ് - കണ്ണനൂർ	"	3	
8	തണ്ണീർപന്തൽ - വാഴക്കടവ്	പഞ്ചായത്ത്	2.1	8
9	എൻ. എച്ച് മമ്പറം ബൈ പാസ് റോഡ്	"	2	8
10	കണ്ണാടി തറ റോഡ്	"	.6	4
11	മമ്പറം വാഴക്കടവ് റോഡ്	"	.85	8
12	കോച്ചാംകുളം റോഡ്	"	3.22	8
13	ആനപ്പുറം പരപ്പന റോഡ്	"	2	8

അടിയന്തരമായി ടാർചെയ്യേണ്ടതായ മെറ്റൽ റോഡുകളുടെ വിശദവിവരം

നിലവിലുള്ളമെറ്റൽറോഡുകൾ

ക്രമ നമ്പർ	വാർഡ്	റോഡിന്റെപേരുകൾ	ദൂരം കി.മി.	വീതി മീ
1	1	ചെമ്മങ്കാട് റോഡ്	1.7	5
2	3	കമ്മാന്തറ റോഡ്	.9	5
3	3	മരുവപ്പാടം റോഡ്	1	5
4	4	പറക്കുളം തരുവക്കുറുശ്ശി	3.3	5
5	5	കടലാകുറുശ്ശി റോഡ്	1	5
6	6	ചെങ്ങലം റോഡ്	1	5
7	7	ഉപ്പുംപാടം റോഡ്	.5	5
8	7	ചാത്തതറ IHDP കോളനി റോഡ്	.4	5
9	8	ആന്തൂർ കാവ് റോഡ്	.8	5
10	9	പരപ്പന മുതുകാട് കനാൽപാലം റോഡ്	2	5
11	10	ചേർമ്പറ്റ കാവ് റോഡ്	.85	5
12	10	കിണാശ്ശേരി പടിഞ്ഞാറെത്തറ റോഡ്	.5	5
13	6	പണ്ടാര കാട് റോഡ്	.75	5

അടിയന്തരമായി മെറ്റൽ ചെയ്യേണ്ടതായ നിലവിലുള്ള മൺപാതകൾ ഉടൻ മെറ്റൽ ചെയ്തില്ലെങ്കിൽ ഈ പാതകൾ സമീപ ഭാവിയിൽ ഉപയോഗശൂന്യമാകുന്നതാണ്.

നിലവിലുള്ള മൺറോഡുകൾ

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേർ	ദൂരം കി. മീ	വീതി മീ
1	1	അപ്രോച്ച് റോഡ് യാക്കര പുഴ	.5	4
2	1	വടപ്പറമ്പ് റോഡ്	.6	4
3	1	കാഴ്ച പറമ്പ് റോഡ്	.5	3
4	1	വാടപറമ്പ് കൊടക്കാട് IHDP കോളനി റോഡ്	1	4
5	1	പുഴയ്ക്കൽ റോഡ്	.5	4
6	1	ചെമ്മങ്കാട് റോഡ്	.3	4
7	2	ചല്ലിക്കാട് ഏറാകുന്ന് റോഡ്	1.5	4
8	2	വടക്കുമുറി കളപ്പറമ്പ് റോഡ്	.2	4
9	2	തുമ്പിളം റോഡ്	.9	4
10	2	വടക്കുമുറി റോഡ്	.5	4
11	2	മണലൂർ റോഡ്	1.5	4
12	2	പൂവ്വക്കോട് റോഡ്	1.5	4
13	2	വടക്കുമുറി നായൻമാർ തറ റോഡ്	.5	3
14	3	ഞായറാഴ്ച കാവ് റോഡ്	.5	3
15	3	മന്നാട്ടു കുളം റോഡ്	.25	3
16	3	പുറക്കുളം കീരിയാട് റോഡ്	.4	4
17	4	കണ്ണമ്പരിയാരം റോഡ്	.3	3
18	4	കണ്ണാടി കുളത്തിൽ വീട് റോഡ്	.6	3
19	4	തരുവ്വക്കുറുശ്ശി കിഴക്കേമുറി റോഡ്	.75	3
20	4	തിരുവക്കാട് തെൻകുറുശ്ശി റോഡ്	.3	3
21	5	അമ്പാട് തോട്ടുപ്പള്ളം റോഡ്	.4	3
22	5	കൊല്ലം കോട്ടപറമ്പ് റോഡ്	1	3

23	5	മാഞ്ചിരം കാട് റോഡ്	1	3
24	5	പാങ്ങോട് റോഡ്	3	
25	5	തരുവക്കുറുശ്ശി പടിഞ്ഞാമുറി റോഡ്	.5	3
26	6	താണിയം കാവ് റോഡ്	.7	3
27	6	ചെങ്ങലം കാട് (രണ്ടാം റീച്ച്)	.2	3
28	6	പെരണ്ടക്കാട് റോഡ് (രണ്ടാം റീച്ച്)	.35	3
29	6	വാക്കാട് റൊഡ്	1.5	3
30	6	പയറ്റിൻ കാട് റോഡ്	1.5	4
31	6	പോലീസ് കോളനി റോഡ്	.5	3
32	6	പഞ്ചായത്ത് സ്റ്റേഡിയം റോഡ്	.5	3
33	7	കടുന്തുരുത്തി റോഡ്	.6	3
34	7	കുന്നക്കാട് കിണാശ്ശേരി റോഡ്	1	3
35	7	കിണാശ്ശേരി വടക്കുമുറി	1'	3
36	7	കളിമൺപാടം റോഡ്	.5	3
37	7	ചാത്തൻ തറ റോഡ്	1	3
38	8	ഉപ്പും പാടം പട്ടിക്കാട് റോഡ്	.2	3
39	9	ആനഗ്രം ഹരിജൻ കോളനി റോഡ്	.5	3
40	10	കാളിയം കുന്നം റോഡ്	.5	3
41	10	കുളക്കപാടം റോഡ്	1	3
42	10	ആലക്കൽപ്പറമ്പ് ഹരിജൻ കോളനി റോഡ്	.25	3
43	10	ചേർമ്പറ്റക്കാവ് വാണിയത്തറ റോഡ്	.75	3

1995 - 96 ൽ റോഡുകൾക്കുവേണ്ടി പഞ്ചായത്ത് ചിലവഴിച്ച തുക

J R Y	4,03,188
V R Y	43,052
UNTIDE	2,43,678
ആകെ	6,89,918

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

Sl No	വർഡ്	റോഡുകളുടെ പേർ	ദൂരം കി.മീ	വീതി മീ
1	1	ചെമ്മങ്കാട് ശ്മശാനം റോഡ്	.5	3
2	1	മടപ്പള്ളം റോഡ്	.5	3
3	1	ചെമ്മങ്കാട് ശ്മശാനം വാടപ്പറമ്പ് (ഫാം റോഡ്)	1	3
4	2	പന്നിക്കോട് ഇമ്പിളം പറമ്പ് റോഡ്	.5	3
5	2	വടക്കുമുറി കളപ്പറമ്പ് ചെന്തിരം കാട്	.5	3
6	2	വടക്കുമുറി ചെമ്മങ്കാട് റോഡ്	.5	3
7	2	ചല്ലിക്കാട് രാമൻ പൊന്നത്ത്	.5	3
8	3	ഞായറാഴ്ച കാവ് N. H. 47	.5	3
9	3	കുളവരമ്പ് N. H. 47	.4	3
10	3	കാവുവട്ടം മന്ദാട്ടുകളം	.4	3
11	4	ആശാരി തറ റോഡ്	.2	3
12	4	കളത്തിൽ വീട് പഴയ സംസ്ഥാന റോഡ്	.6	3
13	4	ചാത്തൻകുളങ്ങര പറമ്പ്	.3	3
14	4	തരവക്കുറുശ്ശി പത്തായപ്പുര റോഡ്	.3	3
15	4	കണ്ണാടി K S E B തിരുവക്കാട് (ഫാം റോഡ്)	1.2	3
16	5	തിരുനെല്ലായി തരവനാട്ടു കുളം	1	3
17	5	പുളിയപ്പൻതൊടി കൊല്ലങ്കോട്ടു പറമ്പ്	.5	3
18	6	ആയക്കാട്ട്തൊടി പുളിക്കൽ	.5	3
19	6	കൊടുവായൂർ റോഡ് കടയങ്കാട് റോഡ്	.5	3
20	6	പയിറ്റിൻകാട് ചങ്ങലംകാട് (ഫാം റോഡ്)	.8	3
21	6	ചങ്ങലങ്കാട് വട്ടേക്കാട് കളം റോഡ്	.3	3
22	6	കാഴ്ചപ്പറമ്പ് കടയം കാട് റോഡ്	.5	3

23	7	കുന്നക്കാട് കുളക്കപ്പാടം റോഡ്	.6	3
24	7	മന്ദം കുമ്പളത്തറ റോഡ്	.5	3
25	7	യാക്കരമുക്ക് വടക്കുമുറി കനാൽപാത	.75	3
26	8	പട്ടിക്കാട് തോട്ടത്തിൽക്കാട് റോഡ്	1.2	3
27	8	ഉപ്പുംപാടം ഘത്ധത്ധ സെന്റർ കുറുങ്ങാട്ട്പൊറ്റ ഫാം റോഡ്	.6	3
28	9	തോട്ടുപാടം പരപ്പന റോഡ്	.75	3
29	9	മുതുകാട് വേമ്പടി റോഡ്	1	3
30	9	പരപ്പന കറുക്കളം മുസ്ലിയാർ പാടം റോഡ്	.1	3
31	10	കിണാശ്ശേരി മെയിൻ റോഡ് പെരുങ്കുളം വരെ	.25	3
32	10	നെടുവക്കാട് മുക്ക് നെടുമ്പറമ്പ് റോഡ്	.3	3
33	10	P:PF വായനശാല ആശാരിത്തറ റോഡ്	.3	3
34	10	കിണാശ്ശേരി പെരുവെമ്പ് റോഡ് മണ്ണാൻ കോളനി റോഡ്	.1	3
35	10	പതിയിൽ പടി ചാത്തൻ തറ റോഡ്	.15	3
36	10	കിണാശ്ശേരി പെരുവെമ്പ് റോഡ്	.3	3
37	4	കുറുവക്കാട് വെള്ളാനി പറമ്പ് റോഡ്	.5	3

ഊർജ്ജം

1960ൽ ആണ് കണ്ണാടി ഭാഗത്ത് വൈദ്യുതി എത്തിയത്. ഇപ്പോൾ 95% മേൽ കണ്ണാടി പഞ്ചായത്തിൽ വൈദ്യുതി എത്തയിട്ടുണ്ട്. പാലക്കാട് 110 K V സബ്സ്റ്റേഷനിൽനിന്നുള്ള 11 K V ലൈനിലൂടെയാണ് കണ്ണാടി ഭാഗത്തേക്ക് വൈദ്യുതി ലഭിക്കുന്നത്. കൊടുവായൂർ 110 K V ഫീഡർ എന്നാണ് ഈ ഫീഡറിന്റെ പേർ. പഞ്ചായത്തിൽ 3600 ൽ അധികം ഉപഭോക്താക്കൾ ഉണ്ട്. ഉപഭോക്താക്കളിൽ 80% ൽ അധികവും ഗാർഹികാവശ്യങ്ങൾക്കും 4% കൃഷി ആവശ്യത്തിനും, 6% വ്യവസായത്തിനും, 10% വാണിജ്യത്തിനും ഉപയോഗിക്കുന്നു. ഇവിടെ അടുത്ത

സെക്ഷൻ ഓഫീസ് 6 കി. മീ. ദൂരത്തുള്ള കുഴൽമന്ദത്താണ്. അതുകൊണ്ട് സബ്എഞ്ചിനീയർ ഓഫീസും ഈ പഞ്ചായത്തിൽ അത്യാവശ്യമാണ്. ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ സംബന്ധിച്ച് പരാതി ഉള്ളവരാണ്. രാത്രി 9 മണിവരെ കുട്ടികൾക്ക് പഠിക്കാൻ പറ്റാത്ത അവസ്ഥ പല ഭാഗത്തും ഉണ്ട്.

ഈ പഞ്ചായത്തിലുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1	100	K. V. A	വാട്ടർസപ്ലൈ പുഴക്കൽ
2	100	" "	പുഴക്കൽ എൻ. എച്ച്
3	160	" "	പാത്തിക്കൽ
4	100	" "	പാണ്ടിയോട്
5	100	" "	കണ്ണാടി തറ
6	50	" "	മണലൂർ
7	100	" "	പറക്കുളം
8	160	" "	കണ്ണനൂർ
9	100	" "	പുളിയപ്പൻ തൊടി
10	160	" "	തിരുനെല്ലായി
11	"	"	കിണാശ്ശേരി
12	100	" "	കിണാശ്ശേരി ഘഘ
13	100	" "	ഗജേന്ദ്രമിൽ
14	160	" "	ആനപ്പുറം
15	100	" "	ഓവർ ബ്രിഡ്ജ്
16	160	" "	തണ്ണീർപന്തൽ
17	100	" "	ഉപ്പുംപാടം
18	100	" "	മുല്ലേരി
19	100	" "	മമ്പറം

20	100	"	"	കടുന്തുരുത്തി
21	100	"	"	മുതുകാട്
22	100	"	"	യാക്കര
23	100	"	"	ചാത്തൻ തറ
24	100	"	"	പരപ്പന
25	100	"	"	ആനപ്പുറം
26	100	"	"	തരുവക്കുറുശ്ശി

ഹൈടെൻഷൻ കൺസ്യൂമർ

പ്രീമിയർ മൈദ	500 K. V. A.	കൊടുവായൂർ ഫീഡർ
പ്രിൻസ് മൈദ	500 K. V. A.	പൂതുനഗരം ഫീഡർ

പഞ്ചായത്ത് പ്രദേശത്ത് ആകെ 28 കി. മീ. 11 K. V. ലൈനും, 100 കി.മീ. 3ഫേസ് ലൈനും, 55 കി. മീ. സിംഗിൾ ഫേസ് ലൈനും ഉണ്ട.

തെരുവുവിളക്കുകൾ

1. സാധാരണം	400
2. ട്യൂബ് ലൈറ്റ്	24
3. സോഡിയം വേപ്പർ ലാമ്പ്	13

പ്രശ്നങ്ങളും നിർദ്ദേശങ്ങളും

ഈ പഞ്ചായത്തിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന സംവിധാനം ഉണ്ടാവേണ്ടതാണ്.

1. ട്രാൻസ് ഫോർമർ 5 എണ്ണം (വടക്കുമുറി, ഇല്ലത്തുപ്പറമ്പ്,

കടലാക്കുറുശ്ശി, തസ്റാക്ക്, കുടുവക്കോട്)

2. 11 കെ. വി. ലൈൻ 6.75 കി. മീ.

3. L. T. 3 ഫേസ് ലൈൻ 4കി. മീ..

4. സിംഗിൾ ഫേസ് 3 ഫേസ് ആക്കൽ8.5 കി. മീ. (കാവുവട്ടം, താണിയൻ കാവ്, പട്ടിക്കാട്, തോട്ടുപാടം, പരപ്പന, ഉപ്പുംപാടം)

5. ലൈനിന് മുകളിലുള്ള മരക്കൊമ്പുകൾ മുറിക്കുന്നത് വർഷത്തിൽ രണ്ട് പ്രാവശ്യം വേണ്ടതാണ്. മരങ്ങളുടെ തടസ്സം കാരണം വൈദ്യുതിയിൽ പ്രസരണനഷ്ടം സംഭവിക്കുന്നതാണ്.

6. കേടായ മീറ്ററുകൾ ഉടൻ മാറ്റേണ്ടതാണ്.

7. ഗുണ നിലവാരം കുറഞ്ഞ സാധനങ്ങളുടെ ഉപയോഗം കാരണം വൈദ്യുതി തടസ്സം നേരിടുന്നു. ഉദാ : 11 കെ. വി. ഡി. ബി. സി., 11കെ. വി. ഇൻസുലേറ്റർ, 11കെ, വി. എബി/എസ്. ഡബ്ളിയൂ

ഇവയുടെ ഗുണ നിലവാരം കുറവായതിനാൽ ഒരു ചെറിയ മിന്നലിൽ ഇൻസുലേറ്റർ കേടാവുകയും ആപ്രദേശം മുഴുവൻ വൈദ്യുതി നിലക്കുകയും ചെയ്യുന്നു. അതു കണ്ടു പിടിക്കുവാൻ ഒന്നോ രണ്ടോ ദിവസം എടുക്കുകയും ചെയ്യും.

8.ജീവനക്കാരുടെ കുറവും അനാസ്ഥയും

9. കിണാശ്ശേരിയിലും കണ്ണാടിയിലും ഓരോ കലക്ഷൻസെന്ററും കണ്ണാടിയിൽ ഒരു സബ് എൻജിനിയർ ഓഫീസും ആവശ്യമാണ്.

10. കഞ്ചിക്കോട് വ്യവസായ സ്ഥാപനങ്ങളുടെ ഉപവ്യവസായങ്ങളും മറ്റു വ്യവസായങ്ങളും തുടങ്ങാൻ ഈ പഞ്ചായത്തിൽ വളരെ സാദ്ധ്യതകളുണ്ട്. അതിന്റെ ആവശ്യാർത്ഥം ഒരു 66 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കേണ്ടതാണ്.

സാദ്ധ്യതകൾ

1. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും നല്ലപോലെ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ സോളാർ ലാംപ് സംവിധാനം പഞ്ചായത്ത് തലത്തിൽ

നടപ്പാക്കാവുന്നതാണ്.

2. സബ്സിഡി നിരക്കിൽ Compact Fluercent Lamp ഉപഭോക്താക്കൾക്ക് നൽകുകയാണെങ്കിൽ ഗണ്യമായ തോതിൽ വൈദ്യുതി ലാഭിക്കാൻ സാധിക്കും. കാരണം പ്രസ്തുത ലാംപ് 9 വാട്ടിന്റെ ആണ് ഏറ്റവും കുറഞ്ഞത് 40 വാട്ടിന്റെ വെളിച്ചം കിട്ടുന്നതാണ്. അതുപോലെ ഇലക്ട്രാണിക് ചോക്കും വിതരണം ചെയ്യേണ്ടതാണ്. പ്രസ്തുത ആവശ്യത്തിലേക്ക് അനെർട്ടുപ്പോലുള്ള സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തേണ്ടതാണ്.

3. ഈ പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. സാധാരണ അടുപ്പുകളിൽ 85% ത്തോളം ഉർജ്ജം നഷ്ടപ്പെടുന്നു. അതു കാരണം സാമ്പത്തികമായി ജനങ്ങൾ വിഷമിക്കുന്നു. ഇതിനു പരിഹാരമായി ദക്ഷതകൂടിയ പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം വ്യാപകമാക്കണം. പ്രഷർകുക്കറുകളും ഈ അടുപ്പിൽ ഉപയോഗിക്കാവുന്നതാണ്. ഇതെല്ലാം തന്നെ അനർട്ട് ' എന്ന സ്ഥാപനം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. പഞ്ചായത്തുതലത്തിൽ അതിന്റെ സാദ്ധ്യത വർദ്ധിപ്പിക്കേണ്ടതാണ്.ഇതിൽ ഏറ്റവും കുറഞ്ഞ ചിലവിൽ പാചകം നിർവ്വഹിക്കുവാൻ സാധിക്കുന്നത് ഗ്യാസ് അടുപ്പുകളിൽ കൂടിയാണ് .6 അംഗങ്ങളുള്ള ഒരു കുടുംബത്തിന് ഏറ്റവും കുറഞ്ഞത് പ്രതിമാസം വിറകിന് 300 രൂപ ചിലവാകുമ്പോൾ ഗ്യാസിന് 130 രൂപയെ ആകുന്നുള്ളു. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ പഞ്ചായത്തു പരിധിയിൽ ഗ്യാസ് കിട്ടാൻ ബുദ്ധിമുട്ടാണ് അതു കൊണ്ട് പഞ്ചായത്ത് തലത്തിൽ ഗ്യാസ് ഏജൻസികൾ അനുവദിക്കണം.

4. എല്ലാ റേഷൻ ഉപഭോക്താക്കൾക്കും ആവശ്യാനുസരണം മണ്ണെണ്ണ ലഭ്യമാക്കണം

5. ജൈവവള സമ്പത്ത് സുലഭമായ നമ്മുടെ പഞ്ചായത്തിൽ അതിനെയുപയോഗപ്പെടുത്തിക്കൊണ്ട് ഗോബർഗ്യാസ് പ്ലാന്റുകളും ബയോഗ്യാസ് പ്ലാന്റുകളും നിർമ്മിക്കേണ്ടതാണ്.

ഓരോ പഞ്ചായത്തിൽ ഒരു പവർലൈൻ Map ഉണ്ടാക്കി സൂക്ഷിക്കേണ്ടതാണ്. ആവശ്യമുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു.

വാർഡ്	സോഡിയംവേപ്പർ ലാംപ്	ട്യൂബ്‌ലൈറ്റ്	സാധാരണ ലൈറ്റ്
1	3	5	20
2	3	5	22
3	1	6	12
4	1	6	21
5	1	5	28
6	2	9	22
7	2	5	15
8	2	4	8
9	2	4	10
10	1	6	12
	18	55	170

മാർക്കറ്റ്

ഈ പഞ്ചായത്തിലെ കാർഷികോല്പന്നങ്ങളിൽ പ്രധാനമായത് നെല്ലു തന്നെയാണ്. രണ്ടാം സ്ഥാനം നാളികേരത്തിനും. നെല്ലുല്പാദകരാണെങ്കിൽ സ്വകാര്യ മില്ലുകാരുടെ ചൂഷണത്തിന് ഇരയാവുകയും ചെയ്യുന്നു. ഇതിനു പരിഹാരമായി നിലവിലുള്ള സഹകരണസംഘംവഴിയോ, മറ്റു സഹകരണാടിസ്ഥാനത്തിലോ ഈ വിഭവങ്ങൾ സമാഹരിച്ച് വിപണനം നടത്തുകയാണെങ്കിൽ ഉല്പാദകർക്കും ഉപഭോക്താക്കൾക്കും അതൊരുനുഗ്രഹമായിരിക്കും. അങ്ങനെ ഒരു സംവിധാനം വന്നാൽ അത് കാർഷിക മേഖലക്ക് വലിയ പ്രോത്സാഹനം ആയിരിക്കും. ഇത്തരം ആവശ്യങ്ങൾക്ക് പരപ്പന, പാത്തിക്കൽ, തരുവക്കുറുശ്ശി, കണ്ണനൂർ എന്നീ സ്ഥലങ്ങളിൽ കേന്ദ്രങ്ങൾ ഉണ്ടാവേണ്ടതാണ്.

പഞ്ചായത്തിൽ കണ്ണനൂരും കിണാശ്ശേരിയിലും ആഴ്ച ചന്ത തുടങ്ങേണ്ടതാണ്.

10 പാർപ്പിടവും സാമൂഹ്യ ക്ഷേമവും

പാലക്കാട് ജില്ലാ ആസ്ഥാനത്തോട് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്നതും ജില്ലയുടെ തെക്കു ഭാഗത്തു കിടക്കുന്നതുമായ ഒരു പഞ്ചായത്താണ് കണ്ണാടി. ഈ പഞ്ചായത്തിൽ കണ്ണാടി, കിണാശ്ശേരി എന്നീ രണ്ടു വില്ലേജുകൾ ഉൾപ്പെടുന്നു. അവ കണ്ണാടി I എന്നും, കണ്ണാടി II എന്നും അറിയപ്പെടുന്നു.

പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും കൂലി പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ്. അതു കൊണ്ട് നിലവിലുള്ള വീടുകളിൽ കൂടുതലും ഇടത്തരം വീടുകളാണ്. 1991 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിൽ 3783 വീടുകളുണ്ടായിരുന്നു. 96-97 ലെ പഞ്ചായത്ത് കണക്ക് അനുസരിച്ച് 4088 വീടുകളാണ് ഉള്ളത്. 1991 ലെ സെൻസസിനു ശേഷം 5 വർഷത്തിനുള്ളിൽ വർദ്ധിച്ച വീടുകളുടെ എണ്ണം 305 ആണ്. ഭൂരിപക്ഷം വീടുകളും ഇഷ്ടിക, മണൽ, സിമിന്റ്, എന്നിവ കൊണ്ട് പണിതതും സിമന്റിന്റെ തറകൾ ഉള്ളവയാണ്. വാർഡ് തിരിച്ചുള്ള വീടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

വാർഡ് നമ്പർ	ഓട്	ഓല	ടെറസ്സ്	ഷീറ്റ് മുതലായ മേൽക്കൂരകൾ	ആകെ
1	262	24	59	12	357
2	290	46	33	3	372

വാർഡ് നമ്പർ	ഓട്	ഓല	ടെറസ്സ്	ഷീറ്റ് മുതലായ മേൽക്കൂരകൾ	ആകെ
3	337	39	71	9	456
4	432	44	23	13	512
5	430	22	20	2	474
6	350	23	87	10	470
7	259	42	59	12	372
8	276	51	17	3	347
9	252	54	7	4	317
10	345	22	41	3	411
	3233	367	417	71	4088

മുകളിലെ പട്ടിക പ്രകാരമുള്ള വീടുകളിൽ സ്വന്തമായി നിർമ്മിച്ചവയും കൂടാതെ NREP, RLEGP, IAY, MWS, JRY തുടങ്ങിയ ഗ്രാമവികസിത വകുപ്പിന്റെ പദ്ധതികളിലൂടെ ജില്ലാ സഹകരണ ബാങ്ക് ഹൗസിങ്ങ്, സഹകരണ സംഘം, പോലീസ് ഹൗസിങ്ങ് സഹകരണ സംഘം, രാജീവ് ദശലക്ഷം ഭവനനിർമ്മാണ പദ്ധതി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപറേഷൻ, കൈരളി ഭവന നിർമ്മാണ പദ്ധതി തുടങ്ങിയ ഏജൻസികളുടെയും ഡിപ്പാർട്മെന്റുകളുടെയും സാമ്പത്തിക സഹായത്തോടെ പൂർത്തിയാക്കിയ വീടുകളും നിരവധി ഉണ്ട്. വിവിധ പദ്ധതികളിലൂടെ പൂർത്തിയാക്കിയ വീടുകളിൽ ഭൂരിഭാഗവും പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെയണ്. പഞ്ചായത്തിൽ നിലവിൽ ഉണ്ടായിരുന്ന ഓല പുരകളിൽ 75% വും പട്ടിക ജാതി വിഭാഗത്തിൽ പെടുന്നവരുടെയാണ് സർക്കാരിന്റെയും വിവിധ എജൻസികളുടെയും ധനസഹായത്തോടെ അവയെല്ലാം തന്നെ ഓട്ടു പുരകളായി മാറിക്കഴിഞ്ഞു. ഇനി അവശേഷിക്കുന്നവ വെറു 10% മാത്രമാണ്.

എന്നാൽ ഇതര ജനവിഭാഗങ്ങളുടെ വളരെ അധികം വീടുകൾ ഇപ്പോഴും ഓലപ്പുരകളായി പഞ്ചായത്തിലുണ്ട് ഗ്രാമ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികളുടെ പ്രയോജനം 93 - 94 വർഷം വരെ പട്ടിക ജാതി വിഭാഗക്കാർക്കു മാത്രമാണ് ലഭിച്ചിരുന്നത്. എന്നാൽ 94 - 95 വർഷം മുതൽ ദാരിദ്ര രേഖക്ക്

താഴെയുള്ള ഇതരവിഭാഗം കൂടി ഭവന നിർമ്മാണ പദ്ധതികൾ ലഭ്യമാക്കി തുടങ്ങിയതോടെ ഓലപ്പുരകളുടെ എണ്ണം ക്രമാനുകൃതമായി കുറഞ്ഞു കൊണ്ടു വരുന്നു.

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥിതി ചെയ്യുന്ന കാഴ്ചപറമ്പ്, പുഴക്കൽ, പെരങ്ങാട്, കാടക്കുറിശ്ശി, കിണാശ്ശേരി തുടങ്ങിയ PWD റോഡുകൾക്കു സമീപമുള്ള പ്രദേശങ്ങളിലും പഞ്ചയത്തിലുടെ കടന്നു പോകുന്ന ദേശിയ പാതയുടെ സമീപവുമാണ് ലക്ഷങ്ങൾ മുടക്കി ആഡംബരത്തോടുകൂടിയ പുതിയ വീടുകൾ ഉയർന്നുകൊണ്ടിരിക്കുന്നത്. ഇതിൽ ഭൂരിഭാഗവും വയൽ നികുത്തി പണിയുന്നവയാണ് കാർഷിക മേഖലയിൽ ദോഷകരമായി ബാധിക്കുന്ന ഈ പ്രവർത്തങ്ങളിൽ പഞ്ചായത്തിലെ ജനങ്ങൾ ആശങ്കാകുലരാണ്.

ഭവന നിർമ്മാണ രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്ക്, സർവ്വീസ് സഹകരണ ബാങ്ക് എന്നിവയുടെ ഭവനനിർമ്മാണ സംഘങ്ങൾ ഹൗസിങ്ങ് ബോർഡിന്റെ രാജിവ് ദശലക്ഷം ഭവനനിർമ്മാണ പദ്ധതി എന്നിവയുടെയും പദ്ധതികൾ ജനങ്ങൾ ഉപയോഗപ്പെടുത്താറുണ്ടെങ്കിലും അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥകളും യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ജനങ്ങൾക്ക് ഈ പദ്ധതികളുടെ പൂർണ്ണമായ ആശ്വാസം ലഭിക്കുന്നുണ്ട് എന്ന് പറയുവാൻ കഴിയില്ല.

ഭവന നിർമ്മാണ വായ്പകൾ സാധാരണക്കാർക്ക് ലഭിക്കത്തക്ക വിധത്തിൽ വായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട് അതിനു വേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുക.

2. പലിശനിരക്ക് 12% മായി നിജപ്പെടുത്തുക

3. പ്ലോട്ട് അടിസ്ഥാനത്തിൽ തവണവ്യവസ്ഥകളായി വീട് നിർമ്മിച്ചു

കൊടുക്കുക.

4. ദുർഭല വിഭാഗങ്ങളോടൊപ്പം ഇടത്തരക്കാർക്ക് ലളിതമായ ജാമ്യ വ്യവസ്ഥകളിൽമേൽ വായ്പ ലഭ്യമാക്കുക.

ഈ പഞ്ചായത്തിൽ ഓല ഷീറ്റ് മുതലായ മേൽക്കൂരകളോടു കൂടിയ 438 വീടുകളും കൂടാതെ സ്വന്തമായി സ്ഥലം പോലും ഇല്ലാത്ത 36 ഓളം കുടുംബങ്ങളും ഉണ്ട്. പുതിയ വീടുകളുടെ ആവശ്യക്കാരിൽ ജീർണ്ണാവസ്ഥയിലുള്ള ഓട്ടുപുരയിൽ താമസിക്കുന്നവരും ഉൾപ്പെടുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. ഉദാരമായ വ്യവസ്ഥകളോടെയും അപ്രായോഗിക നടപടി ക്രമങ്ങൾ ഇല്ലാതെയും ചുരിങ്ങിയ പലിശ നിരക്കിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഭവന പുനർനിർമ്മാണ വായ്പാസൗകര്യങ്ങൾ ലഭ്യമാക്കുക.

2. പട്ടിക ജാതി വിഭാഗങ്ങളോടൊപ്പം ദാരിദ്ര രേഖക്ക് താഴെയുള്ള ഇതര വിഭാഗങ്ങളെ കൂടി ഗ്രാമ വികസന വകുപ്പിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി വീടു പുതുക്കി പണിയുവാൻ ധനസഹായം നൽക്കുക.

ജനകീയ ആവശ്യങ്ങളിൽ ഏറ്റവും സ്വധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കപ്പെടേണ്ടതാണ്. എന്നാൽ മാത്രമെ നാടിന്റെ പ്രത്യുല്പാദന രംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും സമസ്ത ജനവിഭാഗങ്ങളെയും പങ്കാളികളാക്കുവാൻ കഴിയുകയുള്ളു.

പഞ്ചായത്തിലെ ദാരിദ്ര രേഖക്ക് താഴെയുള്ള ജന വിഭാഗങ്ങൾക്കു വേണ്ടി, ഗ്രാമ വികസന വകുപ്പു മുഖേന അനുവദിച്ച വീടുകളുടെ വിവര പട്ടിക താഴെ കൊടുക്കുന്നു.

വർഷം	RLEGP	NREP	IAY	MWS	JRY	ആകെ
1984-85						
85 -86		5				5
86 -87		5				5

വർഷം	RLEGP	NREP	IAY	MWS	JRY	ആകെ
1984-85						
85 -86		5				5
86 -87		5				5
87-88	20	20	-	-	-	40
88-89	13	20	-	-	-	33
89-90	-	-	10	-	-	10
90-91	-	-	8	25	-	33
91-92	-	-	6	6	3	15
92-93	-	-	3	13	18	34
93-94	-	-	3	14	14	31
94-95	-	-	8	16	3	27
95-96	-	-	33	11	3	47
ആകെ	33	50	71	85	41	280

വിവിധ പദ്ധതികൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ഗ്രാമ വികസന വകുപ്പു മുഖേന ലഭ്യമാക്കിയ വീടുകൾ 1984 - 85 മുതൽ 95 - 96 വരെ രണ്ട് വില്ലേജുകളിലായുള്ള 10 വാർഡുകളിൽ 280 ആണ്. കൂടാതെ മറ്റു ഇതര വകുപ്പികളും ഏജൻസികളും മുഖേന ഈ കാലയളവിൽ ഏകദേശം 130 ഓളം വീടുകളും പണിതീർത്തിട്ടുണ്ട്. ഭവന. നിർമ്മാണ പദ്ധതികളുമായി ഗ്രാമ വികസന വകുപ്പ് രംഗ പ്രവേശനം ചെയ്തതോടെയാണ് ഈ രംഗത്ത് ഒരു കുതിച്ചു കയറ്റം ഉണ്ടായത് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

ഭവന നർമ്മാണ ഏജൻസികൾ മുഖേന നടപ്പാക്കുന്ന ദുർബലവിഭഗങ്ങൾക്കു നൽകുന്ന സഹായങ്ങളുടെയും വായ്പകളുടെയും തുക വർദ്ധിപ്പിക്കുവാൻ ഗ്രാമ സഭകളിൽ നിന്ന് ആവശ്യമുയർന്നിരിക്കുകയണ്. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലകയറ്റം, കൂലിനിരക്കിലെ ക്രമാധീതമായ വർദ്ധനവ് എന്നിവ നിമിത്തം പവപ്പെട്ടവന്റെ സ്വന്തമായൊരു വീട് എന്ന സ്വപ്നം സഫലീകരിക്കുവാനും കിട്ടിയ ആനുകൂല്യം കൊണ്ട് വീട് നിർമ്മിക്കുവാനും പണിപൂർത്തിയാക്കുവാനും കഴിയാത്ത

സാഹചര്യത്തിൽ മേൽ പറഞ്ഞ ആവശ്യത്തിന് പ്രശസ്തി ഉണ്ട് 1996 - 97 വർഷം മുതൽ ഗ്രാമ വികസന വകുപ്പു മുഖേന അനുവദിക്കുന്ന ധനസഹായം 15800 രൂപയിൽനിന്ന് 22000 രൂപയയി വർദ്ധിപ്പിച്ചത് ആശ്വാസകരമാണ്.

ഒരോ വർഷവും കൂലി നിരക്കുകൾ ക്രമാതീനമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വിദക്ത തൊഴിലുകാർക്ക് 100 രൂപ മുതൽ 110 രൂപ വരെയും സഹായികളായ പുരുഷൻമാർക്ക് 70 രൂ മുതൽ 80 രൂ വരെയും സ്ത്രീകൾക്ക് 60 രൂ മുതൽ 70 രൂ വരെയും ആണ് ഇപ്പോഴത്തെ കൂലി നിരക്ക്. കഴിഞ്ഞ 10 വർഷം മുൻപുള്ള കൂലി നിരക്കും ഇപ്പോഴത്തെ കൂലി നിരക്കും താരതമ്യേന പഠനത്തിന് വിധേയമാക്കിയാൽ വർദ്ധനവിന്റെ ആഴം വ്യക്തമാകുന്നതാണ്.

അതുപോലെ തന്നെ കെട്ടിടനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും ഈ രംഗത്തെ പ്രശ്നങ്ങളെ രൂക്ഷമാക്കുന്നു. ഇപ്പോൾ ഒരു ചാക്ക് സിമന്റിന് 175 രൂപ മുതൽ 180 രൂപ വരെയും ഇഷ്ടിക സീസണിൽ 1000 ത്തിന് 1100 രൂപ മുതൽ 1800 രൂപ വരെയും, കമ്പി കിലോഗ്രാമിന് 13 മുതൽ 17രൂപ bsjã gK bfhã gç xakeQ ikxxò l gjè fV x(10X10) സുമാർ 20 രൂപ വരെയുണ്ട്. കൂടാതെ ഓടിന്റെ വില 1000 ത്തിന് 3000 രൂപ മുതൽ 3500 രൂപ വരെയാണ്. ഇതെല്ലാം തന്നെ ഭവന നിർമ്മാണ ധന സഹായത്തിന്റെ തുക വർദ്ധിപ്പിക്കണമെന്നാവശ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.

നിലവിലുള്ള വയ്പയും സഹായവും ഉപയോഗിച്ച് വീടുനിർമ്മിക്കുവാൻ പ്രാപ്തരല്ലാത്തവരെ കണ്ടെത്തുന്നത് ശ്രമകരമായ പ്രവർത്തിയാണ്. അതിനു വേണ്ടി സന്നദ്ധ, സംഘടനകളെ പ്രയോജനപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള ഗുണോഭോക്താക്കളെ സന്നദ്ധസംഘടനകൾ മുഖാന്തിരം വീടുനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകി പ്രോൽസാഹിപ്പിക്കേണ്ടതാണ്. മാത്രമല്ല നമ്മുടെ പാരമ്പര്യമായ നിർമ്മാണ ശൈലികളിൽ മിതവ്യയം പാലിച്ചുകൊണ്ട് ആധുനിക നിർമ്മാണ ശൈലികളിൽ പ്രത്യേകിച്ചും നിർമ്മിതികേന്ദ്രം പോലുള്ള ഏജൻസികൾ വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യകളുമായി ഗുണഭോക്താക്കളെ പരിചയപ്പെടുത്തുവാനും സന്നദ്ധസംഘടനകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. കൂടാതെ

തങ്ങളുടെ അദ്ധ്വാനവും പാവപ്പെട്ടവരുടെ ഈ സംരംഭത്തിന് സംഭാവന നൽകാവുന്നതാണ്.

പാർപ്പിട രംഗത്ത് സങ്കീർണ്ണതകളുടെ കെട്ടഴിക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. ഈ സംഘത്തിലൂടെ വിവിധ ഭവന നിർമ്മാണ ഏജൻസികളിടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ഏജൻസികളുടെ പ്രയോജനം ഗുണഭോക്താക്കളിൽ എത്തിക്കുകയും ചെയ്യുക. അപേക്ഷ വിതരണം, എഞ്ചിനിയർ മുതൽ വിവിധ ജോലിക്കാർ വരെ ഉള്ളവരുടെ സേവനം, നിർമ്മാണ സാമഗ്രികളുടെ വിതരണം മിതവ്യയത്തിലുള്ള പ്രേരണ മുലായവ ഈ സംഘത്തിലൂടെ നടപ്പിലാക്കാവുന്നവയാണ്.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക (സിമിന്റ്, കമ്പി മതലായവ).

3. അത്യാഡംബര രീതിയിലുള്ള വിടുകളുടെ നിർമ്മാണം നിരുത്സാഹ പ്പെടുത്തുവാൻ നിർമ്മാണ ചെലവ് 3 ലക്ഷം രൂപ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.

4. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

a. അപേക്ഷകൾ ഗ്രാമ പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുക.

b. രജിസ്റ്റർ ഓഫീസ്സിലെ അമിതമായ ഫീസ് ഇല്ലാതാക്കുക

c. സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്ത് മെമ്പർക്ക് നൽക്കുക.

5. സർക്കാരിന്റെയും വിവിധ എജൻസികളുടെയും ഭവന നിർമ്മാണത്തിനുവേണ്ടി തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ രജിസ്റ്റർ

പഞ്ചായത്തിൽ സൂക്ഷിക്കുക.

6. ചെലവ് കുറഞ്ഞ വീടകളുടെ നിർമ്മാണം ഉർജ്ജിതമാക്കുക.

7. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ്പകളുടെ പരിധി വർദ്ധിപ്പിക്കുക

8. പൂർണ്ണമായും ധനസഹായത്തോട് നടപ്പിലാക്കുന്ന പദ്ധതികളുടെ തുക കാലാനുസൃതമായി വർദ്ധിപ്പിക്കുക.

9. വീടും ഭൂമിയും ഇല്ലാത്തവർക്ക് പഞ്ചായത്തിന്റെയും സർക്കാരിന്റെയും അധീനതയിലുള്ള താഴെ പറയുന്ന ഭൂമികളിൽ പട്ടിക ജാതി വിഭാഗക്കാർക്കും മറ്റുഇതര വിഭാഗക്കാർക്കും ആയി ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് സന്നദ്ധ സംഘടനകളുടെ മേൽ നോട്ടത്തിൽ വീടുകൾ നിർമ്മിച്ച് വിതരണം ചെയ്യുക.

a. 10ാം വാർഡിലെ കാളിയംകുന്നം പ്രദേശത്ത് ജലസേചന വകുപ്പിന്റെ 1 ഏക്കർ ഭൂമി.

b. 5ാം വാർഡിൽ കൊല്ലങ്കോട്ട് പറമ്പ് പ്രദേശത്ത് 4 സെന്റ് ഭൂമി വീതം അനുവദിച്ച 1 ഏക്കർ 60 സെന്റ് ഭൂമി.

c. 9ാം വാർഡിൽ ആനപ്പുറംകാട് പ്രദേശത്ത് 4സെന്റ് ഭൂമി വീതം പഞ്ചായത്തിന് അനുവദിച്ച 1 ഏക്കർ ഭൂമി

d. 1 1ാം വാർഡിൽ വാടപറമ്പ് പ്രദേശത്ത് PWD പുറമ്പോക്ക് ഭൂമി.

ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ പ്രാഥമികമായി അവർക്കു ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ ഭവന നിർമ്മാണത്തിനു വേണ്ടി LIC തുടങ്ങയ കേന്ദ്ര പെതു സ്ഥാപനങ്ങളിൽ നിന്നും ഏറ്റവും ചുരിങ്ങിയ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുകയും വിടിന്റെ നിർമ്മാണം നിർമിതികേന്ദ്രം പോലുള്ള എജൻസികളെ ഏൽപ്പിക്കുകയും ചെയ്യണ്ടതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുകയും വേണം.

കോളനികളിലെ പാർപ്പിട പ്രശ്നം സങ്കീർണ്ണമായ നാനാതരം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഉദാഹരണത്തിന് ആരോഗ്യ പരിപാലനം തുടങ്ങിയ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാം. കൂട്ടായി വീടുകൾ നിർമ്മിക്കുമ്പോൾ പരിസരശുചീകരണത്തിന്റെ കാര്യത്തിലും, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളുടെ കാര്യത്തിലും ഗുണഭോക്താക്കളെ ബോധവാൻമാരാക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ രണ്ടു ലക്ഷംവീട് കോളനികളാണ് ചെല്ലിക്കാടും ആനപ്പുറംകാടും. (ലക്ഷം വീട് അനുവദിക്കപ്പെട്ട യഥാർത്ഥ ഗുണഭോക്താക്കളിൽ ചിലരെങ്കിലും അവ കൈമാറ്റം ചെയ്തതായി കാണുന്നു.) ഈ വീടുകളിൽ പലതും നിലം പൊത്താറായനിലയിൽ ജീർണ്ണാവസ്ഥയിലാണ്. അറ്റകുറ്റപണികൾ കാലാകാലങ്ങളിൽ നടത്താത്തതു മൂലം ഇവ അപകട ഭീഷണി നേരിടുകയാണ്. ഈ വീടുകളുടെ അറ്റകുറ്റപണികൾ അടിയിന്തിരമായി നടത്തണമെന്ന നിർദ്ദേശം ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ഈ വീടുകൾ അടിയന്തിരമായും പുനരുദ്ധരിക്കുവാൻ JRY മുതലായ പദ്ധതികൾ വിനിയോഗിക്കണം.

നമ്മുടെ പഞ്ചായത്തിൽ ബ്ലോക്ക് മുഖേന പണിതീർത്ത വീടുകളെ നികുതികളിൽ നിന്നും ഒഴിവാക്കിയത് സ്വാഗതാർഹമാണ്. പല ഗ്രാമസഭകളിൽ നിന്നും പൊതു നിർദ്ദേശമായി ഉയർന്നു വന്നതാണ് ശ്മശാനത്തിന്റെ പ്രശ്നങ്ങൾ എല്ലാ ശ്മശാനങ്ങളും മതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.

നമ്മുടെ ലക്ഷ്യം ഓരോ കുടുംബത്തിനും സ്വന്തമായി ഒരു പാർപ്പിടം എന്നതാണ്. വരുന്ന 5 വർഷം കൊണ്ട് ഈ ലക്ഷ്യം സ്വായത്തമാക്കുന്നതിന് പരമാവധി പരിശ്രമം പ്രദാനം ചെയ്യുവാൻ സംഘടനകളും സർക്കാരും സ്ഥാപനങ്ങളും ഒത്തൊരുമിച്ച് പ്രയത്നിക്കാം

സാമൂഹ്യ ക്ഷേമം

സാമൂഹ്യ ക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖക്കു താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര നിർമ്മാണ പദ്ധതിയും സംഘടിത, അസംഘടിത തോഴിലാളികളുടെ ക്ഷേമത്തിനുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിൽ ഉള്ളത്.

പൂർണ്ണമായും കേന്ദ്രസംസ്ഥാനഗവൺമെന്റുകളുടെ ധനസഹായത്തോടെയാണ് ദാരിദ്ര നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കപ്പെടുന്നത്. തൊഴിലാളി, തൊഴിലുടമ സഹകരണത്തോടെ ക്ഷേമ നിധി ബോർഡുകൾ വഴി തോഴിലാളി ക്ഷേമ പദ്ധതികൾ നടപ്പിലാക്കപ്പെടുന്നു.

ഈ പദ്ധതികൾക്കു പുറമെ പട്ടികജാതി വികസന കോർപറേഷനും വനിതാ വികസന കോർപറേഷനും യഥാക്രമം പട്ടികജാതിക്കാരുടെയും വനിതകളുടെയും ക്ഷേമ പദ്ധതികളുമായി രംഗത്തുണ്ട്. ഈ പദ്ധതികളിൽ ഗ്രാമ വികസന വകുപ്പ്, പട്ടിക ജാതി വികസന കോർപറേഷൻ എന്നിവ മുഖേന നടപ്പാക്കുന്ന ദാരിദ്ര നിർമ്മാർജന പദ്ധതിക്ക് ഒരു അയവു വരെയെങ്കിലും ധനങ്ങൾ ഉപയോഗപ്പൊടുത്തികൊണ്ടിരിക്കുന്നു.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത, പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുമ്പോൾ പ്രകടമാണ്. അതിൽ പ്രധാനമായും നിഴലിച്ചു കാണുന്നത് പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് വേണ്ടത്ര അറിവില്ല എന്നുള്ളതാണ്. അതു മൂലം പദ്ധതികൾ വലിയൊരു അളവിൽ ദുരുപയോഗം ചെയ്യപ്പെടുന്നു അതു പോലെത്തന്നെ ഉദ്യോഗസ്ഥതലത്തിലുള്ള ബോധവർക്കരണക്കുറവും പദ്ധതി നടത്തിപ്പിലെ പോരായ്മയും. അർഹതപ്പെട്ടവർക്കു കിട്ടായ്കയും ആവശ്യത്തിനും സമയത്തിനും കിട്ടായ്കയും ഉപയോഗപ്പെടുമ്പോഴുണ്ടാകുന്ന സാങ്കേതിക നൂലാമാലകളും എടുത്തു പറയേണ്ടിയിരിക്കുന്നു

കർഷകതൊഴിലാളി ക്ഷേമനിധി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയുടെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ കാര്യക്ഷമമായി നടക്കുന്നുണ്ട് പഞ്ചായത്തിലെ 90% തൊഴിലാളികളും ബന്ധപ്പെട്ട ക്ഷേമനിധിയിൽ അംഗങ്ങളാണ് ഈ പ്രവർത്തനങ്ങളിൽ സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ സജീവമായി പങ്കാളിത്തം വഹിക്കുക എന്നത് ശുഭോദർക്കമാണ്

കുഴർമന്ദം ബ്ലോക്ക് ഡവലപ്മെന്റ് ആഫീസിനു താഴെയുള്ള കണ്ണാടി 1, 2 വില്ലേജുസർക്കിളുകൾ വഴിയാണ് ദാരിദ്ര നിർമ്മാർജ്ജന രംഗത്തെ പദ്ധതികൾ

കാര്യക്ഷമമായി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. രണ്ടു.വി. ഇ. ഒ സർക്കിളുകളായി പഞ്ചായത്തിൽ മൊത്തം ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദമായി തന്നെ താഴെ പ്രതിപാദിക്കുന്നു. പ്രസ്തുത പദ്ധതികൾ കൂടുതൽ ഫലപ്രദമായി ഉപയോഗ പ്പെടുത്തുവാൻ ആവശ്യമായ നിർദ്ദേശങ്ങളും ഇതോടൊപ്പം സമർപ്പിക്കുന്നു.

IRDP പദ്ധതി

വർഷം	എണ്ണം	സബ്സിഡി	വായ്പ	ആകെ
1992-93	63	2,27,591	3,57,959	5,85,550
93 -94	52	2,04,539	2,80,411	4,84,950
94-95	49	2,42,000	4,09,912	6,51,912
95-96	46	2,28,000	4,71,388	6,99,388
96-97	കണക്കുകൾ ലഭ്യമല്ല			
	210	9,02,130	15,19,670	24,21,800

ഈ പദ്ധതിയിലെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് 1992 - 93, 95 - 96 വർഷങ്ങളിൽ ദാരിദ്ര രേഖക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുവാൻ നടത്തിയ I R D P സർവ്വേയിൽ നിന്നാണ് അന്ത്യോദയ സമീപന രീതി (ഏറ്റവും കുറഞ്ഞ വരുമാനമുള്ള കുടുംബത്തിന് ആദ്യം സഹായം) അനുസരിച്ചാണ് തിരഞ്ഞെടുക്കുന്നത്. I R D P സർവ്വേ പ്രകാരം പഞ്ചായത്തിൽ 10 വാർഡുകളിലായി 2088 കുടംബങ്ങൾ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. അതിൽ 758 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവരും 1330 ഇതര വാഭഗത്തിൽപ്പെട്ടവരുമാണ്

IRDP ആനുകൂല്യം നൽകി സഹായിച്ചുട്ടുള്ളത്. അവർക്ക് 9,02,130 രൂപ സബ്സിഡിയായും 15,19,670 രൂപ വായ്പയായും വിതരണം ചെയ്തിരിക്കുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു.

കണ്ണാടി പഞ്ചായത്തിൽ ഐ.ആർ.ഡി.പി. പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുന്നത്

താഴെ പറയുന്ന ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെയണ്.

വാർഡ് 1 മുതൽ 6 വരെ STATE BANK OF INDIA (ADB) PALAKKAD,സർവ്വീസ് സഹകരണ സംഘം കണ്ണാടി.

വാർഡ് 2 മുതൽ 5 വരെ STATE BANK OF TRAVANCORE KANNADI

വാർഡ് 7 മുതൽ 10 വരെ നെടുങ്ങാടി ബാങ്ക് കിണാശ്ശേരി, സർവ്വീസ് സഹകരണ സംഘം പെരുവെമ്പ്.

മേൽ പറഞ്ഞ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പദ്ധതി നടത്തിപ്പിന് അനുകൂലമായ സമീപനമാണുണ്ടായിക്കൊണ്ടിരിക്കുന്നത്. പ്രസ്തുത ബാങ്കുകൾ ഐ. ആർ. ഡി. പി. കൂടാതെ പട്ടികജാതി വികസന കോർപറേഷൻ ജില്ലാവ്യവസായ കേന്ദ്രം തുടങ്ങിയ ഏജൻസികൾ മുഖേനയുള്ള വായ്പ പദ്ധതികളിലും സഹകരിച്ചു വരുന്നുണ്ട്.

ഐ. ആർ. ഡി. പി. പദ്ധതിയെ കുറിച്ചുള്ള സർക്കാരിന്റെ നിർവ്വചനം കലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്. ദാരിദ്ര രേഖയുടെ പരിതി 25000 രൂപയെങ്കിലും ആക്കി ഉയർത്തണം. ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ ഒരോ വർഷവും നടത്തണം. അതു മൂലം ഓരോ കുടുംബത്തിന്റെയും സാമ്പത്തിക സ്ഥിതിയിൽ ഉണ്ടാകുന്ന മാറ്റം വിലയിരുത്താം കൂടാതെ ലഭ്യമാക്കുന്ന വായ്പ ഗുണഭോക്താക്കൾ കൃത്യമായി, അടക്കുന്നുണ്ടോ എന്ന് ബന്ധപ്പെട്ടവർ പരിശോധിക്കണം.

D.W.C.R.A.

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന സംരഭമാണ് D.W.C.R.A. അല്ലെങ്കിൽ ഗ്രാമീണ വനിതാ ശിശുക്ഷേമ പരിപാടി ഐ..ആർ.ഡി.പി. യുടെ ഒരു

അനുബന്ധ പദ്ധതിയണ് ഇത്. ഈ പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ തുടങ്ങിയിട്ടുള്ള 4 യൂണിറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു.

തുടങ്ങിയ വർഷം	യൂണിറ്റിന്റെ പേരും പദ്ധതിയും	അംഗങ്ങളായ വനിതകൾ	സബ്സിഡി	വായ്പ	പ്രവർത്തന നിലവാരം
1987 - 88	ചാത്തൻകുളങ്ങര പറമ്പ് - ആടു വളർത്തൽ	12	24720	49680	പ്രവർത്തിക്കുന്നില്ല
1992 - 93	ഉപ്പുംപാടം പശുവളർത്തൽ	13	40850	25250	നല്ല നിലയിൽ പ്രവർത്തിക്കുന്നു
1992 - 93	കൊല്ലങ്കോട്ടുപറമ്പ് പശുവളർത്തൽ	10	42250	64450	നല്ല നിലയിൽ പ്രവർത്തിക്കുന്നു
1995 - 96	പാത്തിക്കൽ ബാഗു നിർമ്മാണം	10	60000	90000	പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു

കൂട്ടായസംരഭമെന്ന നിലയിൽ ഈ പദ്ധതികളിലൂടെ സ്ത്രീകൾ സ്വരൂപിക്കുന്ന വരുമാനം പൂർണ്ണമായും കുടുംബത്തിന് പ്രയോജനപ്പെടുമെന്നുള്ളത് കൊണ്ട് ദാരിദ്രനിർമ്മാർജ്ജന പദ്ധതികളിൽ ഏറെ പ്രാധാന്യം ഉള്ള ഒരു പദ്ധതിയാണിത്.

ട്രൈസം (TRYSEM)

ഗ്രാമീണ യുവാക്കൾക്കുള്ള തൊഴിൽ പരിശീലനവും സ്വയം തൊഴിൽ

കണ്ടെത്തലും. ഇതും ഐ. ആർ. ഡി. പി. യുടെ ഒരു അനുബന്ധ പദ്ധതിയാണ് 18 മുതൽ 35 വയസ്സുവരെയുള്ള ഗ്രാമീണ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതിനാണിത്.

1993, 1994, 1995 വർഷത്തിൽ 4 പേരും, 9596 വർഷത്തിൽ 5 പേരും പരിശീലനം നേടിയിട്ടുണ്ട്. ഇവരെക്കൂടാതെ 84-85 വർഷം മുതൽ 91-92 വർഷം വരെ പരിശീലനം നേടിയ 16 പേരെയും ചേർത്ത് 29 പേർ ഈ പദ്ധതിയനുസരിച്ച് പരിശീലനം നേടിയിട്ടുണ്ട്. പരിശീലനം നേടിയവരിൽ രണ്ട് പേർ IRDP സഹായം ഉപയോഗപ്പെടുത്തിക്കൊണ്ട് സ്വയം തൊഴിൽ കണ്ടെത്തുകയും 16 പേർ പരിശീലനം നേടിയ തൊഴിൽ വേതനവ്യവസ്ഥയിൽ ജോലി നേടുകയും ചെയ്തിട്ടുണ്ട്. ബാക്കി 11 പേർ പരിശീലനം നേടിയ തൊഴിലുകളിൽ നിന്നു് വ്യതിചലിച്ച് മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നാതായി കാണുന്നു.

ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾ കിറ്റ്. ഈ പദ്ധതിയനുസരിച്ച് കണ്ണാടി 1,2 സർക്കിളുകൾ മുഖേന അനുവദിച്ചു കൊടുത്ത പട്ടിക താഴെ കൊടുക്കുന്നു.

വർഷം	കൈത്തൊഴിലുകാരുടെ എണ്ണം തരംതിരിച്ച്			തുക
	കാർപെന്റർ	മേസൻ	ബ്ലാക് സ്മിത്ത്	
1992-93	ഇല്ല	ഇല്ല	ഇല്ല	
93-94	11	ഇല്ല	3	24255+5400 = 29655
94-95	9	4	4	21060+2700+2430 = 26190
95-96	4	2	ഇല്ല	12000+1800 = 13800
ആകെ	24	6	6	67645

CRSP (Cultral Rural Sanitation Programme)

ദാരിദ്ര രേഖക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ സഹായം നൽകുന്ന പദ്ധതിയാണ് C R S P അഥവാ ദേശീയ ഗ്രാമീണ ശുചിത്വപരിപാടി. 92 - 93 വർഷം മുതൽ 95 - 96 വർഷം വരെ പഞ്ചായത്തിൽ അനുവദിക്കപ്പെട്ട കക്കൂസ്സുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

വർഷം	എണ്ണം	തുക
1992-93	ഇല്ല	ഇല്ല
93-94	19	38000
94-95	4	8000
95-96	22	44000
ആകെ	45	90000

ഈ പദ്ധതി അനുസരിച്ച് ഒരു കക്കൂസിന്റെ ചിലവ് കണക്കാക്കിയിട്ടുള്ളത് 2500 രൂപയാണ് ഇതിൽ 500 രൂപ ഗുണഭോക്താവിന്റെ വിഹിതവും 2000 രൂപ ധനസഹായവും ആണ്.

പഞ്ചായത്തിലൂടെ നടത്തുന്ന J R Y പദ്ധതി തുടങ്ങിയവ മൂലവും കക്കൂസ്സുകൾക്ക് ധനസഹായം അനുവദിക്കാറുണ്ട്. S C P, C D എന്നീ പദ്ധതികളിൽ 1500 രൂപവീതവും J R Y പദ്ധതിയിൽ 2000 രൂപയും ആണ് അനുവദിക്കുന്നത്. എല്ലാ പദ്ധതികളിലും 1992 നു ശേഷം ആകെ 288 കക്കൂസ്സുകളാണ് അനുവദിച്ചിട്ടുള്ളത്. ഇത് കക്കൂസ് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണത്തിന്റെ 10 ശതമാനത്തിലും താഴെ മാത്രമാണ്. ദാരിദ്ര രേഖക്ക് താഴെ കഴിയുന്ന ജന വിഭാഗങ്ങളിൽ 90 ശതമാനവും കക്കൂസ് ഇല്ലാത്തവരാണ്. വീടുകൾ അനുവദിക്കുമ്പോൾ

അതിനോടുനുബന്ധിച്ച് കക്കൂസുകൾ ഉണ്ടെങ്കിലും ഈ രൂക്ഷമായ പ്രശ്നത്തിനു പരിഹാരമാവുന്നില്ല. അതു കൊണ്ട് CRSP, JRY, SCP തുടങ്ങിയ പദ്ധതികളിൽ ഒരു നല്ല കക്കൂസ് നിർമ്മാണത്തിനുവേണ്ടി നീക്കിവെക്കേണ്ടതാണ്.

ഇത്തരം കക്കൂസുകളുടെ നിർമ്മാണ രീതിയെയും ഗുണങ്ങളെയും സംബന്ധിച്ച് സന്നദ്ധ സംഘടനകളിലൂടെ സാധാരണക്കാരെ ബോധവാന്മാരാക്കേണ്ടതാണ്. ഇത്തരം കക്കൂസുകൾക്കു വേണ്ടി വരുന്ന നിർമ്മാണ ചിലവ് കാലാനുസൃതമായി പരിഷ്കരിച്ച് 6000 രൂപയെങ്കിലും ആക്കേണ്ടതാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകണം.

വില്ലേജ് ഓഫീസുകൾ വഴിയുള്ള ക്ഷേമ പദ്ധതികൾ

സാമൂഹ്യക്ഷേമരംഗത്ത്, റവന്യൂ വകുപ്പ് പ്രധാനമായും പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്. പദ്ധതികളെ സംബന്ധിച്ച് അർഹരായ ആളുകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല എന്നതു ഒരു വസ്തുതയണ്. വിവിധ പെൻഷൻ പദ്ധതികൾ അർഹരായവരുടെ കൈകളിൽ എത്തിക്കുന്നതിന് ഈ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകൾക്കു കൈമാറേണ്ടതും തിരുമാനമാകാത്ത അപേക്ഷകളിൻമേൽ എത്രയും വേഗം തീരുമാനം ഉണ്ടാക്കേണ്ടതുമാണ്.

വിധവ പെൻഷൻ

പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കുന്നില്ല. ഈ വ്യവസ്ഥയിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കണം. പഞ്ചയാത്തിൽ 140 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നുണ്ട്. ഈ പെൻഷന് അപേക്ഷിക്കുന്നതിനുള്ള വരുമാന പരിധി നിലവിലുള്ളത് ഉയർത്തണം.

വികലാംഗ പെൻഷൻ

ഈ പെൻഷൻ ലഭിക്കുന്നതിന് വികലാംഗത്വം തെളിയക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഈ സർട്ടിഫിക്കറ്റ് നൽക്കുന്നതിന് താലൂക്ക് ആശുപത്രിയിലെ പ്രധാന മെഡിക്കൽ ഓഫീസർക്ക് അധികാരം നൽക്കുകയാണെങ്കിൽ ബുദ്ധിമുട്ടു കുറെയൊക്കെ ഒഴിവാക്കാൻ കഴിയും. ഈ പദ്ധതിനുസരിച്ച് 69 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്.

കർഷകതൊഴിലാളി പെൻഷൻ

ഈ പദ്ധതിക്ക് അർഹരായവരെ ഗ്രാമ പഞ്ചായത്തുകൾ മുഖേന തിരഞ്ഞെടുക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയാണെങ്കിൽ പദ്ധതിയുടെ അപാകതകൾ ഒഴിവാക്കാൻ കഴിയും. പഞ്ചായത്തിൽ 475 പേർ കർഷകതൊഴിലാളി പെൻഷൻ ഗുണഭോക്താക്കളായുണ്ട്

തെഴിലില്ലായ്മ വേതനം

ഈ പഞ്ചായത്തിൽ 122 പേർ തൊഴിലില്ലായ്മാവേതനം കൈപ്പറ്റുന്നവരായി ഉണ്ട്. ഏകദേശം 9150 രൂപ പ്രതിമാസം ഈ ഇനത്തിൽ വിതരണം ചെയ്യപ്പെടുന്നു. ഈ വേതനം കൈപ്പറ്റുന്ന അനർഹരെ കണ്ടെത്തുന്നതിനും അർഹരിൽ ബോധവൽക്കരണം നടത്തുന്നതിനും ഒരു സർവ്വേ നടത്തേണ്ടതാണ്.

വിവിധ പദ്ധതികൾ പ്രകാരം പെൻഷൻ ലഭിക്കുന്നവരുടെ വിവരം

വില്ലേജ്	അഗതി പെൻഷൻ	വിധവ പെൻഷൻ	വാർദ്ധക്യ പെൻഷൻ	ക്ഷയരോഗികൾക്കുള്ള പെൻഷൻ	കർഷക തൊഴിലാളികൾക്കുള്ള പെൻഷൻ	തൊഴിലില്ലായ്മ വേതനം	വികലാംഗ പെൻഷൻ	കയർതൊഴിലാളി ക്ഷേമനിധി പെൻഷൻ	കൈത്തറി തൊഴിലാളികൾക്കുള്ള പെൻഷൻ	അവശ കലാകാരൻമാർക്കുള്ള പെൻഷൻ
കണ്ണാടി I		53	35	373	345	345	25	35		

വില്ലേജ്	അഗതി പെൻഷൻ	വിധവ പെൻഷൻ	വാർദ്ധക്യ പെൻഷൻ	ക്ഷയരോഗികൾക്കുള്ള പെൻഷൻ	കർഷക തൊഴിലാളികൾക്കുള്ള പെൻഷൻ	തൊഴിലില്ലായ്മാ വേതനം	വികലാംഗ പെൻഷൻ	അവശ കലാകാരൻമാർക്കുള്ള പെൻഷൻ	കായിക താരങ്ങൾക്കുള്ള പെൻഷൻ	കാൻസർ രോഗികൾക്കുള്ള പെൻഷൻ
കണ്ണാടി II		87	11	142	130	58	34			
ആകെ		140	46	9	175	122	69			

അംഗന വാടികൾ

5 വയസ്സുവരെയുള്ള കുട്ടികളുടെ പോഷകാഹാരക്കുറവ് നികത്തുന്നതിനും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വേണ്ടത്ര പോഷണം നൽകുന്നതിനും വേണ്ടി സ്ഥാപിതമായ അംഗനവാടികളെ സംബന്ധിച്ച് പഞ്ചായത്തിലെ ജനങ്ങൾ അത്ര ബോധവാന്മാരല്ല. അതു കൊണ്ടു തന്നെ അംഗൻ വാടികളുടെ സേവനം വേണ്ടത്ര പ്രയോജനപ്പെടുത്തുന്നതിൽ വിമുഖത കാണിക്കുന്നു. ഓരോ അംഗൻ വാടികളിലും വളരെ ശുഷ്ക്കിച്ച അംഗ സംഖ്യ മാത്രമാണുള്ളത്.

അംഗൻവാടികളിലെ രേഖകളനുസരിച്ച് ഒരു വയസ്സു മുതൽ ആറു വയസ്സു വരെയുള്ള 623 കുട്ടികളും 53 മുലയൂട്ടുന്ന അമ്മമാരും അംഗൻവാടികളുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. പക്ഷെ പ്രവർത്തനം തൃപ്തികരമല്ല.

അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. അംഗൻവാടികളുടെ പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും, സ്ഥലമില്ലാത്തതും, കെട്ടിടങ്ങളുടെ

അറ്റകുറ്റപണികൾ നടത്താത്തതും, കളിപ്പാട്ടങ്ങളില്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. വർക്കർ, ഹേൽപർ എന്നീ രണ്ടു തസ്തികകൾ ആണ് ഓരോ അംഗൻവാടികളിലുള്ളത്. രാവിലെ 9 മുതൽ വൈകുന്നേരം 3.30 വരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യ മേഖലയിലെ ഗൃഹ സന്ദർശനം ഉൾപ്പെടെയുള്ള ജോലികൾ ചെയ്യേണ്ടതുണ്ട്. എന്നാൽ ഇവരുടെ സേവന വേതന വ്യവസ്ഥകൾ വളരെ പരിതാപകരമാണ്. ഇതിന് അടിയന്തിരമായും പരിഹാരം കണേണ്ടതുണ്ട്. അംഗൻവാടികളിലെ കുട്ടികളുടെ പോഷണ നിലവാരം താഴെകൊടുക്കുന്നു.

ലഘുവായ പോഷണക്കുറവുള്ളവർ	148
മിതമായ പോഷണക്കുറവുള്ളവർ	143
ഗുരുതരമായ പോഷണക്കുറവുള്ളവർ	ഇല്ല

ഓരോ വാർഡിലും ഓരോ അംഗൻവാടികളെങ്കിലും സ്ഥാപിക്കുകയും അവ നല്ല രീതിയിൽ നടത്തുവാൻ മഹിളാസമാജങ്ങൾ പോലുള്ള സന്നദ്ധ സംഘടനകളെ രംഗത്ത് കൊണ്ടുവരികയും ചെയ്യാവുന്നതാണ്

നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക എജൻസികളെക്കൊണ്ടോ JRY ഫണ്ട് ഉപയോഗിച്ചോ അംഗൻവാടികൾക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കുകയും നിലവിലുള്ളവയുടെ അറ്റകുറ്റപണികൾ നടത്തുകയും ചെയ്യുക.

2. പഞ്ചായത്ത് ലീസ് ഭൂമിയോ, മിച്ചഭൂമിയോ അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ നൽകുക.

3. ഓരോ വാർഡിലും ഓരോ അംഗൻവാടി അല്ലെങ്കിൽ ആയിരം പേർക്ക് ഒരു അംഗൻവാടി എന്ന രീതിയിൽ ഇല്ലാത്ത വാർഡുകളിൽ പുതുതായി ആരംഭിക്കുക.

4. കളിപ്പാട്ടങ്ങൾ വാങ്ങുവാൻ ഫണ്ട് അനുവദിക്കുക.

5. അംഗൻവാടികളിലെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.

6. അനർട്ട് അടുപ്പുകൾ അംഗൻവാടികളിൽ വ്യാപകമാക്കുക

7. ശുചിത്വ പരിപാലനത്തിന് മുൻതൂക്കം കൊടുക്കുക.

8. അംഗൻവാടികളിലെ താൽകാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും അവരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുകയും അവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും ചെയ്യുക.

9. പെതു പ്രവർത്തനങ്ങളിൽ വർക്കർമാരേയും ഹെൽപർമാരേയും സജീവമാക്കാൻ ബോധവൽക്കരണം നടത്തുക.

ക്ഷേമനിധികൾ

കർഷക തൊഴിലാളി ക്ഷേമനിധി

കർഷകതൊഴിലാളികളിൽ ഭൂരിഭാഗവും ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടെങ്കിലും ഇനിയും അംഗങ്ങളായി ചേരാനുള്ളവർ ധാരാളമുണ്ട്. ക്ഷേമ നിധിയുടെ വ്യവസ്ഥകളിൽ അംഗങ്ങൾക്ക് പ്രസവാനുകൂല്യം, ഭവനനിർമാണ സഹായം, വിവാഹ ധനസഹായം, വൈദ്യ സഹായം, മക്കളുടെ ഉപരിപഠനത്തിനുള്ള സഹായം എന്നിവ വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും ഇവ ഉപയോഗപ്പെടുത്തുന്നവർ വിരളമാണ്. അതുപോലെതന്നെ മരണാനന്തര ചിലവിനും ആയിരം രൂപ അനുവദിക്കുവാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഈ ക്ഷേമനിധി കൂടുതൽ കാര്യക്ഷമമക്കുവാൻ ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു

1. തൊഴിലാളി വിഹിതത്തോടൊപ്പം ഭൂവുടമവിഹിതം പിരിച്ചെടുക്കുന്നില്ല. ആയതു പിരിച്ചെടുക്കണം.

2. വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

3. നിലവിൽ ഈ ക്ഷേമനിധി കൈകാര്യം ചെയ്യുന്നത് ജില്ലാ ഓഫീസ് മുഖേനയാണ്. ഇതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ താലൂക്ക് തലത്തിലോ ബ്ലോക്ക്തലത്തിലോ ക്ഷേമനിധി ഓഫീസുകൾ തുറക്കണം.

4. ക്ഷേമനിധിയിൽ പുതിയ അംഗങ്ങളായി ചേരാൻ ഉദ്ദേശിക്കുന്ന തൊഴിലാളികൾക്ക് ഒരു വർഷവും ഒന്നര വർഷവും കാത്തിരിക്കേണ്ടതായി വരുന്നു. 6 മാസം കൂടുമ്പോൾ പുതിയ അംഗങ്ങളെ ചേർക്കുകയും അപേക്ഷകൾ ഗ്രാമസഭകളിൽ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിലെ ധാരാളം പേർ കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നുണ്ട് .ഇതിൽ മുഴുവൻ ആളുകളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല ഉടമാവിഹിതം പിരിക്കുന്നില്ല. ഈ തൊഴിൽ മേഖലയിൽ നിന്നും 55 വയസ്സാകുമ്പോഴേക്കും വിട്ടു നിൽക്കാൻ തൊഴിലാളികൾ നിർബന്ധിതരാവുന്നു അതുകൊണ്ട് ഇവരുടെ പെൻഷൻ പ്രായം 55 വയസ്സാക്കി ചുരുക്കേണ്ടതാണ്. വരിസംഖ്യാനിരക്ക് ഏകീകരിക്കുകയും കൂടുതൽ ആനുകൂല്യങ്ങൾ ഉറപ്പാക്കിക്കൊണ്ടുള്ള വ്യവസ്ഥകൾ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുകയും വേണം. അപകട സാദ്ധ്യതയുള്ള മേഖല എന്ന നിലക്ക് ഇതിലെ തൊഴിലാളികൾക്ക് അപകട ഇൻഷൂറൻസ് ഉണ്ടെങ്കിലും നടപടിക്രമങ്ങളും വ്യവസ്ഥകളും കുറച്ചുകൂടി ലഘൂകരിക്കേണ്ടിയിരിക്കുന്നു. നിശ്ചിത പ്രായപരിധി കഴിഞ്ഞതിനാൽ ക്ഷേമനിധിയിൽ അംഗമാകാൻ കഴിയാത്തവർക്ക് വേണ്ടി പെൻഷൻപദ്ധതി വിപുലീകരിക്കണം.

നമ്മുടെ പഞ്ചായത്തിൽ മുകളിൽ പറഞ്ഞ രണ്ടു വിഭാഗം തൊഴിലാളികൾക്കുള്ള ക്ഷേമനിധികളാണ് കാര്യമായി പ്രവർത്തിക്കുന്നത്. സാമൂഹ്യ ക്ഷേമവുമായി ബന്ധപ്പെട്ടകാര്യങ്ങൾ ജനങ്ങളിൽ എത്തിക്കാനും അർഹതയുള്ളവർക്ക്

മുഴുവൻ അവ ലഭ്യമാക്കാനും സംവിധാനം ഉണ്ടായിരിക്കണം. ഇതിനായി ഓരോ വാർഡിലെയും ഗ്രാമസഭകളോട് ബന്ധപ്പെട്ട് 50 വീടുകൾക്ക് ഒരു സമിതി എന്ന നിലയിൽ ഒരു സെൽ രൂപീകരിക്കുകയും സെല്ലിന് കൺവീനറെ നിശ്ചയിക്കുകയും വേണം. ഈ സെല്ലുകളുടെ കൺവീനർമാരുടെ ഏകോപന സമിതി പഞ്ചായത്ത് തലത്തിലും ഉണ്ടായിരിക്കണം. ഈ സമിതികൾ സജീവമാക്കി പദ്ധതികളെ സംബന്ധിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതും അർഹതയുള്ള മുഴുവൻ പേർക്കും ആനുകൂല്യം ലഭ്യമാക്കേണ്ടതുമാണ്.

റേഷൻ ഷോപ്പ് (പൊതു വിതരണ കേന്ദ്രം)

സാധാരക്കാരന് അനുദിനം പരാതിയുള്ള ഒരു മേഖലയാണ് ഇത്. കഴിഞ്ഞ ഗ്രാമ സഭകളിൽ ഇതു സംബന്ധിച്ച് ധാരാളം ആവലാതികൾ ഉയർന്നു വന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ പഞ്ചായത്തിലെ മുഴുവൻ റേഷൻ ഷോപ്പുകളുടെയും പൂർണ്ണമായ നിയന്ത്രണ ചുമതല പഞ്ചായത്ത് ഏറ്റെടുത്ത് പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതാണ്. ഒരു വാർഡിൽ ഒന്ന് എന്ന് തോതിലെങ്കിലും റേഷൻഷോപ്പുകൾ ഉണ്ടായിരിക്കണം. പ്രത്യേകിച്ചും പഞ്ചായത്തിന്റെ കിഴക്കേ അറ്റത്തുള്ള ഉപ്പുംപാടം നിവാസികൾക്ക് അടിയന്തിരമായും ഒരു റേഷൻ ഷോപ്പ് അനുവദിക്കണം. കൂടാതെ കിണാശ്ശേരി സെന്ററിൽ ഒരു മാവേലിസ്റ്റോറും അനുവദിക്കണം.

ഇന്ന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സജീവമായി പ്രവർത്തിക്കുന്ന ഉപഭോക്തൃ സംരക്ഷണ സമിതികൾ താലൂക്ക് - പഞ്ചായത്ത് തലങ്ങളിൽ രൂപീകരിച്ച് മെച്ചപ്പെട്ട ഉപഭോക്തൃ സംസ്കാരം വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.



11 സംസ്ക്കാരം

ചരിത്രസ്മരണകൾ അയവിറക്കുന്ന ഭാരതപ്പുഴയുടെ കൈവഴിയായ കണ്ണാടി പുഴയുടെ തെക്കുഭാഗത്ത് കണ്ണാടി പോലെ പരിശുദ്ധമായ ജനവിഭാഗം തിങ്ങിപ്പാർക്കുന്ന ഹരിതാഭമായ നെൽവയലുകളാൽ സമൃദ്ധമായ, ഒരു ഭൂവിഭാഗമാണ് കണ്ണാടി പഞ്ചായത്ത്.

കർഷകരും കർഷകതൊഴിലാളികളും തിങ്ങിപ്പാർക്കുന്ന കണ്ണാടി പഞ്ചായത്തിന്റെ സാംസ്കാരിക പൈതൃകം പഴയ നാടൻ ശീലുകളിലും വിളവെടുപ്പു ഉത്സവങ്ങളുമായി ബന്ധപ്പെട്ട നാടൻ കലകളിലും കുടി കൊള്ളുന്നു.

നൂറ്റാണ്ടുകൾക്ക് മുമ്പ് നിലാവത്ത് ഉണങ്ങിപ്പോകുന്ന പാടശേഖരങ്ങളായിരുന്നു നമ്മുടെ പഞ്ചായത്തിലേത്. അതിനാൽ തന്നെ ജനവാസം വളരെ കുറവായിരുന്നു. മലമ്പുഴഡാമിന്റെ നിർമ്മാണത്തോട്കൂടി കൃഷി വികസിക്കുകയും തദനുസൃതമായ വളർച്ച കാർഷികരംഗത്ത് ഒരു പുത്തൻ ഉണർവ് ഉണ്ടാക്കുകയും നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ വളർച്ചയുണ്ടാക്കുകയും ചെയ്തു.

ആദ്യകാല സാംസ്കാരിക കേന്ദ്രങ്ങൾ എന്ന നിലയിൽ പ്രവർത്തിച്ചിരുന്നത് പഞ്ചായത്തിലെ ദേവീ ദേവൻമ്മാരുടെ ക്ഷേത്രങ്ങളായിരുന്നു. പിന്നീട് ഭജനമഠങ്ങളുടെ ആവിർഭാവത്തോടെ, ഭക്തി പ്രഭാഷണം തത്വ ചിന്താപരമായിട്ടുള്ള പ്രഭാഷണം പുരാണപാരായണം എന്നിവയ്ക്കും പ്രാമുഖ്യം

ലഭിച്ചു. ആ കാലഘട്ടത്തിൽ രൂപം കൊണ്ട ഒരു ഭജന മഠമാണ് നെടുവക്കാട് ഭജന മഠം. സാധുസ്വാമികളുടെ നേതൃത്വത്തിലാണ് അതിന്റെ പ്രവർത്തനം നടന്നിരുന്നത്. പിന്നീടാണ് പാത്തിക്കൽ ഭജനമഠം പ്രവർത്തനമാരംഭിച്ചത്. അത് കുഞ്ചു വേലസ്വാമിയാർ വെള്ളച്ചോപ്പൻ, മാലച്ചൻ മുതലായവരുടെ നേതൃത്വത്തിലായിരുന്നു. അക്ഷരജ്ഞാനം ഇല്ലെങ്കിലും മഹാഭാരതവും, രാമായണവും മന:പാഠമാക്കി ഭക്തി പാരവശ്യത്തോടെ പാരായണം ചെയ്ത് ജനഹൃദയങ്ങളിൽ ഭക്തിരസം ഉണർത്തിയ വ്യക്തിയാണ് വെള്ളച്ചോപ്പൻ.

അടിച്ചമർത്തപ്പെട്ട ജനവിഭാഗത്തിന്റെ ബോധ മണ്ഡലത്തിലേക്ക് സാമൂഹ്യ അനാചാരങ്ങൾക്കെതിരെ അഗ്നി ആളിക്കത്തിച്ചുകൊണ്ട് നാടൻ കലാരൂപമായ പുറാട്ടു നാടകം ഗ്രാമീണ രാത്രികളെ പുളകമണിയിച്ചിരുന്നു. ആകലാരൂപങ്ങളിൽ പ്രധാന പങ്കു വഹിച്ചവരാണ് കളത്തിൽ വീട്ടിൽ ചാമു എഴുത്തശ്ശനും, കണ്ണന്നൂർ കണ്ടുവും. കണ്ണന്നൂർ കണ്ടു സംസ്ഥാന തല അംഗീകാരം ലഭിച്ച കലാകാരനാണ്. കൊയ്ത്തു കഴിഞ്ഞ പാടങ്ങളിൽ ഇന്നും ഈ ജനകിയ കല അരങ്ങേറ്റം തുടരുന്നു.

കൊടുങ്ങല്ലൂർ ഭരണിയുടെ മുന്നോടിയായി ഗ്രാമങ്ങളിൽ ഭഗവതിപ്പാട്ട് (നല്ലമ്മപ്പാട്ട്)നിലവിലുണ്ടായിരുന്നു. ഇന്നും ഇത് ഒരു ആചാരമായി നടന്നു വരുന്നു. കടുംന്തിരുത്തി വടക്കുമുറി ആറു നല്ലമ്മ പാട്ടിന്റെ "ആശാൻ" എന്ന പേരിൽ പഞ്ചായത്തിൽ പ്രസിദ്ധനാണ്. മണ്ഡലമാസകാലത്തെ അയ്യപ്പൻ പാട്ട്, അയ്യപ്പൻ വിളക്ക് മഹോത്സവങ്ങളിൽ ഇന്നും സജീവമാണ്.

ക്ഷേത്രകലാരൂപമായ പാവക്കൂത്ത് കൊറ്റുകുളങ്ങര ക്ഷേത്ര അങ്കണത്ത് അരങ്ങേറിയിരുന്നു. കൊറ്റുകുളങ്ങര ക്ഷേത്രത്തിന്റെയും ചേർമ്പറ്റ ഭഗവതി ക്ഷേത്രത്തിന്റെയും വെടിനാളുത്സവത്തോടനുബന്ധിച്ച് ഹരിജനങ്ങളുടെ മന്ദുകളിൽ ആര്യമാലക്കളി, പുറാട്ടു നാടകം, തമിഴ്നാടകം, സാമൂഹ്യസംഗീതനാടകം എന്നിവ നടത്തിയിരന്നത് ഇന്നും തുടർന്നു വരുന്നു. വർഷം തോറും വിഷുവിനോടനുബന്ധിച്ച് മിക്കവാറും എല്ലാ ക്ഷേത്രങ്ങളിലും വിഷുവേലനടന്നുവരുന്നു. എന്നാൽ വെടിനാളിനോടനുബന്ധിച്ച് ചേർമ്പറ്റകാവ് വേല എല്ലാവർഷവും വിഷുവിനുമുമ്പായി നടന്നുവരുന്നുണ്ട്.

ഗ്രാമീണ ഉത്സവങ്ങളിൽ ജാതിമത വ്യത്യാസമില്ലാതെ എല്ലാ ജനവിഭാഗങ്ങളും ഒത്തുകൂടിയിരുന്നു. മതസൗഹാർദ്ദത്തിന്റെ വിളനിലമാണ് നമ്മുടെ പഞ്ചായത്ത്. തെരുവത്ത്പള്ളി നേർച്ച, വിളയൻചാത്തന്നൂർ പള്ളിനേർച്ച ഇവയിൽ മുസ്ലീം സാഹോദരങ്ങളോടൊപ്പം മറ്റുജനവിഭാഗങ്ങളും പങ്കുകൊണ്ടുവരുന്നു. തൊട്ടുകൂടായ്മക്കും തീണ്ടിക്കൂടായ്മക്കും എതിരെ സാമൂഹ്യ മാറ്റത്തിന്റെ കാഹളമുയർത്തിയത് അനാചാരങ്ങൾ നിലനിന്നിരുന്ന ചില ക്ഷേത്രങ്ങളിൽ പ്രവേശിച്ചുകൊണ്ടായിരുന്നു. ഇതിന് നേതൃത്വം കൊടുത്തിരുന്നത് അന്നത്തെ സാമൂഹ്യ സാംസ്കാരിക നേതാക്കളായിരുന്നു.

കേരളത്തിന്റെ സാംസ്ക്കാരിക സാമൂഹ്യ മേഖലകളിലുണ്ടായ മാറ്റത്തിന്റെ ഫലമായി പഞ്ചായത്തിൽ ഒട്ടെറെ വായനശാലകൾ രൂപം കൊണ്ടു. പുതു പാരായണം, പുസ്തകപാരായണവും വിതരണവും വാർഷിക ആഘോഷങ്ങൾ തുടങ്ങിയവയും ഉണ്ടായിരുന്നു. പ്രാദേശിക ഉത്സവങ്ങളിൽ ജാതിമത ഭേദമെന്യേയമുള്ള ഒത്തുചേരലിന്റെ ഫലമായി നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരിക രംഗം പുഷ്ടിപ്പെട്ടു. ഇവയിൽ പ്രമുഖസ്ഥാനം വഹിക്കുന്ന വായനശാലകൾ ജയശ്രീ വായനശാല, P P F കിണാശ്ശേരി, പുലരികലാസമിതി കിണാശ്ശേരി, നാഷണൽ ആർട്സ് & സ്പോർട്സ് വടക്കുമുറി, പീപ്പിൾസ് റീഡിംങ്ങ്റും പാത്തിക്കൽ, ജവഹർ റീഡിംങ്ങ്റും കണ്ണാടി, ഉപാസന വായനശാല ചെമ്മങ്കാട് ജയഭാരത് വായനശാല കടകുറിശ്ശി എന്നിവയായിരുന്നു.

ഈ പഞ്ചായത്തിലെ പുസ്തക വിതരണം മുഖ്യമായും നടന്നുവരുന്നത് ലോക്കൽ ലൈബ്രറി, കിണാശ്ശേരി പുലരി കലാസമിതി മഖേനയുമാണ്.

ആദ്യകാല വായനശാലകൾ

1. ജനകീയ വായനശാല കണ്ണാടി 1956 ൽ സ്ഥാപിച്ചു ഇപ്പോൾ നിലവിലില്ല.

2. P.P.F. വായനശാല കിണാശ്ശേരി 1952 ൽ പ്രവർത്തനം ആരംഭിച്ചു. 1967 ൽ സ്വന്തം കെട്ടിടമുണ്ടായി. അതിന്റെ ഉദ്ഘാടനം നിർവഹിച്ചത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടായിരുന്നു. ഇന്നും സാമൂഹ്യ

സാംസ്കാരിക രംഗത്ത് സജീവമായി പ്രവർത്തിച്ചു വരുന്നു.

3. ഉപാസന വായനശാല ചെമ്മങ്കാട് 1964 ൽ സ്ഥാപിച്ചു. 1970 ൽ സ്വന്തം കെട്ടിടമുണ്ടായി. ഇന്നും സാമൂഹ്യ സാംസ്കാരിക രംഗത്ത് സജീവമായി പ്രവർത്തിച്ചു വരുന്നു.

4. ജയഭാരത് വായനശാല 1965 ൽ സ്ഥാപിച്ചു. നാടകങ്ങളും മറ്റു കലാരൂപങ്ങളും അവതരിപ്പിച്ചുകൊണ്ട് സാമൂഹ്യ രംഗത്ത് പ്രവർത്തിച്ചിരുന്നു. ഇപ്പോൾ പ്രവർത്തനമില്ല.

5. പുലരി വായനശാല കിണാശ്ശേരി 1961 ൽ സ്ഥാപിച്ചു. 1977 ൽ സ്വന്തം കെട്ടിടമുണ്ടായി. സംസ്ഥാന ഗ്രന്ഥശാലസംഘത്തിൽ അംഗത്വമുണ്ട്. പുസ്തക വിതരണത്തിലും, സാംസ്കാരിക സാമൂഹ്യ രംഗങ്ങളിലും ഇന്നും പ്രവർത്തിച്ചു വരുന്നു.

നമ്മുടെ പഞ്ചായത്തിൽ ഓണാഘോഷത്തിന്റെ ഭാഗമായി സാംസ്കാരിക ഘോഷയാത്ര. പൂക്കളമത്സരം ഉൾപ്പെടെയുള്ള കലാകായിക മത്സരങ്ങൾ നടത്തിവരുന്നു. കണ്ണാടി പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും ഇതിൽ പങ്കെടുക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ഹിന്ദുക്കളാണ്. ചെറിയൊരു ശതമാനം മുസ്ലീങ്ങളും ഉണ്ട്. നാമമാത്രമാണെങ്കിലും ക്രിസ്ത്യാനികളും ഉണ്ട്.

ഈ പഞ്ചായത്തിന്റെ സാംസ്കാരികരംഗം പരിപോഷിപ്പിക്കുന്നതിൽ ഇവിടുത്തെ വിദ്യാലയങ്ങൾ നല്ല പങ്കുവഹിച്ചിട്ടുണ്ട്.

നിലവിലുള്ള വിവിധ കലാസാംസ്കാരിക സംഘടനകളുടെയും വായനശാലകളുടെയും പ്രവർത്തനങ്ങളെ സമന്വയിപ്പിക്കുവാനും ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനും വേണ്ടി രൂപികരിച്ച് "സകനിക" (സാംസ്കാരിക കലാനികേതം കണ്ണാടി) തുടക്കത്തിൽ സാംസ്കാരിക രംഗത്ത് ചില ചലനങ്ങൾ സൃഷ്ടിച്ചുവെങ്കിലും പിന്നീട് സുഷുപ്തിയിലാണ്ടു. അതിന്റെ പ്രവർത്തന

കാര്യക്ഷമമാക്കിയാൽ സാംസ്കാരിക രംഗത്ത് ഗണനീയമായ പരിവർത്തനത്തിന് സഹായകരമാകും.

1965- 66 കാലഘട്ടത്തിൽത്തന്നെ കണ്ണാടി കലോത്സവം എന്ന പേരിൽ പഞ്ചായത്തിലെ മുഴുവൻ വായനശാലകളെയും ഉൾപ്പെടുത്തികൊണ്ട് നാടകമത്സരവും മറ്റും അരങ്ങേറിയിരുന്നു. അന്ന് അടൂർഭാസി, കമലാദേവി തുടങ്ങിയ പ്രമുഖ സിനിമാതാരങ്ങൾ പങ്കെടുത്ത സാംസ്കാരിക സമേളനം നടന്നിരുന്നു.

കായികരംഗം

കണ്ണാടി പഞ്ചായത്തിന് കായികരംഗത്ത് വളരെ പ്രശസ്തമായ ഒരു പാരമ്പര്യമാണുള്ളത്. വോളിബോൾ, ഖോ ഖോ, ഹാന്റ്ബോൾ, അത്ലറ്റിക്സ്, എന്നീ ഇനങ്ങളിൽ സംസ്ഥാനതല അംഗീകാരം ലഭിച്ച കായികതാരങ്ങളുണ്ട്. രണ്ടുപതിറ്റാണ്ടിലേറെ പാലക്കാട് വിദ്യാഭ്യാസ ഉപജില്ലയിൽ സ്പോട്സിലും, ഗെയിംസിലും ഓവറോൾ ചാമ്പ്യന്മാരായിരുന്നു. ഒരു കായിക പാരമ്പര്യം കണ്ണാടി ABUP സ്ക്കൂളിനുണ്ട്. 1967 ൽ കണ്ണാടി A. B. U. P സ്ക്കൂളിൽ നിന്നും നാലു വിദ്യാർത്ഥികൾ സംസ്ഥാനതലത്തിൽ മത്സരിച്ച് നേട്ടങ്ങൾ കൊയ്തു. കണ്ണാടി ABUP സ്ക്കൂളിലെ കായികാധ്യാപകൻ ശ്രീ. കെ. പരമേശ്വരൻ മാസ്റ്റർക്ക് (നിലവിലുള്ള ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്) 1985 - 86 വർഷത്തെ അധ്യാപകർക്കുള്ള സംസ്ഥാന അവാർഡ് ലഭിക്കുകയുണ്ടായി.

ജില്ലയിൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു പഞ്ചായത്തിൽ മാത്രം കുട്ടികൾക്ക് കായിക പരിശീലനം നടത്തുന്ന "ഓപ്പറേഷൻ ഒളിമ്പിയ" എന്ന പദ്ധതി 1991 മുതൽ കണ്ണാടി U.P സ്ക്കൂളിൽ പ്രവർത്തിച്ചിരുന്നു. ഇതിലൂടെ പരിശീലനം നേടിയ പലരും സംസ്ഥാന തലത്തിൽ നല്ല നിലവാരം പുലർത്തിയിട്ടുണ്ട്. പ്രസ്തുത കേന്ദ്രം ഇപ്പോൾ നിലവിലില്ല.

കാർഷിക സാംസ്ക്കാരത്തിന്റെ ഭാഗമായിട്ടുള്ള കാള പൂട്ട് മത്സരം അന്യം നിന്നു പോയി.. അത് മഹത്തായ കാർഷിക സംസ്കാരത്തിന്റെ പ്രതീകമായതിനാൽ പുനരാരംഭിക്കാൻ വേണ്ട ക്രമീകരണങ്ങൾ നടത്തണം.

നിലവിലുള്ള ക്ഷേത്രങ്ങൾ

1. ഗണപതി ക്ഷേത്രം, പുഴയ്ക്കൽ
2. നായ്പെറ്റമ്പലം, അമ്പലക്കടവ്
3. കൊറ്റുകുളങ്ങര ക്ഷേത്രം, കണ്ണാടി
4. വേട്ടുയ്ക്കൊരു മകൻ ക്ഷേത്രം, കണ്ണനൂർ
5. പൊന്നൻകുളത്തി ക്ഷേത്രം, കണ്ണനൂർ
6. അയ്യപ്പക്ഷേത്രം, കണ്ണനൂർ
7. പന്നിയങ്കര ഭഗവതി ക്ഷേത്രം, ചേലക്കാട്
8. സുബ്രഹ്മണ്യസ്വാമിക്ഷേത്രം, തരുവാക്കുറിശ്ശി
9. ചിറ്റൂരമ്മ ഭഗവതി ക്ഷേത്രം , തരുവക്കുറിശ്ശി
10. ശിവ ക്ഷേത്രം, മണലൂർ
11. തൃപ്പല്ലൂരമ്പലം , തിരുവക്കാട്
12. ശിവ ക്ഷേത്രം, കടലാകുറിശ്ശി
13. ചേർമ്പറ്റ കാവ് ഭഗവതി ക്ഷേത്രം, കിണാശ്ശേരി
14. ശിവ ക്ഷേത്രം, കുളക്കപ്പാടം
15. ശിവ ക്ഷേത്രം, മമ്പറം
16. ശിവ ക്ഷേത്രം, പയറ്റിൻകാവ്
17. അയ്യപ്പ ക്ഷേത്രം, ആനപ്പുറം കാട്
18. ഭദ്രകാളിക്ഷേത്രം, കാളിയംകുന്നം
19. ഉച്ചു മാഹാളി ക്ഷേത്രം, മമ്പറം
20. ഉച്ചു മാഹാളി ക്ഷേത്രം, ഉപ്പും പാടം
21. ഞായറാഴ്ച കാവ്
22. മാടച്ചൻ കാവ്, ചല്ലിക്കാട്
23. കൊടക്കാടൻ കാവ്, പൂവ്വക്കോട്
24. തോണിക്കാട് കാവ്, പന്നിക്കോട്
25. ആലംകാട് തറ മന്ദ്, കൂത്തുപറമ്പ്
26. മുനിയപ്പൻ ക്ഷേത്രം, കടുംന്തിരുത്തി
27. മൂഞ്ഞക്കോട് മന്ദ്

28. മന്ദാട്ടുകളം മന്ദ്
29. ഉച്ചുമാളി സഹായം, പാത്തിക്കൽ
30. മുല്ലക്കൽ, കമ്മാന്തറ
31. പെട്ടിക്കൽ, തരുവക്കുറിശ്ശി
32. അലക്കൽ പറമ്പ് മന്ദ്
33. ചാത്തൻത്തറ മന്ദ്
34. മുണ്ടിയൻകാവ്, പാതക്കൽ

ഇതു കൂടാതെ ഉപ്പുംപാടം മമ്പറം, പരപ്പന, പാത്തിക്കൽ എന്നിവിടങ്ങളിൽ മുസ്ലീം ആരാധനാലയങ്ങളുമുണ്ട്.

പ്രവർത്തിക്കുന്ന വായനശാലകൾ

ക്രമ നമ്പർ	പേര്	പുസ്തക വിതരണം ഉണ്ട്/ഇല്ല	കെട്ടിടം സ്വന്തം/ വാടക
1	നന്മ കേന്ദ്രം, ആന്തൂർ കാവ്		
2	യുവജന, ചെല്ലിക്കാട്		സ്വന്തം
3	പുഞ്ചിരി, പൂവ്വക്കോട്		സ്വന്തം
4	R. P. S. V. പാത്തിക്കൽ		വാടക
5	N. S. C. & U. D. S. വടക്കുമുറി	ഉണ്ട്	സ്വന്തം
6	ഉപാസന വായനശാല, ചെമ്മങ്കാട്		സ്വന്തം
7	റോയൽ തരുവക്കുറുശ്ശി		സ്വന്തം
8	പുലരി കലാസമിതി, കിണാശ്ശേരി	ഉണ്ട്	സ്വന്തം
9	നവഭാവന, പുഴയ്ക്കൽ		ഓല ഷെഡ്
10	P. P. F.വായനശാല, കിണാശ്ശേരി	ഉണ്ട്	സ്വന്തം
11	നവാക്ഷര, കൊല്ലങ്കോട്ടുപറമ്പ്		സ്വന്തം
12	യുവചൈതന്യ, കടലാക്കുറിശ്ശി		സ്വന്തം

- ശേഷം അടുത്ത പേജിൽ -

തുടർച്ച

13	ജവഹർ റീഡിങ് റൂം, കണ്ണാടി	ഉണ്ട്	സ്വന്തം
14	വിശ്വ ബ്രഹ്മ സംഘം വായനശാല, കണ്ണാടി		സ്വന്തം
15	സ്റ്റാർ വായനശാല, മന്ദാട്ടുകുളം		സ്വന്തം
16	യുവജന, പാത്തിക്കൽ		
17	F. F. പാത്തിക്കൽ		
18	പ്രതീക്ഷ, പാത്തിക്കൽ		
19	ശിവാനന്ദദാസ് സ്മാരക വായനശാല, കടക്കുറുശ്ശി	ഉണ്ട്	
20	നാരായണ സ്മാരക വായനശാല, തരുവക്കുറുശ്ശി		സ്വന്തം
21	സകനിക, പാത്തിക്കൽ		

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 6ഉം, 7ഉം, 9ഉം, വാർഡുകളിൽ വായനശാലകളില്ല.

2. പഞ്ചായത്ത് ഗ്രന്ഥശാലയിൽ പുസ്തകവിതരണത്തിനുള്ള, സംവിധാനമുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല.

3. പഞ്ചായത്തിലെ കലാകായിക പ്രവർത്തനങ്ങളെ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സംവിധാനങ്ങളൊന്നുമില്ല.

4. സുകുമാര കലകൾ അഭ്യസിക്കുന്നതിനുള്ള കേന്ദ്രങ്ങൾ പഞ്ചായത്തിലില്ല.

5. നിലവിലുള്ള കണ്ണാടി റൂറൽ കോച്ചിങ്ങ് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

6. കേരളോത്സവം പോലുള്ള പരിപാടികൾ സാങ്കേതിക കാരണങ്ങളാൽ അർഹിക്കുന്ന പ്രാധാന്യത്തോടെ നടത്തുവാൻ കഴിയുന്നില്ല.

നിർദ്ദേശങ്ങൾ

1. കണ്ണാടി റൂറൽ ലൈബ്രറിയുടെ പ്രവർത്തനം വിപുലീകരിച്ച് ഫലം ജനങ്ങൾക്ക് ലഭ്യമാക്കുക.

2. പൊതു ജനങ്ങളുടെ സാംസ്കാരികവും,മാനസികവും ആയ ഉല്ലാസത്തിന് ഉതകുന്ന കലാകായിക പരിപാടികൾ സംഘടിപ്പിക്കുക.

3. ചിത്ര പ്രദർശനങ്ങൾ നാടകം, കവിത, ചെറുകഥ, പ്രഭാഷണങ്ങൾ, നാടൻകലകൾ തുടങ്ങിയവ സംഘടിപ്പിക്കുകയും സാഹിത്യ രചനകൾ കൈയെഴുത്തു മാസികകൾ മുതലായവ പ്രസിദ്ധീകരിക്കുകയും ചെയ്യുക.

4. സമൂഹ പുരോഗതിക്ക് ആവശ്യമായ മാതൃകാവിദ്യഭ്യാസം ശിശു വിദ്യാഭ്യാസം, പരിസരശുചീകരണം, ആരോഗ്യ സംരക്ഷണം, സാമൂഹ്യവനവൽക്കരണം മുതലായ പരിപാടികൾ ഏറ്റെടുത്ത് നടത്തുക.

5. കാർഷിക പുരോഗതിക്കാവശ്യമായ ചർച്ചാ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക.

6. .പഞ്ചായത്തിലെ വിദ്യാഭ്യാസ കലാകായിക സാഹിത്യ രംഗങ്ങളിൽ മുന്നിട്ടുനിൽക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

7.ജാതിമത വർഗീയ വിഭാഗീയ ചിന്തകൾക്കെതിരായി ആരോഗ്യകരവും, സാംസ്കാരികവും സമ്പൂർണ്ണവുമായ ഒരു സമൂഹം കെട്ടിപ്പടുക്കുക.

8. പാത്തിക്കലുള്ള പഞ്ചായത്തിന്റെ സ്ഥലത്ത് ഒരു Open air stage നിർമ്മിക്കുക.

9. ചുരുങ്ങിയത് 200മീ. ട്രാക്കെങ്കിലും ഉള്ള ഒരു സ്റ്റേഡിയം സ്ഥാപിക്കുക.

10. ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി പുനസ്ഥാപിക്കുക.

11. ഒരു ജിംനേഷ്യയം സ്ഥാപിക്കുക.

12. കലാ സാംസ്കാരികപ്രവർത്തനങ്ങൾക്കും വിവാഹം മുതലായ ആഘോഷങ്ങൾക്കും ഉതകുന്നരീതിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കമ്മ്യൂണിറ്റിഹാൾ പഞ്ചായത്തിൽ അനിവാര്യമാണ്.

13. പഞ്ചായത്തിലെ L.P, U.P വദ്യാലയങ്ങളിലെ അത്ലറ്റിക്സിൽ മികവു തെളിയിക്കുന്ന വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് കണ്ണാടി H.S ഗ്രൗണ്ടിൽ പരിശീലനം നൽകുക. അത്ലറ്റിക് കോച്ചിന്റെ സേവനവും പഞ്ചായത്ത് സ്പോട്സ് വികസന കമ്മിറ്റിയുടെ മേൽ നോട്ടവും ഉറപ്പു വരുത്തണം.

നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ ഈറ്റില്ലമായിരുന്ന ക്ഷേത്രാങ്കണങ്ങളുടെ ചരിത്രപശ്ചാത്തലത്തിലേക്ക് എത്തിനോക്കാൻ മാത്രമേ നമുക്ക് കഴിഞ്ഞിട്ടുള്ളു. സാമൂഹ്യനവോത്ഥാനപ്രസ്ഥാനങ്ങളായ ഗ്രാമീണ വായനശാലകളുടെയും വിദ്യാഭ്യാസ കേന്ദ്രങ്ങളുടെയും പ്രവർത്തനത്തിലൂടെ സാംസ്കാരിക മുന്നേറ്റം കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. എന്നാൽ ഇന്ന് മൃദുല വികാരങ്ങളെ ചൂഷണം ചെയ്യുന്ന അശ്ലീല പ്രസിദ്ധികരണങ്ങളുടെയും, ദൃശ്യമാദ്ധ്യമങ്ങളുടെയും അതി പ്രസരം നമ്മുടെ സാംസ്കാരിക പരമ്പര്യത്തിന് പുഴുക്കുത്തലേൽപ്പിക്കുമോ എന്ന സംശയം ബാക്കി നിൽക്കുന്നു. ഇത് പരിഹരിക്കാൻ നമ്മുടെ മഹത്തായ സാംസ്കാരിക പാരമ്പര്യം ഉയർത്തിപിടിക്കുന്നതിനും കാത്തുരക്ഷിക്കുന്നതിനും ഉതകുന്ന സാംസ്കാരിക അവബോധം ജനങ്ങളിലുണ്ടാക്കാൻ വേണ്ട ബോധപൂർവ്വമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടിയിരിക്കുന്നു.

• വ്യക്തി ജീവിതത്തിലെന്ന പോലെ സമൂഹ ജീവിതത്തിലും
അന്തരാത്മാവിൽ വളർന്നുവരുന്ന സംസ്കാരം മാത്രമേ
ശാശ്വതമായ ശാന്തി നൽകുകയുള്ളൂ •

- ഡോക്ടർ എസ്. രാധാകൃഷ്ണൻ

12 വനിതാ ക്ഷേമം

സമൂഹത്തിൽ അബലകളെന്നും ദുർബ്ബല വിഭാഗമെന്നും വേർതിരിച്ചുകൊണ്ട് ഇരുട്ടറകളിലേക്ക് തള്ളിമാറ്റപ്പെട്ട, യാതനകളുടെയും, വേദനകളുടെയും തീരാശാപമേന്തുന്ന ഒരു വലിയ വിഭാഗമാണ് സ്ത്രീകൾ. സത്യസ്വരൂപിണിയെന്നും, സഹനശക്തിയുടെ പര്യായമെന്നും മറ്റും പുരാണങ്ങളിൽ വിശേഷിപ്പിക്കുന്ന സ്ത്രീകളുടെ മോചനം ഇന്നും എത്രയോ അകലെയാണ്. ഓരോവിട്ടമ്മയും ഈ നാടിന്റെ ഭരണചക്രം തിരിക്കാൻ കഴിവുള്ളവരായി മാറുന്ന കാലത്തെ നാടിന് മോചനമുള്ളു എന്ന് വിശേഷിപ്പിക്കുന്ന ഈ നൂറ്റാണ്ടിൽ അതിനായി ഇന്ന് നിലവിലുള്ള പ്രതിബന്ധങ്ങളെ തരണം ചെയ്തു കൊണ്ട് സമൂഹത്തിൽ തുല്യത കൈവരിക്കുന്നതിന് മുഴുവൻ സ്ത്രീകളും ഒന്നിച്ച് മുന്നോട്ട് പോകേണ്ടതായുണ്ട്. ഈ പശ്ചാതലത്തിൽ നിന്നു കൊണ്ടാണ് കണ്ണാടി പഞ്ചായത്തിന്റെ വനിതാ ക്ഷേമത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്.

1920 കളിൽ എഴുതാനും വായിക്കാനും അറിയുവാനുള്ള ഏക ആശ്രയം കുടിപ്പള്ളിക്കൂടമായിരുന്നു. അവിടെയും പ്രവേശനം ജാതി വ്യവസ്ഥക്കനുസരിച്ചായിരുന്നു. കുടിപ്പള്ളിക്കൂടത്തിൽ നിന്നും സ്ക്കുളിലേക്കുള്ള ആ മാറ്റത്തിന്റെ കാലത്തിൽ സ്കൂൾ വിദ്യാഭ്യാസം തന്നെ പെൺകുട്ടികൾക്ക് അപ്രാപ്യമായ ഒരവസ്ഥ ഇവിടെ ഉണ്ടായിരുന്നു. പൊതു പ്രവർത്തനങ്ങൾ, ആഘോഷപരിപാടികൾ എന്നിവയിൽ ഈ അടുത്തകാലം വരെ സ്തീകളുടെ പങ്ക് വളരെ വിരളമാണ്.

1930 വരെയുള്ള കാലഘട്ടത്തിൽ ശൈശവവിവാഹം

നിലവിലുണ്ടായിരിന്നതായി കാണാം. വീടാണ് ലോകമെന്ന ചിന്താഗതിക്ക് ഏറെ മാറ്റമുണ്ടായിട്ടുണ്ടെങ്കിലും നേതൃസ്ഥാനം വഹിക്കുന്ന കാര്യത്തിൽ സ്ത്രീകൾ ഇന്നും പിന്നിലാണ്.

1991 ലെ സെൻസസ് പ്രകാരം കണ്ണാടി പഞ്ചായത്തിലെ ജനസംഖ്യ 22,295 ആകുന്നു. ഇതിൽ പുരുഷൻമാരുടെ എണ്ണം 11,051 ഉം സ്ത്രീകളുടെ എണ്ണം 11,244 ഉം ആണ്. ഇതിൽ പുരുഷ ജനസംഖ്യയെക്കാൾ സ്ത്രീ ജനസംഖ്യ 193 അധികമാണ്. ഇതിൽനിന്നും സമൂഹത്തിൽ പകുതിയിൽ അധികം സ്ത്രീകളാണെന്നും, എന്നാൽ അവർക്ക് ലഭിക്കേണ്ട ഉയർന്ന സ്ഥാനത്തെ കുറിച്ച് അവർ പൂർണ്ണമായും ബോധവതികളല്ല എന്ന് മനസിലാക്കാം. 1991 ലെ തന്നെ സെൻസസ് നോക്കുമ്പോൾ ആൺകുട്ടികളുടെ എണ്ണമാണ് കൂടുതലെന്ന് കാണാൻ കഴിയും. 1920 നു ശേഷം പത്തിരുപത് വർഷത്തോളം കാലം പരിശോധിക്കുകയാണെങ്കിൽ പ്രഥമികവിദ്യാഭ്യാസം ലഭിച്ചിരുന്ന എല്ലാ പെൺകുട്ടികൾക്കും ഉയർന്ന വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. ആയതിനാൽ അടുക്കളെയെ തന്നെ അഭയം പ്രാപിക്കേണ്ട ഗതികേട് ഉണ്ടായിത്തീർന്നു.

പിന്നീട് സാമൂഹികമായ പരിവർത്തനത്തിന്റെയും പുരോഗമന ചിന്താഗതിയുടെയും സ്വാധീനത്തിന്റെ ഫലമായി വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ കടന്ന് വരുന്നതിന്റെ അളവ് വർദ്ധിക്കുകയും ചുരുങ്ങിയ ചില തൊഴിൽ മേഖലകളിലെങ്കിലും എത്തിപ്പെടുകയും ചെയ്തിരുന്നു. പ്രത്യേകിച്ച് അദ്ധ്യാപനരംഗത്താണ് സ്ത്രീകൾ പുരുഷൻമാരെക്കാൾ കൂടുതലുള്ളത്. ഇവിടെയുള്ള വിദ്യാലയങ്ങളിൽ ആൺകുട്ടികളുടെ എണ്ണമാണ് കൂടുതലെങ്കിലും പഠനനിലവാരത്തിൽ മുൻപന്തിയിൽ പെൺകുട്ടികളാണ്.

ഇവിടെ ഏറ്റവുമധികം സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്ന തൊഴിൽ മേഖല കൃഷിപ്പണി, കെട്ടിടനിർമ്മാണം, ആടുമാടുവളർത്തൽ എന്നിവയാണ്. രോഗാതുരുതയുടെ കാര്യത്തിൽ സ്ത്രീകളുടെ അവസ്ഥ പൊതുവെ മോശമാണ്. ഇവിടത്തെ 40% കുടുംബങ്ങളുടെയും ഭരണം സ്ത്രീകളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ആയതിനാൻ കുടുംബ ഭരണം സുഗമമാക്കുന്നതിന് വരുമാനമാർഗ്ഗം വിപുലീകരിക്കുന്നത് ഏറെ സഹായകരമായിരിക്കും.

മദ്യപാനം മൂലം ദുരിതങ്ങളനുഭവിക്കുന്ന കുടുംബിനികൾ ഏറെയാണ്. അതുകൊണ്ട് മദ്യനിരോധനം പൂർണ്ണമായും നടപ്പിലാക്കേണ്ടത് സ്ത്രീകളുടെ ഒരു പ്രധാന ആവശ്യമാണ്. വിദ്യാഭ്യാസവും സാമ്പത്തിക ഭദ്രതയും ഉണ്ടായിരുന്നിട്ടും പീഢനം അനുഭവിക്കുന്നവരുടെ എണ്ണം തീരെ കുറവല്ല. ബോധവൽക്കരണത്തിലൂടെ മാത്രമെ ഇതിനൊരു. പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളു.

ഇവിടെ 5 അംഗനവാടികൾ നിലവിലുണ്ട് അവ കൃഷിപ്പണിക്കാരായ അമ്മമാർക്ക് ഏറെ ഉപയോഗമുള്ളതാണ്.പക്ഷെ അവിടെത്തെ പരിതസ്ഥിതി തീരെ തൃപ്തികരമല്ല. അംഗനവാടികൾ ഇനിയും വാർഡിന് ഒന്നു വീതമെങ്കിലും പുതിയതായി തുടങ്ങണമെന്നും, ഉള്ളവയുടെ സ്ഥിതി മെച്ചപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. കണ്ണാടി പഞ്ചായത്തിൽ മൂന്ന് D.W.C.R.A. യുണിറ്റു കൾ പ്രവർത്തിക്കുന്നുണ്ട് അവയിൽ 2 എണ്ണത്തിന്റെ പ്രവർത്തനം നല്ലരീതിയിലാണ്. ഉപ്പുംപാടം, കൊല്ലങ്കോട്ടുപറമ്പ്, എന്നിവടങ്ങളിലാണ് അവ. അടുത്തുതന്നെ ഒരു പുതിയ യൂണിറ്റ് പാത്തിക്കലിൽ ആരംഭിക്കാൻ പോകുന്നുണ്ട്. തൊഴിൽ മേഖലയിൽ സ്ത്രീകൾക്കെതിരെ അവഗണന നിലനിൽക്കുന്നു.

സ്ത്രീകൾക്കെതിരെ നിലനിൽക്കുന്ന സാമൂഹ്യ പ്രതിസന്ധികളെ തുടച്ചു നീക്കാൻ സ്ത്രീകൾ തന്നെ മുന്നിൽ വരേണ്ടിയിരിക്കുന്നു. ചെറുകിട വ്യവസായങ്ങൾ (സ്വയം തൊഴിൽ മേഖലകൾ) കോഴി വളർത്തൽ, ആടുവളർത്തൽ, അടക്കളത്തോട്ടം എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കാനുള്ള സംവിധാനങ്ങൾ അടിയന്തിരമായി കണ്ടെത്തിയാൽ അവരുടെ വരുമാനമാർഗ്ഗങ്ങൾ വിപുലീകരിക്കുന്നതിനും കുടുംബക്ഷേമം വർദ്ധിപ്പിക്കുന്നതിനും സഹായിക്കും. അതിനോടെപ്പം സഹകരണ മേഖലയിൽ പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയാണെങ്കിൽ സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കാൻ പേടിച്ചു നിൽക്കുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം അത് പ്രോത്സാഹനജനകമാണ്.

സാമൂഹിക പൊതുപ്രവർത്തനരംഗത്ത് ഇന്ന് സ്ത്രീകളുടെ പങ്ക് സജീവമായിട്ടുണ്ട്. ഇവിടെ രണ്ട് മഹിളാസമാജങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം നിർജ്ജീവമാണ്. സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. 1990 കളിൽ നടത്തിയ സാക്ഷരതാപ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത ഇല്ലായ്മ ചെയ്യുന്നതിൽ സാരമായ പങ്ക്

വഹിച്ചിട്ടുണ്ട്. സാമൂഹിക രംഗത്ത് പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമുള്ള ഇടപെടലിലൂടെ മാത്രമെ പൊതുജീവിതത്തിലും തൊഴിൽ മേഖലയിലും മുൻപന്തിയിലെത്തിക്കാൻ കഴിയു. അതേ സമയം ഉത്തരവാദിത്വം സ്ത്രീകൾക്ക് നൽകാൻ പുരുഷൻമാരും താല്പര്യം കാണിക്കേണ്ടതുണ്ട്. അത് ഏറ്റെടുക്കാനുള്ള പ്രവണത സ്ത്രീകൾക്കും വേണം അതില്ല എന്നതാണ് പ്രധാനപ്രശ്നം. അതിനുതക്ക ബുദ്ധിയും കഴിവും സ്ത്രികൾ ആർജ്ജിക്കേണ്ടതുണ്ട്. സാമൂഹിക പൊതുരംഗങ്ങളിലെ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പ്രത്യേകപരിശീലനപരിപാടികൾ, മാതൃസംഗമങ്ങൾ, മുൻപരിചയമുള്ളവരെ കൊണ്ട് അവരുടെ അനുഭവങ്ങൾ പങ്കുവെക്കൽ, വനിതാ സെമിനാറുകൾ സംഘടിപ്പിക്കൽ എന്നിവ നടപ്പിലാക്കുന്നത് ഏറെ ഉപകാരപ്രദമായിരിക്കും. സമൂഹിക രാഷ്ട്രീയ പൊതുപ്രവർത്തന രംഗത്ത് സ്ത്രീകൾ മുന്നോട്ട് വരാതിരിക്കുന്നതിനുള്ള പ്രധാനകാരണം ഒരു ചെറിയ ശതമാനം അനാചാരങ്ങളും ഒപ്പം തന്നെ രംഗത്തിറങ്ങാനുള്ള വൈമനസ്യവും, ഇതിനെല്ലാമുപരി പുരുഷന്മാരുടെ സഹകരണമില്ലായ്മയുമാണ്. ആ സാഹചര്യത്തിൽ പരിചയ സമ്പന്നരായ സ്ത്രീകളുടെ പരിശീലനം നൽകലും കുടുംബ നാഥന്മാരുടെ സഹകരണവും അത്യാവശ്യമാണ്.

പ്രശ്നങ്ങൾ

1. സാമൂഹിക സേവന രംഗത്ത് സ്ത്രീകൾ സ്വതന്ത്രമായി പ്രവർത്തനരംഗത്ത് വരുന്നില്ല.
2. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുകയോ, സംരംഭം ആരംഭിക്കുകയോ ചെയ്യുന്നില്ല.
3. തൊഴിലധിഷ്ഠിത വിദ്യഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
4. തുല്യ ജോലിക്ക് തുല്യ വേതനം ഏട്ടിലെ പശുവായിന്നും നിലനിൽക്കുന്നു.
5. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനം ഇല്ല.
6. പരിശീലനത്തിന് സൗകര്യങ്ങളോ, പ്രേത്സാഹനങ്ങളോ ഇല്ല.
7. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സമാണ്.
8. സർക്കാർ സഹായങ്ങൾ ഏതൊക്കെയാണെന്ന അറിവില്ലായ്മയുണ്ട്.
9. അംഗനവാടി അദ്ധ്യാപികമാർക്ക് ന്യായമായി വേതനം കിട്ടാതെ

വിഷമിക്കുന്നുണ്ട്.

10. ഇപ്പോഴുള്ള അങ്കണവാടികൾക്ക് കെട്ടിടമോ മറ്റു പ്രാഥമിക സൗകര്യങ്ങളോ ഇല്ല.

11. സ്വയം ശക്തിയാർജ്ജിച്ച് രംഗത്തിറങ്ങാനുള്ള മാനസിക അവസ്ഥ സ്ത്രീകൾക്കില്ല.

12. സാമാന്യ വിദ്യാഭ്യാസം ഉണ്ടെങ്കിലും ശാസ്ത്രബോധ നിലവാരം സ്ത്രീകളിൽ കുറവാണ്.

13. പല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകളിൽ ധാരാളമുണ്ട്.

പരിഹാരങ്ങൾ

1. സമൂഹത്തിൽ തുല്യത കൈവരിക്കേണ്ടവരാണ് സ്ത്രീകൾ, വീടുകളിൽ അടങ്ങിയൊതുങ്ങി ഇരിക്കേണ്ടവരല്ല എന്നതിൽ സ്ത്രീകൾ ബോധവതികളാകേണ്ടതുണ്ട്.

2. സ്ത്രീധന സമ്പ്രദായത്തിനെതിരായി സ്ത്രീകൾ ബോധവതികളാകണം.

3. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുക.

4. രാഷ്ട്രീയ സാമൂഹിക വനിതാസംരംഭങ്ങളിൽ പങ്കെടുക്കാനുള്ള താല്പര്യം വളർത്തിയെടുക്കുക.

5. ആടുമാടുവളർത്തൽ, പച്ചക്കറികൃഷി എന്നിവ പ്രോത്സാഹിപ്പിക്കാൻ സ്ത്രീകൾക്കിടയിൽ അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

6. തുന്നൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

7. നൃത്ത സംഗീതക്ലാസ്സുകൾ ആരംഭിക്കുക.

8. ട്രൈസം പദ്ധതിയിൽ ഉൾപ്പെടുത്തി സാങ്കേതിക വിദ്യഅഭ്യസിക്കുന്നതിനുവേണ്ടി IRDP ലോൺ കൊടുത്ത് തൊഴിൽ സാദ്ധ്യത ഉണ്ടാക്കണം (തുന്നൽ. etc.)

9. സഹകരണ മേഖലയിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള വ്യവസായ Unit കൾ എന്നിവ ആരംഭിക്കുന്നത് തൊഴിൽ സാദ്ധ്യതകളും വരുമാനവും വർദ്ധിപ്പിക്കാനും സാധിക്കും.

10. മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും അതുവഴി സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്ന യൂണിറ്റുകൾ തുടങ്ങുകയും ചെയ്താൽ തൊഴിലും വരുമാനവും നൽകുക മാത്രമല്ല, സ്ത്രീകളെ സാമൂഹിക പൊതു പ്രവർത്തന

രംഗത്തേക്ക് കൊണ്ടുവരാനും സാധിക്കും.

11. സ്ത്രീകൾക്ക് നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ പരിശീലനം (ട്രൈസം) പരിപാടികളിലൂടെയും മറ്റും നൽകാൻ സാധിച്ചാൽ കുടിൽ വ്യവസായങ്ങൾ വ്യാപകമായ രീതിയിൽ തുടങ്ങുന്നതിനും തൊഴിലും വരുമാനവും വർദ്ധിപ്പിക്കാനും സാധിക്കും.

നിദേശങ്ങൾ

1. വരുമാനം കുറഞ്ഞ സ്ത്രീകൾക്ക് പ്രസവാനുകൂല്യം ലഭിക്കണം.

2. തൊഴിൽ കൊടുക്കാനുള്ള സാഹചര്യം ഉണ്ടാവണം.

3. സ്ത്രീ പുരുഷ തുല്യപങ്കാളിത്തം ഉറപ്പുവരുത്തണം

4. വിവിധ വിദ്യാഭ്യാസ യോഗ്യതയുള്ള ഒരു Team ആയി വനിതകളെ മാസത്തിലൊരിക്കൽ സംഘടിപ്പിച്ച് ആധുനികലോകത്തിന് സ്ത്രീകൾ വഹിക്കേണ്ട പങ്ക് എന്ന വിഷയം അവതരിപ്പിച്ചാൽ നല്ല പരിജ്ഞാനം ഉണ്ടാവാൻ സഹായിക്കും.

5. D.W. C. R. A. ചാത്തൻ കുളങ്ങരപറമ്പ്യൂണിറ്റാണ് തീരെ പ്രവർത്തിക്കാത്തത്. അത് കാര്യക്ഷമമാക്കണം.

" എവിടെ സ്ത്രീകൾ ആദരിക്കപ്പെടുന്നുവോ
അവിടെ ദേവതകൾ ആഹ്ലാദിക്കുന്നു "

- മനുസ്മൃതി

13 സഹകരണം

കണ്ണാടി പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് വളരെക്കാലം മുൻപ് തന്നെ വേരോട്ടം സിദ്ധിച്ചിരുന്നു. ജീവിതത്തിന്റെ എല്ലാ തുറകളിലും ഇന്ന് സഹകരണ പ്രസ്ഥാനം വ്യാപിച്ചിട്ടുണ്ടെങ്കിലും. ഒട്ടേറെ തൊഴിൽ സാദ്ധ്യതകളും സാമ്പത്തിക സാമൂഹ്യ രംഗങ്ങളിൽ വലിയ സ്വാധീനം ചെലുത്താൻ കഴിയുന്ന ശക്തിയായി, നമ്മുടെ പഞ്ചായത്തിൽ ഇനിയും ഈ മേഖല വളരേണ്ടിയിരിക്കുന്നു. അതിനുള്ള ഒരു ശ്രമമാണ് നമുക്ക് ആരംഭിക്കേണ്ടത്.

ഇപ്പോഴത്തെ പാലക്കാട് സർവ്വീസ് സഹകരണ ബാങ്കിന്റെ (പഴയ പി.സി.സി.സൊസൈറ്റി) പ്രവർത്തന പരിധിയിലായ കണ്ണാടി വില്ലേജിൽ 1952 ൽ കണ്ണാടി സർവ്വീസ് സഹകരണ സംഘം രൂപീകരിച്ചു. കണ്ണാടി വില്ലേജിലെ 6 വാർഡുകൾ സംഘത്തിന്റെ പ്രവർത്തന പരിധിയിലും കിണാശ്ശേരി വില്ലേജിലെ 4 വാർഡുകൾ ഉൾപ്പെട്ടപ്രദേശം പെരുവമ്പ് സർവ്വീസ് സഹകരണ ബാങ്കിന്റെപരിധിയിലും പ്രവർത്തിക്കുന്നു. കണ്ണാടി പഞ്ചായത്തിൽ പാത്തിക്കലിൽ ഒരു പരമ്പരാഗത പാൽ സഹകരണ സംഘവും, ഉപ്പുംപാടം, കാഴ്ചപ്പറമ്പ്, എന്നിവിടങ്ങളിൽ ഓരോ APCOS സംഘവും പ്രവർത്തിക്കുന്നു. കണ്ണാടിതെരുവകുറിശ്ശി കേന്ദ്രമാക്കി ഒരു കയർ സഹകരണ സംഘത്തിന്റെ പ്രവർത്തനശ്രമം ആരംഭിച്ചിട്ടുണ്ട്. മൾബറി കർഷകരെ സഹായിക്കാൻ രൂപംകൊണ്ട, മൾബറിസഹകരണസംഘം ഇന്ന് പ്രവർത്തനരഹിതമാണ്. കണ്ണാടി ഹൈസ്കൂൾ, കണ്ണാടി A.B.U.P.സ്കൂൾ എന്നിവ കേന്ദ്രമായി 2 സ്കൂൾ സഹകരണ സംഘങ്ങളും എറണാകുളം

കേന്ദ്രമായി പ്രവർത്തിക്കുന്ന (പോലീസ് ഹൗസിങ്ങ്) സഹകരണസംഘത്തിന്റെ ഒരു യൂണിറ്റും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കണ്ണാടി സർവ്വീസ് സഹകരണ ബാങ്ക്

1952 ൽ വിവിധോദ്ദേശ സഹകരണ സംഘം എന്ന നിലയിൽ പരുത്തിക്കാട്ടെ ശ്രീ. രാഘവമേനോൻ പ്രസിഡണ്ടും ശ്രീ. കരുണാകരമേനോൻ ഓണററി സെക്രട്ടറിയായും ഒരു പീടിക മുറിയിൽ പ്രവർത്തനം ആരംഭിച്ചതാണ്. ബാങ്ക് 15-11-1964 ൽ ഏറ്റെടുത്ത റേഷൻ വിതരണവും 1966 ൽ ആരംഭിച്ച ലെവി നെല്ലെടുപ്പും സംഘത്തിന്റെ സാമ്പത്തിക അടിത്തറ വിപുലപ്പെടുവാൻ സാഹചര്യം ഉണ്ടാക്കി. ലെവി നെല്ല് എടുത്ത് അരിയാക്കി വിതരണം ചെയ്തപ്പോൾ വലിയ ലാഭമാണ് സംഘത്തിന് ലഭിച്ചത്. തുടർന്ന് സഹകരണസൊസൈറ്റി സഹകരണ ബാങ്ക് ആയി ഉയരുകയും വിവിധ ഇനം വായ്പകൾ ഇപ്പോൾ നൽകിവരുകയും ചെയ്യുന്നുണ്ട്. ഒരു വില്ലേജ് മാത്രം പ്രവർത്തനപരിധിയായ സംഘത്തിന് 3 കോടി 50 ലക്ഷം രൂപ വായ്പയും 3 കോടി 65 ലക്ഷം രൂപ നിക്ഷേപവുമുണ്ട്. കണ്ണാടി വില്ലേജിലെ 2500 വീടുകളിൽ നിന്നും 4175 അംഗങ്ങൾ ബാങ്കിലുണ്ട്. ഒരു വീട്ടിൽ ഒരു ആളെങ്കിലും ഈ ബാങ്കിൽ മെമ്പറാണ്.

കാർഷിക വായ്പ (Crop Loan) 16,22,330 രൂപ നൽകിയിട്ടുണ്ട്. കൃഷിഭൂമി കുറഞ്ഞു വരുന്നതുമൂലം കാർഷിക വായ്പ കുറഞ്ഞു വരുന്നുണ്ട്. വസ്തു പണയത്തിൻമേൽ വായ്പ, ദുർബലവിഭാഗങ്ങൾക്ക് ബ്ലോക്ക് മുഖാന്തിരമുള്ള I.R.D.P. വായ്പയും കൊടുത്തു വരുന്നുണ്ട്. കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ 60000ക യുടെ നോട്ടുബുക്ക് വിതരണം ചെയ്യുവാനും കഴിഞ്ഞിട്ടുണ്ട്. എല്ലാ ഓണക്കാലത്തും ഓണച്ചന്ത മാതൃകാ പരമായി നടത്തുവാൻ ശ്രദ്ധിക്കാറുണ്ട്. ഒരു തുണി ഷോപ്പ്, രണ്ട് വളം ഡിപ്പോ, മൂന്ന് സിമിൻറ് ഡിപ്പോ എന്നിവയും പ്രവർത്തിക്കുന്നു. കൺസ്യൂമർ സ്റ്റോർ ബാങ്ക് നടത്തിയിരുന്നെങ്കിലും ഇപ്പോൾ സ്റ്റോർ ഇല്ല. കഴിഞ്ഞ അഞ്ചു വർഷകാലമായി തുടർച്ചയായി ലാഭത്തിലും മെമ്പർമാർക്ക് തുടർച്ചയായി ഡിവിഡൻറും കൊടുത്തുവരുന്നു. കഴിഞ്ഞ ഓഡിറ്റ് വർഷത്തിൽ ബാങ്കിന്റെ

ലാഭം 5,36,250 രൂപയാണ്. സൂക്ഷ്മതയുള്ള മാനേജ്മെൻറും കാര്യക്ഷമമായ ജീവനക്കാരുടെ കൂട്ടായ്മയോടുമുള്ള പ്രവർത്തനവുമാണ് ഈ പുരോഗതിക്ക് ആധാരം.

ജീവനക്കാരുടെ പ്രവർത്തന മൂലധനം	ലാഭമൊ/ നഷ്ടമൊ	എത്ര	ജീവനക്കാർ	
			സ്ഥിരം	മറ്റുള്ളവർ
4,28,40,344	ലാഭം	5,36,250	11	4

പ്രവർത്തനം ആരംഭിച്ച വർഷം	വ്യക്തി അംഗങ്ങൾ 1996 ൽ	ഓഹരി മൂലധനം	കടം	നിക്ഷേപം
1952	4175	14,68,578	3,13,15,497	3,65,48,345

പെരുവെമ്പ സർവ്വീസ് സഹകരണബാങ്ക്

1946ൽ P.C.C. സൊസൈറ്റിയായി ശ്രീ. C.C. ശങ്കരൻ പ്രസിഡൻറായി സംഘം രൂപീകരിച്ചു. 1957ൽ അഗ്രികൾച്ചറൽ ബാങ്കായും 1961ൽ സർവ്വീസ് സഹകരണ ബാങ്കായും ഉയർന്നു. പെരുവെമ്പ്, പാലത്തുള്ളി, തണ്ണിശ്ശേരി, ഓലശ്ശേരി, തസ്രാക്ക്,

കിണാശ്ശേരി എന്നീ പ്രദേശങ്ങളാണ് ഇതിന്റെ പ്രവർത്തന പരിധി. 750 അംഗങ്ങളായി തുടങ്ങി, 8464 അംങ്ങൾ ഈ സംഘത്തിൽ ഇപ്പോൾ മെമ്പർമാരാണ്. 37,36,515 രൂപയുടെ Share Outsanding ഉം 5,72,32,040 രൂപയുടെ ഡിപ്പോസിറ്റും 5,28,71,483 രൂപ വായ്പയും കൊടുത്തിട്ടുണ്ട്. സംഘം 34,67,027 രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കണ്ണാടി II വില്ലേജ് മുഴുവൻ പ്രവർത്തനപരിധിയായ ഈ ബാങ്ക് കിണാശ്ശേരി കടുംന്തിരുത്തിയിൽ 31.3.85 ന് ശാഖ ആരംഭിച്ചു. കിണാശ്ശേരി പ്രദേശത്തെ 126 കർഷകർക്കായി 8,62,570 രൂപ കാർഷികവായ്പ നൽകിയിട്ടുണ്ട്. വസ്തു പണയത്തിൻമേൽ 17,97,397 രൂപയും ജാമ്യകടവായ്പയായി 28,01803 രൂപയും വിതരണം ചെയ്തിട്ടുണ്ട്. സ്വർണ്ണപണ്ടത്തിൻമേൽ 78,97,863 രൂപ വായ്പയും നൽകിയിട്ടുണ്ട്. കടുംന്തിരുത്തി ശാഖയിൽ ഒരു വളം ഡിപ്പോ പ്രവർത്തിക്കുന്നു. 4 പേർ ഈ ശാഖയിൽ ജീവനക്കാരാണ്.

സാദ്ധ്യതകളും, നിർദ്ദേശങ്ങളും

1. കണ്ണാടി പഞ്ചായത്ത് പ്രദേശം മുഴുവൻ സഹകരണബാങ്കിന്റെ പ്രവർത്തന പരിധിയായി നിശ്ചയിക്കുക. അതുവഴി പഞ്ചായത്തിലെ ജനങ്ങളിൽ നിന്നും സ്വരൂപിക്കുന്ന വിഭവം ഈ പഞ്ചായത്തിൽ തന്നെ ജനങ്ങളുടെ സാമ്പത്തിക പുരോഗതിക്ക് പ്രയോജനപ്പെടുത്തുക.

2. കണ്ണാടി സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖ കടകുറിശ്ശി, നെടുവക്കാട് എന്നീ പ്രദേശങ്ങളിൽ ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ തുടങ്ങുക.

3. കണ്ണാടിയിലെ ജനങ്ങളുടെ വിവാഹ ചടങ്ങുകൾ നടത്തുവാനും മറ്റ് പൊതുപരിപാടികനടത്തുവാനുംസൗകര്യപ്രദമായ ഒരു കെട്ടിടത്തിന്റെ അഭാവംനിലനിൽക്കുന്നതുകൊണ്ട് അത് പരിഹരിക്കാൻ സാമ്പത്തികമായി കെട്ടുറപ്പുംഡിപ്പോസിറ്റും ഉള്ള ബാങ്ക് എന്ന നിലയിൽ കണ്ണാടി സർവ്വിസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ കല്യാണമണ്ഡപം നിർമിക്കാനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കുക

.4. ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള അഭിപ്രായം പരിഗണിച്ച് മുഴുവൻ കുടുംബാംഗങ്ങൾക്കും അംഗത്വം നൽകി അവരുടെ സാമ്പത്തിക പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ കഴിയണം.

5. വർദ്ധിക്കുന്ന പാർപ്പിട പ്രശ്നം പരിഗണിച്ച് ദീർഘകാലത്തേക്കുള്ള ഹൗസിങ്ങ് വായ്പ നൽകുവാനുള്ള നടപടികൾ ആരംഭിക്കുക.

6. കണ്ണാടി സർവ്വിസ് സഹകരണ ബാങ്ക് വിജയകരമായി നടപ്പിലാക്കിയ Daily Deposit Collection പുനരാരംഭിക്കുക.

7. ബാങ്കിന്റെ നേതൃത്വത്തിൽ ചിട്ടി ആരംഭിക്കുക. ഇപ്പോഴത്തെ ചിട്ടി നിയമത്തിൽ നിന്നും സഹകരണ സ്ഥാപനങ്ങളെ ഒഴിവാക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുക.

8. കാർഷിക ചിലവുകൾ വർദ്ധിച്ചത് പരിഗണിച്ച് കാർഷിക വായ്പ 10,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്തുക.

9. കൃഷികാർക്ക് ട്രാക്റ്റർ, ട്രില്ലർ, മെതിയന്ത്രം, കൊയ്ത്തുയന്ത്രം എന്നിവക്കുള്ള വായ്പനൽകുക.

10. കണ്ണാടി സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ വലിയ മുതൽ മുടക്കോടുകൂടി ഒരു മോഡേൺ റൈസ്മിൽ ആരംഭിക്കുക. കൃഷിക്കാരിൽ നിന്നും നേരിട്ട് നെല്ല് സംഭരിക്കാനും അരിയാക്കി വിതരണം ചെയ്യാനും സംഘത്തിന് വലിയ ലാഭവും കൃഷിക്കാർക്ക് നല്ല ആദായവും ലഭ്യമാക്കാൻ കഴിയും.

പാൽ സഹകരണ സംഘങ്ങൾ

കണ്ണാടി പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ കണ്ണാടി ക്ഷീരവ്യവസായ സഹകരണ സംഘം 1975ൽ പ്രവർത്തനം ആരംഭിച്ചു. പിൽക്കാലത്ത് അതിൽ നിന്നും 1994ൽ കിണാശ്ശേരി പ്രദേശം ഉൾപ്പെടുന്ന ഉപ്പുംപാടത്ത് പാൽസഹകരണസംഘം (APCOS) പ്രവർത്തനം ആരംഭിച്ചു. 15.01.95ൽ കണ്ണാടിയിലെ വാർഡ് 1,2 പ്രദേശങ്ങൾ ഉൾപ്പെടുത്തി കാഴ്ചപറമ്പ് ക്ഷീരോൽപാദന സഹകരണ സംഘം ആരംഭിച്ചു.

കണ്ണാടി ക്ഷീരവ്യവസായ സഹകരണ സംഘം ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തനം ആരംഭിച്ചതെങ്കിലും ഇന്ന് സ്വന്തമായ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആകെ അംഗങ്ങൾ 540 പേർ ഉണ്ടെങ്കിലും 135 പേരാണ് ഉൽപാദക മെമ്പർമാർ 525 ലിറ്റർ പാൽ പ്രതിദിനം വിൽപന നടത്തുന്ന 6 വെണ്ടർമാരും 3 ജീവനക്കാരും സംഘത്തിൽ പ്രവർത്തിക്കുന്നു. 3.30 ലക്ഷം രൂപയാണ്

പ്രവർത്തന മൂലധനം സാമ്പത്തികമായി കെട്ടുറപ്പും ലാഭത്തിലുമാണ് സംഘം പ്രവർത്തിക്കുന്നത്. 1000 ലിറ്റർ പാൽ വിതരണം നടത്തുവാൻ കഴിയുന്ന രീതിയിൽ സംഘം വളരണം.

ഉപ്പുംപാടം സഹകരണ സംഘം ആരംഭത്തിൽ 45 അംഗങ്ങളാണ് ഉണ്ടായിരുന്നത് ഇപ്പോൾ 115 അംഗങ്ങളായി ഉയർന്നു. പ്രതിദിനം 425 ലിറ്റർ പാൽ സംഭരിച്ച് മിൽമയക്ക് വിതരണം ചെയ്തുവരുന്നു. 30,000 രൂപ സർക്കാർ ഷെയർ ലഭിച്ചിട്ടുണ്ട്. പാൽ ഉൽപന്നങ്ങൾ ഉണ്ടാക്കി വിതരണം ചെയ്യുന്നുണ്ട് 40,000 രൂപ ലാഭത്തിൽ പ്രവർത്തിക്കുന്നു. ജീവനക്കാർ 2 പേർ.

കാഴ്ചപ്പറമ്പ് ക്ഷീരോൽപാദക സഹകരണ സംഘത്തിൽ 76 പേർ അംഗങ്ങളാണ് പ്രതിദിനം 350 ലിറ്റർ പാൽ എറ്റെടുത്ത് മിൽമയ്ക്ക് വിതരണം ചെയ്യുന്നു. പ്രതിമാസം 75 ചാക്ക് കാലിത്തീറ്റ വിൽപന നടത്തുന്നുണ്ട്. കാഴ്ചപറമ്പിലെ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ജീവനക്കാർ 2 പേർ.

കണ്ണാടി പഞ്ചായത്തിൽ ഒട്ടേറെ സാദ്ധ്യതകളുള്ള മേഖലയായ കാർഷിക മേഖലയിലെ ഉപതൊഴിലായി കർഷകരുടെ ജീവിത നിലവാരത്തിലും സാമ്പത്തിക രംഗത്തും ക്ഷീര വ്യവസായ സഹകരണ സംഘത്തിന് വലിയ പങ്ക് വഹിക്കാൻ കഴിയും.

നിർദ്ദേശങ്ങൾ

1. സ്ഥിരം ഉൽപാദകരെ കണ്ടെത്തുന്നതിന് രണ്ടിൽ കുറയാത്ത കറവ പശുക്കളോടുകൂടിയ യൂണിറ്റുകൾക്ക് സഹായം നൽകി ഉൽപാദനം ഉറപ്പു വരുത്തുക.

2. കാലിത്തീറ്റ മൊത്തമായി എറ്റെടുക്കുക ഇതിലൂടെ ഇടത്തട്ടുകാരെ ഒഴിവാക്കാനും കർഷകർക്ക് ലാഭത്തിൽ കാലിത്തീറ്റ ലഭ്യമാക്കാനും കഴിയും.

3. ആധുനിക ശാസ്ത്രിയ സൗകര്യങ്ങളോടുകൂടിയ പാൽ പേക്കിങ്ങ് സിസ്റ്റം നടപ്പിലാക്കുക.

4. സംഘങ്ങളെ സാമ്പത്തിക കെട്ടുറപ്പാക്കുന്നതിന് സംഘങ്ങളിൽ Daily Deposit

Collection ആരംഭിക്കുക.

5. കിണാശ്ശേരിയിലെ വാർഡ് 9,10 പ്രദേശങ്ങൾ ചേർത്ത് P.P.F. കേന്ദ്രമായി ഒരു പാൽ സഹകരണസംഘവും, കണ്ണാടിയിലെ വാർഡ് 5ൽ കടകുറുശ്ശി കേന്ദ്രമായി ഒരു പാൽ സഹകരണസംഘവും രൂപീകരിക്കുക.

നിലവിലുള്ള മൂന്ന് സംഘങ്ങൾ വഴിയും, പുതുതായി രൂപീകരിക്കാൻ നിർദ്ദേശിച്ച രണ്ട് സംഘങ്ങളുടെ പ്രവർത്തനങ്ങൾ സജീവമാക്കുകവഴി 15 പേർക്ക് പ്രത്യക്ഷമായും 400 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കാൻ സഹായകരമായിരിക്കും.

സ്ക്കൂൾ സഹകരണസംഘം

കണ്ണാടി A. B. U. P സ്ക്കൂളിലും, ഹൈസ്ക്കൂളിലുമായി 2 സ്ക്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പാഠപുസ്തകവിതരണംമാത്രമായി ഈ സംഘങ്ങളുടെ പ്രവർത്തനം നിജപ്പെടുത്തിയിരിക്കുകയാണ്. വിദ്യാർത്ഥികൾക്ക് ആവശ്യമായ യൂണിഫോമുകൾ, സ്റ്റേഷനറി സാധനങ്ങൾ, സ്കൂൾ ബാഗുകൾ മുതലായവ സമയാസമയത്ത് വിതരണം ചെയ്യുവാൻ കഴിയുമാറ് ഓരോ സ്റ്റോറുകൾ ആരംഭിക്കുകയും അതിലൂടെ 2 പേർക്ക് തൊഴിലും ലഭ്യമാക്കാൻ സാധിക്കും.

കോഴി വളർത്തൽ സഹകരണ സംഘം

കേരളത്തിന്റെ വരുമാനത്തിന്റെ വലിയൊരു ഭാഗം ഇറച്ചികോഴി, കോഴിമുട്ട എന്നിവയുടെ ഉപഭോഗം വഴി അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നുണ്ട്. കണ്ണാടി പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ സ്വയം തൊഴിൽ കണ്ടെത്തലിന്റെ ഭാഗമായി കോഴിവളർത്തൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒരു കോഴി വളർത്തൽ സഹകരണ സംഘം പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതും, ഈ സംഘം മുഖേന പഞ്ചായത്തിലെ വീടുകളിൽ ചെറിയ യൂണിറ്റുകളായി കോഴി വളർത്തുകയും അതു വാങ്ങി വിൽപന നടത്തുന്ന കേന്ദ്രമായി മാറാൻ ഈ സംഘത്തിന് കഴിയണം. അതിലൂടെ 5 പേർക്ക് പ്രത്യക്ഷമായും നിരവധി പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കാൻ കഴിയും അതിനാവശ്യമായ മൃഗസംരക്ഷണ വകുപ്പിന്റെ സേവനവും, സാമ്പത്തികസഹായവും,

ലഭ്യമാക്കേണ്ടതാണ്.

കയർ സഹകരണസംഘം

വ്യവസായ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടുകൂടി കണ്ണാടിയിൽ ഒരു കയർ ഉൽപ്പന്നങ്ങൾക്കുള്ള സഹകരണസംഘത്തിന്റെ പ്രാഥമിക പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 55 അംഗങ്ങൾ ചേർന്ന സംഘം തരുവക്കുറിശ്ശിയിൽ 90 സെന്റ് സ്ഥലം വാങ്ങിക്കുകയും 19 ലക്ഷംരൂപയ്ക്കുള്ള പ്ലാൻ തയ്യാറാക്കി ആലപ്പുഴ കയർ ഫെഡിൽ അഗീകാരത്തിന് അയക്കുകയും ചെയ്തിട്ടുണ്ട്. 45 വനിതകൾക്കും നിരവധി പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുള്ള ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം

കണ്ണാടി പഞ്ചായത്ത് പ്രവർത്തന പരിധിയിൽ പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി ഒട്ടേറെ ആനുകൂല്യങ്ങൾ ലഭിക്കുന്ന പട്ടികജാതി സംഘം രൂപീകരിക്കാനും അതിലൂടെ സഹകരണപ്രസ്സ്, ചെറുകിട, പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുവാനും കഴിയുന്നതുവഴി 15 പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ കഴിയും. അതിനുള്ള ശ്രമം നടത്തണം.

വനിതാ സഹകരണസംഘം

പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുരുങ്ങിയത് 50 സ്ത്രീകളെ ഉൾപ്പെടുത്തി വനിത സഹകരണസംഘം രൂപീകരിക്കാനുള്ള ശ്രമം ആരംഭിക്കണം. ഈ സംഘം മുഖേന നോട്ടുബുക്ക് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ബാഗ് നിർമ്മാണം എന്നിവ ആരംഭിക്കാൻ കഴിയും. അതിലൂടെ 40 സ്ത്രീകൾക്ക് തൊഴിൽ നൽകാവുന്നതാണ്. കണ്ണാടി പഞ്ചായത്തിലെ വിവിധ മേഖലയിലെ വളർച്ചക്ക് മൊത്തം 685 ലക്ഷം രൂപ മുടക്കാനും അതിലൂടെ 130 പേർക്ക് പ്രത്യക്ഷത്തിലും 550 പേർക്ക് പരോക്ഷമായും ജോലി ലഭ്യമാക്കാൻ കഴിയും.

ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക വികസനത്തിന് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുക വഴി കണ്ണാടി പഞ്ചായത്തിനെ കാർഷിക രംഗത്തും തൊഴിൽ രംഗത്തും മാറ്റം വരുത്തുവാൻ സാധിക്കുന്നതും സാമ്പത്തിക മേഖലയിലെ പുരോഗതിക്ക് ഈ പഞ്ചായത്തിനെ സജ്ജമാക്കാൻ കഴിയുന്നതുമാണ്.

" സാമൂഹ്യ ജീവിതത്തിന്റെ ആണിക്കല്ലാണ് സഹകരണം.
അതില്ലെങ്കിൽ സമൂഹവുമില്ല രാഷ്ട്രവുമില്ല; ലോകവുമില്ല "

- നെഹ്റു

14 പട്ടികജാതി പട്ടികവർഗ ക്ഷേമം

1991 - 93 ലെ കനേഷുമാരി കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ ആകെയുള്ള 33 പട്ടികജാതി സങ്കേതങ്ങളിലും പിന്നെ ഒറ്റപ്പെട്ട വീടുകളിലുമായി 4604 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ അധിവസിക്കുന്നു. ഇതിൽ 2307 പുരുഷന്മാരും 2297 സ്ത്രീകളുമാണ്. ഈ പഞ്ചായത്തിൽ പട്ടികവർഗത്തിൽപ്പെട്ട കുടുംബങ്ങൾ ഒന്നും തന്നെ ഇല്ല.

പട്ടികജാതി വിഭാഗങ്ങളുടെ ഇന്നത്തെ അവസ്ഥയെ വിലയിരുത്തുമ്പോൾതന്നെ അവരുടെ കഴിഞ്ഞകാല ജീവിതത്തിലേക്ക് ഒരെത്തിനോട്ടം നടത്തേണ്ടത് അനിവാര്യമാണ്.

ഈ വിഭാഗത്തിൽ ഉള്ളവർക്ക് പൊതുവഴിയിൽ കൂടി നടക്കുന്നതിന് അന്ന് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. മേൽ ജാതിക്കാർ വഴി നടന്നുവരുമ്പോൾ ഒരു വിളിപാട് അകലെ നിന്ന് വിളിച്ച് അറിയിച്ച് കൊണ്ട് ഈ വിഭാഗത്തിലുള്ളവരെ വഴിയിൽ നിന്ന് മാറ്റി നിർത്തിയിരുന്നു. പട്ടികജാതിക്കാരുടെ നിഴൽപോലും മേൽ ജാതിക്കാരുടെ മേൽ വിഴാൻ പാടില്ല എന്നതായിരുന്നു അന്നത്തെ നിയമം. അമ്പലങ്ങളിൽ പോകുന്നതിനോ ആരാധന നടത്തുന്നതിനോ ഇവരെ അനുവദിച്ചിരുന്നില്ല. പട്ടികജാതി സങ്കേതങ്ങളിൽ അവർക്കു മാത്രമായി കുറെ ദൈവങ്ങളെ പ്രതിഷ്ഠിച്ചിരുന്നു. സ്ത്രീകൾക്ക് മാറ് മറയ്ക്കുന്നതിനോ പുരുഷന്മാർക്ക് മീശ വയ്ക്കുന്നതിനോ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. പിറന്നു വീണകുഞ്ഞിനു

പേരിടുന്നതിനുപോലും "ജന്മം മുതലാളി" എന്ന പേരിലറിയപ്പെട്ടിരുന്ന മേൽ ജാതിക്കാരൻ തമ്പ്രാന്റെ അനുവാദം വാങ്ങേണ്ടിയിരുന്നു. തമ്പ്രാന്റെ കല്പനക്കനുസരിച്ചായിരുന്നു പേരുകൾ ഇട്ടിരുന്നത്. കണ്ടൻ, കോരൻ, കൊലവൻ, കുപ്പൻ, മുണ്ടൻ, പട്ടി, നീലി, കാളി, കുപ്പ, പെട്ട തുടങ്ങിയ പേരുകൾ അന്ന് ഈ വിഭാഗങ്ങൾക്കിടയിൽ സാർവ്വത്രികമായിരുന്നു. സ്വന്തമായി ഒരുതുണ്ടു ഭൂമിപോലും ഇവർക്കില്ലായിരുന്നു. മേൽജാതിക്കാരുടെ ക്രൂരമായ അതിക്രമങ്ങൾക്കു സ്ത്രീകളും പുരുഷനമാരും ഒരുപോലെ ഇരയായിരുന്നു. കുടുംബത്തിലെ മുഴുവൻ അംഗങ്ങളും ജന്മം മുതലാളിയുടെ വീട്ടിലെ അടിമപ്പണിക്കാരായിരുന്നു. കന്നുമേക്കുക, പുല്ലരിയുക തുടങ്ങിയ ജോലികൾ ആൺകുട്ടികളും, വളം വാരിയിടുക മുറ്റമടിക്കുക തുടങ്ങിയ ജോലികൾ പെൺകുട്ടികളും ചെയ്തുവന്നു. മുതിർന്ന ആണുങ്ങളും പെണ്ണുങ്ങളും പാടത്തും പറമ്പിലുമുള്ള ജോലികൾ ചെയ്തു വന്നു. ജോലി സമയത്തിന് ക്ലിപ്തതയില്ലായിരുന്നു. തമ്പ്രാൻ പറയുന്നതായിരുന്നു എല്ലാറ്റിനും നിയമം. ഒന്നും ചോദ്യം ചെയ്യാൻ അവകാശമുണ്ടായിരുന്നില്ല. ചോദ്യം ചെയ്തവർക്ക് കൊടിയ പീഡനം ഏൽക്കേണ്ടതായും വന്നിട്ടുണ്ട്. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കർശനമായി പാലിക്കപ്പെട്ടിരുന്നു.

ഈ വിഭഗത്തിലുള്ളവർക്ക് അക്ഷരജ്ഞാനം ഉണ്ടാകുന്നത് മഹാപരാധമായി കണക്കാക്കപ്പെട്ടിരുന്നു. ഇവർക്ക് വിദ്യനിഷേധിക്കുന്നതിന് ബോധപൂർവ്വമായ പല കീഴ്വഴക്കങ്ങളും ആചാരങ്ങളും അടിച്ചേൽപ്പിക്കപ്പെട്ടിരുന്നു. നാനാവിധമായ പല അനാചാരങ്ങളും ഈ വിഭാഗങ്ങളുടെ ഇടയിൽ നിലനിന്നിരുന്നു. രാത്രികാലങ്ങളിലായിരുന്നു വിവഹചടങ്ങുകൾ നടന്നിരുന്നത്. വധുവിന്റെ വീട്ടിലേക്ക് കല്യാണം കെട്ടാൻ പോകുന്ന വരനും വരന്റെ ആൾക്കാർക്കും ഒരു വെളിച്ചപ്പാട് മുന്നിലും മറ്റൊരു വെളിച്ചപ്പാട് പിന്നിലുമായി അകമ്പടി സേവിച്ചിരുന്നു. പ്രേത പിശാചുകളിൽനിന്നും കരുവ്, ഒടിയൻ തുടങ്ങിയ ദുഷ്ടശക്തികളിൽ നിന്നും സംരക്ഷണം നൽകുന്നതിനു വേണ്ടിയായിരുന്നു ഈ ഏർപ്പാട് എന്ന് വിശ്വസിക്കപ്പെട്ടിരുന്നു. അസുഖമുണ്ടായാൽ മരുന്ന് കഴിക്കുന്ന പതിവ് ഇല്ലായിരുന്നു പകരം മന്ത്രവാദികളുടെയും വെളിച്ചപ്പാടിന്റെയും ഉപദേശങ്ങളും കല്പനകളുമാണ് ചെവിക്കൊണ്ടിരുന്നത്.

സ്ത്രീകൾ രണ്ട് കൈത്തണ്ടകൾ നിറയെ പിച്ചളവള (പിച്ചള കാപ്പ്)

ഇടണം എന്നത് നിർബന്ധമായിരുന്നു. ഇത് ഒരു ആചാരമായി പരിപാലിച്ചുപോന്നിരുന്നു. "വളയൂരൽ" എന്ന പേരിൽ ഒരു സമരം തന്നെ ഇത് അവസാനിപ്പിക്കുന്നതിനായി നടത്തേണ്ടതായിവന്നിട്ടുണ്ട്.

തൊട്ടുകൂടായ്മയുടെയും തീണ്ടികൂടായ്മയുടെയും മറ്റനാചാരങ്ങളുടെയും ചങ്ങലകെട്ടുകൾ പൊട്ടിച്ച് പട്ടികജാതി വിഭാഗങ്ങളിലെ ജനങ്ങൾക്ക് മനുഷ്യരായി ജീവിക്കാൻ സാഹചര്യമൊരുക്കിയത് പുരോഗമന പ്രസ്ഥാനങ്ങൾ നടത്തിയ ഒട്ടേറെ പോരാട്ടങ്ങളും ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ 1957ൽ അധികാരത്തിൽ വന്ന സർക്കാർ കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമവുമാണ്.

ഇപ്പോൾ വിദ്യാഭ്യാസ സാമൂഹികമേഖലകളിൽ ഈ വിഭാഗത്തിനു പൊതുവെ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും സമൂഹത്തിലെ മറ്റു വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവർ കൈവരിച്ചിട്ടുള്ള നേട്ടം തുലോം കുറവാണ്. ഇതിനു പ്രധാന കാരണം സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ വികസനപദ്ധതികളെ കുറിച്ചുള്ള അജ്ഞതയും ഈ പദ്ധതികളുടെ ആനുകൂല്യം നേടിയെടുക്കുവാനുള്ള ഈ വിഭാഗത്തിന്റെ വൈമുഖ്യവുമാണ്. കൂടാതെ, പരമ്പരാഗത തൊഴിലുകളിൽ നിന്ന് മാറി പുതിയ സ്വയം തൊഴിൽ സംരംഭങ്ങൾ ആർജിക്കുവാൻ ഈ വിഭാഗത്തിൽപ്പെട്ടവർ തയ്യാറാകുന്നില്ല എന്നതും പിന്നോക്കാവസ്ഥക്ക് മറ്റൊരു കാരണമായി ചൂണ്ടികാണിക്കാം. സർക്കാരിന്റെ വിവിധ വികസനപദ്ധതികളും സ്വയം തൊഴിൽ സംരഭങ്ങളും നേടിയെടുത്തവർതന്നെ അതു ശരിയാംവണ്ണം ഉപയോഗപ്പെടുത്തി തങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാൻ ശ്രമിക്കുന്നില്ല എന്നതും പിന്നോക്കാവസ്ഥക്ക് കാരണമായിട്ടുണ്ട്.

വിദ്യാഭ്യാസം:

വിദ്യാഭ്യാസ രംഗത്തെ കാര്യം അവലോകനം ചെയ്യുമ്പോൾ ഈ അദ്ധ്യയന വർഷം (1996 -97) 1200ഓളം വിദ്യാർത്ഥികൾ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി അദ്ധ്യയനം നടത്തുന്നുണ്ട്. യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് മുൻകാലങ്ങളെ അപേക്ഷിച്ച് കുറവാണ്. എസ്.

എസ്. എൽ. സി ക്കു ശേഷം തുടർന്നു പഠിക്കുന്നതിന് കുട്ടികൾ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല ഇതിനു പ്രധാനകാരണം ഒരു പരിധിവരെ കുട്ടികളുടെ കാര്യത്തിൽ മാതാപിതാക്കളുടെ ശ്രദ്ധക്കുറവാണ്. സാമ്പത്തികപരമായ പിന്നോക്കവസ്ഥയാണ് മറ്റൊരു കാരണം.

പാർപ്പിടം

സർക്കാരിന്റെ വിവിധ ഏജൻസികൾവഴി നടപ്പിലാക്കിവരുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ പാർപ്പിട പ്രശ്നത്തിന് നല്ലയൊരളവിൽ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഈ രംഗത്ത് 32 പട്ടികജാതി സങ്കേതങ്ങളിലായി 100ൽ കൂടുതൽ ഓലപ്പുരകൾ ഇപ്പോഴും ഈ പഞ്ചായത്തിൽ കാണപ്പെടുന്നു. ഭവന നിർമ്മാണ പദ്ധതിയിലൂടെ അനുവദിച്ച വീടുകളും അത് അല്ലാത്ത വീടുകളും ഇന്ന് കേടുപാടുകൾപറ്റി ജീർണാവസ്ഥയിലാണ്. ആയത് നന്നാക്കിയെടുക്കുന്നതിനുവേണ്ട സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

പരിസരശുചീകരണം

പട്ടികജാതി കുടുബങ്ങൾ തിങ്ങിപ്പാർക്കുന്ന സങ്കേതങ്ങളിൽ പരിസരശുചിത്വമില്ലായ്മ നിമിത്തം വിവിധ തരത്തിലുള്ള പകർച്ചവ്യാധികൾ പകർന്നു പിടിക്കാറുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് പൊതുസ്ഥലത്തുള്ള മലമൂത്ര വിസർജനം ഒഴിവാക്കുവാൻ പര്യാപ്തമായ തോതിൽ കക്കൂസ്, കുളിമുറികൾ എന്നിവ അനുവദിക്കേണ്ടതാണ്. കുടാതെ അഴുക്കുചാലുകൾ നിർമ്മിക്കുകയും നിലവിലുള്ള ചാലുകൾ വൃത്തിയാക്കകയും ചെയ്ത് വെള്ള് കെട്ടി നിൽക്കാത്ത രീതിയിൽ സങ്കേതങ്ങളെ സംരക്ഷിക്കേണ്ടതാണ്.

കുടിവെള്ളം

പഞ്ചായത്തിലെ ഭൂരിഭാഗം സങ്കേതങ്ങളിലും ശുദ്ധജലദൗർലഭ്യം വളരെ

സങ്കീർണമായ ഒരു പ്രശ്നമായി അവശേഷിക്കുന്നു. ആയതിന് പരിഹാരം കണ്ടെത്തുന്നതിന് സങ്കേതങ്ങളിലുള്ള കിണറുകൾ നേരെയാക്കുകയും പൈപ്പ് ലൈൻ എത്താത്ത സങ്കേതങ്ങളിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ ജോലി ചെയ്ത് ഉപജീവനം കഴിയുന്നവരാണ്. എങ്കിലും ഈ പഞ്ചായത്ത് പാലക്കാട് പട്ടണത്തിന്റെ തൊട്ടടുത്ത് സ്ഥിതി ചെയ്യുന്നത് കൊണ്ട് കൃഷിഭൂമി വൻതോതിൽ നികത്തി വീടുകളും കച്ചവട സ്ഥാപനങ്ങളും മറ്റു കെട്ടിടങ്ങളും ധാരാളം നിർമ്മിച്ചു വരികയാണ്. ഈ സാഹചര്യത്തിൽ മെച്ചപ്പെട്ട വേതനം ലഭിക്കുന്നതുകൊണ്ടാണ് തൊഴിലാളികൾ നിർമ്മാണ രംഗത്തേക്ക് ആകർഷിക്കപ്പെട്ട് കാർഷിക മേഖലയിലെ ജോലികളോട് താല്പര്യക്കുറവ് പ്രകടിപ്പിക്കുന്നത്. ഈ കാരണത്താൽ കാർഷിക മേഖലയിൽ തൊഴിലാളികൾക്ക് ദൗർലഭ്യം അനുഭവപ്പെട്ടു വരുന്നുണ്ട്. ഇതിനു പരിഹാരമെന്നോണം കർഷകതൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം നൽകിയും തരിശുഭൂമി കരാറടിസ്ഥാനത്തിൽ അവരെ കൊണ്ട് കൃഷി ചെയ്യിപ്പിച്ചും വിത്ത്, വളം, കീടനാശിനി എന്നിവ കൃഷി വകുപ്പു മുഖാന്തിരം അനുവദിച്ച് കൃഷി ചെയ്യിപ്പിച്ചും പച്ചക്കറി, കോഴിവളർത്തൽ, ആടുവളർത്തൽ എന്നിവ യൂണിറ്റ് അടിസ്ഥാനത്തിലോ സഹകരണാടിസ്ഥാനത്തിലോ അവർക്ക് നൽകി അവരുടെ തൊഴിൽ ഉറപ്പ് വരുത്തിയും കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

സാമൂഹ്യ പദവി

ഒരു കാലഘട്ടത്തിൽ പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് നാനാവിധമായ ചൂഷണങ്ങൾക്ക് വിധേയരാകേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ പുരോഗമന പ്രസ്ഥനങ്ങൾ നടത്തിയ പോരാട്ടങ്ങളുടെ ഫലമായും ഭൂപരിഷ്കരണ നിയമം മൂലമുണ്ടായ സാമൂഹ്യമാറ്റങ്ങളുടെ ഭാഗമായും പട്ടികജാതിക്കാരുടെ ജീവിത നിലവാരത്തിൽ ഗണ്യമായ മാറ്റം സംഭവിച്ചിട്ടുണ്ട്. പൂർവ്വകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ ജാതിപരമായ ഉച്ചനീചത്വങ്ങളിൽ നിന്ന് പട്ടികജാതിക്കാർക്ക് കുറെയൊക്കെ മോചനം ലഭിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ഇന്ന് ഈ വിഭാഗക്കാരുടെ

വീടുകളിൽ നടക്കുന്ന വിവിധ ചടങ്ങുകൾക്കും ആചാരപരിപാടികൾക്കും മറ്റു നാനാ ജാതിമതക്കാരുടെ സാന്നിദ്ധ്യവും സഹകരണവും ഉണ്ടാകാറുണ്ട്.

പ്രശ്നങ്ങളും. നിർദ്ദേശങ്ങളും

1. യു. പി. പൈസ്കൂൾ വിഭാഗത്തിൽ നിന്നും കൊഴിഞ്ഞുപോക്ക് കാണപ്പെടുന്നു. ആയത് ഒരു പരിധിവരെ തടയുന്നതിന് സാമ്പത്തിപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വസ്ത്രം, പാഠപുസ്തകം എന്നിവ സൗജന്യമായി അനുവദിക്കുക. സ്കൂളുകളുടെ ഇന്നത്തെ ശോചനീയവസ്ഥക്ക് പരിഹാരം കണ്ടെത്തുക. രക്ഷിതാക്കളെ ബോധവൽക്കരണം നടത്തുക.

2. ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് കിണറോ, പൈപ്പ്ലൈനോ അനുവദിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കേണ്ടതാണ്.

3. വാഹന സൗകര്യം തീരെ ഇല്ലാത്ത സങ്കേതങ്ങളിൽ പുതിയ റോഡ് നിർമ്മിക്കുകയും, മണ്ണ് റോഡ് മെറ്റൽ ചെയ്യുകയും മെറ്റൽ റോഡ് ടാർ ചെയ്യേണ്ടതുമാണ്.

4. തെരുവ് വിളക്ക്, ഇലക്ട്രിക് പോസ്റ്റ് എന്നിവ ആവശ്യമുള്ള സങ്കേതങ്ങളിൽ അനുവദിക്കുക.

5. ഭവന നിർമ്മാണം, കക്കൂസ് നിർമ്മാണം എന്നിവയ്ക്ക് ഇന്ന് നൽകി വരുന്ന ധനസഹായം വർദ്ധിപ്പിക്കുക.

6. പട്ടികജാതിക്കാരുടെ കേടുവന്ന വീടുകൾ നേരാക്കുന്നതിന് ധനസഹായം അനുവദിക്കുക.

7. സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത പട്ടികജാതി കുടുബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനും വീട് വെക്കുന്നതിനും ധനസഹായം അനുവദിക്കുക.

8. ആരോഗ്യ പരിപാലനത്തിന് വേണ്ടത്ര വൈദ്യസഹായം അനുവദിക്കുകയും പോഷക ആഹാരം നൽകുന്നതിനുവേണ്ട പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുക.

9. മാസത്തിൽ രണ്ടു പ്രാവശ്യമെങ്കിലും സങ്കേതങ്ങൾ സന്ദർശിച്ച് ആരോഗ്യ ശുചിത്വപരിപാലന കാര്യങ്ങൾ നേരിട്ട് മനസിലാക്കുന്നതിന് സംവിധാനം ഉണ്ടാക്കുക

10. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതിയുവാക്കളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ട പരിശീലനം നൽകുക.

11. പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായ തുക വർദ്ധിപ്പിക്കുക.

12. സർക്കാരിന്റെ വിവിധ പെൻഷൻ പദ്ധതികൾ കാലതാമസം കൂടാതെ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിന് ഇന്നത്തെ നിയമങ്ങളിൽ അയവുകൾ വരുത്തുകയും ഇതിന്റെ ഭാഗമായി പഞ്ചായത്തുകൾക്കും ജനപ്രതിനിധികൾക്കും കൂടുതൽ അധികാരം നൽകുകയും ചെയ്യുക.

13. പഞ്ചായത്ത് തലത്തിൽ പട്ടികജാതി സഹകരണസംഘം രൂപീകരിക്കുക.

14. മാറാ രോഗങ്ങൾ ബാധിച്ചു കിടക്കുന്ന പട്ടികജാതിക്കാർക്ക് സൗജന്യ വൈദ്യസഹായവും മാസംതോറും ധനസഹായവും അനുവദിക്കുക.

15. പൊതു ശ്മശാനം ഇല്ലാത്ത വാർഡുകളിൽ ശ്മശാനത്തിന് സ്ഥലം അനുവദിക്കുകയും ശവശരീരം കൊണ്ടുപോകുന്നതിന് ശവമഞ്ചം അനുവദിക്കുകയും ചെയ്യുക.

16 ചാത്തൻതറ IHDP സങ്കേതത്തിലേക്ക് റോഡിന്റെ ഇരു വശവും

അഴുക്കുചാൽ കെട്ടി മഴവെള്ളം പോകുന്നതിന് വേണ്ട സംവിധാനം ഉണ്ടാക്കുക. പരിസരത്തുള്ള ചെക്കുഡാം അറ്റകുറ്റ പണിചെയ്ത് വേനൽക്കാലത്ത് വെള്ളം കെട്ടി നിൽക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

17. ആനപ്പുറംകാട്, ചെല്ലിക്കാട് എന്നീ പ്രദേശങ്ങളിലെ ലക്ഷം വീടുകൾക്ക് വേണ്ട പ്രാഥമിക സൗകര്യങ്ങൾ യുദ്ധകാലടിസ്ഥാനത്തിൽ ഏർപ്പെടുത്തുക.

18. ചാത്തൻതറ IHDP സങ്കേതം, കൊടക്കാട്, ചെല്ലിക്കാട് IHDP സങ്കേതം, പെന്തിരിക്കാട്, ചെമ്മംകാട്, അരയാർകുളം, തരുവകുറുശ്ശി, മുതുകാട്, കേലക്കോട് എന്നിവിടങ്ങളിലേക്കുള്ള റോഡുകൾ ടാർ ചെയ്യുക.

19. ചാത്തൻതറ IHDP സങ്കേതം മുതൽ കുന്നക്കാട് റോഡ്വരെ പുതിയ റോഡ് നിർമ്മിക്കുക.

" പട്ടികജാതി പട്ടികവർഗക്കാർക്കുവേണ്ടി ചെയ്യേണ്ട ഒരേ ഒരു സേവനം അവർക്ക് വിദ്യാഭ്യാസം നൽകുകയാണ്. അവരുടെ നഷ്ടപ്പെട്ട വ്യക്തിത്വം വികസിപ്പിക്കുക, നമ്മുടെ ജനസഞ്ചയവും മരണകർത്താക്കളുംക്കൂടി ചെയ്യേണ്ട ജോലി ഇതാണ്. കാരണം, വിദ്യാഭ്യാസം ലഭിച്ചാൽ മറ്റെല്ലാം അവർ ചോദിച്ച് വാങ്ങിക്കൊള്ളും "

- സ്വാമി വിവേകാനന്ദൻ

പട്ടിക ഒന്ന്. പ്രാഥമിക വിവരങ്ങൾ

വാർഡ്	സങ്കേതങ്ങളുടെ പേര്	അംഗങ്ങളുടെ എണ്ണം	വീടുകളുടെ എണ്ണം	ഓട് മേഞ്ഞ വീടുകൾ	ഓല മേഞ്ഞ വീടുകൾ	ടെറസ്സ് വീടുകൾ	കക്കൂസ് ഉള്ള വീടുകൾ	കക്കൂസ് ഇല്ലാത്ത വീടുകൾ	വൈദ്യുതീകരിച്ച വീടുകൾ	വൈദ്യുതീകരിക്കേണ്ട വീടുകൾ
1/I	കൊടക്കാട് IHDP സങ്കേതം	125	18	15	3		12	6	15	11
2/I	ചെമ്മാൻകാട്	78	18	17	1		2	16	8	10
3/I	ചെന്തിരികാട്	47	10	9	1		6	4	4	6
4/I	വാടപറമ്പ്	42	10	9	1		2	8	8	2
5/II	ചല്ലികാട്	211	44	38	6		10	34	40	4
6/II	പൂവക്കോട്	150	39	32	7		31	8	4	35
7/II	പന്നിക്കോട്	44	14	14	-		3	11	5	9
8/II	മന്ദാട്ടുകളം	106	23	21	1	1	19	4	21	2
9/III	കുളവരമ്പ്	91	17	16	1		3	14	14	3
10/II	കുത്തുപറമ്പ്	106	18	17	1		12	6	15	3
11/III	ഞായറാഴ്ചകാവ്	152	35	22	13		8	27	20	15
12/III	കീരിയാട്	201	38	36	2		12	26	34	4
13/IV	ചാത്തൻകുളങ്ങര പറമ്പ്	131	20	19	1		11	9	16	4
14/IV	ഈന്തക്കാട്	91	20	20	-		5	15	10	10
15/IV	ചാളക്കൽകാവുവട്ടം	53	11	11	-		7	4	5	6
16/IV	വെള്ളാനിപറമ്പ്	59	10	8	2		3	7	6	4
17/IV	അരയാർകുളം തരുവകുറുശ്ശി	95	20	15	5		13	7	8	12
18/V	കളിമാടപറമ്പ്	80	15	14	1		2	13	14	1
19/V	കൊല്ലങ്കോട്ടുപറമ്പ്	126	28	27	1		7	21	17	11
20/V	കളത്തൊടി പാങ്ങാട്	49	13	13	-		8	5	12	1
21/VI	ചെങ്ങലംകാട്	253	47	43	4		16	31	36	11
22/VI	പെരണ്ടകോട്	94	19	16	3		8	11	19	-
23/VI	കിഴക്കംപാടം നെടുവക്കാട്	49	10	10	-		6	4	10	-
24/VII	ചാത്തൻതറ IHDP സങ്കേതം	332	74	64	10		62	12	62	12
25/VII	കുന്നക്കാട്	54	11	10	1		11	-	11	-
26/VII	തുമ്പിളംകാട്	57	14	12	1	1	10	4	13	1
27/VIII	മുഞ്ഞക്കോട്	54	14	14	-		3	11	12	2
28/VIII	വേലൂർക്കളം	56	16	13	2	1	3	13	1	15
29/VIII	കേലക്കോട്	95	20	17	3		2	18	7	13
30/X	മുതുകാട്	283	62	52	10		19	43	45	17
31/IX	പരപ്പന	116	21	15	6		6	15	5	16
32/IX	ആനപ്പുറംകാട്	175	35	29	6		7	28	29	6
33/X	ആലക്കൽപറമ്പ്	65	17	13	4		2	15	6	11
	ആകെ	3700	751	651	97	3	331	450	532	249

15 വിഭവ സമാഹരണം

കണ്ണാടി പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാനം കൃഷിയിലൂടെയാണ്. കൃഷിയെന്ന് പറഞ്ഞാൽ നെൽകൃഷി. പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട ജലസേചന സ്രോതസ്സായ മലമ്പുഴയുടെ സൗകര്യം പഞ്ചായത്തിന്റെ എല്ലാഭാഗത്തും ലഭ്യമാണ്. ആയതുകൊണ്ട് തന്നെ ഭൂരിഭാഗം പ്രദേശത്തും നെൽകൃഷി വ്യാപിച്ചുകിടക്കുന്നത്. കാർഷിക മേഖലയിലെ തളർച്ച പഞ്ചായത്തിലെ ഭൂരിഭാഗം വരുന്ന ജനജീവിതത്തെത്തന്നെ സാരമായി ബാധിക്കും. അതുകൊണ്ട് കാർഷികമേഖലയിലെ തളർച്ച മാറ്റുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായും സ്വീകരിക്കേണ്ടതുണ്ട്.

വ്യാവസായികമായി വളരെയൊന്നും അഭിവൃദ്ധിയില്ലാത്തതാണ് കണ്ണാടി പഞ്ചായത്ത്. പക്ഷെ സമീപകാലത്ത് പഞ്ചായത്തിൽ ആരംഭിച്ചിരുന്ന രണ്ട്, മൂന്ന് വ്യവസായ സ്ഥാപനങ്ങൾ വ്യവസായികമായി പുരോഗമിക്കാനുള്ള സാദ്ധ്യത ചൂണ്ടിക്കാണിക്കുന്നു. എന്നാൽ വ്യാവസായ സംരഭകത്തിനാവശ്യമായ വൈദ്യുതി വളരെ അധികം അപര്യാപ്തമായ നിലയിലാണ്. കേരളത്തിലാകമാനം തന്നെ ഊർജത്തിന്റെ പ്രതിസന്ധി പരിഹരിച്ചാൽ മാത്രമെ വ്യവസായിക വികസനം കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. കണ്ണാടി പഞ്ചായത്തിന് സമീപമുള്ള പുതുശ്ശേരി പഞ്ചായത്ത് വ്യവസായ മേഖലയാണ്. ചെറുതും വലുതും ആയ ധാരാളം വ്യവസായ സ്ഥാപനങ്ങൾ അവിടെ സ്ഥിതി ചെയ്യുന്നുണ്ട്. ആത്മാർത്ഥമായി പരിശ്രമിക്കുകയാണെങ്കിൽ വൻകിടവ്യവസായ സ്ഥാപനങ്ങളുടെ അനുബന്ധമായി ധാരാളം ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുള്ള സാധ്യത ഉണ്ട്.

അങ്ങനെ സംഭവിക്കുകയണെങ്കൽ ഉല്പന്ന വിപണിക്ക് പ്രശ്നമുണ്ടാക്കാതെ വ്യവസായ സ്ഥാപനങ്ങളെ നിർബാധം നടത്തികൊണ്ടുപോകാൻ സാധിക്കുന്നതുമാണ്.

പഞ്ചായത്തിന്റെ മാത്രം വരുമാനം കൊണ്ട് ചെലവ് നടത്തികൊണ്ടു പോകാൻ സാധിക്കാത്ത അവസ്ഥയാണ് ഇപ്പോൾ ഉള്ളത്. സർക്കാർ ഗ്രാന്റ് ലഭിച്ചെങ്കിൽ മാത്രമേ പഞ്ചായത്തിന്റെ ഭരണ നിർവ്വഹണം സുഖമമായി നടത്തികൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാന്റ്, വാഹനനികുതി, ഗ്രാമീണറോഡിനുള്ള നികുതി മുതലായവ കൃത്യസമയത്തുതന്നെ ലഭ്യമാക്കേണ്ടതാണ്.

വരുമാനത്തിലെ വ്യതിയാനം

ഇനം	1990 91	1995 96	വിത്യാസം	%
കെട്ടിട നികുതി	1,39,976	2,62,913	+1,22,937	78.78
തൊഴിൽ നികൂതി	60,327	95,505	+35,178	58.31
ലൈസൻസ് ഫീ	12,994	19,586	+6592	50.73
ലൈബ്രറി		12,968		
വസ്തു കൈമാറ്റ നികുതി	1,31,957	88,968	_42989	32.57
മറ്റു തനതു വരുമാനം	88,135	2,19,314	+1,31,179	148.84
ഉപാധിരഹിത നികുതി	2,25,000	3,62,000	+1,37,000	60.89
എസ്. സി. പി.	1,19,834	1,93, 718	+49,819	41.57
ജെ. ആർ. വൈ	6,79,057	5,84,359	_94,698	13.95
മറ്റു ഗ്രാന്റുകൾ സംഭാവനകൾ	2,28,822	1,93,718	_35,104	15.34
ആകെ വരവ്	16,86,102	20,08,984	+3,22,882	19.15

ചെലവിലെ വ്യത്യാസം

ഇനം	199091	199596	വിത്യാസം	%
ഭരണ ചെലവ്	2,26, 271	4,18,019	+1,91,748	84.74
പൊതു മരാമത്ത്	3,91,126	1,60,364	_2,30,762	60.00
വിദ്യാഭ്യാസം	13,488	55,718	+42,230	313.09
ആരോഗ്യം	1,30,320	36,650	_93,670	71.88
എസ്. സി. പി/ ജെ. ആർ. പി	7,7,23,928	6,43,882	_80,046	11.05
തെരുവ് വിളക്ക് വൈദ്യുതി	48,266	76,044	+27,778	57.55
മറ്റു ചിലവുകൾ	1,82,998	2,61,188	+78,190	42.72
ആകെ	17,16,397	16,51,865.	_64,532	3.76

വസ്തു കൈമാറ്റ നികുതി, J R Y, മറ്റു ഗ്രാന്റുകൾ എന്നിവയും പഞ്ചായത്തിന്റെ വരുമാനത്തിൽ 1990, 91 വർഷത്തെ അപേക്ഷിച്ച് കുറവ് അനുഭവപ്പെട്ടിരിക്കുന്നു. എന്നാൽ കെട്ടിട നികുതി തൊഴിൽ നികുതി മറ്റു തനത് വരുമാനം എന്നീ മേഖലകളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വരും കാലങ്ങളിലും ഈ വർദ്ധനവ് നിലനർത്തികൊണ്ടുപോകാൻ സാദ്ധ്യതയുണ്ട്.

നികുതിയേതര വരുമാനത്തിന്റെ തോത് വിലയിരുത്തുമ്പോൾ ഒരു ചെറിയ തോതിലുള്ള വർദ്ധന നടത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളായ കിണാശ്ശേരി, കടകുറിശ്ശി എന്നിവടങ്ങളിൽ ഷോപ്പിങ്ങ് കോപ്ലക്സുകൾ പണിത് വാടകക്കുകൊടുത്താൽ പഞ്ചായത്തിന് നല്ലവരുമാനം ഉണ്ടാക്കാൻ സാധിക്കും. പഞ്ചായത്തിൽ അവശേഷിച്ചിട്ടുള്ള മറ്റു സ്ഥലങ്ങളിൽ വ്യവസാങ്ങൾക്കു ഷെഡ് പണിത് വെള്ളം ഊർജ്ജം മുലായവ സൗകര്യപ്പെടുത്തി കൊടുത്താൽ വ്യവസായം വളർത്താനും തൊഴിൽ മേഖല പുഷ്ടിപ്പെടുത്താനും തദ്വാര പഞ്ചായത്തിന് വരുമാനം ഉണ്ടാക്കുവാനും

സാധിക്കുന്നതാണ്. വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഇടാക്കി വരുന്ന ലൈസൻസ് ഫീസ് യുക്തി സഹരാക്കി നേരിയ വർദ്ധന നടത്താവുന്നതുമാണ്. വ്യാപാര വ്യവസായത്തിന്റെ നിലവാരം അസ്സസ്സു ചെയ്ത് ഫീ ഈടാക്കുകയാണെങ്കിൽ നികുതീദായകന് അമിത ഭാരം വരാതെ നികുതി ഈടാക്കുവാൻ സാധിക്കും.

കെട്ടിട നികുതി

കെട്ടിട നികുതിയുടെ കാര്യത്തിൽ യുക്തിസഹമായ തീരുമാനം കൈക്കൊള്ളേണ്ടിയിരിക്കുന്നു. കെട്ടിടം നിർമ്മിക്കാൻ ആരംഭിക്കുന്ന ജനവിഭാഗങ്ങളിൽ നിന്നും ഭൂമിയുടെ തരം (നിലംകരം) മനസ്സിലാക്കി ആവർത്തനസ്വഭാവം ഇല്ലാതെ നികുതി ചുമത്താവുന്നതുമാണ്. നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും ആവശ്യപ്പെട്ട് നീതികരിക്കത്തക്ക രീതിയിൽ ചാർജ് ഈടാക്കിയാൽ പഞ്ചായത്തിന് തരക്കേട് ഇല്ലാത്തരീതിയിൽ തനതായ വരുമാനം ഉണ്ടാക്കാൻ സാധിക്കും.

നിലവിലുള്ള കെട്ടിടങ്ങളുടെ നികുതിയൽ ചെറിയൊരു അംശം വർദ്ധനവ് നടത്തി വരുമാനം ഉണ്ടാക്കാവുന്നതുമാണ്. ആർഭാടമായി വീടുനിർമ്മിക്കുന്നവരിൽ നിന്നും ഒരു നിശ്ചിത ശതമാനം നികുതി ഈടാക്കുന്നത് നന്നായിരിക്കും.

സേവന നികുതി

നെടുവക്കാട്, പാത്തിക്കൽ, കടകുറിശ്ശി എന്നീ പ്രദേശങ്ങളിൽ വേയ്സ്റ്റ് നിക്ഷേപിക്കാനുള്ള ട്രഞ്ചുകൾ സ്ഥാപിച്ച് ഉപയോഗിക്കുന്നവരിൽ നിന്നും ന്യായമായ പ്രതിഫലം ഈടാക്കാവുന്നതാണ്. ഈ പ്രദേശത്തെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങളെയും ഇതിന്റെ ഗുണഭോക്തൃത്തിൽ കൊണ്ടുവരാൻ സാധിക്കുകയാണെങ്കിൽ ഒരു പരിധി വരെ പ്രദേശങ്ങൾ വൃത്തിയായി സൂക്ഷിക്കുവാനും പരിസരമലിനീകരണം തടയാനും സാധിക്കും. ഈ ട്രഞ്ചുകളിൽ നിക്ഷേപിക്കുന്ന വേയ്സ്റ്റ് കൃത്യസമയങ്ങളിൽ നീക്കം ചെയ്ത് കമ്പോസ്റ്റ് ആക്കിമാറ്റുകയാണെങ്കിൽ കൃഷിക്ക് ഉപയുക്തമായ ജൈവ വളമായി മാറ്റാനും പഞ്ചായത്തിന് വരുമാനം ഉണ്ടാക്കുവാനും സാധിക്കുന്നതാണ്.

തൊഴിൽ നികുതി

പഞ്ചായത്തിലെ തൊഴിൽ നികുതി കഴിഞ്ഞ 5 വർഷ കാലയളവിൽ 58% ശതമാനം വർദ്ധന രേഖപ്പെടുത്തിയുട്ടുണ്ട്. നിലവിലുള്ള നിരക്കുകൾ വർദ്ധിപ്പിക്കുന്നത് യുക്തിസഹമല്ല. പക്ഷേ വരുമാനമുള്ള എല്ലാവരിൽ നിന്നും തൊഴിൽ കരം പിരിക്കാൻ സാധിച്ചാൽ പഞ്ചായത്തിന് അധിക വരുമാനം ഉണ്ടാക്കുവാൻ സാധിക്കുന്നതുമാണ്. നാമമാത്രമായ തോതിലാണെങ്കിലും കച്ചവടക്കാരിൽ നിന്നും നിർമ്മാണ തൊഴിലാളികളിൽ നിന്നും മറ്റു ഇതര മേഖലകളിലെ തൊഴിലാളികളിൽ നിന്നും തുക വസൂലാക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുവാൻ സാധിക്കുന്നതുമാണ്.

ഉപാധിരഹിത ഫണ്ടിന്റെ ലഭ്യതയിൽ കഴിഞ്ഞ 5 വർഷ കാലയളവിൽ 60.89 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ JRY ഫണ്ടുകളും മറ്റും പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ടിന്റെ ലഭ്യതയിലും കുറവാണ് സംഭവിച്ചിരിക്കുന്നത്. ഈത്തരം ഫണ്ടുകളുടെ ലഭ്യത വർദ്ധിപ്പിച്ച് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ടതാണ്.

പഞ്ചായത്തിന്റെ ഭരണ ചെലവ് വർദ്ധിച്ചിട്ടില്ല. പക്ഷേ കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ഏസ്റ്റാബ്ലിഷ്മെന്റ് ചെലവിൽ 84.74% ന്റെ വർദ്ധനവ് ഉണ്ടായിരിക്കുന്നു. ഇത് കുറച്ചുകൊണ്ടുവരുവാൻ സാധിക്കുമെന്ന് തോന്നുന്നില്ല. എന്നാൽ എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ നിയന്ത്രിച്ച് വികസനരംഗം പരിപോഷിപ്പിക്കേണ്ടതാണ്.

പെതു മരാമത്തു ചിലവുകൾ പഞ്ചായത്തിൽ താരതമ്യേന കുറവായിട്ടാണ് കാണുന്നത്. 1990 - 91 ലെ ചിലവിനെ അപേക്ഷിച്ച് 60% കുറവാണ് 1995-96 ൽ ഈ ഇനത്തിൽ ചിലവാക്കിയിരിക്കുന്നത്. അതു കൊണ്ടു തന്നെ പഞ്ചായത്തിന്റെ മൊത്തം ചിലവിൽ പൊതുമരാമത്തിന്റെ വിഹിതം കൂടുന്നില്ല. പൊതുമരാമത്തു പണികളെല്ലാം കോൺട്രാക്റ്റർമാരാണ് നിർവ്വഹിക്കുന്നത്.

മറ്റു വികസന ചിലവുകൾക്കായി വിവിധ വകുപ്പുകളിൽ നിന്നും സംഖ്യകൾ കിട്ടി തുടങ്ങിയിട്ടുണ്ട്. ഈ ദിശയിലുള്ള പ്രക്രിയ ആരംഭ ദിശയിലായതുകൊണ്ട്

അതിന്റെ വിവിധ നേട്ടങ്ങളും മറ്റും വിലയിരുത്താറായിട്ടില്ല. പ്രത്യക്ഷോല്പാദന മേഖലയിൽ പഞ്ചായത്ത് ഇപ്പോൾ ചിലവൊന്നും നിർവ്വഹിക്കുന്നില്ല.

കണ്ണാടി പഞ്ചായത്തിന് നിലവിൽ വായ്പ ഒന്നു ഇല്ലാത്തതിനാൽ വായ്പ ചിലവ് തീരെ ഇല്ല. പക്ഷേ വിവിധ മേഖലകളിൽ നിന്ന് വായ്പ സ്വീകരിച്ച് ഷോപ്പിംങ്ങ് കോംപ്ലക്സുകൾ പണുിയിക്കുകയാണെങ്കിൽ വരുമാനം ഉണ്ടാക്കാൻ സാധിക്കന്നതാണ്.

പഞ്ചായത്തുകൾക്കുള്ള ധനകാര്യ അവകാശങ്ങളിലും പട്ടങ്ങളിലും ഭരണ സമിതിക്ക് വ്യക്തമായ അഭിപ്രായമുണ്ട്. നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന വാഹന നികുതി യുക്തി സഹായകരമാകുകയും, ആയത് കൃത്യ സമയത്ത് തന്നെ ലഭ്യമക്കേണ്ടതുമാണ്.

വാണിജ്യ ബാങ്കുകൾ

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കണ്ണാടി നെടുങ്ങാടി ബാങ്ക്, കിണാശ്ശേരി, സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്, കണ്ണാടി സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്ക് പെരുവമ്പ്, എന്നി 4 ബാങ്കിങ്ങ് സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഈ 4 സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ ശോഭനമായ ചിത്രമാണ് ലഭിക്കുന്നത്.

വാണിജ്യ ബാങ്കുകളുടെയും സർവ്വീസ് കോ. ഓപ്പറേറ്റിവ് ബാങ്കുകളുടെയും പ്രവർത്തന രുപം താഴെ പട്ടികയിൽ കൊടുക്കുന്നു.

വാണിജ്യ ബാങ്കുകളുടെ വായ്പ നിക്ഷേപ അനുപാതം

രൂപ ലക്ഷത്തിൽ

	90-91	91-92	92-93	93-94	94-95	95-96
നിക്ഷേപം	85.41	118.87	137.51	144.88	193.58	253.71
വായ്പ		65.43	82.46	96.58	139.86	225.99
വായ്പ/ നിക്ഷേപം %അനുപാതം		55.04	59.96	66.66	72.24	89.07

സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കുകളുടെ വായ്പാ നിക്ഷേപം

(രൂ ലക്ഷത്തിൽ)

	90-91	91-92	92-93	93-94	94-95	95-96
നിക്ഷേപം	177.18	180.65	227.25	241.28	401.37	613.23
വായ്പ	184.66	233.12	259.01	229.96	387.79	455.36
അനുപാതം	104.22	129.04	113.97	124.32	96.61	74.25

വണിജ്യ ബാങ്കുകളും, സർവ്വീസ് കോ.ഓപ്പറേറ്റിവ് ബാങ്കുകളും പഞ്ചയത്തിൽ സാമാന്യം നല്ല രീതിയിലാണ് പ്രവർത്തിക്കുന്നത്. വാണിജ്യ ബ്ാങ്കുകളുടെ സംസ്ഥാനത്തെ ക്രെഡിറ്റ് ഡെപ്പോസിറ്റുമായി റേഷ്യോ ആയ 40% വു മായി താരതമ്യം ചെയ്യുമ്പോൾ പഞ്ചായത്തിലെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ 89% അധികമാണ്. പാലക്കാട് മുനിസിപ്പാലിറ്റി, പഞ്ചായത്തിനു സമീപം സ്ഥിതി ചെയ്യുന്നത് കൊണ്ട് പഞ്ചായത്തിലെ നല്ല ഒരു ശതമാനം ഡെപ്പോസിറ്റും മുനിസിപ്പൽ മേഖലകളിലെ വാണിജ്യ ബാങ്കുകളിലാകാൻ സാദ്ധ്യത ഉണ്ട്..

വാണിജ്യ ബാങ്കുകളുടെ നിലവിൽ ഉള്ള വായ്പ തുകയുടെ 77.5% വും ഉല്പാദന മേഖലയിലാണ് വിതരണം നടത്തിയരിക്കുന്നത്.

വാണിജ്യ ബാങ്കുകളുടെ നിക്ഷേപം 1991-92ൽ 118.87 ലക്ഷം രൂപ ഉണ്ടായരുന്നത് 1995-96 ൽ 253.71 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട്. 231% വളർച്ച നിരക്ക് കൈവരിച്ചിരിക്കുകയാണ്. അതുപോലെത്തന്നെ 1991-92 65.43 ലക്ഷം രൂപ വായ്പ നൽകിയ സ്ഥാനത്ത് 1995-96 225.99 ലക്ഷം രൂപ നൽകി 343 രൂപ വർദ്ധനവ് നടത്തിയിരിക്കുന്നു.

പഞ്ചാത്തിലെ സഹകരണ ബാങ്കുകളുടെ പ്രവർത്തനവും ആശാവഹമാണ് 1990-91 ൽ 177.18 ലക്ഷം രൂപ നിക്ഷേപം ഉണ്ടായ സ്ഥാനത്ത് 1995-96 ആയപ്പോൾ 346% നേട്ടം കൈവരിച്ച് 613. 23 ലക്ഷം രൂപയിൽ എത്തിനിൽക്കുന്നു. വായ്പ വിതരണ രംഗത്താണെങ്കിൽ 1990-91 ൽ 184.66 ലക്ഷം രൂപ വിതരണം ചെയ്ത സ്ഥാനത്ത് 1995-96 455.36 ലക്ഷം രൂപ വിതരണം നടത്തിയിരിക്കുന്നു. കഴിഞ്ഞ 2 വർഷങ്ങളിലായി ഭൂമിയുടെക്രയവിക്രയങ്ങളിൽ ഉണ്ടായിട്ടുള്ള വർദ്ധന നിക്ഷേപ

രംഗത്ത് പ്രതിഫലിപ്പിക്കുന്നുണ്ട്.

ഇത്തരം സൗകര്യങ്ങളൊക്കെയുള്ളപ്പോഴും സ്വകാര്യ പണമിടപാടുകാരുടെ പങ്കും പഞ്ചായത്തിൽ നാമമാത്രമായെങ്കിലും സ്വാധീനം ചെലുത്തുന്നുണ്ട്. സാധരണക്കാരേയും പവപ്പെട്ട ജനവിഭഗങ്ങളെയും ആണ് ഇവർ അധികവും ചൂഷണം ചെയുന്നത്.

ഗൾഫിന്റെ സ്വാധീനം വളരെ അധികം ഒന്നും കണ്ണാടി പഞ്ചായത്തിന് ഇല്ല. വളരെ പരിമിതമായ തോതിൽ മാത്രമേ ഈ പ്രദേശങ്ങളിൽ നിന്നും ഗൾഫ് രാജ്യങ്ങളിൽ കുടയേറി പാർത്തിട്ടുള്ളു. ഈ മേഖലയിൽ ഒരു വർദ്ധനവ് പ്രതീക്ഷിക്കാനില്ല. പഞ്ചായത്തിലെ വാണിജ്യ ബാങ്കുകളിലെ ഗൾഫുകാരുടെ NRI നിക്ഷേപം ഏകദേശം 38 ലക്ഷം രൂപയോളം വരും. ഈ നിക്ഷേപങ്ങൾ തന്നെ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ഉപഭോഗ വസ്തുക്കൾ വാങ്ങുന്നതിനും ആണ് ഉപയോഗിക്കുന്നത്. കാർഷിക മേഖലയിലൊ വ്യവസായ മേഖലയിലോ ഗൾഫിന്റെ സ്വാധീനം പ്രകടമല്ല. ഇതിനുള്ള സാദ്ധ്യതയും വളരെ പരിമിതമാണ് സാമൂഹ്യസംസ്കാരിക മേഖലകളിലും ഗൾഫുകാരുടെ സ്വാധീനം തീരെ ഇല്ലെന്നു തന്നെ പറയാം.

സന്നദ്ധ പ്രവർത്തനം മൂലം പഞ്ചയത്തിന്റെ വികസനത്തിന് വളരെ അതികം സാദ്ധ്യതകൾ ഉണ്ട്. വ്യക്തമായ കാഴ്ചപ്പാടോടുകൂടി വികസന പ്രവർത്തന സംരംഭങ്ങൾക്ക് നേതൃത്വം നൽക്കുകയാണെങ്കിൽ വളരെ അധികം വിജയം നമ്മുക്ക് ഈ രംഗത്ത് കൈവരിക്കുവാൻ സാധിക്കും. 1996 നവംബർ 1ം തിയ്യതി നടത്തിയ വികസനപ്രവർത്തങ്ങൾ തന്നെ ഉദാഹരണമായി എടുക്കാം. ഭാരിച്ച സംഖ്യ ആവശ്യമായിവരുന്ന വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിലൂടെ മനുഷ്യ പ്രയത്നത്താലും സംഭാവനയാലും കൈവരിക്കുവാൻ സാധിക്കുന്നതാണ്. സ്കൂൾ PTA യേകൾക്കും വികസന പ്രവർത്തനങ്ങളിൽ അതിന്റെതായ പങ്ക് നിർവ്വഹിക്കുവാൻ സാധിക്കും.

നികുതി പിരിവ് കാര്യക്ഷമമാക്കിയും നികതി വെട്ടിപ്പ് തടഞ്ഞും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. കൃത്യസമയത്ത് നികുതി അടക്കാത്തവരിൽ നിന്നും നിലവിലുള്ള നിയമം പ്രായോഗികമാക്കി പലിശ ചുമത്തി

അതികവരുമാനം ഉണ്ടാക്കാവുന്നതാണ് വെള്ളം വൈദ്യുതി പരിസര ശുചീകരണം എന്നീ മേഖലകളിൽ സേവനങ്ങൾ നൽകി അവയ്ക്ക് ചാർജ് ഈടാക്കാവുന്നതുമാണ്.

നിലവിലുള്ള നികുതിയുടെ മിനിമം നിരക്ക് ഉയർത്തിയും വളരെ ചെറിയ ശതമാനം വർദ്ധനവരുത്തിയും വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. വെള്ളത്തിന്റെ ഗാർഹികവും വ്യവസായികവുമായ ഉപയോഗത്തിന് വേണ്ടി റോഡ് മുറിക്കേണ്ടിവരുമ്പോൾ നിശ്ചിത ഫീ ഈടാക്കാവുന്നതാണ്.

നിലവിലുള്ള സംവിധാനത്തിൽ ഭരണ ചിലവ് കുറക്കുന്നത് അപ്രായോഗികമാണ്. പക്ഷേ കർശനമായ സാമ്പത്തിക അച്ചടക്കത്തിലൂടെ ചിലവ് നിയന്ത്രിക്കുവാൻ സാധിക്കും.

പഞ്ചായത്ത് നിയമം നല്കുന്ന പുതിയ നികുതിയധികാരങ്ങൾ ഉപയോഗിച്ചും വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. സാധാരണക്കാരായ ജനങ്ങളുടെ ജീവിതത്തെ ദുസ്സഹമാകുന്ന നികുതിഭാരം നടപ്പാക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കലാ- സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ച് വിദ്യാഭ്യാസ ആരോഗ്യ പ്രവർത്തനങ്ങൾക്കുള്ള നിധി സ്വരൂപിക്കാൻ സാധിക്കുന്നതാണ്. സ്കൂൾ പി. ടി. എ. കൾ ശക്തിപ്പെടുത്തുകയും ഊർജ്ജസ്വലമായി പ്രവർത്തിക്കുകയും ചെയ്താൽ വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിന് സംഖ്യ ചിലവാക്കേണ്ടതായി വരികയില്ല.

പഞ്ചായത്തിന്റെ ചിലവുകൾ സുതാര്യമാക്കാൻ നടപടി കൈക്കൊള്ളേണ്ടതാണ്. വികസന പ്രവർത്തനങ്ങൾക്കായാലും, സേവന മേഖലയിലായലും ഓരോ പദ്ധതിയുടേയും ധനവിനിയോഗങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും ഗ്രാമ സഭകളിൽ അവതരിപ്പിക്കുകയും ചെയ്യേണ്ടതാണ്. എങ്കിൽ മാത്രമേ ജനങ്ങളുടെ വിശ്വാസമാർജിക്കാനും അവരെ പങ്കെടുപ്പിച്ച് കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുവാനും സാധിക്കുകയുള്ളു.

സന്നദ്ധ സംഘടനങ്ങൾക്കുള്ള സഹായധന പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള നടപടികളാവിഷ്കരിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്ത വികസന സമിതികൾക്കും, മറ്റും കേന്ദ്ര ഗവൺമെന്റ് ഏജൻസികളിൽ നിന്നും

പലവിധ വികസന പ്രവർത്തനങ്ങൾക്കായി പ്രോജക്ട് അടിസ്ഥാനത്തിൽ സഹായധനം ലഭിക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അതു കൊണ്ട് പ്രവർത്തനോമുഖമായ വികസന സമിതികൾ രൂപീകരിക്കേണ്ടതാണ്. വ്യക്തമായ രൂപരേഖയോടെ പദ്ധതികൾ തയ്യാറാക്കിയാൽ അതു നടപ്പിലാക്കാൻ പ്രയാസം നേരിടുകയില്ല.

പാലക്കാട് പട്ടണത്തിന്റെ പ്രാന്ത പ്രദേശമായതിനാൽ ധാരാളം പരസ്യബോർഡുകൾ പഞ്ചായത്തിലൂടെ പോകുന്ന റോഡുകൾക്കിരുവശത്തും ഏജൻസികൾ സ്ഥാപിച്ചിട്ടുണ്ട്. സാമാന്യം തരക്കേടില്ലാത്ത തുക വസൂലാക്കിയാൽ. പഞ്ചായത്തിന് അധിക വരുമാനം ലഭിക്കുന്നതാണ്.

വളരെയധികം ദുരിതം അനുഭവിക്കുന്നവർക്കും അപകടം സംഭവിക്കുന്നവർക്കും വേണ്ടി ഒരു കോമൺ വെൽഫെയർ ഫണ്ട് സ്വരൂപിക്കാവുന്നതാണ്. ഉദാരമതികളായ ജനവിഭാഗങ്ങളിൽ നിന്നും സന്നദ്ധ സംഘടനാ പ്രവർത്തനങ്ങളിലൂടെയും നിധി പരിപോഷിപ്പിക്കാവുന്നതാണ്. ഇങ്ങനെ പദ്ധതിയാവിഷ്കരിച്ച് നടപ്പിലാക്കുകയാണെങ്കിൽ മറ്റു പഞ്ചായത്തുകൾക്കെല്ലാം തന്നെ മാതൃകയാക്കാവുന്ന ഒരു സംരഭമായരിക്കുകയും ചെയ്യും. ഇങ്ങനെ സ്വരൂപിക്കുന്ന നിധിയുടെ ധനവിനിയോഗം സുതാര്യമായിരിക്കേണ്ടതാണ്. സംശയത്തിന്റെ ആനുകൂല്യങ്ങൾക്കിടനല്കാതെ പ്രവർത്തിക്കുകയണെങ്കിൽ ബഹുജനങ്ങളിൽ നിന്നും നിർലോഭമായ സഹകരണം ലഭിക്കുമെന്ന് ഉറപ്പാണ്.

" എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്താൻ വിഭവങ്ങൾ ഇല്ലതാനും "

- മഹാത്മാ ഗാന്ധി

16 ഉപസംഹാരം

1995 സെപ്റ്റബർ 30 നാണ് കണ്ണാടി ഗ്രാമ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തത്. ഒക്ടോബർ 4ന് കെ. പരമേശ്വരൻ മാസ്റ്ററുടെ നേതൃത്വത്തിൽ ഭരണ സമിതി അധികാരം ഏറ്റെടുത്തു. സത്യപ്രതിജ്ഞ ചടങ്ങിലും പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് തിരഞ്ഞെടുത്ത ദിവസ്വും പഞ്ചായത്ത് ഓഫീസ് പരിസരത്ത് വമ്പിച്ച ജനപങ്കാളിത്തമുണ്ടായി. കക്ഷി രാഷ്ട്രിയത്തിനതീതമായി ആഴിമതിരഹിത ഭരണം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

കാർഷിക പ്രധാന്യവും, വ്യവസായ വളർച്ചക്ക് സാദ്ധ്യതമുള്ളതുമാണ് നമ്മുടെ പഞ്ചായത്ത്. കാർഷിക മേഖലയിൽ ഒരു പുത്തുണർവ് ഉണ്ടാക്കുന്നതിനായി പാട ശേഖര സമിതികളെ സംയോജിപ്പിച്ചുകൊണ്ട്, ഇന്ന് നിലവിലുള്ള മുരടിപ്പ് മാറ്റിയെടുക്കുന്നതിനും, കാർഷികമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഒട്ടനവധി ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും പദ്ധതികൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

മൃഗസംരക്ഷണ രംഗത്ത് പഞ്ചായത്തിനെ അനുവദിച്ചു കിട്ടിയ മൃഗാശുപത്രി ഇപ്പോൾ കണ്ണാടി സർവ്വീസ് സഹകരണ ബാങ്കിന്റെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. ഇതിന്റെ ഉദ്ഘാടനം കുഴൽമന്ദം MLA ശ്രീ. എം. നാരായണൻ നിർവ്വഹിച്ചു. സ്വന്തമായ കെട്ടിടം വടക്കുമുറിയിൽ നിർമ്മിച്ചു വരുകയാണ്. പഞ്ചായത്തിന്റെയും മൃഗാശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ

മുഴുവൻ വാർഡുകളിലും കന്നുകാലികൾക്കും, കോഴികൾക്കും വ്യാപകമായ കുത്തിവയ്പ് നടത്തുകയുണ്ടായി.

വിദ്യാഭ്യാസ രംഗത്ത് മെച്ചപ്പെട്ട നിലവാരം പുലർത്തുന്നതിനുവേണ്ടി, എല്ലാ പ്രധാന അധ്യാപകരേയും PTA പ്രസിഡണ്ടുമാരേയും പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത് വിദ്യാഭ്യാസ വികസനസമിതി രൂപീകരിച്ചു. പഞ്ചായത്തിലെ മുഴുവൻ അധ്യാപിക അധ്യാപകരേയും പങ്കെടുപ്പിച്ചു കൊണ്ട് വിദ്യാഭ്യാസ വികസന സെമിനാർ സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. കെ. വി. രാമകൃഷ്ണൻ അദ്ധ്യക്ഷത വഹിക്കുകയും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ. വി. വിജയദാസ് ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. എല്ലാ വിദ്യാലയങ്ങളും PTA കളും മാതൃസംഘമങ്ങളും സജീവമാക്കുന്നതിനുയുള്ള പ്രവർത്തനം പഞ്ചായത്തിന്റെ ഭാഗത്തു നിന്നു ഉണ്ടായിട്ടുണ്ട്. പഠിപ്പിൽ സമർത്ഥരായ ഓരോ വിദ്യാലയത്തിലെയും ഓരോ ക്ലാസ്സിലെയും ഒന്നും, രണ്ടും, സ്ഥാനങ്ങൾ നേടിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണവും നടത്തുകയുണ്ടായി. ഈ പരിപാടി 28.6.1996 ന് ഒറ്റപ്പാലം M.P. ശ്രീ. എസ്. അജയകുമാർ നിർവ്വഹിച്ചു. ഉച്ചക്ഷേണപരിപാടിക്ക് പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങൾക്കും സാമ്പത്തിക സഹായം ഈ വർഷവും നൽകിയിട്ടുണ്ട്.

പാഠ്യേതര വിഷയങ്ങളിൽ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായ സ്കൂൾ തല മത്സരങ്ങൾ സംഘടിപ്പിക്കുകയും സ്ഥാനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

സാംസ്കാരിക രംഗം സജീവമാക്കാൻ പഞ്ചായത്തിനകത്തുള്ള വായനശാലകളെ പങ്കെടുപ്പിച്ചുകൊണ്ട് കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതാണ്. നിലവിലുള്ള എല്ലാ വായനശാലകൾക്കും സൗജന്യമായി പത്രവിതരണം നടത്തി വരുന്നു. പഞ്ചായത്തിന്റെ കീഴിലുള്ള സാംസ്കാരിക നിലയിൽ മോശമല്ലാത്ത ഒരു ലൈബ്രറിയും, ആനുകാലിക പ്രസിദ്ധീകരണങ്ങളും ടി.വി യും ഉണ്ട്. ആരോഗ്യ രംഗത്ത് പാത്തിക്കലിൽ അലോപ്പതി ആശുപത്രിയും പറക്കുളത്ത് ആയുർവേദ ആശുപത്രികളും പ്രവർത്തിച്ചുവരുന്നുണ്ട്. കാലാകാലങ്ങളിൽ എല്ലാവാർഡുകളിലും രോഗപ്രതിരോധകുത്തിവയ്പുകളും, ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും, മെഡിക്കൽ ക്യാമ്പുകളും അലോപതി വകുപ്പും ആയുർവേദ വകുപ്പും നടത്തിയിരുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് സ്വന്തമായ

കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു.

റോഡുകളുടെ നിർമ്മാണം, അറ്റകുറ്റപണികൾ, സംരക്ഷണം തൃക്ഷമായികൊണ്ടിരിക്കുന്നു. കുടിവെള്ളവും വെളിച്ചവും പരിഹരിക്കുന്നതിന് വളരെ ഗൗരവമായി ഈ കാര്യം ഭരണസമിതി ഏറ്റെടുത്തു കൊണ്ടുള്ള പ്രവർത്തനം നടന്നു വരുകയാണ്. സ്വന്തമായി വീടില്ലാത്തവർക്ക് വീടും, അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവർക്ക് അതു നൽക്കുന്നതിന് ബ്ലോക്കിന്റെയും ജില്ലാ പഞ്ചായത്തിന്റെയും സംസ്ഥാനസർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും JRY ഫണ്ടുകൾ ഉപയോഗപ്പെടുത്തികൊണ്ട് ഇതിനെരു പരിഹാരം കാണുവാനുള്ള ശ്രമത്തിലാണ്.

നമ്മുടെ വികസന സങ്കൽപ്പങ്ങൾക്ക് ഒരു പുതിയ അർത്ഥവും വ്യാപ്തിയും നൽകികൊണ്ട് വികസന ഉപാദികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ് ആസൂത്രണം അതിന്റെ ശരിയായ അർത്ഥത്തിൽ അർത്ഥവത്താവുന്നത്. ജനങ്ങൾക്ക് പരമപ്രാധനമായതും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി വേണം പദ്ധതികൾക്ക് മുൻഗണന നിശ്ചയിക്കേണ്ടത്.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ അടുത്തകാലത്തുതന്നെ നമുക്ക് കഴിയുമെന്ന പ്രത്യാക്ഷയോടെ ഈ "സമഗ്ര വികസന രേഖ" കണ്ണാടി ഗ്രാമ പഞ്ചായത്ത് വികസനസെമിനാറ് മുൻപാകെ സമർപ്പിക്കുന്നു. വിശദമായ വിശകലനത്തിനും, ചർച്ചയ്ക്കും, പരിഷ്കരണത്തിനും വേണ്ടി.

കണ്ണാടി
8.12.1996

ഭരണസമിതി

വികസന രേഖ തയ്യാറാക്കിയവർ

1. പ്രാദേശിക ചരിത്രപഠനം	:	1. എസ്. രാധാകൃഷ്ണൻ 2. കെ. സി. അശോകൻ 3. കെ. ടി. ഉദയകുമാർ
2. വിഭവഭൂപടം	:	1. വിശ്വനാഥൻ നായർ 2. മാധവൻ 3. പി. കെ. ജനാർദ്ദനൻ 4. വേലായുധൻ
3. കൃഷി, ജലസേചനം	:	1. ജെ. സറീന 2. കെ. എ. വേണുഗോപാൽ 3. കെ. സ്വാമിനാഥൻ 4. പഴണൻ കുട്ടി മാസ്റ്റർ 5. പി. ശിവരാമൻ 6. ദേവദാസ് 7. ഇ. പി. പരമേശ്വരൻ
4. മൃഗസംരക്ഷണം,	:	1. ഗോപകുമാർ 2. ടി. സി ജഗദീഷ് 3. വിനേഷ് 4. ശശിധരൻ 5. പഴണിമല
5. വിദ്യാഭ്യാസം	:	1. ശിവദാസൻ മാസ്റ്റർ 2. രമേഷ് 3. രാമചന്ദ്രൻ മാസ്റ്റർ 4. ജേക്കബ്. കെ. മാത്യു

		5. എം. ഉണ്ണികൃഷ്ണൻ മാസ്റ്റർ
6. പൊതുജനാരോഗ്യം കുടിവെള്ളം പരിസരശുചിത്വം	:	1. വേലായുധൻ 2. ശശി 3. ചന്ദ്രിക 4. ടി. എൻ. രമ 5. ദേവയാനി 6. രുഗ്മണി അമ്മ
7. വ്യവസായം	:	1. കെ. ഇ. ജലീൽ 2. ദേവപ്രസാദ് 3. കെ. ബാലകൃഷ്ണൻ
8. ഗതാഗതം, ഊർജ്ജം	:	1. സി. ബാലൻ 2. വി. കുഞ്ഞപ്പൻ 3. സുകുമാരൻ
9. ഭവനനിർമ്മാണം സാമൂഹ്യക്ഷേമം		1. സേതുമാധവൻ 2. ശാന്തകുമാരി 3. കെ. വി. ശങ്കരനാരായണൻ 4. എൻ. കൃഷ്ണൻ 5. വേലായുധൻ
10. സംസ്ക്കാരം	:	1. എസ്. മുരളീധരൻ 2. കെ. ഗോപാലകൃഷ്ണൻ 3. പ്രൊ. സേതുമാധവൻ 4. ഗിരീഷ് കടുന്തിരുത്തി
11. വനിതാക്ഷേമം	:	1. ചന്ദ്രവല്ലി

2. ടി. കെ. കുഞ്ഞുലക്ഷ്മി ടീച്ചർ
3. പുഷ്പ സുകുമാരൻ
4. ഗീത

12. സഹകരണം : 1. ആർ. സ്വാമിനാഥൻ
2. വി. മുരുകൻ
3. കെ. സത്യഭാമ
4. ശെൽവൻ
5. വി. സുരേഷ്

13. പട്ടികജാതി പട്ടികവർഗ ക്ഷേമം : 1. ശിവശങ്കരൻ
2. ഉണ്ണികൃഷ്ണൻ
3. കെ. മാണി
4. കെ. കൃഷ്ണൻ
5. കെ. വേലായുധൻ

14. വിവേസമാഹരണം : 1. കെ. അശോകൻ
2. ആർ. ശ്യാമള
3. രാജൻ
4. കെ. പരമേശ്വരൻ മാസ്റ്റർ